3/
74

T 63.1
R14

1995
F125
VIID / 193
1-6-0

# രാജാംഗുലീയം

ഗ്രന്ഥകർത്താ:

ജി. രാമകൃഷ്ണപിള്ള എം. എ.

PRIOR GENERAL'S HOUSE LIBRARY ERNAKULAM

1119

DHARMARAM COLLEGE LIBRARY, BANGALORE. 8346
PRIOR GENERAL'S HOUSE LIBRARY
T. 63 / R. 19

PRINTED AND PUBLISHED BY
L. F. FERNANDEZ & SONS
CITY PRESS, TRIVANDRUM

VI D
193

# രാജാംഗുലീയം

## അദ്ധ്യായം ൧

### മുദ്രാംഗുലീയം

അതിശിശിരമായ അമൃതാംശുക്കളാൽ പ്രേക്ഷകന്മാരുടെ സകല സങ്കടങ്ങളേയും സംഹരിച്ച് അവർക്കു പരമ നിർവൃതിയെ പ്രദാനം ചെയ്യുന്ന നിശാനാഥൻ അസ്താചലത്തിൻെറ മസ്തകത്തെ അവലംബിച്ചു. പ്രശാന്തരാമണീയകം കലർന്ന പ്രകൃതിദേവിക്ക് ധവളാംശുകം ചാർത്തിയ ആ നൈശാകരബിംബം ക്രമേണ ക്ഷീണപ്രഭമായി. താമ്രചൂഡങ്ങൾ ആഗാമിയായ പ്രഭാതത്തെ ഉൽഘോഷിച്ചു. ശരദൃതുവിലെ മോഹനമായ ആ പ്രാതഃസന്ധ്യാവേളയിൽ കുസുമസൌരഭ്യതുന്ദിലനായ മന്ദസമീരണൻ ധാരാനഗരത്തിലെ രാജമന്ദിരത്തിലേക്ക് വീശിക്കൊണ്ടിരുന്നു. സിന്ധുനദിക്കപ്പുറത്തുള്ള ഒരു രാജ്യത്തെ സന്ദർശിക്കുന്നതിനായി പുറപ്പെടുവാൻ നിശ്ചയിച്ചിരിക്കുന്ന മാളവാധിപനായ സുൽത്താൻ മാമുദ്ഖാൻെറ യാത്രക്കുവേണ്ട ഒരുക്കങ്ങൾ ചെയ്‌വാൻ ചെലുത്തപ്പെട്ടുകൊണ്ടു രാജമന്ദിരാങ്കണത്തിൽ ഓരോ പണികളിൽ വ്യാപൃതരായി മണ്ടുന്ന കിങ്കര സമൂഹത്തിൻെറ ക്ലാന്തിവിച്ഛേദം ചെയ്‌വാനെന്നപോലെ ആ മൃദുപവമാനൻ മെല്ലെ അവരുടെഇടയിലും കടന്നുചെന്നു.

അരമനയുടെ പുരോഭാഗത്തിൽ സ്ഥിതിചെയ്യുന്ന ആ ചത്വരത്തിലാകട്ടെ വലിയ ഒരു ബഹളം തന്നെ. ആനകളെ വിളിക്കുന്ന ഗജപാലന്മാരുടെ ആഹ്വാനധ്വനികളും ഒട്ടകങ്ങളുടെ പുറത്തു ഭാരം കയററുന്ന ഭൃത്യസഞ്ചയത്തിൻെറ കക്കശസ്വരങ്ങളും കൊണ്ടു അവിടം മുഴങ്ങി. എഴുന്നള്ളത്തിനാവശ്യമുള്ള സാമാനങ്ങൾ കെട്ടിച്ചുമന്നു അവയുടെ ഭാരം നിമിത്തം അസ്ഥിരചരണന്മാരായിത്തീർന്ന അടിമകൾ അരമനയുടെ വളഞ്ഞു വാതിലുകളിൽക്കൂടി മുററത്തുകടന്നു ചുമടുകളെ താഴെയിട്ടശേഷം വീണ്ടും കൊട്ടാരത്തിനുള്ളിൽ പ്രവേശിച്ചു. മററു ചില വേലക്കാർ ആഹാരസാധനങ്ങൾ കെട്ടിപ്പൊതിഞ്ഞു് വണ്ടികളിലും കഴുതപ്പുറത്തും കയററിക്കൊണ്ടിരുന്നു. ഇതിനിടയിൽ സുൽത്താൻെറ വാരണവീരൻ ഗംഭീരഭാവത്തിൽ അങ്കണത്തിലേക്കു കടന്നു ശുണ്ഡാദണ്ഡത്താൽ ഭൂഭാഗത്തെ പ്രഹരിച്ചുകൊണ്ടു ഉച്ചത്തിൽ ഗർജ്ജിച്ചു. തലയിൽ ഭാരം വഹിച്ചിരുന്ന ഒരു ബാലൻ ഇതുകണ്ടു അൽഭുത

പരവശനായി നോക്കിനില്ക്കുമ്പോഠം സ്വേദജലത്തിൽ മഗ്നനായ ഒരു രാജസേവകൻ ക്രുദ്ധനായി ഇങ്ങനെ പറഞ്ഞു.

"എടാ അക്ബർ! ഒന്നിനും കൊള്ളാത്ത കഴുതേ! വേഗം വാ!"

"ഇതാ വന്നു ഉസ്താൻ", എന്നു പറഞ്ഞുംകൊണ്ടു് അക്ബർ തന്റെ തലയിൽ ഇരുന്ന ഭാരത്തെ പെട്ടെന്നു തറയിൽ തള്ളി. ഉസ്താൻ ക്ഷണത്തിൽ പിന്നോട്ടു മാറിയിരുന്നില്ലെങ്കിൽ ചുമടു വീണു് അയാളുടെ കാൽ ചതഞ്ഞുപോകുമായിരുന്നു.

"ഓർമ്മയില്ലാത്ത ശവം! നീ കള്ളുകുടിച്ചിട്ടുണ്ടോടാ? തമ്പുരാന്റെ എഴുന്നള്ളത്തിനു വേണ്ടി ചെയ്തിട്ടുള്ള ഒരുക്കങ്ങളെല്ലാം പരിശോധിക്കാനായി പ്രധാനമന്ത്രിയജമാനൻ പെട്ടെന്നിവിടെ വന്നേക്കും എന്നുള്ള വിവരം നിനക്കറിവില്ലേ? അപ്പോഠം തയാറായിരിക്കാത്തവരുടെ കഥ എങ്ങനെ അവസാനിക്കുമെന്നറിയാമോ? ഇതാ ഈ തോൽവാറു് ഒന്നു വലിച്ചുമുറുക്കു; പോരാ കുറേക്കൂടി — അയ്യോ! അള്ളാ!" അയാളുടെ വാക്കുകഠം ഒരു രോദനത്തിൽ അവസാനിച്ചു. എന്തെന്നാൽ ഉസ്താൻ കയറിയിരുന്ന കഴുത, അതിന്റെ പുറത്തുള്ള സാമാനക്കെട്ടുകഠം മുറുകിയതിനാൽ പൊട്ടുന്നനവേ ഒരു വശത്തേക്കു അതിശക്തിയോടുകൂടി ചാടുകനിമിത്തം അയാഠം തെറിച്ചു് ഒരു ഒട്ടകത്തിന്റെ മേൽ ചെന്നു വീണു. ഒട്ടകം ഉടൻതന്നെ മുഖംതിരിച്ചു ഉസ്താനെ കടിക്കാൻ ഉദ്യമിച്ചു. എന്നാൽ സമർത്ഥനായ ആ രാജകിങ്കരൻ അവിടെ നിന്നും തറയിൽ ചാടി രക്ഷപ്പെട്ടു.

അടിമകളും ഭൃത്യന്മാരും അതിജാഗ്രതയോടുകൂടി വേലചെയ്തു. ഉടനെ ഒരു കാഹളം മുഴങ്ങി. അതിനെ തുടൎന്നു ബാലരവിയുടെ കിരണങ്ങളിൽ തിളങ്ങുന്ന രജതശൃംഖലകളോടുകൂടിയ ആയസകവചങ്ങഠം ധരിച്ച സുൽത്താന്റെ അംഗരക്ഷകന്മാരായ ഇരുന്നൂറു അശ്വഭടന്മാർ അങ്കണത്തിൽ പ്രവേശിച്ചു. അരമനയ്ക്കഭിമുഖമായി അവർ കുതിരകളെ നിറുത്തി തങ്ങളുടെ സ്വാമിയെ കാത്തുനിന്നു. അവരുടെ തുരഗങ്ങളാകട്ടെ അവയുടെ ഗളത്തിൽ ബന്ധിച്ചിട്ടുള്ള വെള്ളിമണികഠം കിലുങ്ങുംപടി ശിരസ്സുകളെ ചലിപ്പിച്ചുകൊണ്ടും ലാംഗൂലാസ്ഫാലനത്താൽ ഉപദ്രവകാരികളായ മക്ഷികകളെ പായിച്ചുംകൊണ്ടും വൎത്തിച്ചു.

ചുമടുകളെല്ലാം കെട്ടി ശരിപ്പെടുത്തി. ഭാരവാഹികളായ കഴുതകളേയും ഒട്ടകങ്ങളെയും ഉചിതസ്ഥാനങ്ങളിൽ നിരത്തിനിൎത്തി. ഉടനെ എല്ലാവരുടെയും നേത്രങ്ങഠം അങ്കണത്തിനെതിരെയുള്ള ചന്ദ്രശാലയിൽ പ്രത്യക്ഷനായ ഒരു പ്രാംശുകായനിൽ പതിച്ചു.

"മിണ്ടാതിരിക്കു! ഇതാ പ്രധാനമന്ത്രി വരുന്നു. എന്റെ കഴുത താഴെ കിടക്കുന്നതല്ലാതെ അള്ളാവു രക്ഷിക്കട്ടെ" എന്നു ഉല്ക്കണ്ഠയോടുകൂടി പറഞ്ഞുകൊണ്ടു് ഉസ്താൻ ഒററക്കണ്ണുകൊണ്ടു ആ മൃഗത്തെയും മറേറക്കണ്ണുകൊണ്ടു

താടിക്കാരനും സൂക്ഷ്മദൃക്കുമായ ധവളവസ്ത്രധാരിയേയും നോക്കി.

മാവളത്തിലെ പ്രധാനമന്ത്രി പ്രേക്ഷകന്മാരിൽ ഭയാദരങ്ങളെ ഉളവാക്കുന്ന ആകാരവിശേഷത്തോടുകൂടിയവനായിരുന്നു. ഭാവഗാംഭീര്യവും പ്രൌഢഗുണങ്ങളും സൌജന്യം, പ്രശാന്തത എന്നിവയോടു സമ്മേളിച്ചു ആ മഹാപുരുഷനിൽ പ്രകാശിച്ചു. എഴുപതു വയസ്സു കഴിഞ്ഞിട്ടും സ്വയൌവനത്തിലെന്നപോലെ ആ സചിവേന്ദ്രന്റെ വിഗ്രഹം ഋജുവായും നേത്രങ്ങൾ അപ്രതിഹതമായ വീക്ഷണശക്തിയോടുകൂടിയും ഇരുന്നു. അദ്ദേഹത്തിന്റെ വസ്ത്രമെന്നപോലെ തന്നെ ഉഷ്ണീഷവും ക്ഷീരധവളമായിരുന്നു. അതിന്റെ നടുവിൽ ഒരു വിലയേറിയ രത്നം മിന്നിക്കൊണ്ടിരുന്നു.

ചന്ദ്രശാലയിൽ നിന്നും മന്ത്രിസത്തമനായ സുലൈമാൻ മെല്ലെ താഴത്തിറങ്ങി. അനന്തരം സുൽത്താനെ അകമ്പടിസേവിക്കാൻ സന്നദ്ധമായി നിന്ന സംഘത്തിൽ അതി സൂക്ഷ്മമായ ഒരു പരിശോധന നടത്തപ്പെട്ടു. അത്ഭുതജനകമായ ബാദിസൈന്യംമുതൽ സാരഹീനമായ ഖരസംഘംവരെ അദ്ദേഹം സശ്രദ്ധം പരിശോധിച്ചു. ചില ഒട്ടകങ്ങൾ വഹിച്ചിരുന്ന ഭാരത്തെ പററിയും ചില മൃഗങ്ങളുടെ ശക്തിയെ സംബന്ധിച്ചും അദ്ദേഹം ഇടയ്ക്കിടെ ചോദ്യംചെയ്തു. ചുമടെടുക്കാൻ ശേഷിയില്ലാത്ത മൃഗങ്ങളുടെ പുറത്തു ഭാരം കയററിയതിനു കിങ്കരന്മാരെ ശാസിച്ചശേഷം മന്ത്രി ആ ഭാരങ്ങളെ ഇറക്കിച്ചു മററുമൃഗങ്ങളെക്കൊണ്ടു വഹിപ്പിച്ചു.

ഒടുവിൽ എല്ലാം ശരിയായി എന്നു കണ്ടു സംതൃപ്തനായി സുലൈമാൻ കൊട്ടാരത്തിൽ കടന്നു കളിർകല്ലു പടുത്ത വിസ്താരമേറിയ കോണിപ്പടി കയറി, താഴെയുള്ള അങ്കണത്തിലാകട്ടെ ആശ്വാസസൂചകമായ ഒരു നിശ്വാസവും പ്രസരിച്ചു ബദ്ധമായിരുന്ന രസനകൾ പുനശ്ചമുക്തങ്ങളായി.

കയ്യിൽ നിശിധാരണങ്ങളായ മണ്ഡലാഗ്രങ്ങളെ വഹിച്ചു് പ്രതിമകളെപ്പോലെ നിശ്ചലരായി നിന്നിരുന്ന രണ്ടു ഭീമകായന്മാരായ രക്ഷിഭടന്മാരുടെ ഇടയിൽ കൂടി കടന്നു് പ്രധാനമന്ത്രി തന്റെ സ്വാമിയായ സുൽത്താൻ ഇരുന്ന മുറിയിൽ കടന്നു. ആമ്രതരുക്കൾ നിറഞ്ഞതമനോഹരമായ ഒരുദ്യാനത്തിനഭിമുഖമായിട്ടായിരുന്നു ഈ അട്ടകം സ്ഥിതിചെയ്തിരുന്നതു്. സുൽത്താൻ ഒരുപര്യങ്കത്തിൽ ഇരിക്കുകയായിരുന്നു. അവിടെ കാണപ്പെട്ട മൂന്നടിമപ്പെൺകിടാങ്ങളിൽ ഒരുത്തി ഒരു വലിയ താലവൃന്തവും, രണ്ടാമത്തവൾ ചകചങ്ങളും മധുരാപൂപങ്ങളും നിറഞ്ഞ ഒരുപാത്രവും, മൂന്നാമത്തവൾ മധുരമദ്യംനിറച്ച ഒരു ചഷകവും കയ്യിൽ വഹിച്ചിരുന്നു. തന്റെ സ്വാമി അപ്പോഴപ്പോൾ എറിഞ്ഞുകൊടുത്ത സ്വാദുപദാർത്ഥങ്ങളെ ആകാംക്ഷയോടുകൂടി കൊത്തിയെടുത്തുകൊണ്ടു ഒരു മയൂരം പ്രൌഢഗതിയായി മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരുന്നു. വിസ്താരമേറിയ താലവൃന്തത്തിന്റെ മന്ദവും താളസമ്മിശ്രവും ആയ വീജനം താഴെയുള്ള ഉദ്യാനത്തിലെ പൂമണം കലന്ന് ഇളംകാററിനെ മുറിയിലെങ്ങും വ്യാപിപ്പിച്ചു.

"അല്ലയോ വിശ്വാസികളുടെ നേതാവായ മഹാരാജാവേ, അവിടത്തേയ്ക്കു ശാന്തിയുണ്ടാകട്ടെ. തിരുമേനിയുടെ എഴുന്നള്ളത്തിനു വേണ്ടതെല്ലാം സന്നദ്ധമായിരിക്കുന്നു. അള്ളാവിന്റെ അനുഗ്രഹം അവിടത്തെ അനുഗമിക്കട്ടേ." എന്നു വിനീതനായി തൊഴുതുകൊണ്ടു സുലൈമാൻ പറഞ്ഞു.

സുൽത്താൻ ചിന്തയിൽനിന്നും ഉണർന്നു തന്റെ മുമ്പിൽ ബദ്ധാഞ്ജലിയായി നിൽക്കുന്ന മന്ത്രിയിൽതന്നെ ദൃഷ്ടിയുറപ്പിച്ചു. മാമൂദ്ഖാന്റെ ആകൃതി മന്ത്രിയുടേതിൽ നിന്നും ഒട്ടാകെ കുറഞ്ഞതായിരുന്നു എങ്കിലും മുഖം രൂക്ഷതേജസ്സിന്റെ നിലയമായി കാണപ്പെട്ടു. പൌരസ്ത്യകിരീടപതിയുടെ സ്വേച്ഛാപ്രഭുത്വം കൈവിടാതെയാണ് അദ്ദേഹം രാജ്യം ഭരിച്ചിരുന്നതെങ്കിലും ഉന്നതമായ ആദർശവും പ്രജാക്ഷേമതല്പരതയും ആ ജനപാലകന്റെ ഭരണത്തെ നിതരാം ഭാസുരമാക്കിച്ചെയ്തു.

"സുലൈമാൻ! നിങ്ങൾക്കു ശാന്തിയുണ്ടാകട്ടെ. നമ്മുടെ അഭാവത്തിൽ ഈ രാജ്യത്തെ നാം നിങ്ങളുടെ ഹസ്തങ്ങളിൽ സമർപ്പിച്ചിരിക്കുന്നു. നിരാശ്രയന്മാർക്കു് പിതാവായും ശക്തിഹീനന്മാർക്കു രക്ഷിതാവായും വർത്തിക്കുക. ധനവാങ്കലും നിർദ്ധനങ്കലും വലിയവങ്കലും എളിയവങ്കലും ഒരുപോലെ നീതിനടത്തുക. നിങ്ങളുടെ അധികാരത്തിനു് ലക്ഷ്യമായി നമ്മുടെ രത്നഖചിതമായ മുദ്രാംഗുലീയത്തെ നാം നിങ്ങളെ ഏല്പിക്കുന്നു. വീണ്ടും നാം ഇതിനെ നിങ്ങളോടു ആവശ്യപ്പെടുന്ന ദിവസംവരെ ഇതു നിങ്ങളുടെ നിത്യസഹചാരിയായിരിക്കട്ടെ. എന്നാൽ സുലൈമാൻ ഒന്നു നിങ്ങൾ അറിഞ്ഞിരിക്കണം: വിശ്വാസഹീനതയോ ചതിയോ നിങ്ങളുടെ ഹൃദയത്തിൽ കുടികൊള്ളുകയോ കൈക്കാണം സത്യനീതികളിൽ നിന്നു് നിങ്ങളെ വ്യതിചലിപ്പിക്കുകയോ ചെയ്യുന്നപക്ഷം അതേ നിമിഷത്തിൽ തന്നെ നമ്മുടെ ഈ അംഗുലീയത്തിൽ പതിച്ചിരിക്കുന്ന രത്നത്തിന്റെ പ്രഭ അസ്തമിക്കുകയും മങ്ങിയ ഒരു ശോണിമ ഇതിന്റെ ഇപ്പോഴത്തെ കാന്തിയെ ഇല്ലാതാക്കുകയും ചെയ്യും."

ഈ വാക്കുകളോടുകൂടി സുൽത്താൻ അനർഘമായ രത്നം പതിച്ച ഒരു മോതിരത്തെ തന്റെ കൈവിരലിൽ നിന്നും ഊരി.

മുമ്പത്തേതിലും വിനീതനായി വണങ്ങിക്കൊണ്ടു് അമാത്യൻ രത്നാംഗുലീയത്തെ വാങ്ങി അതിൽതന്നെ അധികനേരം ദൃഷ്ടിയുറപ്പിച്ചുകൊണ്ടു നിന്നു. പിന്നീടു് അദ്ദേഹം ഇങ്ങനെ പറഞ്ഞു.

"വിശ്വാസികളുടെ നായകനായ സ്വാമീ! അവിടന്നരുളിച്ചെയ്തതെല്ലാം അടിയൻ ശ്രദ്ധയോടുകൂടി ചെവിക്കൊണ്ടു്. അള്ളാവിന്റെ കാരുണ്യത്താൽ അവിടേക്കു് തിരിച്ചെഴുന്നള്ളുന്ന അവസരത്തിലും അവിടത്തെ മുദ്രാംഗുലീയം ഇപ്പോഴത്തേപ്പോലെതന്നെ പ്രഭയോടുകൂടിയിരിക്കും."

"നിങ്ങൾക്കു ശാന്തിയുണ്ടാകട്ടെ" എന്നു പറഞ്ഞുംകൊണ്ടു മാമൂദ്ഖാൻ എഴുന്നേറ്റു.

“തിരുമനസ്സിലേക്കും ശാന്തിയുണ്ടാകട്ടെ” എന്നു് പ്രധാനമന്ത്രിയും ആശംസിച്ചു. അനന്തരം സ്വാമാത്യന്റെ കരത്തെ അവലംബിച്ചുകൊണ്ടു് സുൽത്താൻ സോപാനത്തിന്റെ മുകളിൽനിന്നും താഴത്തെയ്ക്കിറങ്ങി.

ആചാരസൂചകമായ ആയുധക്വണിതവും ഭേരീനിനദവും സുൽത്താന്റെ ചന്ദ്രശാലയിലുള്ള സാന്നിദ്ധ്യത്തെ അറിയിച്ചു. ആ മണ്ഡലാധിപന്റെ സ്വർണ്ണഅമ്പാരി വഹിച്ച ഗജപ്രധാനൻ മട്ടുപ്പാവിന്റെ താഴെയായി നിന്നിരുന്നു. ആനയുടെ പുറം ചന്ദ്രശാലയുടെ തറയ്ക്കു നിരപ്പായിത്തന്നെയിരുന്നു.

സുൽത്താൻ അമ്പാരിക്കുള്ളിൽ കടന്നിരുന്നയുടൻ മുകളിലത്തെ പ്രഘ്വത്തിൽനിന്നും ഒരു കാഹളധ്വനി പുറപ്പെട്ടു. മാളവരാജ്യത്തിന്റെ ഭരണഭാരം പ്രധാനമന്ത്രിയായ സുലൈമാനിൽ സമർപ്പിച്ചിരിക്കുന്നു എന്നും അതിനാൽ അദ്ദേഹത്തിന്റെ കല്പനയെ സുൽത്താനിൽ നിന്നും ഉത്ഭവിച്ചതെന്നപോലെ വിചാരിച്ചു് സകലപ്രജകളും ആദരിയ്ക്കണമെന്നും കാഹളനാദത്തെ തുടർന്നു് ഒരു ഘോഷകൻ വിളിച്ചുപറഞ്ഞു.

ഘോഷകൻ ഉപസംഹരിച്ച ക്ഷണത്തിൽ തന്നെ ഇരുപതു സന്ദേശവാഹകന്മാർ നാനാദിക്കിലേയ്ക്കും പാഞ്ഞുപോയി. അധികം താമസിക്കാതെ രാജകീയവിളംബരം നാട്ടാരെല്ലാം അറിഞ്ഞു.

കാഹളനാദം വീണ്ടും മുഴങ്ങി, സുത്താനും വടക്കോട്ടു യാത്രതിരിച്ചു. സുലൈമാൻ രാജസൌധത്തിന്റെ അത്യുന്നതമായ ഗോപുരത്തിൽ കയറിനിന്നു ആ രാജകീയസംഘത്തെത്തന്നെ അവലോകനം ചെയ്തു. വിദൂരസ്ഥമായ മണലാരണ്യത്തിൽ നിന്നിളകിയ പൊടിപടലത്തിനുള്ളിൽ രാജാവും പരിവാരങ്ങളും മറയുന്നതു വരെ മന്ത്രി അവരെതന്നെ നോക്കിക്കൊണ്ടുനിന്നു. അനന്തരം അദ്ദേഹം തന്റെ അംഗുലത്തിൽ ധരിച്ചിരുന്ന രാജാംഗുലീയത്തെ വളരെനേരം വീക്ഷണം ചെയ്തു. സമീപസ്ഥമായ ദേവാലയത്തിൽ നിന്നുംപുറപ്പെട്ട പ്രാർത്ഥനാസമയത്തെ സൂചിപ്പിയ്ക്കുന്ന ഘണ്ടാനാദം അദ്ദേഹത്തെ ഈ സ്ഥിതിയിൽ നിന്നുണർത്തി. ആ സചിവോത്തമൻ ദണ്ഡനമസ്കാരം ചെയ്തുകൊണ്ടു് ഇങ്ങനെ പ്രാർത്ഥിച്ചു. “ദൈവമേ എന്റെ സ്വാമി തിരിച്ചെഴുന്നള്ളുന്നതുവരെ നീതിയിൽനിന്നും വ്യതിചലിക്കാതെ എന്നെ രക്ഷിക്കണമേ.”

പ്രധാനമന്ത്രി ഈവിധം പ്രാർത്ഥനാധ്യാനങ്ങളിൽ മുഴുകിക്കിടക്കുമ്പോൾ ധാരാനഗരത്തിൽ നിന്നും ഇരുപതുനാഴിക അകലേ സ്ഥിതിചെയ്യുന്ന തന്റെ അരമനയിലേയ്ക്കു് “മാഹ്മൂദ്” രാജകുമാരൻ ഉഗ്രക്രുദ്ധനായി യാത്ര ചെയ്കയായിരുന്നു. കുമാരന്റെ മുഖം കറുത്തിരുന്നു. അദ്ദേഹത്തിന്റെ ഹൃദയമാകട്ടെ അതിലും പ്രവൃദ്ധമായ കാളിമയാൽ വ്യാപ്തമായിരുന്നു. എന്തെന്നാൽ സുലൈമാൻ പ്രധാന സചിവനായി നിയമിക്കപ്പെട്ട നിമിഷം മുതൽ മാഹ്മൂദിനെ അസൂയാകാളസർപ്പം ഗ്രഹിച്ചു തുടങ്ങിയിരുന്നു. സുലൈമാന്റെ അധികാരപ്രാപ്തിയിൽ ചിന്താവിഷ്ടനാകാതെ രാജകുമാരനു് ഒരുദിവ

സം പോലും കഴിഞ്ഞില്ല. സ്വപ്രതിച്ഛന്ദിയെ അയാളുടെ സ്ഥാനത്തുനിന്നും ഗളഹസ്തം ചെയ്യാനുള്ള അവസരം സംപ്രാപ്തമാകുമെന്ന് ഭീമകരമായ ആനന്ദപാരവശ്യത്തോടുകൂടി ചിന്തചെയ്യാതെ അദ്ദേഹത്തിനു ഒരു രാത്രി പോലും കഴിഞ്ഞിട്ടില്ല.

അദ്ദേഹം ഇങ്ങനെ വിചാരമഗ്നനായിരിക്കവേ അദ്ദേഹത്തിന്റെ കാര്യസ്ഥനായ അബ്ദുള്ള മുറിയ്ക്കുള്ളിൽ കടന്നുവന്നു രാജകീയവിളംബരത്തെപ്പററി സ്വസ്വാമിക്കറിവുകൊടുത്തു. മാഹ്മൂദിന്റെ മുഖം ഒന്നുകൂടി കറുത്തു. "അവനെ സുൽത്താനായിത്തന്നെ അഭിഷേകംചെയ്യുമോ? രാജ്യത്തുള്ള എല്ലാവിശ്വാസികളുടെയും മേൽ അധികാരത്തെ പ്രദാനംചെയ്യുന്ന തിരുവാഴി അവൻ ധരിച്ചിരിക്കുമെന്നോ? ദീർഘദർശിയെ സാക്ഷിയാക്കി ഞാൻ പറയുന്നു, രാജവംശജനായ എനിക്കു ഇതിലധികം ഒരപമാനം വരുവാനില്ല."

രാത്രിയിൽ വളരെ നേരം അദ്ദേഹം ചിന്തയിൽ മുഴുകിയിരുന്നു. സ്വാമിയുടെ ഭീകരമായ ക്രോധത്തെപ്പററി പരിചയമുണ്ടായിരുന്ന ഭൃത്യന്മാരും അദ്ദേഹത്തിന്റെ മുമ്പിൽ ചെല്ലുവാൻ ധൈര്യപ്പെട്ടില്ല. പ്രഭാതത്തിൽ രാജകുമാരന്റെ മുഖത്തിലെ കാളിമ നീങ്ങി.

"അബ്ദുള്ളാ!" സുൽത്താൻ തിരുമേനിയുടെ തിരുവാഴി ധരിച്ചിരിക്കുന്ന ഒരുവൻ അബദ്ധത്തിൽ അതിനെ കളഞ്ഞു എന്നു വരരുതോ?" എന്ന് മാഹ്മൂദ് തന്റെ കാര്യസ്ഥനോടു ചോദിച്ചു.

എന്നാൽ തിരുമേനി തിരിച്ചെഴുന്നള്ളുമ്പോൾ അയാളുടെ സ്ഥിതി എന്തായിരിക്കുമെന്നു കണ്ടുതന്നെ അറിയണം'' എന്നു അബ്ദുള്ളാ പറഞ്ഞു.

മാഹ്മൂദ് രാജകുമാരൻ തലകുലുക്കി. അദ്ദേഹത്തിന്റെ കറുത്തകണ്ണുകൾ ദ്രോഹബുദ്ധിസൂചകമാകുംവണ്ണം മിന്നി. "അതേ" എന്നു കുമാരൻ ശക്തിയോടുകൂടി ഉച്ചരിച്ചു.

"എന്നാൽ അതിനെ കണ്ടെടുക്കുന്നവൻ വിലയേറിയ സമ്മാനം ലഭിക്കുമെന്നുള്ള ആശനിമിത്തം അതിനെ ഉടൻതന്നെ തൃക്കയ്യിൽ എത്തിക്കുമല്ലോ. എന്തെന്നാൽ ശ്രദ്ധമായി അതിനെ വിൽക്കുക എന്നുള്ളതു തിരുമനസ്സിലെ കൊമ്പനാനയെ വില്ക്കുന്നതിനൊപ്പം വിഷമമേറിയ ഒരു കാര്യമാണു്. അതിനാരും ധൈര്യപ്പെടുകയില്ല" എന്നു അബ്ദുള്ള പറഞ്ഞു.

"എന്നാൽ ഒരിക്കലും അതു കണ്ടുകിട്ടിയില്ലെങ്കിൽ?" എന്നു അബ്ദുള്ളയുടെ മുഖത്തു തുറിച്ചുനോക്കിക്കൊണ്ടു് രാജകുമാരൻ ചോദിച്ചു.

"അങ്ങനെവരുന്നപക്ഷം പ്രധാനമന്ത്രിയുടെ ജീവൻ പണയത്തിലായി എന്നു നിശ്ചയംതന്നെ. പക്ഷെ ജീവനേക്കാൾ വിലയേറിയതായി അദ്ദേഹം കരുതുന്ന ആ നിധിയെ കളയുമെന്നു വിചാരിക്കാൻ നിവൃത്തിയുണ്ടോ?'' എന്ന് അബ്ദുള്ളാ ചിന്താക്രാന്തനായി പറഞ്ഞു.

"അബ്ദുള്ളാ നിന്റെ ബുദ്ധിക്കു വല്ല തകരാറും പററിയോ? ഒരു ശിശുവിനോടെന്നപോലെ ഓരോകാര്യവും നിന്നെ വിവരിച്ചു കേൾപ്പിക്കണമോ?"

എന്നു് കുമാരൻ ക്ഷുബ്ധനായി ചോദ്യംചെയ്തു.

“അബ്ദുള്ളാ ഒന്നു ഞെട്ടി”. “തിരുമേനി, അടിയൻെറ ബുദ്ധിഹീനതയെ ക്ഷമിക്കണം. ദീർഘദർശിയുടെ ശവകടീരത്തെക്കൊണ്ടു ഞാൻ സത്യം ചെയ്യുന്നു; സുൽത്താൻ തിരുമേനിയുടെ മുദ്രാംഗുലീയം മോഷ്ടിക്കാമെന്നുള്ള വിചാരം ഇതുവരെയും ഒരുവൻെറ ഹൃദയത്തിൽ കടന്നുകൂടിയിട്ടില്ല. അതുകൊണ്ടു അതിനെപ്പററി തിരുമേനി ചിന്തിയ്ക്കുമെന്നു അടിയൻ ഊഹിച്ചതുമില്ല,” എന്നയാൾ പറഞ്ഞു.

മാഹ്മൂദിൻെറ മുഖത്തു് ഒരു കറുത്ത പുഞ്ചിരി പ്രസരിച്ചു. അദ്ദേഹം പറഞ്ഞു. “അബ്ദുള്ളാ കേൾക്കു്, ധരിക്കുന്ന ആളിൻെറ നീതിനിഷ്ഠയെ അവലംബിച്ചു മാത്രമാണു് രത്നമോതിരം അതിൻെറ കാന്തിയെ വഹിക്കുന്നതെന്നും വഞ്ചനയുടെയും കയ്ക്കാണത്തിൻെറയും നിഴൽ തട്ടുന്ന നിമിഷത്തിൽ അതിലെ പ്രഭ ഒരു ഇരുണ്ട ചുവപ്പായി മാറുമെന്നും ആളുകൾ പറയുന്നു.”

അബ്ദുള്ളാ തലകുലുക്കിക്കൊണ്ടു പറഞ്ഞു, “അല്ലയോ പ്രതാപശാലിയായ പ്രഭോ, ഈ കഥ അടിയനും കേട്ടിട്ടുണ്ടു്. പക്ഷേ അതു സത്യമോ വ്യാജമോ എന്നുള്ളതു ഇതുവരെ തെളിഞ്ഞിട്ടില്ല.”

മാഹ്മൂദ്:— അബ്ദുള്ളാ അതു ഞാനും സമ്മതിക്കുന്നു; കൂടാതെ ആ മോതിരം മോഷ്ടിയ്ക്കാമെന്നുള്ള വിചാരം മനുഷ്യൻെറ ബുദ്ധിയിൽ കടക്കുകയില്ലെന്നുള്ള നിൻെറ അഭിപ്രായത്തോടും ഞാൻ യോജിക്കുന്നു. പിന്നെ എന്താ?”

“പിന്നെ എന്താ?” എന്നു് സ്വാമിയുടെ ഇംഗിതം മനസ്സിലാക്കാതെ അബ്ദുള്ളാ ഒരു പ്രതിധ്വനി എന്നപോലെ ഉച്ചരിച്ചു.

“കഴുതേ! മരത്തലയാ! സുൽത്താൻ തിരിച്ചുവന്നു് തൻെറ മുദ്രാംഗുലീയം കാണ്മാനില്ലെന്നറിയുമ്പോൾ എന്തു വിചാരിക്കും എന്നു നിനക്കൂഹിക്കാൻ ശക്തിയില്ലേ? തിരുവാഴി മോഷ്ടിക്കാൻ ആരും ധൈര്യപ്പെടുകയില്ലെന്നു തമ്പുരാനു നിശ്ചയമുള്ളതുകൊണ്ടു്, പ്രധാന മന്ത്രി അയാളുടെ വഞ്ചനാനിമിത്തം പ്രഭ മങ്ങിയ രത്നത്തെ വെളിയിൽ കാണിക്കാൻ ധൈര്യപ്പെടാതെ അതിനെ നശിപ്പിച്ചു എന്നല്ലാതെ തിരുവുള്ളത്തിൽ മററു സംശയത്തിനിടയുണ്ടോ?” എന്നു മാഹ്മൂദ് പറഞ്ഞു.

“ദീർഘദർശി സാക്ഷിയായി! അവിടത്തെ തലക്കെട്ടിനടിയിൽ ഒരു ഭരണമീമാംസാകുശലൻെറ ബുദ്ധി ഒളിഞ്ഞുകിടക്കുന്നു. ഈ തന്ത്രം മററാക്കു തോന്നും?” എന്നു് കാര്യസ്ഥൻ അത്ഭുതപരവശനായി പറഞ്ഞു.

മാഹ്മൂദ് സന്തുഷ്ടനെന്നപോലെ കാണപ്പെട്ടു. അദ്ദേഹം ഇങ്ങനെ കല്പിച്ചു- “അബ്ദുള്ളാ മതി!” ഇനി കാര്യത്തിൽ പ്രവേശിക്കാം. മുദ്രാംഗുലീയത്തെ കയ്ക്കലാക്കുന്ന കാര്യം അത്ര എളുപ്പമല്ല എന്നാലും അതു സാധിയ്ക്കാമെന്നു് എനിക്കു തോന്നുന്നുണ്ടു്. മനുഷ്യൻെറ പണവും തട്ടിക്കൊണ്ടു് കടന്നിട്ടുള്ള തസ്കരന്മാരിൽ ഏററവും സമർത്ഥന്മാരായ മൂന്നുപേരെ സി ഇപ്പോൾ

തന്നെ പോയി അന്വേഷിച്ചു കണ്ടുപിടിച്ചു എന്റെമുമ്പിൽ കൊണ്ടുവരണം. അവർ നങ്ങളുടെ സാമത്ഥ്യത്തെ നമ്മുടെ മുമ്പിൽ പ്രദശിപ്പിയ്ക്കട്ടെ. അവരുടെ തൊഴിൽ നല്ലപോലെ അറിയാവുന്നവനെ ഞാൻ തിരിഞ്ഞെടുക്കും.”

“എന്നിട്ട്?” മുഖത്തിൽ പ്രസരിച്ച ഔത്സുക്യസൂചകമായ ഒരു മന്ദഹാസത്തോടുകൂടി അബ്ദുള്ളാ ചോദിച്ചു.

“നീ ഉറങ്ങിയ അവസരത്തിലാണ് എന്റെ പ്രവൃത്തിപദ്ധതി രൂപീകരിയ്ക്കപ്പെട്ടത്. വേഗം പോ അബ്ദുള്ളാ, നീ പോകുംവഴിക്ക “ആബുഹിജാജി”നെ ഇങ്ങോട്ടു പറഞ്ഞയക്കണം. ആ പൊൻപണിക്കാരനോട് എനിക്കു ചിലതു പറയാനുണ്ട്,” എന്ന്, രാജകുമാരൻ ആജ്ഞാപിച്ചു.

അത്ഭുതപരതന്ത്രനായ അബ്ദുള്ളാ സ്വാമിയുടെ കല്പനയെ നടത്തി. അനന്തരം ബലിഷ്ഠകായന്മാരായ അഞ്ചു് അനുചരന്മാരെ അരികിൽ വിളിച്ചു അവർ സാധിക്കേണ്ടതായ കാൎയ്യം എന്തെന്ന് അയാൾ ധരിപ്പിച്ചു. എന്നാൽ അതിന്റെ ഉദ്ദേശം അവരെ അറിയിച്ചതുമില്ല.

* * * * * * * *

ഇതിനു ശേഷം രണ്ടു മണിക്കൂർ കഴിഞ്ഞപ്പോൾ നിരായുധന്മാരായ വ്യാപാരികളുടെ വേഷം ധരിച്ച ആറാളുകൾ തങ്ങളുടെ കോവർകഴുതകളുടെ പുറത്തു കയറി മാഹ്മൂദിന്റെ അരമനയിൽ നിന്നു പുറപ്പെട്ടു. കച്ചവടത്തിനു വേണ്ട സാമാനങ്ങളും അവർ കഴുതപ്പുറത്തു സംഭരിച്ചിരുന്നു. ധാരാനഗരത്തിന്റെ പ്രാന്തം കടന്ന് നമ്മുടെ കൂട്ടർ ഒരു ചെറിയ മണലാരണ്യത്തിൽ പ്രവേശിച്ചു ഉദാസീനഭാവത്തിൽ യാത്ര ചെയ്തു. കുപ്രസിദ്ധനായ “ഹസൻ” എന്ന തസ്കരപ്രമാണിയുടെ സങ്കേതമെന്നറിയപ്പെട്ടിരുന്ന പ്രദേശത്തായിരുന്നു അവർ തങ്ങളുടെ മാൎഗ്ഗമായി സ്വീകരിച്ചതു്. മുമ്പിൽ നടകൊന്ന കഴുതപ്പുറത്ത് സവാരിചെയ്തു ഉറക്കം തൂങ്ങിയായ ആ പൊണ്ണൻ മാഹ്മൂദ് രാജകുമാരന്റെ പ്രധാന കാൎയ്യസ്ഥനും കുശാഗ്രബുദ്ധിയും നിപുണനും ആയ അബ്ദുള്ളയാണെന്ന് ആരും ശങ്കിക്കയില്ലായിരുന്നു. അയാളുടെ ദീർഘമായ കഞ്ചുകത്തിനുള്ളിൽ ഖഡ്ഗവും കഠാരയും ഗോപിക്കപ്പെട്ടിരുന്നു എന്നും അയാളുടെ വണ്ണം വസ്ത്രങ്ങൾക്കുള്ളിൽ ചെലുത്തപ്പെട്ടിരുന്ന മെത്തകൾ നിമിത്തം ഉണ്ടായതാണെന്നും ഒരുവനും സ്വപ്നത്തിൽപോലും വിചാരിക്കയില്ലായിരുന്നു താനും. കണ്ഠാവധിഖാദ്യങ്ങൾ ഉള്ളിലാക്കിയവരെന്നു തോന്നിച്ച അയാളുടെ അനുഗാമികൾ എല്ലാവരും അവരുടെ ശക്തിയും മെയ്‌വഴക്കം നിമിത്തം തിരഞ്ഞെടുക്കപ്പെട്ടവരാണെന്നും അവർ ആപാദമസ്തകം ആയുധം ധരിച്ചിരുന്നുവെന്നും പ്രേക്ഷകന്മാർക്കു ഊഹിക്കുവാൻ അശ്യകമത്രെ.

തന്റെ ചങ്ങാതിമാരായ അബീബ് അലി എന്നിവരോടുകൂടിപാറക്കൂട്ടത്തിനിടയിൽ കിടന്നുകൊണ്ടു് നമ്മുടെ അലസന്മാരായ പാന്ഥന്മാരെ

1935



വീക്ഷണം ചെയ്ത ഹസനാകട്ടെ മേല്പറഞ്ഞ യഥാൎത്ഥ്യം ഒട്ടും തന്നെ മനസ്സിലാക്കിയില്ല. തസ്കരന്മാർ പരസ്പരം അതിശീഘ്രത്തിൽ ഒരടയാളം കാണിച്ചു. "അവർ നേരെ ഇവിടേയ്ക്കു തന്നെ വരുന്നു. നബിസത്യമായി ആളുകൾ ഇത്ര എളുപ്പത്തിൽ നമ്മുടെ കയ്യിലകപ്പെട്ടിട്ടില്ല" എന്നു് ഒരമൎത്തിയ ചിരിയോടുകൂടി ഹസൻ പറഞ്ഞു.

പാറകളുടെ ഇടയിൽകൂടിപ്പോകുന്ന ഇടുങ്ങിയ പാതയുടെ ഓരോവശത്തായി അബീബും ആലിയും ഒളിച്ചിരുന്നു. ഹസനാകട്ടെ ആ മാൎഗ്ഗത്തിൽ തന്നെ സ്ഥിതിചെയ്ത ഒരുവലിയ ശിലയുടെ പിന്നിലും മറഞ്ഞിരുന്നു.

കഴുതയുടെ കടിഞാൺ അയച്ചു് വിട്ടു് കൈകൾ മാറോടു ചേൎത്തു ബന്ധിച്ചുകൊണ്ടു് സവാരിചെയ്തിരുന്ന അബ്ദുള്ളാ, പാറയുടെ പിന്നിൽ നിന്നും വാളിളക്കി മുന്നോട്ടടുത്തു് കടിവാളത്തിൽ പിടികൂടിയ ഒരു ദീൎഘകായനെ കണ്ടു് ഭയാക്രാന്തനെന്നപോലെ രോദനം ചെയ്തു.

"നില്ലു്!" കൎക്കശമായ ഒരാജ്ഞ പുറപ്പെട്ടു. 'എന്റെ തടിച്ച സഹോദരാ, ഹസന്റെ വസതിയിലേക്കു് ഇതാ നിങ്ങളെ സ്വാഗതം ചെയ്യുന്നു" എന്നു് മുൻപറഞ്ഞ ആജ്ഞയെ തുടൎന്നു ഒരു ക്ഷണവും ഉണ്ടായി.

## അദ്ധ്യായം ൨

## രജതപേടകം

"ഹസന്റെ വസതിയിലേക്കു് ഇതാ നിങ്ങളെ സ്വാഗതം ചെയ്യുന്നു." അബ്ദുള്ള വീണ്ടും ഒരു രോദനസ്വരം പുറപ്പെടുവിച്ചു. അയാളുടെ ചങ്ങാതിമാരും അയാളെ അനുകരിച്ചു. ഇതിനിടയിൽ അബീബും ആലിയും അവർ ഒളിച്ചിരുന്ന സ്ഥലത്തു നിന്നും പുറത്തു ചാടി വാൾ ഓങ്ങി നമ്മുടെ യാത്രക്കാരെ ഭയപ്പെടുത്തി.

"ഞങ്ങളുടെ നിരായുധാവസ്ഥയിൽ അനുകമ്പ തോന്നി ഞങ്ങളെ വിട്ടയക്കണേ സ്നേഹിതന്മാരെ! വളരെക്കാലത്തെ പരിശ്രമത്തിന്റെ ഫലമായി ഞങ്ങൾ സമ്പാദിച്ചിട്ടുള്ള ഈ വ്യാപാരസാമാനങ്ങൾ എടുത്തുകൊണ്ടു് ഞങ്ങളുടെ ജീവനെ തരണേ!" എന്നു് വിറയ്ക്കുന്ന സ്വരത്തിൽ അബ്ദുള്ളാ യാചിച്ചു.

ഹസ്സൻ ഉത്സാഹത്തോടുകൂടി ചിരിച്ചുംകൊണ്ടു് തന്റെ വാൾ വീശി "എന്റെ പിതാവിന്റെ താടിയെക്കൊണ്ടു ഞാൻ സത്യംചെയ്യുന്നു; ഈ തടിച്ച പന്നിയുടെ കരച്ചിൽ കേൾപ്പാൻ വേണ്ടി ഇവന്റെ വയററിൽ ഒരു കുത്തുകൊടുക്കാൻ എനിക്കു മനസ്സുണ്ടു്" എന്നയാൾ പറഞ്ഞു.

അബ്ദുള്ള ഭയം അഭിനയിച്ചു ഒന്നു നിലവിളിച്ചുംകൊണ്ടു് ഹസ്സൻ നിന്ന സ്ഥലത്തിനു എതിർഭാഗത്തായി കഴുതപ്പുറത്തു നിന്നും താഴെ വീണു. ഉടൻ തന്നെ അതിവേഗത്തിൽ സാമാനം കെട്ടിത്തൂക്കിയിരുന്ന കയറഴിച്ചു് കെട്ടിനെ ഹസ്സന്റെ കാല്ക്കൽ നിക്ഷേപിച്ചു. പിന്നീടു് വിറക്കുന്ന വിരലുകളോടുകൂടി അയാൾ ഭാണ്ഡത്തെ ചുററിയിരുന്ന കയറുകൾ വേർപെടുത്തി അതിനെ നല്ലവണ്ണം കാണുന്നതിനു സൌകര്യം കൊടുക്കാനെന്ന മട്ടിൽ ഒരു വശത്തേയ്ക്കു മാറിനിന്നു.

“ഇതാ നോക്കണെ! സുൽത്താന്റെ അരമനയിലെ ഉപയോഗത്തിനു യോഗ്യതയുള്ള കനക പാത്രങ്ങളും ഏതു കിരീടപതിക്കും തൃപ്പാദം ചേർപ്പാൻ തക്ക കമ്പിളികളും അനവധിയുണ്ടു്. ഇതെല്ലാം എടുത്തുംകൊണ്ടു് ഞങ്ങളുടെ ജീവനെ രക്ഷിക്കണെ ഇഷ്ടന്മാരെ” എന്നു് അബ്ദുള്ള അപേക്ഷിച്ചു.

ഹസ്സൻ ആശ്ചര്യപരതന്ത്രനായി നോക്കി. സ്വപ്നങ്ങളിൽ സങ്കല്പിക്കപ്പെട്ട ദ്രവിണം അയാൾ മുമ്പു് കണ്ടിട്ടുള്ളതിൽ നിന്നും എത്രയോ ശ്രേഷ്ഠമായിരുന്നു. പൃഷ്ഠത്തിൽ അയാളുടെ സഹായികളായിരുന്ന രണ്ടു ചങ്ങാതിമാരും ഉററുകൊണ്ടു് ആശാഗർഭമായ നയനങ്ങളോടുകൂടി നിന്നു. മനോഹരമായ ശില്പവൈശിഷ്ട്യം കലർന്ന ഒരു ചഷകം ഹസ്സന്റെ പ്രത്യേകശ്രദ്ധയെ ആകർഷിച്ചു; അയാൾ കുനിഞ്ഞു് അതിന്റെ നേരെ കൈനീട്ടി.

ഉത്തരക്ഷണത്തിൽ ഉരുക്കുപോലെ ശക്തിയേറിയ ഒരു കരം അവന്റെ കഴുത്തിനു പിടികൂടി; മറെറാരു കയ്യാകട്ടെ അവന്റെ ഖഡ്ഗത്തെയും പിടിച്ചുപറിച്ചു. ഒരു നിമിഷത്തിനുള്ളിൽ അവൻ ഒരു ശുഷ്കതൃണമെന്നപോലെ പിന്നിലേയ്ക്കു് എറിയപ്പെട്ടു. ഹസ്സന്റെ തല ഒരു പാറയിൽ ചെന്നടിച്ചു് അയാൾ മിക്കവാറും ബോധരഹിതനായിത്തീർന്നു.

ചങ്ങാതിമാരിൽ നിന്നും ഉൽഭൂതമായ ഗദ്ഗദസ്വരങ്ങളാൽ അവരും തന്നെപോലെ ശത്രുവിന്റെ കയ്യിൽ അകപ്പെട്ടിരിക്കയാണെന്നു മനസ്സിലാക്കിയ ഹസ്സൻ ഒടുവിൽ മെല്ലെ കണ്ണുതുറന്നപ്പോൾ തന്റെ കണ്ഠത്തിൽ നിന്നും ആറംഗുലം അകലെയായി ഒരു കരവാളം മിന്നുന്നതു കണ്ടു് യുദ്ധോദ്യമം നിഷ്പ്രയോജനമാണെന്നറിഞ്ഞു.

അബ്ദുള്ളാ പ്രസന്നവദനനായി അവരെ ചുററി നടക്കുകയായിരുന്നു.

“കാര്യം ഭംഗിയായി നിർവഹിച്ചു ഇതിലും ഭംഗിയായി നിർവഹിക്കാൻ ആർക്കും കഴികയില്ല. ഇവിടെ ‘മാൻസോർ;” ആ ഭാണ്ഡത്തെ ഒന്നുകൂടി വൃത്തിയായി കെട്ടി എന്റെ കഴുതയുടെ പുറത്തിടു. അവർക്കു് ബോധം വീണോ? ദീർഘദർശി സത്യമായി ഇനിമേൽ നിരായുധന്മാരായ പഥികന്മാരെ ആക്രമിക്കുന്നതിനു മുമ്പായി അവർ നല്ലപോലെ ആലോചിയ്ക്കും.” എന്നയാൾ പറഞ്ഞു.

ഹസ്സൻ അവിശ്വാസഭാവത്തിൽ അയാളുടെ നേരെ നോക്കി പല്ലുക

ടിച്ചു. "ഇതു് നീയാണോ അബ്ദുള്ളാ? എടാ കാളസർപ്പം പിറന്നവനേ, നിന്റെ താടി കളഞ്ഞതു കൊണ്ടു് നിന്നെ ഞാനറിഞ്ഞില്ല. പക്ഷേ നിന്റെ കയ്യേ ഞാൻ എന്നും ഓർമ്മിക്കും!"

ഈ പ്രശംസ കേട്ടു് അബ്ദുള്ളാ മന്ദഹസിച്ചു. അനന്തരം ഇങ്ങനെ പറഞ്ഞു.

"എന്നാൽ ഞാൻ പറയുംപോലെ ചെയ്യണം; ഇല്ലെങ്കിൽ ഈ കയ്യുടെ രുചി നീ കുറച്ചുകൂടി അനുഭവിക്കും" (തന്റെ അനുചരന്മാരുടെ നേരെ തിരിഞ്ഞു് "ഇതാ ഇവരുടെ ദേഹപരിശോധന കഴിച്ചു അവരുടെ) പക്കൽ യാതൊരായുധവും ശേഷിക്കാതെ സൂക്ഷിച്ചുകൊൾവിൻ."

അനുചരന്മാർ കല്പനപ്രകാരം പ്രവർത്തിച്ചു. അവരുടെ പക്കൽ ഇരുന്ന ആയുധങ്ങളെല്ലാം അപഹരിക്കപ്പെട്ടു. ഒടുവിൽ ആ തസ്കരന്മാരെ പാറയോടു ചേർത്തു ഇരുത്തിക്കൊണ്ടു അബ്ദുള്ളാ ഖഡ്ഗപാണിയായി ഇപ്രകാരം ആജ്ഞാപിച്ചു.

"ഇനി കേൾപ്പിൻ. എന്റെ സ്വാമിയും പ്രതാപവാനും ആയ മാഹ്മൂദ് രാജകുമാരനു നിങ്ങളിൽ ഒരുവനെക്കൊണ്ടു ഒരു വലിയ കാര്യം സാധിക്കേണ്ടതുണ്ടു്. അതിനാൽ ഞാൻ നിങ്ങളെ അദ്ദേഹത്തിന്റെ കൊട്ടാരത്തിലേക്കു കൊണ്ടുപോകയാണു്. നിങ്ങളുടെ കൌശലങ്ങൾ എന്നോടെടുക്കുന്നതു സൂക്ഷിച്ചുവേണം. സമാധാനമായി ഞങ്ങളോടൊന്നിച്ചു പോരാമെങ്കിൽ അത്രയും നല്ലതു്. ഇല്ലെങ്കിൽ ഞാൻ നിങ്ങളെ പിടിച്ചുകെട്ടി അങ്ങോട്ടു കൊണ്ടുപോകും. എന്നാൽ നിങ്ങളുടെ നേരെ യാതൊരു ദ്രോഹവും ഉദ്ദേശിക്കപ്പെട്ടിട്ടില്ല. എന്നുമാത്രമല്ല, ഈ യാത്ര നിങ്ങൾക്കു ആദായകരമായി പരിണമിക്കുമെന്നു് എനിക്കു നിശ്ചയമുള്ളതിനാൽ ശാന്തമായി ഞങ്ങളോടുകൂടി പോരുവാൻ ഞാൻ ഉപദേശിക്കുന്നു."

"ശരി, എന്നാൽ ഞങ്ങളെ അകപ്പെടുത്താൻ വലയൊന്നും വച്ചിട്ടില്ലെന്നു ദീർഘദർശിയുടെ ശവകുടീരത്തെക്കൊണ്ടു നിങ്ങൾക്കു സത്യം ചെയ്യാമോ? എന്തെന്നാൽ എന്റെ പിതാവിന്റെ ഖഡ്ഗത്താണ മാഹ്മൂദിന്റെ അരമനയിലെ ഒരു കല്ലറയിൽ കിടന്നു മരിക്കുന്നതിനെക്കാൾ ഈ മണല്ക്കാട്ടിൽ കിടന്നു ജീവനെ ഉപേക്ഷിക്കുന്നതിനാണു് ഞാൻ ഇഷ്ടപ്പെടുന്നതു്," എന്നു ഹസ്സൻ പറഞ്ഞു.

അബ്ദു:—"യാതൊരു വലയും വച്ചിട്ടില്ലെന്നു ഞാൻ സത്യം ചെയ്യുന്നു. പക്ഷെ, നിങ്ങളെക്കൊണ്ടു സാധിക്കേണ്ട കാര്യമെന്തെന്നു രാജകുമാരൻ തന്നെ പറയും."

തസ്കരന്മാർ സമ്മതിച്ചു. മാഹ്മൂദിന്റെ കാര്യസ്ഥൻ കുഴതപ്പുറത്തു കയറി ഹസ്സനോടും കൂട്ടരോടും പല നേരംപോക്കുകളും പറഞ്ഞുകൊണ്ടു് അരമനയെ ലക്ഷ്യമാക്കി തിരിച്ചു. എന്നാലും ഈ സമയമെല്ലാം അയാൾ

തന്റെ ഖഡ്ഗമുഷ്ടിയിൽനിന്നും കയ്യെടുത്തില്ല. പുനശ്ച ഓരോ നിമിഷവും അയാൾ ജാഗരൂകനായിത്തന്നെ കഴിച്ചുകൂട്ടി. അബ്ദുള്ളാ ബുദ്ധിഹീനനല്ലായിരുന്നു.

മാഹൂദിന്റെ സൌധത്തെ വലയംചെയ്ത രമണീയാരാമങ്ങളിൽക്കൂടി വിസ്തൃതമായ ചത്വരത്തെ തരണംചെയ്ത് രൂപ്യസ്തംഭങ്ങളാൽ അലംകൃതമായ പൂമുഖത്തിൽ എത്തിയ ആഗന്തുകന്മാർ അവിടെ നിന്നും ശ്ലേക്ഷ്ണശിലാനിർമ്മിതമായ ഒരു മണ്ഡപത്തിലേക്കു നയിക്കപ്പെട്ടു. അതിന്റെ ഒരു വശത്തായി കാണപ്പെട്ട ദുകൂലയവനികയോടുകൂടിയ വാതിൽ കടന്നപ്പോൾ അവർ മാഹൂദ് രാജകുമാരന്റെ തിരുമുമ്പിൽ പ്രവേശിച്ചു. കുമാരൻ കിടക്കയിൽ എഴുന്നേററിരുന്നുകൊണ്ട് തന്റെ മുമ്പിൽ നമസ്കരിച്ചു ആ മോഷ്ടാക്കളെ തുറിച്ചു നോക്കി.

"നീ അവരെ വേഗത്തിൽ ബന്ധിച്ചു അല്ലേ അബ്ദുള്ളാ അതു കൊള്ളാം." എന്നു പ്രസന്നനായി അരുളിച്ചെയ്തുകൊണ്ട് അദ്ദേഹം ഒന്നുകൂടി കള്ളന്മാരെ സൂക്ഷിച്ചു നോക്കി. അതിനുശേഷം അവരോടു കുമാരൻ എഴുന്നേല്ക്കുവാൻ ആജ്ഞാപിച്ചു.

അവർ എഴുന്നേററ് അദ്ദേഹത്തിന്റെ മുമ്പിൽ നിരന്നുനിന്നു.

മാഹൂദ്:—"കേൾപ്പിൻ, നിങ്ങളുടെകൂട്ടത്തിൽ തന്റെ തൊഴിൽ നല്ല നൈപുണ്യമുള്ള ഒരുവന്റെ സേവനമാണ് ഞാൻ ആവശ്യപ്പെടുന്നത്. നിങ്ങളുടെ സാമർത്ഥ്യം എന്റെ മുമ്പിൽ പ്രകടിപ്പിക്കുവാൻ മടിക്കേണ്ട, എന്തെന്നാൽ നിങ്ങളെ ഞാൻ ഒരിക്കലും ഉപദ്രവിക്കയില്ല. എന്നാൽ വരിക, നിങ്ങളുടെ കൌശലത്തെ പ്രദർശിക്കുവിൻ."

ഒരു ദീർഘമായ നിശ്ശബ്ദത അവിടെ വ്യാപിച്ചു തസ്കരന്മാർ പരസ്പരം നോക്കിയശേഷം രാജകുമാരന്റനേക്കും കണ്ണോടിച്ചു. എന്നാൽ ഒരുത്തനും മിണ്ടിയില്ല.

വരിക, നിങ്ങളെന്താ ഭയപ്പെടുന്നതു്? നിങ്ങൾ എന്തുതന്നെ കാട്ടിയാലും അതിനെ നിങ്ങളെ കുടുക്കിലാക്കുവാൻ ഒരായുധമായി ഉപയോഗിക്കയില്ലെന്നു ഞാൻ വാക്കുതന്നില്ലേ?" എന്നു മാഹൂദ് ചോദിച്ചു.

വീണ്ടും ഒരു നിശ്ശബ്ദത, അതിനുശേഷം ആലി ധൈര്യസമേതം മുന്നോട്ടുവന്നു് ഇങ്ങനെ പറഞ്ഞു "അല്ലയോ ശക്തനായ രാജകുമാരാ അവിടത്തെ വാക്കുകളെ ഞാൻ വിശ്വസിച്ചിരിക്കുന്നു. ഇതാ ഒരു കഠാര നോക്കുക. ഇങ്ങോട്ടു പുറപ്പെടുമ്പോൾ ഇതു് എന്റെ കൈവശം ഇല്ലായിരുന്നു. ഇതിന്റെ ഉടമസ്ഥൻ ആരെന്നു ആക്കെങ്കിലും പറയാമോ?" ഈ വാക്കുകളോടുകൂടി തന്റെ കീറിയവസ്ത്രത്തിനുള്ളിൽനിന്നും അയാൾ തിളങ്ങുന്ന ഒരായുധത്തെ വെളിയിലേയ്ക്കെടുത്തു.

തന്റെ കണ്ണുകളെത്തന്നെ വിശ്വസിക്കാൻ അശക്തനായ ഒരുവനെ

പ്പോലെ അബ്ദുള്ളാ മുന്നോട്ടുചാടി ഇപ്രകാരം വിളിച്ചുപറഞ്ഞു. "ദീർഘ
ദർശിയായ ഈ കഠാര എന്റേതാണേ."

മാഹ്മൂദ് പൊട്ടിച്ചിരിച്ചുകൊണ്ടു് ആഹ്ലാദഭരിതനായി കൈകൊട്ടി;
അദ്ദേഹം അരുളിച്ചെയ്തു.

"തരത്തിനു പററിച്ചു; അബ്ദുള്ളാ നിന്റെ നേരെ ഇവൻ പക
വീട്ടി. നീ ജീവനോടെ ഈ കൊട്ടാരത്തിൽ എത്തിയതിനു് അള്ളാവിനെ
സ്തുതിക്കു്."

വളരെ താണുതൊഴുതുകൊണ്ടും എന്നാൽ മുഖത്തു ധിക്കാരലേശ
ത്തിന്റെ സ്ഫുരണത്തോടുകൂടിയും ആലി കഠാരയുടെ മുഷ്ടിയെ അബ്ദുള്ളായ്ക്കു്
പ്രദാനംചെയ്തു. എന്നാൽ മാഹ്മൂദ് തടുത്തുകൊണ്ടു പറഞ്ഞു. "വേണ്ട അതു
നിനക്കുതന്നെയിരിക്കട്ടെ. അതു നിന്റെ ചുണകൊണ്ടു കിട്ടിയതാണു് ഇനി
യൊരിക്കൽ അബ്ദുള്ളാ അവന്റെ ആയുധങ്ങളെ സൂക്ഷിക്കണം." ഈ
വാക്കുകളോടുകൂടി അദ്ദേഹം അബീബിന്റെ നേരെ തിരിഞ്ഞു് ചോദിച്ചു.
"ഇനി നിനക്കെന്തുചെയ്യാൻ കഴിയും.?"

തന്റെ കാലുറയുടെ കീശയിൽനിന്നും നാണയങ്ങളുടെ സമ്മർദ്ദനാദം
പുറപ്പെട്ടുകൊണ്ടിരുന്ന ഒരു പണസഞ്ചി അബീബ് പുറത്തെയ്ക്കെടുത്തു കാട്ടി
ക്കൊണ്ടു് പറഞ്ഞു.

"പ്രതാപശാലിയായ രാജകുമാരാ തൃക്കൺപാർത്താലും ഒരുകാശു
പോലും കയ്യിലില്ലാതെയാണു് ഞാൻ ഇന്നു യാത്രപുറപ്പെട്ടതു്. എന്നാൽ
ഇപ്പോൾ എന്റെ കൈവശം സ്വർണ്ണനാണയങ്ങൾ നിറഞ്ഞ ഒരു സഞ്ചിയുണ്ടു്."

"അതു് എന്റെ വകയല്ല" എന്നു് അബ്ദുള്ളാ ബദ്ധപ്പെട്ടു പറഞ്ഞു.

"അല്ലാ, എന്നാൽ കൊട്ടാരവാതുക്കൽ നില്ക്കുന്ന ചുമട്ടുകാരൻ; അല്പ
നിമിഷങ്ങൾക്കുമുമ്പു് തന്റെ അരയിൽ ധരിച്ചിരുന്ന ആ സഞ്ചിയെ ഇപ്പോഴും
അന്വേഷിച്ചുകൊണ്ടു നില്ക്കയായിരിക്കും," എന്നു് അബീബ് ഉത്തരം പറഞ്ഞു.

"രാജകീയനഗരത്താണെ നീ നിന്റെ കൂട്ടുകാരനോടൊപ്പം സമർത്ഥ
നാണേ. അബ്ദുള്ളാ ചുമട്ടുകാരനോടു് കുറേക്കൂടി സൂക്ഷിച്ചിരിക്കാൻ പറയൂ.
ഈ പണസഞ്ചി അയാളുടെ ശ്രദ്ധക്കുറവിനു പ്രായശ്ചിത്തമായിരിക്കട്ടെ" എന്നു
രാജകുമാരൻ കല്പിച്ചു.

അബീബ് നിന്ദാസൂചകമായി മന്ദഹസിച്ചു. മാഹ്മൂദ് തസ്കരപ്രമാ
ണിയോടു തിരിഞ്ഞു ചോദ്യംചെയ്തു. "നിന്റെ, പേരെന്തു്?" "ഹസ്സൻ
എന്നു്."

മാഹ്മൂദ്:—കൊള്ളാം, ഹസ്സൻ നിനക്കു നിന്റെ കൂട്ടുകാരെ ജയിക്കാൻ
സാമർത്ഥ്യമുണ്ടോ? എന്റെ ജീവനെക്കൊണ്ടു ഞാൻ സത്യംചെയ്യുന്നു. ഇവ
രിൽ ഏററവും മിടുക്കനാരെന്നു് എനിക്കറിഞ്ഞുകൂടാ.

ഹസ്സൻ:—"പ്രഭോ ഞാൻ തിരുമേനിയോടു മാപ്പുചോദിക്കുന്നു; [illegible]

ന്നാൽ എൻെറ പ്രവൃത്തി കുറേ അധികം സാഹസമായിപ്പോയില്ലേ എന്നു ഞാൻ ഭയപ്പെടുന്നു.”

മാഹ്മൂദ്:—“അതുകൊണ്ടു തരക്കേടില്ല.”

എന്തെന്നാൽ തൂക്കൺപാത്താലും, ഈ വിലയേറിയ വസ്തു ഇവിടെ വച്ചുതന്നെ, എൻെറ കയ്യിൽ കിട്ടിയതാണ്!” ഇങ്ങനെ പറഞ്ഞുകൊണ്ടു ഹസ്സൻ കൈനീട്ടി. അയാളുടെ ഉള്ള കയ്യിൽ ഒരു വലിയ നീലമണി കിടക്കുന്നതായി കാണപ്പെട്ടു.

അൽഭുതാന്ധനായി മാഹ്മൂദ്‌രാജകുമാരൻ മുന്നോട്ടാഞ്ഞു് തുറിച്ചു നോക്കി. അദ്ദേഹത്തിൻെറ കണ്ണുകൾ അഗ്രം വളഞ്ഞ തൻെറ പാപ്പാസുകളിൽ പതിച്ചു. അവയിലൊന്നിൽ ഒരു നീലക്കല്ലു കാണപ്പെട്ടു. അതു് തസ്ക്കരപ്രമാണിയുടെ കയ്യിൽ ഇരുന്നതിൻെറ ഇണതന്നേയായിരുന്നു. മറേറ പാദരക്ഷയിൽ പതിച്ചിരുന്ന രത്നം കാണ്മാനില്ലതാനും.

നീ ഇതു് എപ്പോൾ കയ്ക്കലാക്കി?” എന്നു് മാഹ്മൂദ് ഇടറിയ സ്വരത്തിൽ ചോദിച്ചു.

പ്രഭോ, ഞാൻ അവിടുത്തെ പാദങ്ങളിൽ നമസ്ക്കരിച്ചപ്പോൾ, എൻെറ വിരലുകൾ തിരുമേനിയുടെ ബഹുമാനപ്പെട്ട പാപ്പാസുകളെ ഒരു തവണ സ്പർശിച്ചു. എന്നു ഹസ്സൻ ഉത്തരം പറഞ്ഞു.

അഞ്ചാറു നിമിഷനേരത്തേക്കു മാഹ്മൂദ് മിണ്ടാൻ ശക്തിയില്ലാതെ ഇരുന്നുപോയി. പിന്നീടു അദ്ദേഹം കൈകൊട്ടി ഉറക്കെ ചിരിച്ചുകൊണ്ടു പറഞ്ഞു. “വളരെ ധീരതയോടുകൂടി പ്രവത്തിച്ചു! ഞാൻതന്നെ ഇതു കണ്ടിട്ടില്ലായിരുന്നുവെങ്കിൽ എനിക്കു ബോദ്ധ്യമാകയില്ലായിരുന്നു. നിൻെറ സാമത്ഥ്യം കൂട്ടുകാരുടേതിനെയും അതിശയിക്കുന്നു. അബ്ദുള്ളാ അവരെ കൂട്ടിക്കൊണ്ടു താഴത്തു പൊയ്ക്കൊള്ളു. എനിക്കു ഹസ്സനോടു് ചില കാര്യങ്ങൾ പറയാനുണ്ടു്.”

“വരുവിൻ നിങ്ങൾക്കു ഭക്ഷണം തയ്യാറായിട്ടുണ്ടു്” എന്നു പറഞ്ഞുംകൊണ്ടു അബ്ദുള്ളാ അവരെ താഴെയുള്ള മുറിയിലേക്കു നയിച്ചു.

ഹസ്സനും താനും മാത്രം മുറിയിൽ ശേഷിച്ചു എന്നു കണ്ടപ്പോൾ മാഹ്മൂദു പറഞ്ഞു.

ഒരു രാജകുമാരൻെറ പാപ്പാസിൽ പതിച്ചിട്ടുള്ള രത്നം കയ്ക്കലാക്കാൻ സമത്ഥനായ നിനക്കു ഒരു മനുഷ്യൻെറ വിരലിൽ കിടക്കുന്ന മോതിരം എടുക്കാൻ കഴിയുമോ?”

“ഈ മാതിരി കാര്യങ്ങൾ ഞാൻ മുമ്പും സാധിച്ചിട്ടുണ്ടു്. എങ്കിലും അതു് അത്ര സാധാരണമായിട്ടില്ല. വിരലിൽ കിടക്കുന്ന മോതിരം മാംസത്തെ സ്പർശിക്കുന്നു; എന്നാൽ പാപ്പാസിലെ രത്നം തുകലിനെ മാത്രമേ തൊടുന്നുള്ളു”, എന്നു ഹസ്സൻ പറഞ്ഞു.

"അതു ശരിതന്നെ, ഹസ്സൻ, എന്നാൽ ആ മനുഷ്യൻ ഉറങ്ങിക്കിടക്കയാണെങ്കിൽ?"

ഹസ്സൻ—ഉറക്കത്തിലാണെങ്കിൽ സാധിക്കാൻ പ്രയാസമില്ല."

"എന്നാൽ നിദ്രയിലും ഈ മോതിരത്തെ ധരിക്കുന്ന ആ മനുഷ്യന്റെ മുറിയിൽ കടക്കാൻ വലിയ പ്രതിബന്ധങ്ങൾ ഉണ്ടാവാം. ധാരയിലെ സുൽത്താന്റെ അരമനയിൽ രക്ഷിഭടന്മാർ വേണ്ടുവോളം ഉണ്ടു്."രാജകുമാരന്റെ സാന്നിദ്ധ്യത്തെയും മറന്നു ഹസ്സൻ കുറേനേരത്തേക്കു ചൂളംവിളിച്ചുകൊണ്ടുനിന്നു മാഹ്മൂദ് തുടർന്നുപറഞ്ഞു. "പക്ഷെ നിന്നെ കൊട്ടാരത്തിൽ കടത്തിവിടുന്ന ഭാരം ഞാനേററു."

ഹസ്സൻ:—"എങ്കിൽ ശേഷം കാര്യം ഞാൻ സാധിച്ചുകൊള്ളാം. പ്രധാന മന്ത്രിയുടെ കയ്യിൽ നിന്നായാലും എനിക്കു് വിഷമമില്ല."

മാഹ്മൂദ് പുഞ്ചിരിച്ചുകൊണ്ടു കല്പിച്ചു. "വളരെ നല്ലതു്, ചങ്ങാതി പ്രധാന മന്ത്രിയുടെ കൈവിരലിൽ തന്നെയാണതു കിടക്കുന്നതു്. അതു സുൽത്താൻ തിരുമനസ്സിലെ തിരുവാഴിയല്ലാതെ മറെറാന്നല്ല താനും"

ഒരു ക്ഷണനേരത്തേക്കു ഹസ്സൻ പകച്ചുനോക്കി. അവൻ തസ്ക്കരനായിരുന്നുവെങ്കിലും സുൽത്താന്റെ മുദ്രാംഗുലീയത്തെപ്പററിയുള്ള സ്മരണ അവന്റെ ഹൃദയത്തിൽ അനിർവ്വാച്യമായ ഒരു ഭക്തിയെ ഉളവാക്കി.

പരിപാവനമായ ആ രത്നാംഗുലീയം! സുൽത്താൻതിരുമേനിയുടെ തൃക്കയ്യിൽ ധരിക്കുന്ന തിരുവാഴി!" എന്നു് മന്ദസ്വരത്തിൽ ഹസ്സൻമന്ത്രിച്ചു.

മാഹ്മൂദുരാജകുമാരൻ ഗർവ്വത്തോടുകൂടി ഹസിച്ചു. അദ്ദേഹം അരുളിച്ചെയ്തു.

"ഹസ്സൻ, പ്രധാനമന്ത്രിയുടെ ശരീരം മുഴുവൻ വ്യാപിച്ചുകിടക്കുന്നതിനേക്കാൾ അധികം രാജകീയരത്നം എന്റെ ഈ ചെറുവിരലിൽ ഉണ്ടു് അങ്ങനെയിരിക്കെ സുൽത്താന്റെ അഭാവത്തിൽ മുദ്രാംഗുലീയം ധരിക്കുവാൻ കൂടുതൽ യോഗ്യതയുള്ളവനാരെന്നാണു് ഞാൻ ചോദിക്കുന്നതു്."

ഈ കാര്യം രഹസ്യമായി വച്ചുകൊള്ളാമെന്നു ഹസ്സനെക്കൊണ്ടു സമ്മതിപ്പിച്ചു സത്യം ചെയ്യിച്ചശേഷം മാഹ്മൂദ് അയാളെ തന്റെ ചങ്ങാതിമാരുമൊന്നിച്ചു് ഭക്ഷണം കഴിക്കാനായി താഴത്തേക്കു അയച്ചു.

മൂന്നുവാരത്തേയ്ക്കു് ആ മോഷ്ടാക്കൾ പുതുതായി നിയമിക്കപ്പെട്ട ഭൃത്യന്മാരെന്ന ഭാവത്തിൽ അരമനയിൽ താമസിച്ചു. തന്റെ ഉദ്ദേശം സാധിക്കുന്നതുവരെ അവരിൽ ഒരുവനെയും അവിടംവിട്ടുപോകാൻ അനുവദിക്കുന്നതു ബുദ്ധിപൂർവ്വമല്ലെന്നു രാജകുമാരൻ നിശ്ചയിച്ചു.

ഇരുപത്തൊന്നാംദിവസം ഹസ്സൻ വീണ്ടും മാഹ്മൂദിന്റെ സന്നിധിയിലേയ്ക്കു ആഹ്വാനം ചെയ്യപ്പെട്ടു. രാജകുമാരന്റെ മുറിയിൽ പ്രവേശിച്ച ആ തസ്കരൻ ആദ്യമായി കണ്ടതു് ആറടിപ്പൊക്കമുള്ള ഒരു രജതപേടകത്തെ

യാണു്. ആകൃതിയിൽ അതു അടിവശം വളരെ വിസ്താരമേറിയും അവിടെനിന്നും മുകളിലേയ്ക്കു ക്രമേണ വീതികുറഞ്ഞുമിരുന്നു. ആ പെട്ടിയിൽ പ്രദർശിപ്പിക്കപ്പെട്ടിരുന്ന ശില്പകൌശലം അത്ഭുതകരമായിരുന്നു.

"ഇതു് പ്രധാനമന്ത്രിയായ സുലൈമാനു് ഞാൻ കൊടുക്കാനുദ്ദേശിക്കുന്ന ഒരു സമ്മാനമാണു്."

ഹസ്സൻ അതിനെ സൂക്ഷിച്ചുനോക്കിക്കൊണ്ടുനിന്നതേയുള്ളു. മാഹ്മൂദ് തുടൎന്നു പറഞ്ഞു.

"ഇതു് ഇന്നുതന്നെ ധാരയിലെ രാജമന്ദിരത്തിലേയ്ക്കുകൊണ്ടുപോകണം. ഇക്കാൎയ്യത്തിൽ നീ എന്തു വിചാരിക്കുന്നു."

ഹസ്സൻ അതിന്റെ പണിത്തരം പരിശോധിച്ചു തൃപ്തനായി പറഞ്ഞു.

"പ്രഭോ, ഇതു വിലയേറിയ ഒരു സമ്മാനംതന്നെ. സംശയമില്ല; പ്രധാനമന്ത്രി ഇതിനെ ആദരിയ്ക്കുതന്നെ ചെയ്യും."

മാഹ്മൂദ് തലകുലുക്കിക്കൊണ്ടു കല്പിച്ചു. "കൊള്ളാം ഹസ്സൻ ഇതിനെപ്പററി നീ എന്തുവിചാരിക്കുന്നു," ഈ വാക്കുകളോടുകൂടി അദ്ദേഹം, ആ പേടകത്തിൽ ഘടിപ്പിച്ചിരുന്ന ഒരു ഗൂഢമായ വില്ലിനെ അമൎത്തി ഉടൻതന്നെ അടിത്തട്ടിന്റെ ഒരു ഭാഗം മെല്ലെ നിശ്ശബ്ദമായി തുറന്നു് അസാധരണ വലിപ്പമുള്ള ഒരാൾക്കു സ്വാതന്ത്ര്യമായി നീണ്ടുകിടക്കത്തക്കവണ്ണം വിസ്താരമുള്ള ഒരു ദ്വാരത്തെ പ്രത്യക്ഷമാക്കി. അകത്തു കാററുകടക്കാനുള്ള രന്ധ്രങ്ങൾ വളരെ കൌശലത്തോടുകൂടി മറയ്ക്കപ്പെട്ടിരുന്നു. ഒരാൾ എത്രതന്നെ സൂക്ഷ്മമായി പരിശോധിച്ചാലും പെട്ടിയിൽ ഒരു മനുഷ്യൻ കിടക്കുന്നതായി സംശയിക്കപോലുമില്ല.

"അതാ കൊട്ടാരത്തിലേയ്ക്കുള്ള നിന്റെ വഴി അതാ കിടക്കുന്നു. ഒരിക്കൽ അതിനുള്ളിൽ കടന്നാൽ പിന്നെ നീ തക്കംനോക്കി പ്രവൎത്തിച്ചുകൊള്ളണം," എന്നു മാഹ്മൂദ് പറഞ്ഞു.

ഹസ്സ—"പ്രധാനമന്ത്രി ഈ പെട്ടിയെ അദ്ദേഹത്തിന്റെ ഭണ്ഡാരപ്പുരയിൽവച്ചു പൂട്ടിയാലോ? ഞാൻ അനൎഘരത്നങ്ങളുടെ മദ്ധ്യേ പട്ടിണികിടന്നു മരിക്കയെ ഉള്ളൂ."

"അതിനും നീ സന്നദ്ധനാവണം" എന്നു് മാഹ്മൂദ് പ്രശാന്തനായി പറഞ്ഞു.

"ഞാൻ ജയിക്കുന്നപക്ഷം?" എന്നു് ഹസ്സൻ ചോദിച്ചു.

"നിന്നെയും നിന്റെ ചങ്ങാതിമാരെയും എന്റെ കൊട്ടാരത്തിൽ ഉദ്യോഗത്തിനു നിയമിച്ചുകൊള്ളാം. ഇതുകൂടാതെ നിങ്ങളിൽ ഓരോരുത്തനും എടുക്കാവുന്നിടത്തോളം സ്വൎണ്ണവും തരാം. നിനക്കു ഒരു പാക്കു കൂടുതലും ഇരിക്കട്ടെ."

"പ്രഭോ അവിടത്തെ കല്പന ഉചിതമായി. ഞാൻ സമ്മതിച്ചിരിക്കുന്നു," എന്നു് അല്പം ആലോചനയ്ക്കുശേഷം ഹസ്സൻ പറഞ്ഞു.

ഒരു മണിക്കൂറിനുള്ളിൽ അഴകേറിയ ആവരണത്താൽ മൂടപ്പെട്ട വെള്ളിപ്പെട്ടിയും വഹിച്ചുകൊണ്ട് ഒരു സംഘം കിങ്കരന്മാർ അബ്ദുള്ളയുടെ നേതൃത്വത്തിൽ ധാരയിലേക്കു പുറപ്പെട്ടു.

സുൽത്താന്റെ അരമനയിലെത്തിയ ഉടൻ മാഹ്ഫൂദിന്റെ കാര്യസ്ഥൻ പ്രധാന മന്ത്രിയെ താണുവണങ്ങി. "എന്റെ സ്വാമിയെ മാഹ്ഫൂദ് രാജകുമാരൻ അദ്ദേഹത്തിന്റെ ഭണ്ഡാഗാരത്തിൽനിന്നും ഈ ഉപഹാരം അവിടത്തേക്കു കാഴ്ചവെയ്ക്കാനായി എന്നെ ഏല്പിച്ചയച്ചിരിക്കുന്നു. അല്ലാവിന്റെ കാരുണ്യം അവിടത്തെയ്ക്കുണ്ടാകുമെന്നും രാജകുമാരന്റെ സ്നേഹബഹുമാനങ്ങൾക്കു ലക്ഷ്യമായി ഇതിനെ അവിടുന്നു സ്വീകരിക്കണമെന്നും അദ്ദേഹം പ്രാർത്ഥിക്കുന്നു."

ആവരണാംശുകത്താൽ മറയ്ക്കപ്പെട്ട വെള്ളിപ്പെട്ടിയെ അബ്ദുള്ളാ ചൂണ്ടിക്കാണിച്ചു.

"ഒരിക്കലും ഇല്ല; എന്റെ സ്വാമിയുടെ അഭാവത്തിൽ ഞാൻ യാതൊരു സമ്മാനവും സ്വീകരിക്കയില്ലെന്നു് ശപഥം ചെയ്തിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ കയ്ക്കൂലി വാങ്ങിയെന്ന അപരാധം എന്റെ മേൽ ആരോപിക്കപ്പെടരുതു്," എന്നു സുലൈമാൻ പറഞ്ഞു.

മാഹ്ഫൂദിന്റെ തന്ത്രം ഛിന്നഭിന്നമായി തകർന്നുവീഴുന്നതു കണ്ട് അബ്ദുള്ളയുടെ മുഖം മങ്ങി. അയാൾ ഉണർത്തിച്ചു

"പ്രഭോ ക്ഷമിക്കണം; പക്ഷേ"

"പക്ഷേ?! എന്തു പക്ഷേ?! ഒന്നുമില്ല, ഞാൻ പറഞ്ഞുകഴിഞ്ഞു. സുലൈമാനായ ഞാൻ നിങ്ങളുടെ സ്വാമിക്ക് അഭ്യുദയമുണ്ടാവാൻ പ്രാർത്ഥിക്കുന്നു എന്നും അദ്ദേഹത്തിന്റെ സമ്മാനം സ്വീകരിക്കാൻ നിവൃത്തിയില്ലെങ്കിലും അതു് അയച്ചതിൽ അന്തർഭവിച്ചിരിക്കുന്ന സദുദ്ദേശത്തെ ഞാൻ സ്വീകരിച്ചിരിക്കുന്നു എന്നും അദ്ദേഹത്തെ അറിയിക്കണം. നിങ്ങൾക്കു ശാന്തിയുണ്ടാകട്ടെ." പട്ടുമറയ്ക്കുള്ളിൽ എന്താണെന്നു ചോദിക്കാൻപോലും നില്ക്കാതെ ആ സന്ദർശനം അവസാനിച്ചിരിക്കുന്നതായി അദ്ദേഹം ഹസ്തവിക്ഷേപം കൊണ്ടറിയിച്ചു. എന്നാൽ അബ്ദുള്ളയുടെ ഉല്പന്നമതിത്വം അപ്പോഴത്തെ പരാജയത്തെ നികത്തി.

അബ്ദു:—"എന്റെ സ്വാമി ഒരു പ്രതിജ്ഞ ചെയ്തിട്ടുണ്ട്. അതിനെ നിറവേറ്റുന്നതിനാണ് ഈ സമ്മാനം. അവിടത്തേക്കായി ഈ സമ്മാനത്തെ സ്വീകരിക്കാൻ നിവൃത്തിയില്ലെങ്കിൽ സുൽത്താൻതിരുമേനി തിരിച്ചെഴുന്നള്ളുമ്പോൾ തൃപ്പാദത്തിൽ സമർപ്പിക്കാൻ എന്റെ തമ്പുരാൻ അയച്ചിരിക്കുന്ന തിരുമുല്ക്കാഴ്ചയായി ഇതിനെ അവിടുന്നു സ്വീകരിക്കണമെന്നു് എനിക്കു പ്രാർത്ഥനയുണ്ട്."

സുലൈമാന്റെ മുഖം പ്രസാദതരംഗിതമായി. "അതു ഞാൻ ചെയ്യാം," എന്നദ്ദേഹം കല്പി

അബ്ദുള്ളാ ആശ്വാസസൂചകമായി ഒന്നു നിശ്വസിച്ചു. "അവിടത്തെ അനുവാദത്തോടുകൂടി ഞാൻ ഇതിൻെറ മറ നീക്കുന്നു," എന്നു പറഞ്ഞുകൊണ്ടു് മാഹ്മൂദിൻെറ കാര്യസ്ഥൻ പെട്ടിയുടെ ദുകൂലാവരണത്തെ മാററി.

സുലൈമാൻ:—(പെട്ടിയെത്തന്നെ ഉററുനോക്കിക്കൊണ്ടു്) "അള്ളാവു സാക്ഷിയായിട്ടു് ഇതൊരു വിലയേറിയ സമ്മാനം തന്നെ. വിശ്വാസികളുടെ നായകനായ നമ്മുടെ തമ്പുരാൻ തിരിച്ചെഴുന്നള്ളുമ്പോൾ ഈ സമ്മാനം തൃപ്പാദത്തിൽ സമർപ്പിക്കപ്പെടുമെന്നും ഈ വിവരം കൊട്ടാരത്തിലെ ഗ്രന്ഥവരിയിൽ ഉൾപ്പെടുത്തുമെന്നും അഭിജാതനായ മഹ്മൂദ് രാജകുമാരനെ അറിയിക്കണം."

അബ്ദുള്ളായും കൂട്ടരും അമാത്യപ്രധാനനെ തൊഴുതുംകൊണ്ടു് അരമനയ്ക്കു വെളിയിൽ കടന്നു. അതിനുശേഷം സുലൈമാൻ രജതപേടകത്തെ പരിശോധിച്ചിട്ടു് അതിനെ സുൽത്താൻെറ പള്ളിയറയിൽത്തന്നെ കൊണ്ടുചെന്നു വയ്ക്കുവാൻ ആജ്ഞാപിച്ചു.

X X X X X X X

രാത്രി:—

ചന്ദ്രകിരണങ്ങൾ അരമനയിലെ ജാലകങ്ങളിൽ കൂടി അകത്തു കടന്നു സുൽത്താൻെറ പള്ളിയറയിൽ പടുത്തിട്ടുള്ള വെള്ളക്കളിർക്കല്ലുകളിൽ പ്രതിബിംബിച്ചു.

ഒരു വില്ലു് അതിമന്ദമായി സ്പർശിക്കപ്പെട്ടു—നിശബ്ദമായി ഒരു വെള്ളിപ്പലക നീങ്ങി ദ്വാരം തുറക്കുന്നു—ഒരു തല കരുതലോടുകൂടി പുറത്തു പ്രത്യക്ഷമാകുന്നു.

അനന്തരം ശബ്ദഹീനമായി സർപ്പതുല്യമായുള്ള ചലനത്തോടുകൂടി ഹസ്സൻ തൻെറ അഭയസ്ഥാനമായ രജതപേടകത്തിൽനിന്നും വെളിക്കുവന്നു.

## അദ്ധ്യായം - ൩.

## മോഷണം

സ്വസ്വാമിയുടെ അഭാവത്തിൽ രാജ്യക്ഷേമത്തെത്തന്നെ ലാക്കാക്കി ഭരണം നടത്തുന്നതിൽ അല്പവും ആലസ്യം പ്രദർശിപ്പിക്കാത്ത പ്രധാനമന്ത്രി പകൽ മുഴുവൻ പണിയെടുത്തു ക്ഷീണിച്ചു് ഒടുവിൽ തൻെറ ശയ്യയെ ശരണം പ്രാപിച്ചു. രണ്ടടിമകൾ അദ്ദേഹത്തിൻെറ ഔദ്യോഗികവസ്ത്രങ്ങളും രത്നഖചിതമായ ഉഷ്ണീഷവും പാരസീകപാപ്പാസുകളും മാററി ക്ഷൌമവിരചിതമായ ഒരു അങ്കി അദ്ദേഹത്തെ ധരിപ്പിച്ച ശേഷം ഒരു ദീപമൊഴിച്ചു് മററെല്ലാം അണച്ചിട്ടു് അവിടെ നിന്നും അന്തർദ്ധാനം ചെയ്തു.

സുലൈമാൻ ഭക്തിപൂർവം പ്രാൎത്ഥന നടത്തി. അവസാനത്തിൽ ദീർഘമായ ഒരു വീക്ഷണം കൊണ്ടു് അദ്ദേഹം മുദ്രാംഗുലീയത്തെ ആദരിച്ചു. സുൽത്താൻ തിരുമേനിയുടെ വിരലിൽ അണിഞ്ഞിരുന്നപ്പോൾ കാണപ്പെട്ട കാന്തിതന്നെ അന്യൂനമാകുംവണ്ണം അതു് ഇപ്പോഴും വഹിച്ചിരിക്കുന്നതായി കണ്ടു് ആശ്വാസത്തോടും മനഃശാന്തിയോടും ശങ്കയാലോ ഭീതിയാലോ പരിഭ്രതനാകാതെയും അദ്ദേഹം നിദ്രയെ പ്രാപിച്ചു.

അമാത്യൻ കിടന്ന മുറിയുടെ വാതലിനു വെളിയിലായി ശയ്യയെ അവലംബിച്ച മൂന്നടിമകൾ മുറിക്കുള്ളിൽ അനക്കമെല്ലാം നിൽക്കുന്നതുവരെ ഉറങ്ങാതെ ഇരുന്ന ശേഷം അവരും കണ്ണടച്ചു. താഴെയുള്ള അങ്കണത്തിലും മാളികയിലും അരമനയോടു ചേർന്ന ആരാമങ്ങളിലും രക്ഷാഭടന്മാർ മന്ദം മന്ദം അതിജാഗ്രതയോടെ ചാക്രമണം ചെയ്തു. വെളിയിൽ നിന്നും ഉണ്ടാകാവുന്ന ആപത്തുകളെ നിവാരണം ചെയ്‌വാൻ വേണ്ടി ജാഗരൂകന്മാരായി നടക്കുന്ന ആ സാധുക്കൾ കൊട്ടാരവളപ്പിനുള്ളിൽ കുടികൊണ്ടിരിക്കുന്ന വഞ്ചനയെപ്പററി സംശയിക്കപോലും ചെയ്യുന്നില്ല.

സുൽത്താന്റെ പള്ളിയറയിൽ നിന്നുള്ള ഒരു ദീർഘമായ മാൎഗ്ഗത്തിൽ കൂടി, തന്റെ ഇരയേ അനുഗമിക്കുന്ന ശാർദ്ദൂലത്തെപ്പോലെ ഹസ്സൻ മെല്ലെ പതുങ്ങി നടന്നു തുടങ്ങി. അയാളുടെ ഓരോ സിരയും വിജൃംഭിച്ചു മാംസപേശികൾ മുറുകിയും ഇരുന്നു. എന്തെന്നാൽ സ്വപ്രാണനെ പണയപ്പെടുത്തിയിട്ടുള്ള ഈ ഒളിച്ചു കളി ആശയററ ഒന്നായിരുന്നു. അതിനാൽ പണ്ടില്ലാത്തതുപോലെ അയാൾ കരുതലോടുകൂടി സഞ്ചരിച്ചതിൽ അൽഭുതപ്പെടുവാനില്ല.

ആ വഴിയുടെ അവസാനത്തിൽ കെട്ടപ്പെട്ടിരുന്ന ഘനമേറിയ മറകൾ അതിനപ്പുറത്തുള്ളതിനെയെല്ലാം മറച്ചിരുന്നു. ഹസ്സൻ മെല്ലെ അവയെ നീക്കി. അവിടെ കാവൽനിന്നിരുന്ന സായുധന്മാരായ രണ്ടു രക്ഷിഭടന്മാരുടെ പിൻഭാഗം അയാളുടെ അക്ഷികൾക്കു ലക്ഷീഭവിച്ചു. അയാൾ പിന്നോട്ടു വലിഞ്ഞു, സാവധാനം ചിന്തിച്ചു—ഒടുവിൽ സശ്രദ്ധം ചെവികൊടുത്തു.

ഈ ഭടന്മാർ അത്ര ജാഗ്രതയോടുകൂടിയല്ല അവിടെ നിന്നിരുന്നതു്. സുൽത്താൻ അവിടെ ഉണ്ടായിരുന്നെങ്കിൽ അവരുടെ പ്രബുദ്ധതയെപ്പററി സംശയിക്കാനൊന്നുമില്ലായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ അഭാവത്തിലാകട്ടെ ഒരൊഴിഞ്ഞ മുറിയെ കാത്തു നിന്നു് പുരോഭാഗത്തിൽ തന്നെ നോക്കി കണ്ണു ചിമ്മിയതിലോ സൈനിക നിയമങ്ങളെ ഉല്ലംഘിച്ചു് തമ്മിൽ സംഭാഷണം ചെയ്തതിലോ അവരെ കുററപ്പെടുത്തുവാൻ എന്തുള്ളു.

“നിങ്ങൾ പിശാചിനെപ്പററി പറഞ്ഞോളൂ, പക്ഷെ ഞാനതു വിശ്വസിക്കയില്ല” എന്നു് അവരിൽ ഒരുവൻ നിന്ദാഗർഭമായ സ്വരത്തിൽ പറഞ്ഞു. “എന്റെ ഖഡ്ഗത്തെ തടുക്കാൻ ശക്തിയുള്ള ഒരു പിശാചിനെ കാണിച്ചുതരൂ എന്നാൽ ഞാൻ എന്റെ അഭിപ്രായം മാററാം അതുവരേ—”

എന്നു പറഞ്ഞുംകൊണ്ടു് അയാൾ വാത്സല്യത്തോടെ തന്റെ കരവാളത്തെ തലോടി.

"മണ്ടാ! സുൽത്താന്റെ കൊമ്പനോടു ബലപരീക്ഷണം ചെയ്‌വാൻ മുതിരുന്നതിലും ഗുരുതരമായ മൌഢ്യമാണു് നീ ഈ അർത്ഥമില്ലാത്ത വാക്കുകളിൽനിന്നും വെളിപ്പെടുത്തുന്നതു്. എന്റെ ചങ്ങാതി കൊടുങ്കാററിനേയും ധൂമപടലത്തേയും മുറിവേല്പിക്കാൻ നിങ്ങൾക്കു സാധിക്കുമോ? എന്നതുപോലെതന്നെ പിശാചിന്റെ ശക്തിയെ തടുക്കുന്ന കാര്യവും അസാദ്ധ്യമാണു് ദൃഷ്ടാന്തമായി വേണമെങ്കിൽ ഞാൻ അനേക കഥകൾ:—" എന്നു് രണ്ടാമത്തെ ഭടൻ പറഞ്ഞു.

"ഓ! കഥകളും വാക്കുകളും, വാക്കുകളും കഥകളും! ഒരാൾ സൃഷ്ടിയ്ക്കും മറെറാരുവൻ വിശ്വസിക്കും, മൂന്നാമതൊരുവൻ അതിനെ വാഴ്ത്തും, ജനസമുദായം കണ്ണുമടച്ചു് അതിനെ സ്വീകരിക്കും. പക്ഷെ ഹമീദ വല്ല ഇതിൽ ഒരു വാക്കെങ്കിലും സത്യമാണെന്നു നിങ്ങൾക്കു തെളിയിക്കാമോ?" ഈ വാക്കുകൾ ഉച്ചരിച്ചു കഴിയുന്നതിനു മുൻപായി അവരുടെ പിന്നിൽ ഉള്ള യവനിക ഒരു ശക്തയേറിയ വാതത്താലെന്നപോലെ ചലിച്ചു.

രണ്ടുപേരും ഒരേ സമയത്തിൽ തിരിഞ്ഞു. ഉത്തരക്ഷണത്തിൽ നീളമുള്ള ആ മറകൾക്കു് ജീവൻ വീണതുപോലെ കാണപ്പെട്ടു. പ്രത്യക്ഷമല്ലാത്ത രാക്ഷസകരങ്ങളാൽ ഇളക്കപ്പെട്ടതുപോലെ തോന്നിച്ച ആ മറകൾ പല ആകൃതി കൈക്കൊണ്ടു ബീഭത്സനർത്തനം ചെയ്തു്, ഭീകരമായ തരംഗംപോലെ തള്ളിവന്നു, ആ ഭടന്മാരെ അവയുടെ ചുരുളുകളിൽ അകപ്പെടുത്തി ബന്ധിക്കയാൽ ഒരു നിമിഷനേരത്തേക്കു് അവർ തങ്ങളുടെ ആയുധം പ്രയോഗിക്കാൻ ശക്തരായില്ല. അവർ വളരെ സാഹസപ്പെട്ടു. ഒടുവിൽ "ഷഹബുദീൻ" ഒരുവിധത്തിൽ തന്റെ മോചനം സാധിച്ചുകൊണ്ടു സ്വകരവാളത്താൽ ശക്തി മുഴുവൻ പ്രയോഗിച്ചു ഒന്നു കുത്തി.

അയാളുടെ ഖഡ്ഗം നേരെ യവനികയിൽക്കൂടി കടന്നു, എന്നാൽ മറപുറമുള്ള യാതൊരു പ്രതിബന്ധത്തെയും 'സ്പർശിച്ചില്ല. ഹമീദും തന്റെ സ്വാതന്ത്ര്യം വീണ്ടെടുത്തപ്പോൾ വലിയ ഊക്കോടുകൂടി യവനികയിൽ ഒരു വെട്ടുകൊടുത്തു ഫലം മുമ്പിലത്തെപ്പോലെതന്നെയായിരുന്നു.

അവർ ഒത്തുചേർന്നു് മറകളെ വലിച്ചുവിക്കി ആ മാർഗ്ഗത്തിൽക്കൂടി സുൽത്താന്റെ പള്ളിയറയുടെ കവാടത്തിലേയ്ക്കു കണ്ണോടിച്ചു. അവിടം വിജനം!

ഒരു ശത്രുവും കാണപ്പെട്ടില്ല—യാതൊരാപത്തും ഭയപ്പെടുത്തിയതുമില്ല: അപ്രതിഹതമായ പ്രശാന്തത അവിടെയെങ്ങും വ്യാപിച്ചിരുന്നു. അവർ വീണ്ടും മറകളെ പരിശോധിച്ചു. അവ അപ്പോഴും വിറച്ചുകൊണ്ടിരുന്നു, എന്നാൽ ക്രമേണ വീണ്ടും നിശ്ചലതയെ പ്രാ[illegible].

അവരുടെ അല്പനേരത്തെ സംരംഭത്തിനിടയിൽ അതിശീഘ്രമായി അവിടെനിന്നും തെററിപ്പോയ സൂക്ഷ്മദേഹിയെപ്പോലുള്ള ഒരാകൃതിയെ ആ ഭടന്മാരിൽ ഒരുവനും കണ്ടില്ല. ഒരു തൂണിൻെറ പിന്നിൽ മറഞ്ഞിരുന്നു് അവിടെ നിന്നും പതുക്കെ ഇഴഞ്ഞു പ്രധാന മന്ത്രിയുടെ മുറിയെ സമീപിച്ച ആ രൂപത്തെ അവരിൽ ഒരുവനും കാൺമാൻ സാധിച്ചില്ല.

അവർ മിണ്ടാതെ കീറിയ മറകളിൽ നിന്നും തങ്ങളുടെ വീക്ഷണങ്ങളെ പ്രതിസംഹരിച്ചു പരസ്പരം നോക്കി. പിന്നീടു ഹമീദു വിറക്കുന്ന സ്വരത്തിൽ മെല്ലെ പറഞ്ഞു. "കൊള്ളാം ചങ്ങാതി ഷഹബുദിൻ, അതിൽനിന്നും നിങ്ങൾ എന്തു മനസ്സിലാക്കുന്നു?"

"അതൊരു പിശാചാണെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ?" എന്നു ഭീതമായ സ്വരത്തിൽ ഷഹബുദിൻ ചോദിച്ചു.

"മറകൾക്കു തന്നത്താൻ അനങ്ങാൻ കഴികയില്ല. മുമ്പു നടന്ന സംഭവത്തെ സാധൂകരിക്കത്തക്ക വിധം വായുപ്രവാഹം പകുതി തുറന്നുകിടക്കുന്ന ആ ജാലകങ്ങളിൽ കൂടി ഉണ്ടായതുമില്ല. എൻെറ ചങ്ങാതി ആ യവനികകളെ ചലിപ്പിച്ച അദൃശ്യമായ ഹസ്തങ്ങൾക്കു വേണമെങ്കിൽ വലിയ പ്രയാസം കൂടാതെ നമ്മെ രണ്ടാളേയും ഞെക്കി കൊല്ലാമായിരുന്നു. നിങ്ങളുടെ വാൾകൊണ്ടു ഒരു പ്രയോജനവും ഉണ്ടാവുകയുമില്ലായിരുന്നു."

ഷഹബുദിൻ അസ്വസ്ഥമായ മൌനത്തിൽ ആണ്ടു; എന്നാൽ പിന്നീടൊരിക്കലും അയാൾ പിശാചിനെ പുച്ഛിച്ചതായി കേട്ടിട്ടില്ല. നീണ്ടു ഘനമേറിയ യവനികകൾക്കു പുറംതിരിഞ്ഞു നിൽക്കുന്നതിലും അയാൾ സവിശേഷമായ നീരസം പ്രദർശിപ്പിച്ചു. "എന്തെല്ലാം സംഭവിക്കുമെന്നു ഒരുത്തനും അറിവാൻ പാടില്ല" എന്നു അയാൾ കൂടക്കൂടെ പറയാറുണ്ടായിരുന്നു. അതു അവിതർക്കിതമായ ഒരു പരമാർത്ഥമായിരുന്നുതാനും.

അരമനയുടെ അന്തർഭാഗത്തെപ്പററി മാഹ്മുദുരാജകുമാരൻ വർണ്ണിച്ചു കേട്ടു പരിചയമുണ്ടായിരുന്ന ഹസ്സൻ തൻെറ വഴി കണ്ടുപിടിച്ചുപോയി. സുൽത്താൻെറ അഭാവമല്ലായിരുന്നു എങ്കിൽ ഈ കള്ളൻ ഭടന്മാരുടെ കയ്യിലകപ്പെടാതെ രക്ഷപ്പെടുന്ന കാര്യം സംശയത്തിലായിരുന്നു. മാമൂദ്ഖാൻ, ഉദ്യോഗസ്ഥന്മാർ, അംഗരക്ഷകന്മാർ, ഭൃത്യന്മാർ ആദിയായി ഒട്ടനേകം ജനങ്ങൾ ഉൾപ്പെട്ട ഒരു പരിവാരത്തോടുകൂടെ കൊണ്ടുപോയിട്ടുണ്ടായിരുന്നു.

ഒരു സോപാനപരമ്പരയിൽ കൂടി താഴോട്ടിറങ്ങാൻശ്രമിക്കവേ മുകളിൽനിന്നും രണ്ടാമത്തെപ്പടിയിൽ കാൽവച്ചപ്പോൾ പടിഇളകുന്നതായി ഹസ്സനുതോന്നി. ഭാഗ്യത്താൽ അയാളുടെ ഭാരം മുഴുവൻ അതിൽ ഇറക്കിയില്ല. അയാൾക്കു പിന്നോട്ടു വലിയാനുള്ള സമയമേ ലഭിച്ചുള്ളു; അതിന്നിടയിൽ അനേകം പടികൾ ഒരുമിച്ചു ചേന്ന ആ സോപാനനിരയുടെ ഒരു ഭാഗം അന്തർഘടിതമായ അയഃഖണ്ഡത്തിൽ ലംബമാനമായി കീഴോട്ടു താണു ഇരുളടഞ്ഞ ഒരു ഗുഹയെ ദൃഷ്ടിഗോചരമാക്കി.

"ഓഹോ! അപ്പോൾ അതു്, അനുവാദംകൂടാതെ ഇവിടെ കടക്കുന്നവർക്കു് പോകാനുള്ള ഒരു മാൎഗ്ഗമാണല്ലേ? എനിക്കു താഴത്തുചെല്ലണമെങ്കിൽ വേറെ വഴിയിൽകൂടി തന്നെ പോകണം" എന്നു നിശ്ശബ്ദമായി ചിരിച്ചുംകൊണ്ടു ഹസ്സൻ പറഞ്ഞു.

മെല്ലെ കൈവരിയിൽകയറി ശബ്ദം കേൾപ്പിക്കാതെ അയാൾ താഴോട്ടുവഴുതി. ഗുഹാദ്വാരത്തെ പ്രത്യക്ഷമാക്കിയ പടികൂട്ടമാകട്ടെ അല്പനിമിഷങ്ങൾ കഴിഞ്ഞു തിരിയേ അടഞ്ഞു പൂൎവ്വസ്ഥിതിയിൽ കാണപ്പെട്ടു.

"ഭംഗിയായി ചെയ്തിരിക്കുന്നു! നമ്മുടെപൊന്നുതമ്പുരാൻ സൃഷ്ടിവൈദഗ്ദ്ധ്യമുള്ള ഒരു തിരുമേനിയാണു്!" എന്നു വിനോദസ്വരത്തിൽ പറഞ്ഞുംകൊണ്ടു താൻ ചെന്നിറങ്ങിയ ആ വലിയ മണ്ഡപത്തെ തരണംചെയ്തു് കുളിർകല്ലുകൊണ്ടുള്ള ഒരു തൊട്ടിയിൽ ജലമോചനം ചെയ്തു ഒരു ധാരായന്ത്രത്തേയും കടന്നു പ്രധാനമന്ത്രിയുടെ വസതിയിലേക്കു വഴികാണിക്കുന്ന ഒരു നീണ്ട ഇടനാഴിയിലേക്കു തിരിഞ്ഞു.

അതു് തെളിച്ചമില്ലാത്ത ഒരു ഇടുങ്ങിയ വഴിയായിരുന്നു. അതുകൊണ്ടു് ഹസ്സൻ കരുതലോടുകൂടി തപ്പി നടന്നുതുടങ്ങി. അയാൾപത്തുപന്ത്രണ്ടടി നടന്നു, ഉടൻ അയാളുടെ രക്തം സിരകളിൽ ഉറഞ്ഞു, എന്തെന്നാൽ പതിനഞ്ചുഗജം അകലത്തായി അയാൾക്കെതിരെ ഒരു വലിയ കടുവായുടെ തല കാണപ്പെട്ടു.

അതിന്റെ കണ്ണുകൾ എരിയുന്ന വിളക്കുകൾപോലെ പ്രകാശിച്ചു. വിവൃതമായ വദനത്തിൽ തിളങ്ങുന്ന കൂൎത്തപല്ലുകളോടും നിഴലിൽ മറയ്ക്കപ്പെട്ട ശരീരത്തോടും കൂടിയ ആ വ്യാഘ്രം മണൽക്കാട്ടിൽ വച്ചു ഹസ്സൻ പലപ്പോഴും നേരിട്ടിട്ടുള്ള മൃഗങ്ങളിൽ നിന്നു തുലോം ഭയങ്കരനായിരുന്നു.

ഹസ്സൻ ഒരു ഭീരുവായിരുന്നില്ല. അതുമല്ല അയാൾ ആയുധപാണിയായിരുന്നു. എന്നാൽ മാൎജ്ജാരന്റെ നേത്രസൂക്ഷ്മതയോടുകൂടി തന്റെ ഗതിയെ കാൺമാൻ ശക്തിയുള്ള ആ വമ്പിച്ച ജന്തുവോടു ഇരുട്ടടഞ്ഞ മാൎഗ്ഗത്തിൽ വച്ചു യുദ്ധംചെയ്യുന്നതിനു അയാൾക്കു താല്പൎയ്യമുണ്ടായിരുന്നില്ല. മാഹ്മൂടിനു രത്നമോതിരം വേണ്ട, അദ്ദേഹം തന്റെ സ്വൎണ്ണത്തെ നന്നായി സൂക്ഷിച്ചുകൊള്ളട്ടെ. അല്ലാത്തപക്ഷം മോതിരം മോഷ്ടിക്കാൻ വേറെ ആരെയെങ്കിലും ഏൎപ്പാടുചെയ്യട്ടെ.

ആ മൃഗം അയാളെ കണ്ടോ?

അതു യാതൊരു ശബ്ദവും പ്രാപിച്ചില്ലല്ലോ. അതുകൊണ്ടു് യുദ്ധംകൂടാതെ തന്നെ അയാൾക്കു പിന്തിരിയാം. ഹസ്സൻ വേഗത്തിൽ തിരിഞ്ഞു നടന്നു് ഇടനാഴിയുടെ അവസാനത്തെത്തി: കടുവാ അയാളുടെ കാലൊച്ച കേട്ടോ? അതു് അയാളെ പിൻതുടരുന്നുണ്ടോ?

അയാൾ ശങ്കയോടുകൂടി പിന്നിലേക്കു നോക്കി; കടുവായെ കാണ്മാനില്ല. ആ തസ്കരൻ അസ്ഥിരചിത്തനായി നിന്നു. കടുവായുടെ തല അത്ര സ്പ

ഷ്ടമായി അയാൾ കണ്ടതെങ്ങനെ? ഇരുട്ടിൽ കൂടി അതിന്റെ കണ്ണുകൾ തെ
ളിഞ്ഞുകണ്ടതിൽ സംശയത്തിനവകാശമില്ല.

മനസ്സിൽ ഉദിച്ച നിരവധി ചിന്തകളോടും പോരാടിക്കൊണ്ടു ഹസ്സൻ
പിന്നെയും തിരിഞ്ഞു നടന്നു തുടങ്ങി. ഒൻപതു, പത്തു, പതിനൊന്നു് പന്ത്ര
ണ്ടു് ഇതാ പന്ത്രണ്ടാമത്തെ അടിവച്ചപ്പോൾ വീണ്ടും മൃഗത്തിന്റെ തല പ്ര
ത്യക്ഷമായി. അയാൾ ഒരടി പിന്നോട്ടുവച്ചു. അതു് അപ്രത്യക്ഷമായി. ഒര
ടി മുന്നോട്ടു വച്ചു. അതേ, വീണ്ടും ആ തല കാണപ്പെട്ടു.

ശങ്കയിൽ നിന്നു വിമുക്തനായ ആ സ്തേനൻ പൊട്ടിച്ചിരിച്ചു പോകുമാ
യിരുന്നു. എന്നാൽ നിശ്ശബ്ദതയുടെ ആവശ്യം അയാളെ പ്രതിരോധിച്ചു.

“എന്റെ അള്ളനാണെ ഈ സ്ഥലം ആളുകളെ കുടുക്കിലകപ്പെടുത്താൻ
സൃഷ്ടിച്ചിട്ടുള്ള ഒന്നാണെ! ഹാ! ചത്ത കടുവായുടെ ഉള്ളിൽ പഞ്ഞി അടച്ചു്
തലയ്ക്കകത്തു ഒരു ദീപവും വച്ചു നിർത്തിയിരിക്കയാണു്. ഇങ്ങനെയുള്ള ഒരു
മൃഗം എന്നെ ഭയപ്പെടുത്തി പിന്നാക്കം ഓടിച്ചു എന്നു വിചാരിക്കാൻ തന്നെ
ലജ്ജയാകുന്നു.”

ഇടനാഴിയിൽ കൂടി ഹസ്സൻ മങ്ങിയ വെളിച്ചം കത്തിക്കൊണ്ടിരുന്ന
മണ്ഡലിതമായ ഒരു മണ്ഡപത്തിൽ കടന്നു. ഒരു വാതലിന്റെ മുമ്പിൽ മൂന്ന
ടിമകൾ കിടന്നുറങ്ങുകയായിരുന്നു. നമ്മുടെ തസ്കരൻ അവിടെ നിന്നുകൊ
ണ്ടു് പതുക്കെ എത്തി കതക തള്ളി; അതു ബന്ധിക്കപ്പെട്ടിട്ടില്ലായിരുന്നു. ഉറ
ങ്ങിക്കിടക്കുന്നവരുടെ മീതേക്കൂടി കാലെടുത്തു വച്ചപ്പോൾ അതു് അവരിൽ
ഒരുവന്റെ മുഖത്തു കൊണ്ടു.

ഒരു ഭത്സനത്തോടുകൂടി അവൻ എഴുന്നേററിരുന്നു, എന്നാൽ ഹസ്സൻ അ
തിവേഗത്തിൽ തറയിൽ പതുങ്ങിക്കിടന്നുകൊണ്ടു് ഉറക്കത്തിലെന്നപോലെ
കാലുവലിച്ചു നീട്ടി. വീണ്ടും ഒരുഭത്സനത്തോടുകൂടിയും, എന്നാൽ അക്കൂട്ടത്തി
ൽഒരന്യൻ പ്രവേശിച്ചു എന്നു് ലേശവും സംശയിക്കാതെയും ആയടിമ സ്വശ
രീരത്തെ നോവിച്ച കാൽ മാററിവച്ചിട്ടു് വീണ്ടും കിടന്നു. എന്നാൽ പിന്നെ
യും എഴുന്നേററു തന്റെ പണി തുടരാൻ ഹസ്സനു ഇരുപതു നിമിഷങ്ങൾ വേ
ണ്ടിവന്നു.

ഹസ്സൻ ഇപ്പോൾ പ്രവേശിച്ച മുറി ആഡംബരപൂർവം അലങ്കരിക്ക
പ്പെട്ട ഒന്നായിരുന്നു. വിലയേറിയ അപൂർവാഭരണങ്ങൾ അവിടവിടെ കാ
ണപ്പെട്ടു. എന്നാൽ അവയുടെ ആഹ്വാനങ്ങൾക്കു് നമ്മുടെ തസ്കരപ്രമാ
ണി ചെവികൊടുത്തില്ല. വൃദ്ധസചിവൻ നിദ്രാധീനനായിക്കിടന്ന പട്ടുമ
ലാപ്പോടുകൂടിയ പര്യങ്കത്തിലേക്കു് അയാൾ കരുതലോടുകൂടെ മെല്ലെ അ
ണഞ്ഞു.

ഈ അംഗുലീയാപഹരണം വിഷമമേറിയ ഒരു പണിതന്നെ. എന്നാൽ
മന്ത്രി, ഗാഢസുഷുപ്തിയിൽ ആണ്ടു കിടന്നിരുന്നു. ഹസ്സന്റെ സ്പർശമാക
ട്ടെ ഒരു ചിത്രശലഭത്തിന്റേതിനെക്കാൾ മൃദുതരവും ആയിരുന്നു. എങ്കിലും

അയാരം മടിച്ചു നിന്നു; സുൽത്താൻെറ മുദ്രാംഗുലീയം ഒരുവനിൽ അത്ര കണ്ടു ഭയസമ്മിശ്രമായ ബഹുമാനത്തെ ഉളവാക്കുന്ന ഒന്നായിരുന്നു.

ഈ മോതിരത്തിൽ അന്തർല്ലീനമെന്നു പറയപ്പെടുന്ന ദിവ്യശക്തികളെ സംബന്ധിച്ച കഥകരം ഹസ്സൻെറ ഹൃദയത്തിൽ അസ്വാസ്ഥ്യത്തെ ഉണ്ടാക്കി. ആ തിരുവാഴിക്കു കരയാൻ ശക്തിയുണ്ടോ. ദുരുദ്ദേശത്തോടുകൂടി അതിൽ കൈവയ്ക്കുന്ന ഒരുവനെ പ്രതിമയാക്കിത്തീർക്കാൻ അതിനു ശക്തിയുണ്ടായിരുന്നോ? തൻെറ സങ്കേതമായ പർവ്വതഗുഹയിൽ കൂട്ടുകാരുമൊരുമിച്ചു വർഷകാലത്തെ ഒരു രാത്രിയിൽ കുളിർമാററുവാനായി അഗ്നികുണ്ഡത്തിനടുത്തിരിക്കുമ്പോരം പഴയ ചങ്ങാതിയായ ആലി പറഞ്ഞ കഥ എന്തൊന്ന് ഇപ്പോരം ഹസ്സൻ ഓർത്തു. നാടുവാഴുന്ന സുൽത്താൻെറ പിതാവു് രാജ്യഭാരം ചെയ്തിരുന്ന കാലത്തു് വിദേശീയനായ ഒരു പ്രഭുവിനോടു പ്രതിഫലം വാങ്ങിക്കൊണ്ടു അരമനയിലെ ഒരുദ്യോഗസ്ഥൻ മോതിരം മോഷ്ടിക്കാനായി അതിൽ തൊട്ട ക്ഷണത്തിൽ അയാളുടെ കൈ കല്ലായിത്തീൎന്നു എന്നു് ആലി സത്യം ചെയ്തു പറഞ്ഞില്ലേ? പക്ഷേ ആലി കള്ളം പറഞ്ഞതായിരിക്കാം, അല്ലെങ്കിൽ നേരംപോകുവാൻവേണ്ടി അപ്പോരം ഒരു കഥ സൃഷ്ടിച്ചതായിരിക്കാം. എങ്കിലും മോതിരത്തിൽ കൈവയ്ക്കുന്നതു് ആപല്ക്കരംതന്നെയായിരുന്നു. മററു കള്ളന്മാരെപോലെതന്നെ ഹസ്സനും അന്ധവിശ്വാസത്തിൽനിന്നും വിമുക്തനായിരുന്നില്ല.

എന്നാലും വല്ലവിധവും തൻെറ മനഃശക്തിയെ സമാഹരിച്ചുകൊണ്ടു്, രാജവംശജനായ ഒരാരംക്കുവേണ്ടിയാണു് താൻ ഈ സാഹസത്തിനു തുനിഞ്ഞിരിക്കുന്നതെന്നുള്ള വസ്തുത അയാരം സ്മരിച്ചു. ഇതുതന്നെ സ്വാപരാധത്തിനു് ഒരു പ്രതിശാന്തിയായി കരുതപ്പെടണമെന്നും ഹസ്സൻ ആശ്വസിച്ചു. സാന്ത്വനക്ഷമമായ ഈ ചിന്തയോടുകൂടി അയാളുടെ നിപുണമായ അംഗുലികരം പ്രവൃത്തി ആരംഭിച്ചു. തൽഫലമായി ചില നിമിഷങ്ങരംക്കുള്ളിൽ സുൽത്താൻ തിരുമേനിയുടെ മുദ്രാംഗുലീയം ആ തസ്കരപ്രമാണിയുടെ കയ്യിൽ അകപ്പെട്ടു.

ആ മഹാരത്നം എത്ര മനോഹരമായി പ്രകാശിച്ചു. അത്ഭുതജനകവും പ്രഭാകന്ദളിതവും അനന്തവുമായ കിരണപരമ്പരയെ അതു വഹിച്ചിരുന്നു. അതു തൻെറ മേൽ മായാപ്രയോഗം ചെയ്യുമെന്നുള്ള ശങ്കയാൽ ഹസ്സൻ രത്നത്തിൽനിന്നും തൻെറ ദൃഷ്ടികളെ പിൻതിരിച്ചു. കടീപ്രദേശത്തിൽ ധരിച്ചിരുന്ന ഒരു തുകൽസഞ്ചിയിൽ മോതിരത്തെ സൂക്ഷിച്ചുവച്ചുഃശേഷം നിദ്രാധീനനായ സചിവപ്രധാനനെ വിട്ടു് അയാരം മുറിക്കുവെളിൽ കടന്നു.

ഉറങ്ങിക്കിടക്കുന്ന അടിമകളുടെ സമീപത്തുകൂടി ഹസ്സൻ ഒരു സോപാനനിരയുടെ പകുതി ഭാഗംവരെ ഇഴഞ്ഞുകയറി, ഹാ! മാഹ്മൂദ് പ്രത്യേകം വർണ്ണിച്ച ആ ജന്നൽ അവിടെ കാണപ്പെട്ടു, സാവധാനം അതു തുറന്നശേഷം നോക്കിയപ്പോരം സുകരമായ ഒരവരോഹണത്തെ [illegible]ഗതമാക്കുന്ന ചെയ്തുകൊണ്ടു് വള്ളുകര

സമീപത്തായി നില്ക്കുന്ന ഒരു മഹാതരുവിൻെറ ശാഖകൾ കാണപ്പെട്ടു.

നാലുപുറവും ബദ്ധപ്പെട്ടുണ്ടായ ഒരു നോട്ടം, പെട്ടെന്നു് ഒരു ചാട്ടം. മണലാരണ്യത്തിലെ ഹസ്സനും അവരോടുകൂടി സുൽത്താൻെറ കല്ലുവച്ച തിരുവാഴിയും അജ്ജുനദ്രുമത്തിൻെറ പരിരംഭണത്തിൽ ലയിച്ചു.

X X X X X X X X X X

പുലർകാലത്തിൽ പ്രാർത്ഥനാസമയത്തുള്ള ഘണ്ടാനാദത്താൽ ആഹൂതനായി സുലൈമാൻ സ്വപ്നരഹിതമായ ഒരു സുഷുപ്തിയിൽനിന്നും ഉണർന്നു. പിന്നീടു അദ്ദേഹം മട്ടുകത്തിൽനിന്നുകൊണ്ടു് വന്ദനത്തിനായി കൈകൾ രണ്ടും കൂപ്പി ശിരസ്സിനുമീതെ കപൊക്കി.

ഈ അവസരത്തിൽ അദ്ദേഹത്തിൻെറ വീക്ഷണം വലത്തുകയ്യിലെ അംഗുലികളിൽ പതിച്ചു. ഒരു കർക്കശമായ രോദനസ്വരം മന്ത്രിയുടെ അധരത്തെ ഭേദിച്ചു പുറപ്പെട്ടു. ഭ്രാന്തനെപ്പോലെ പാഞ്ഞുചെന്നു് അദ്ദേഹം കട്ടിലിൽ കിടന്ന മെത്തയുടെ വിരിപ്പുവലിച്ചു് കടഞ്ഞു് ഉല്ക്കണ്ഠയോടുകൂടിയ അന്വേഷണം നടത്തി.

പോയി!

നക്ഷത്രതുല്യമായ ഭാസ്സോടുകൂടി പ്രകാശിച്ച രത്നഖചിതമായ അംഗുലീയം നഷ്ടമായി!

"പോയി!" എന്നു് മന്ത്രി അതിദീനനായി വിലപിച്ചു. "ഞാൻ ഉറങ്ങിയ അവസരത്തിലാണു് അതു നഷ്ടപ്പെട്ടതു്. മാനവും ജീവനും പണയമായി, എന്തെന്നാൽ മാളവത്തിലെ ഏററവും പാവനവും അനർഘവുമായ നിധിയെ സൂക്ഷിക്കുന്നതിൽ ഞാൻ അജാഗ്രത പ്രദർശിപ്പിച്ചു."

അദ്ദേഹത്തിൻെറ സ്വരം നിശിതമായ ഒരു പരിദേവനമായി പരിണമിച്ചു. ഇതുകേട്ടു് അടിമകൾ പാഞ്ഞു അകത്തു ചെന്നു നോക്കിയപ്പോൾ പ്രധാന മന്ത്രി ബോധരഹിതനായി നിലത്തു കിടക്കുന്നതു് അവർ കണ്ടു.

ഒരു മണിക്കൂർ കഴിഞ്ഞു് മോഹത്തിൽനിന്നും അദ്ദേഹം ഉണർന്നപ്പോൾ സ്വപുത്രിയായ സുലൈഖ സമീപത്തിരുന്നു തന്നെ ശുശ്രൂഷിക്കുന്നതു് സുലൈമാൻ കണ്ടു. പ്രകൃത്യാ പാടലച്ഛായമായ കപോലതലത്താലും പ്രസന്നകോമളമായ ശാന്തഭാസ്സിനാലും സർവ്വദാ പരലാളിതമായിരുന്ന അവളുടെ വദനബിംബം അപ്പോഴത്തെ വിവർണ്ണതയിലും ചേതോഹരമായിരുന്നു. സ്വേദബിന്ദുക്കൾ നിറഞ്ഞ ഹിമശുഭ്രമമായ ലലാടപട്ടം മുക്താഫലങ്ങൾ പതിച്ച ചന്ദ്രകാന്തഫലകമെന്നോണം വിളങ്ങി. ഉൽക്കണ്ഠാധിക്യത്താൽ ചുളിക്കപ്പെട്ടുകയാൽ ആകർണ്ണാന്തം സമാകൃഷ്ടമായ ശരാസനത്തോടു തുലനം ചെയ്യപ്പെടാമായിരുന്ന ചില്ലിക്കൊടികൾ പിതാവിൻെറ ബോധാഗമനത്തോടുകൂടി മുക്താസ്ത്രമായ ധനുസ്സിൻെറ അവസ്ഥയെ പ്രാപിച്ചു. എങ്കിലും, അന്തർഗ്ഗതമായ യാതനാഭാരത്താൽ പലായനം ചെയ്യിക്കപ്പെട്ട രക്തസമാഹാരത്തെ അവളുടെ കോമളാധരം വീണ്ടും കയ്യേററിട്ടില്ല. തൻെറ ഏകാവലംബമായ പിതാ

വ് പെട്ടെന്നു ബോധരഹിതനായി വീണതു കണ്ടു് അന്തരുദിതമായ സന്താപത്തിന്റെ ഫലമായി ബഹിർഗ്ഗമിച്ച സ്വേദകല്ലോലിനിയാൽ നനഞ്ഞധൌത പട്ടാംബരത്തിൽക്കൂടി സുസ്ഫുടം ദൃശ്യമായ കോമളകളേബരത്തിലെ ഓരോ അവയവവും പരമേഷ്ഠിയുടെ ശില്പകലാവൈദഗ്ദ്ധ്യത്തിനു് മൂർദ്ധാഭിഷിക്തോദാഹരണങ്ങളായിരുന്നു. പിതൃദേഹത്തിൽ അർപ്പിതമായിരുന്ന അവളുടെ പല്ലവപേലവമായ കരാംഗുലികളെ ബാധിച്ച വേപഥു ഇനിയും ശമിച്ചിട്ടില്ല. സുലൈമാന്റെ ഏകസന്താനമായ ഈ ബാലികാരത്നം സൌശീല്യാദി ഉത്തമഗുണങ്ങളുടെ ഒരു വിളനിലമായിരുന്നു. ആഡംബരപൂർണ്ണമായ രാജമന്ദിരത്തിലെ പരിസരങ്ങളിൽ വളർന്നവളെങ്കിലും തദനുബദ്ധമായ ഗർവ്വാദിദുർഗ്ഗുണങ്ങളൊന്നും തന്നെ അവളെ തീണ്ടുകപോലും ചെയ്തിരുന്നില്ല. ആശ്രിതന്മാർക്കും ദീനന്മാർക്കും സന്താനവല്ലരിയായിരുന്ന ഈ കുമാരിക്കു ഇപ്പോൾ പത്തൊൻപതു വയസ്സു പ്രായമായിരുന്നു. സദാ കരുണാതരംഗിതമായ കടാക്ഷങ്ങൾകൊണ്ടു് സർവ്വജനമനോഹാരിണിയായ അവൾ പിതാവിനു് വിധിയാൽ പ്രദാനം ചെയ്യപ്പെട്ട ഒരു നിധിതന്നെ എന്നു പറയുന്നതിൽ ഒട്ടുംതന്നെ അതിശയോക്തിയില്ല. പിതൃഭക്തി മൂർത്തീകരിച്ച ആ കനകവിഗ്രഹം പ്രബുദ്ധനായ മന്ത്രിപുംഗവന്റെ മുഖത്തു നിർന്നിമേഷയായി നോക്കി. പുത്രിയുടെ സാന്നിദ്ധ്യത്താൽ പെട്ടെന്നു വികാരതരളിതമായിത്തീർന്ന ഹൃദയത്തോടുകൂടി സുലൈമാൻ സ്വനേത്രങ്ങളിൽ ഉയർന്ന അശ്രുകണങ്ങളെ തുടച്ചു.

"അബ്ബാ അവിടത്തേയ്ക്കിപ്പോൾ സുഖം തോന്നുന്നുണ്ടോ?" അവളുടെ സ്വരം ഉൽക്കണ്ഠാകലുഷമായിരുന്നു. സുലൈമാൻ പണിപ്പെട്ടു് എഴുന്നേററു കിടക്കയിൽ ഇരുന്നു.

"സുലൈഖാ, എല്ലാവരെയും ഇവിടെനിന്നു വെളിയിലേക്കയക്കൂ. എനിക്കു നിന്നോടു രഹസ്യമായ ഒരു കാര്യം പറവാനുണ്ടു്."

ഭൃത്യന്മാരും അടിമകളും മിണ്ടാതെ പുറത്തു കടന്നു. സുലൈഖ താഴ്ന്ന ഒരു പീഠത്തെ നീക്കി മന്ത്രിയുടെ സമീപത്തിട്ടു് അതിന്മേലിരുന്നുകൊണ്ടു വാത്സല്യത്തോടുകൂടി അദ്ദേഹത്തിന്റെ ജരാസങ്കലിതമായ മുഖത്തെയും കരങ്ങളെയും തലോടി, "പ്രിയപ്പെട്ട അബ്ബാ അവിടത്തേയ്ക്കു് വല്ല പ്രകമ്പനവും ഉണ്ടായോ? എന്താ ഇതു്" എന്നു അവൾ മെല്ലെ ചോദ്യം ചെയ്തു.

സുലൈമാൻ വാത്സല്യപരവശനായി സ്വപുത്രിയെ നോക്കിയതല്ലാതെ ഒന്നും മിണ്ടിയില്ല.

"അബ്ബാ അവിടത്തേയ്ക്കു് എന്തു പററി?" എന്നു് വീണ്ടും അവൾ മന്ദസ്വരത്തിൽ ചോദിച്ചു.

"സുലൈഖാ, കഴിഞ്ഞ രാത്രിയിൽ അല്ലെങ്കിൽ വെളുപ്പിനു് — ആരോ എന്റെ മുറിയിൽ പ്രവേശിച്ചു. ദുർമ്മോഹാന്ധനായ അവൻ എന്നെ കുത്തിക്കൊന്നിരുന്നെങ്കിൽ അതു വലിയ കാരുണ്യത്തോടുകൂടിയ ഒരു പ്രവൃത്തിയായിരുന്നേനേ, എന്റെ പ്രാണനെ അവൻ ഹനിച്ചില്ല; എന്നാൽ

എന്നിൽ നിന്നപഹരിച്ചതു്”” ക്ഷോഭം നിമിത്തം അദ്ദേഹം ഉപസംഹരിച്ചു.

ആപൽപിശുനമായി വാചാമഗോചരമായുള്ള ഒരു ഭീതി സുലൈഖയെ പിടികൂടി. “അതെ അപ്പാ അവൻ അപഹരിച്ചതു്?” എന്നവൾ ബദ്ധപ്പെട്ടു ചോദിച്ചു.

“സുലൈഖാ, അതു്—” പ്രധാനമന്ത്രിയുടെ സ്വരം വിറയൽകൊണ്ടു് അസ്പഷ്ടമായി. “മോതിരമല്ല! അയ്യോ! അപ്പാ അവൻ അപഹരിച്ചതു്, സുൽത്താൻ തിരുമേനിയുടെ തിരുവാഴിയല്ലെന്നു പറയണേ.”

തന്റെ ഇംഗിതം വാഗ്രൂപേണ പ്രകടിപ്പിക്കാൻ ശക്തനാകാതെ തലകുലുക്കിക്കൊണ്ടു് മന്ത്രി സ്വമുഖത്തെ കരതലങ്ങളിൽ മറച്ചു.

പിതാവിന്റെ അഭിനയത്തിൽ നിന്നും സത്യം മനസ്സിലാക്കിയ സുലൈഖ തൽഫലമായി നേരിടുന്ന വിപത്തിനെ ഓർത്തു് സ്തബ്ധയായിരുന്നുപോയി. അനന്തരം അദ്ദേഹത്തിന്റെ നമ്രമായ ശിരസ്സിനേയും വിറയ്ക്കുന്ന കൈകളേയും കണ്ടിട്ടു അവൾ തന്റെ സ്മരണകളെ സമാഹരിക്കാൻ തുടങ്ങി.

സ്ഥൈര്യത്തെ അവലംബിച്ചുകൊണ്ടു് കിടക്കയിൽ നിന്നെഴുന്നേററ സുലൈമാൻ സംഗതി പുറത്തുവിടാതെ അതിനെപ്പററി അന്വേഷണം നടത്താനായി വെളിയിൽപോയി. എന്നാൽ രണ്ടുമണിക്കൂർ കഴിഞ്ഞു തിരിച്ചു വന്നപ്പോൾ അദ്ദേഹത്തിന്റെ കറുത്തമുഖഭാവം അന്വേഷണത്തിലുണ്ടായ പരാജയത്തെ സൂചിപ്പിച്ചു.

“അപ്പാ അവിടുന്നു വെളിയിൽപോയിരുന്നപ്പോൾ ഞാൻ അക്കാര്യത്തെപ്പററി ഗാഢമായി ചിന്തിച്ചതിൽ ഇത്ര നീചമായ ഒരു കർമ്മം ചെയ്‌വാൻ മനസ്സാക്ഷിയില്ലാത്ത ഒരാളെമാത്രമേ ഞാൻ കാണുന്നുള്ളു,” എന്നു് സുലൈഖ സ്ഥിരസ്വരത്തിൽ പറഞ്ഞു.

“അയാളുടെ പേരു്?” എന്നു പ്രധാനമന്ത്രി ചോദ്യംചെയ്തു.

“മാച്ചൂദ് രാജകുമാരൻ: അവിടത്തെ അധികാരലബ്ധിയിൽ അയാൾ എപ്പോഴും അസൂയാകലുഷിതനായിതന്നെ ഇരിക്കയാണു്.”

“എന്നാൽ അതിനു് നമുക്കെന്തു തെളിവുകൊടുക്കാൻ കഴിയും?” എന്നു് അവളുടെ പിതാവു ചോദിച്ചു.

“ഇതുവരെ ഒരു തെളിവുമില്ല. എന്നാലും ഇതിൽ അയാളുടെയല്ലാതെ മററാരുടെയും കൈ കടന്നിട്ടില്ലെന്നു് എനിക്കുറപ്പുണ്ടു്. എന്നാലും ആരുടെ സഹായംമൂലമാണു് ഇതു സാധിച്ചതെന്നു പറയാറായിട്ടില്ല.”

“അയാളുടെ സഹായിയോ? അവൻ ആശ്ചര്യകരമായ കൈച്ചുരുക്കുള്ളവനായിരിയ്ക്കണം, എന്തെന്നാൽ ഇന്നലെ രാത്രിയിൽ ഞാൻ ഉറങ്ങാൻ കിടന്നപ്പോൾ മോതിരം എന്റെ വിരലിൽ ഉണ്ടായിരുന്നു,” എന്നു സുലൈമാൻ പറഞ്ഞു.

“അതുപോലെ കൈച്ചുരുക്കുള്ള ഒരാളെതന്നെ അതു വീണ്ടെടുക്കാൻ നമുക്കു നിയോഗിക്കണം അപ്പാ” എന്നു് സുലൈഖ സന്നദ്ധതയോടെ ഉത്തരം പറഞ്ഞു.

"അങ്ങനെയാണെങ്കിൽ സത്യവാന്മാരായ ആരെയും നാം സഹായത്തിനായി പ്രതീക്ഷിയ്ക്കേണ്ട; എന്നാൽ കൃത്രിമബുദ്ധികളെ നല്ല കാൎയ്യത്തിലേയ്ക്കായി ഒരുപ്രാവശ്യം ഒന്നുപയോഗിച്ചുനോക്കാം." ഇങ്ങനെ പറഞ്ഞുകൊണ്ടു സുലൈമാൻ കൈകൊട്ടി ഉടനെ ഒരടിമ പ്രത്യക്ഷനായി.

"മോഷണക്കുററത്തിനു തടവിൽ കിടക്കുന്ന മൂന്നുതസ്കരന്മാരിൽ ഓരോരുത്തനെയായി എന്റെ മുമ്പിൽ കൊണ്ടുവരുവാൻ രക്ഷിഭടന്മാരുടെ നായകനായ അഹമ്മദിനോടു പറ."

അടിമ പ്രത്യക്ഷനായപ്പോൾ പ്രധാനമന്ത്രി മകളുടെ നേരെ തിരിഞ്ഞു വിശ്വാസഗർഭമായ സ്വരത്തിൽ പറഞ്ഞു "അല്ലാവിന്റെ കൃപകൊണ്ടു്, കള്ളൻ അക്കൂട്ടത്തിലുണ്ടെങ്കിൽ കള്ളൻതന്നെ അതു തിരിയെ കൊണ്ടുവരികയും വേണം."

## അദ്ധ്യായം ൪

# കള്ളനെ പിടിക്കാൻ കള്ളനെ വിടുക

കീറത്തുണിയുടെ വൃത്തികെട്ട ഒരു രൂപം പ്രധാനമന്ത്രിയുടെ മുമ്പിൽ മുട്ടുകുത്തി ഇരുന്നു.

"കരുണാനിധിയായ പ്രഭോ! കൃപയുണ്ടാകണേ! കൃപയുണ്ടാകണേ! അല്ലാവിനെ വിചാരിച്ചു കൃപചെയ്യണേ"

"എണീററു നില്ലു് നിന്റെ മുഖം ഞാൻ കാണട്ടേ" എന്നു അമാത്യൻ മൃദുസ്വരത്തിൽ പറഞ്ഞു.

രക്ഷിഭടന്മാരുടെ നാഥനായ അഹമ്മദിന്റെ പാദപ്രഹരത്താൽ ചോദിതനായ തസ്കരൻ തറയിൽ നിന്നും പിടഞ്ഞെഴുന്നേററു വീണ്ടും അവന്റെ വിലപനം ആരംഭിച്ചു.

"നായുടെ മകനേ! മിണ്ടാതിരിക്കു," എന്നു രൂക്ഷസ്വരത്തിൽ പടനായകൻ ഗർജ്ജിച്ചു.

"വേണ്ട, അഹമ്മദ്, അല്ലാവിന്റെ നാമത്തിൽ യാചിക്കുന്നവൻ വളരെക്കാലമായി ചൌൎയ്യംകൊണ്ടു ജീവിക്കുന്നവനായാലും പറയന്മാരുടെ കൂട്ടത്തിൽ ഗണിക്കപ്പെടുവാൻ അർഹനല്ല," എന്നു് സ്വാഭാവികമായ കരുണാഭാവത്തിൽ മന്ത്രി അരുളിച്ചെയ്തു.

"പ്രഭോ! വളരെക്കാലത്തെ മോഷണക്കുററം ഒരിക്കലും എന്നിൽ ആരോപിക്കാവുന്നതല്ല. ഇപ്പോൾ ഞാൻ ചെയ്ത ഈ അപരാധം എന്റെ ആദ്യത്തേതാണെന്നു അല്ലാവിനെക്കൊണ്ടു സത്യം ചെയ്യുന്നു," എന്നു അമാത്യന്റെ കൃപാപുരസ്സരമായ വാക്കുകളാൽ ഉൽഭൂതമായ ആശയോടുകൂടി തസ്കരൻ പറഞ്ഞു.

അഹമ്മദ്, അവനെ തിരിയെ കാരാഗൃഹത്തിലേക്ക കൊണ്ടുപോകു; അവൻ കാററം സമ്മതിക്കുന്നുണ്ട്. ഈ കുററത്തെ സംബന്ധിച്ച കൂടുതൽ അന്വേഷണം നടത്തിയശേഷം ഞാൻ ഇവൻെറ വിധി കല്പിക്കുന്നതായിരിക്കും," എന്നു സുലൈമാൻ മുട്ടസ്വരത്തിൽ പറഞ്ഞു.

അവൻ ഒന്നു ഞെട്ടി മുന്നോട്ടു വന്നു. "എൻെറ പ്രഭോ!" എന്നു ആരംഭിച്ച വാക്യം മുഴുവനാക്കാൻ സമ്മതിക്കാതെ പടനായകൻ അവൻെറ കഴുത്തിനു പിടികൂടി അവനെ മുറിയിൽ നിന്നും അതിശീഘ്രഗതിയിൽ തിരിച്ചുകൊണ്ടുപോയി.

"അടുത്തവനെ കൊണ്ടുവരു"

എന്നുള്ള മന്ത്രിയുടെ കല്പന അറയിൽ നിന്നും അഹമ്മദിനെ പിൻതുടൎന്നു.

തന്ത്രശാലിയെന്നു തോന്നിച്ച രക്തനേത്രനായ ഒരുവൻ അടുത്തതായി മുറിയിൽ നയിക്കപ്പെട്ടു.

സുലൈഖ അവനെ സൂക്ഷിച്ചുനോക്കി. "അച്ഛാ ഈയാളെ വിശ്വസിച്ചു യാതൊരു കാൎയ്യവും ഭാരമേല്പിക്കരുതേ! ഈയാളുടെ ഭാവം എന്നെ കൊണ്ടു മാഹ്ലൂദിനെ സ്മരിപ്പിക്കുന്നു" എന്നു ആ ഓമനപ്പെൺകിടാവു പറഞ്ഞു.

സുലൈ:—"എന്നാലും മകളേ നമുക്കു അവനോടു ചിലതു ചോദിക്കാം എന്തെടാ മോഷണത്തിനു നല്ല കൈപ്പരുക്കമുള്ള ഒരു കള്ളനെയാണോ ഞാൻ എൻെറ മുമ്പിൽ ഇപ്പോൾ കാണുന്നതു്?"

"പ്രഭോ ഈ കൈ ഒരിക്കലും ചൌൎയ്യത്തിൽ പ്രവൎത്തിച്ചിട്ടില്ലെന്നു് ഞാൻ അള്ളാവിനെക്കൊണ്ടു സത്യംചെയ്യുന്നു. ധാരയിലെ അങ്ങാടിയിൽ എത്രനേക്കാൾ സത്യസന്ധനായ ഒരുവൻ ഉപജീവനത്തിനായി എല്ലുമുറിയെ പണിയെടുത്തു ജീവിക്കുന്നില്ല."

"പ്രഭോ ഇവൻ ഒരു വഴിപോക്കൻെറ പണസഞ്ചി പിടിച്ചുപറിച്ച ക്ഷണത്തിലാണു് ബന്ധിക്കപ്പെട്ടതു്. അതിനു ആറു സാക്ഷികളും ഉണ്ടു്," എന്നു അഹമ്മദു പറഞ്ഞു.

"അവർ ചതിയന്മാരാണു്. അവർ എല്ലാവരും കൂടി ആലോചിച്ചു കള്ളം പറയാൻ നിശ്ചയിച്ചിരിക്കയാണു്. എൻെറ തൊഴിൽ അസൂയനിമിത്തം എൻെറ ശത്രുക്കളുണ്ടാക്കിയതാണു് ഈ അപകടം," എന്നു അവൻ ദുൎമ്മുഖനായി പറഞ്ഞു.

ഈ കാൎയ്യം വിചാരണ നടത്തി ന്യായംപോലെ തീരുമാനിക്കാം. ഇവനെക്കൊണ്ടു എനിക്കു തല്ക്കാലം ആവശ്യമൊന്നുമില്ലാത്തതിനാൽ ഇവൻെറ കല്ലറയിലേക്കു തന്നെ കൊണ്ടുപോകു," എന്നു മന്ത്രി കല്പിച്ചു.

തന്നെ ബന്ധിക്കുന്ന കാൎയ്യത്തിൽ അനാവശ്യമായി ഇടപെട്ട പടനായകൻെറ നേരെ സ്വ ഹൃദയത്തിൽ ഉയൎന്ന ഒരു ശാപത്തെ വാഗ്രൂപേണ

പുറപ്പെടുവിക്കാതെ അവൻ ജയിലിലേക്കു തിരിച്ചു.

അല്പനേരം കഴിഞ്ഞു യവനികകൾ വീണ്ടും നീങ്ങി, മൂന്നാമതൊരു രൂപം അവിടെ പ്രവേശിച്ചു.

പ്രാംശുവായി സുന്ദരവദനനായി ശൃംഖലാബദ്ധനെങ്കിലും സ്ഥിരഗതിയായി മന്ദസ്മേരത്താൽ പ്രസ്പഷ്ടമാക്കപ്പെട്ട ദന്തനിരയാൽ മനോഹരനായി അവിടെ പ്രത്യക്ഷനായ ആൾ സുസ്പഷ്ടമായ മധുരസ്വരത്തിൽ ഇങ്ങനെ പറഞ്ഞു, "അല്ലയോ മന്ത്രിസത്തമ, അവിടത്തേയ്ക്കു കുശലം; സുന്ദരിയായ യുവതീ തമേ ഭവതിക്കും കുശലം". ഈ വാക്കുകൾ ഉച്ചരിക്കവേ അയാളുടെ ശിരസ്സ് മെല്ലെ ഭംഗിയിൽ കുനിഞ്ഞു് വീണ്ടും ഉയൎന്നു. അതിനെ തുടൎന്നു്, ഭയരഹിതമായ അയാളുടെ വീക്ഷണം ആദ്യം മന്ത്രിയിലും പിന്നീടു അദ്ദേഹത്തിന്റെ പുത്രിയിലും പതിച്ചു.

പൊടി നിറഞ്ഞ കാരാമന്ദിരത്തിൽ നിന്നാണു വന്നതെങ്കിലും ഈ കാഴ്ചയിൽ മുമ്പു ആനയിക്കപ്പെട്ട തസ്കരന്മാരിൽ നിന്നും എത്രയോ വ്യത്യസ്തമായും അപ്രതിക്ഷതമായും ഉള്ള ഒരു വേഷത്തെയാണു വഹിച്ചിരുന്നതു്. സുലൈഖ സൂക്ഷിച്ചു നോക്കിയപ്പോൾ രണ്ടു നീലനേത്രങ്ങൾ തന്നിൽത്തന്നെ പതിക്കപ്പെട്ടിരിക്കുന്നതു കണ്ടു; അൎദ്ധമന്ദാക്ഷത്തോടെ അവൾ തന്റെ വീക്ഷണത്തെ ഭൂഭാഗത്തേയ്ക്കു നയിച്ചു. ആ തസ്കരന്റെ നിശ്ചലമായ ധിക്കാരത്തെ കണ്ടു് അഹമ്മദു അത്ഭുതപ്പെട്ടുവെങ്കിലും മുൻപു മന്ത്രിയിൽ നിന്നു് തനിക്കു ലഭിച്ച ശാസനത്തെ ഓൎത്തു ഒന്നും മിണ്ടിയില്ല.

ഒരു നിശ്ശബ്ദത അവിടെ വ്യാപിച്ചു. തന്റെ മുമ്പിൽ നിൽക്കുന്നവനെ സുലൈമാൻ നിശ്ചലദൃഷ്ടിയായി വീക്ഷണം ചെയ്തു; അവനാകട്ടെ അതുകൊണ്ടു് തെല്ലും സങ്കോചം കാട്ടിയതുമില്ല. ഒടുവിൽ സുലൈമാൻ പടനായകന്റെ നേരെ തിരിഞ്ഞു് ഇങ്ങനെ കല്പിച്ചു.

"അഹമ്മദ് ഞാൻ അന്വേഷിച്ച ആളിനെ കണ്ടുകിട്ടി ഇനി നിങ്ങൾക്കു പോകാം, ഞാൻ ആവശ്യപ്പെടുമ്പോൾ വന്നാൽ മതി."

ആശ്ചര്യത്തോടുകൂടി അഹമ്മദ് മുറിവിട്ടു വെളിയിൽ പോയി സുലൈമാൻ വീണ്ടും തടവുകാരനെ അല്പനേരം സൂക്ഷിച്ചുനോക്കി.

"നിന്റെ പേരു് എന്തു്" അദ്ദേഹം പെട്ടെന്നു ചോദിച്ചു.

തസ്കരൻ സ്വശിരസ്സിനെ ഉന്നമിപ്പിച്ചുകൊണ്ടു് മഹനീയമായ ആ സന്നിധാനത്തിന്റെ ഗൌരവത്തെ ഗണിക്കാതെ ഉറക്കെ ചിരിച്ചു.

"പ്രഭോ! കാലോചിതമായും എന്റെ സ്ഥിതിഗതികൾക്കനുസരിച്ചും മാററാവുന്ന അനേകം പേരുകൾ എനിക്കുണ്ടു്. എന്നാൽ ഇപ്പോഴത്തേയ്ക്കു എന്റെ നാമം റസ്തം എന്നാണു്."

"നീ ധാരയിലെ ഏററവും സമൎത്ഥനായ കള്ളനാണെന്നുള്ള കേൾവി സത്യമാണോ?" എന്നു് അമാത്യൻ തന്ത്രത്തിൽ ഒരു ചോദ്യം ചെയ്തു.

"അവിടുന്നു കേട്ടതു് പരമാൎത്ഥമാണു്," എന്നു അയാൾ പ്രശാന്തനായി മറുപടി പറഞ്ഞു.

"നീ നിൻെറ സാമത്ഥ്യത്തെപ്പററി ആത്മപ്രശംസ ചെയ്യുന്നോ?" എന്നു കഠിനസ്വരത്തിൽ മന്ത്രി ചോദിച്ചു.

"ഇതല്ലാതെ പ്രശംസിക്കത്തക്ക മററു യോഗ്യതകളൊന്നും എനിക്കില്ല പ്രഭോ!"

"റസ്റ്റം, സാമത്ഥ്യം നല്ല കാര്യത്തിനുവേണ്ടിയാണു പ്രയോഗിക്കേണ്ടതു്. ചീത്തയ്ക്കല്ല."

"അല്ലയോ മഹാത്മാവായ മന്ത്രിസത്തമാ! എൻെറ സാമർത്ഥ്യം എന്നെ സംബന്ധിച്ചിടത്തോളം നല്ല കാര്യത്തിൽതന്നെയാണു് പ്രയോഗിക്കപ്പെട്ടിട്ടുള്ളതു്."

സുലൈഖ:—(മണിനാദത്തിൽ) "ഇല്ല, അവിടെ നിങ്ങൾക്കു തെററിപ്പോയി. നിങ്ങളുടെ സാമത്ഥ്യം പക്ഷെ നിങ്ങൾക്കു സമ്പത്തിനെ ഉണ്ടാക്കിത്തന്നിരിക്കാം എന്നാൽ അതേസമയത്തിൽതന്നെ അതു് നിങ്ങളുടെ മാനത്തിനും യശസ്സിനും മററും ഹാനിയും വരുത്തിയിട്ടുണ്ടു്."

ഒരു ക്ഷണനേരത്തേയ്ക്കു് റസ്റ്റം അയാളുടെ സ്വാഭാവികമായ ധീരതയോടുകൂടി അവളെ തുറിച്ചുനോക്കി. പിന്നെ അയാൾ മുഖം താഴ്ത്തി. "യുവതീരത്നമേ! ഭവതി പറഞ്ഞതു വാസ്തവംതന്നെ. എനിക്കു് ലാഭം ഉണ്ടായിട്ടുണ്ടു്—എന്നാൽ ഞാൻ നഷ്ടപ്പെട്ടിട്ടുമുണ്ടു്. ഭവതി വിലവച്ചതു ശരിയാണെങ്കിൽ ലാഭത്തെക്കാൾ അധികം നഷ്ടമാണു് എനിക്കു നേരിട്ടിട്ടുള്ളതെന്നു ഞാൻ സമ്മതിക്കുന്നു."

"നിനക്കു നഷ്ടമായിട്ടുള്ളതിൽ ഏതാനും വീണ്ടെടുക്കാനുള്ള സൌകര്യം ഞാൻ തന്നാൽ നിൻെറ പിന്നത്തെ ഭാവമെന്താണു്?" എന്നു് മിക്കവാറും പ്രേരണാപരമായ സ്വരത്തിൽ മന്ത്രി ചോദ്യം ചെയ്തു.

റസ്റ്റം അസ്വസ്ഥനായി ഒരു കാലിളക്കി മറേറക്കാലിൻ നിലകൊണ്ടു. "പ്രഭോ! ഞാൻ കാര്യം തുറന്നുപറയാം. ആട്ടിൻപോലെയിരിക്കാമെന്നു പ്രതിജ്ഞ ചെയ്യുന്ന ചെന്നായ് ഒടുവിൽ വെറും നിർഭാഗ്യമായ ചെന്നായുടെ സ്വഭാവംതന്നെ കാണിക്കും. ഇരുപതു വഷക്കാലമായി എൻെറ സാഹസകമ്മം കൂടാതെ ഒരു ദിവസംപോലും പുലന്നിട്ടില്ല—ആപത്തുകൂടാതെ ഒരു രാത്രിപോലും സമാഗതമായിട്ടുമില്ല. ആ ശീലം എൻെറ സിരകളിൽ വ്യാപിച്ചു കിടക്കുന്ന ഒന്നാണു്. അങ്ങനെയുള്ള ഞാൻ ഒരു തൊഴിലിൽ ഏറെപ്പെട്ടു് അങ്ങാടിയിലോ ചന്തയിലോ സമാധാനപരമായ ജീവിതം നയിക്കാമെന്നു നടിക്കുന്നതു് പ്രധാന മന്ത്രിയെ പ്രലോഭിപ്പിച്ചു ഒരു നിന്ദ്യകർമ്മമോ പ്രതിജ്ഞാലംഘനമോ ചെയ്യിക്കാമെന്നുള്ള മർത്ത്യൻെറ ആശയെപ്പോലെ വിഫലമത്രേ," എന്നു് അയാൾ അറിയിച്ചു.

സ്വഹൃദയം ആ തസ്ക്കരനിൽ പ്രസാദോന്മുഖമായി ഭവിക്കുന്നു എന്നു് സുലൈലഖയ്ക്കു തോന്നി. പിതാവിൻെറ നിഷ്കന്മഷപ്രകൃതിയെ പ്രശംസിച്ച അയാൾ അതിനെ സമാർജ്ജിക്കാൻ ശ്രമിച്ചില്ലെങ്കിലും വില

മതിയ്ക്കാൻ പ്രാപ്തനാണെന്നു കണ്ടു് അവൾക്കു ബഹുമാനം ഉദിച്ചു.

"റസ്റ്റം, മാന്യനെങ്കിലും നിന്റെ പൂർണ്ണസാമർത്ഥ്യത്തെയും തന്ത്രത്തെയും ആവശ്യപ്പെടുന്നതും കഴിഞ്ഞ ഇരുപതു വർഷക്കാലത്തിനിടയ്ക്കു നീ നേരിട്ടിട്ടുള്ളതായി സമ്മതിക്കുന്ന ആപത്തുകളേക്കാൾ ഗുരുതരമായൊന്നിനാൽ ദുഷ്കരവും ആയ ഒരു വിഷമമേറിയ കാര്യം സാധിപ്പാനായി ഞാൻ നിന്നെ നിയോഗിക്കുന്നതായാൽ എനിക്കും എന്റെ സർവ്വസ്വത്തിനും വേണ്ടി നീ അതു ചെയ്യാമെന്നു് ഏൾക്കുമോ?" എന്നു അമാത്യപുംഗവൻ ചോദിച്ചു.

റസ്റ്റമിന്റെ മുഖത്തു താല്പര്യസമ്മിശ്രമായ ഒരത്ഭുതരസം പ്രസരിച്ചു; ഒരു നിമിഷനേരത്തേയ്ക്കു അയാൾ സംശയഗ്രസ്തനായി നിന്നു.

ഈ ശങ്കയെ തെറ്റിദ്ധരിച്ചിട്ടു് സുലൈഖ തന്റെ ഇരിപ്പിടത്തിൽ നിന്നെഴുന്നേറ്റു് മെല്ലെ പിതാവിന്റെ അരികത്തണഞ്ഞു് അദ്ദേഹത്തിന്റെ അംസത്തെ അവലംബിച്ചു തസ്കരനഭിമുഖമായി നിന്നുകൊണ്ടു് മൃദുസ്വരത്തിൽ പറഞ്ഞു.

ഞങ്ങൾക്കുവേണ്ടി, റസ്റ്റം നിങ്ങളുടെ സഹായം ഒഴിച്ചുകൂടാതവണ്ണം ഞങ്ങൾക്കുവേണ്ടി അത്യന്താപേക്ഷിതമാണു്."

തൽക്ഷണം ഉൽഭൂതമായ സ്ഥിരനിശ്ചയത്തോടുകൂടി റസ്റ്റം പറഞ്ഞു, "മഹന്യ, ഒരു കാര്യം ഒഴിച്ചു മറ്റെല്ലാത്തിലും ഞാൻ ഭവതിയുടെ ആജ്ഞാകരനാണു്. സുൽത്താൻതിരുമനസ്സിലെ സൈന്യത്തിൽ ചേരാൻ മാത്രം ദയവു ചെയ്തു എന്നോടാജ്ഞാപിക്കരുതു. വേദാന്തം പഠിപ്പിക്കുന്ന ഗുരുനാഥനെ ഒട്ടകം വെള്ളം കുടിക്കുന്ന ഒരു തൊട്ടിയിൽ തലകീഴായി മുക്കി വിദ്യാലയത്തിൽനിന്നും കടന്നതിൽ പിന്നെ, ഇതുവരെ ഞാൻ മണലാരണ്യത്തിലെ വായുവിനൊപ്പം സ്വാതന്ത്ര്യനായി നടക്കുകയാണു്. രാജസേവനത്തിലായാലും ശരി അന്യന്റെ കല്പനയ്ക്കു കീഴടങ്ങുക എന്നുള്ളതു്:—

"ഇല്ല, റസ്റ്റം അങ്ങനെയുള്ള ഒരു സേവനം ഞാൻ ആവശ്യപ്പെടുന്നില്ല. നീ ചെയ്യണമെന്നു് ഞാനപേക്ഷിക്കുന്ന ആ കാര്യത്തിൽ കർമ്മത്തിൻ പൂർണ്ണസ്വാതന്ത്ര്യവും ബുദ്ധിക്കും കൌശലത്തിനും വേണ്ടുവോളം അവസരം ഉണ്ടു്."

"പ്രഭോ! ഇങ്ങനെ വിലങ്ങു വച്ചിരിക്കുമ്പോൾ എന്റെ സാമർത്ഥ്യവും എത്രകണ്ടു സഫലമാവുമെന്നു് എനിക്കറിഞ്ഞുകൂടാ; എങ്കിലും ഞാൻ സമ്മതിച്ചിരിക്കുന്നു," എന്നു റസ്റ്റം ഉത്തരം പറഞ്ഞു

തസ്കരന്റെ സൂചനം മനസ്സിലാക്കിയ സുലൈമാൻ അഹമ്മദിനെ കൊണ്ടു വിലങ്ങു മാറ്റിച്ചു. ഗാരാഗാരത്തിലെ വെറും നിലത്തു കിടന്നു് ദേഹത്തിൽ പറ്റിയിട്ടുള്ള പൊടി കളയാനായി ഒന്നു കുളിക്കാൻ അനുവദിച്ചാൽ ഒരു മാന്യയുവതിയുടെ സമക്ഷം നില്പാൻ തനിക്കു കുറേക്കൂടി മനസ്വാസ്ഥ്യം ഉണ്ടാകുമെന്നു വാദിക്കയാൽ റസ്റ്റമിനു് ഒരു സ്നാനവും ഭക്ഷണവും അനുവദിക്കപ്പെട്ടു. അനന്തരം പ്രധാനമന്ത്രിയുടെ മുറിയിലേക്കു അയാൾ വീണ്ടും നി

ത്തനായി. തനിക്കു പററിയ നഷ്ടത്തേയും തൻെറ സംശയങ്ങളെയും ഇംഗിതങ്ങളെയും സുലൈമാൻ അയാളെ അറിയിച്ചു.

റസ്റ്റമിൻെറ കണ്ണുകൾ മിന്നി. "ദീർഘദർശിയുടെ ഖഡ്ഗത്താണ ഇതു് വാസ്തവത്തിൽ ഒരു ദുഷ്കരമായ കാര്യമാണല്ലോ!"

"നീ അതിൽനിന്നു പിൻതിരിയാൻ നോക്കുകയാണോ?"

റസ്റ്റം പ്രൌഢഭാവത്തിൽ ശിരസ്സിനെ ഉന്നമിപ്പിച്ചു, "പ്രഭോ, 'ഉജ്ജയിനി'യിലെ റസ്റ്റമിനെപ്പററി അവിടത്തേക്കു വളരെ തുച്ഛമായ അറിവു മാത്രമേ ഉള്ളൂ എന്നു തോന്നുന്നു."

"ശരി, എന്നാൽ അങ്ങനെ തന്നെ" എന്നു് അമാത്യൻ ശാന്തനായി പറഞ്ഞു.

"എന്നാൽ റസ്റ്റം ഇനി ഏതു വിധത്തിലാണു് നീ മോഷ്ടിക്കപ്പെട്ട നിധിയെ വീണ്ടെടുക്കാൻ ഉദ്ദേശിക്കുന്നതെന്നു് എന്നോടു പറ."

"മാഹ്മൂദ് രാജകുമാരൻെറ അരമനയിൽ കടക്കാൻ ഞാൻ വിചാരിച്ചിട്ടു് ഒരു വഴിയേ കാണുന്നുള്ളു. അതു് അദ്ദേഹത്തിൻെറ അതിഥിയായിട്ടാണു്. മററു മാർഗ്ഗങ്ങൾ എനിക്കുപോലും അസാദ്ധ്യങ്ങളാണു്. അദ്ദേഹത്തിൻെറ പാറാവുകാർ വളരെ ജാഗ്രതയുള്ളവരും കവാടങ്ങൾ സുരക്ഷിതങ്ങളുമാണു്. പലപ്പോഴും ഞാൻ ഒരു സഞ്ചാരിവണിക്കിൻെറ വേഷത്തിൽ അദ്ദേഹത്തിൻെറ അരമനയുടെ അങ്കണത്തിൽ പ്രവേശിച്ചിട്ടുണ്ടു്, എന്നാൽ അവിടെനിന്നും മുമ്പോട്ടു കടക്കാൻ എനിക്കു ഒരിക്കലും സാധിച്ചിട്ടില്ല. അദ്ദേഹം കൂടക്കൂടെ തൻെറ സ്നേഹിതന്മാർക്കു കൊടുക്കുന്ന വിരുന്നുകൾ ഉദ്ദേശശൂന്യങ്ങളല്ലെങ്കിലും അതിഥിസല്ക്കാരത്തിൻെറ നിയമങ്ങൾ മാഹ്മൂദ് രാജകുമാരനെ സംബന്ധിച്ചിടത്തോളം അതിപരിശുദ്ധങ്ങളായിട്ടാണു് ഗണിക്കപ്പെടുന്നതു്. ധാരയിലേയ്ക്കു യാത്രചെയ്യുന്ന ഒരു ധനികനായ വ്യാപാരിയുടെ വേഷത്തിലോ കുലീനനായ ഒരു വിദേശപ്രഭുവിൻെറ വേഷത്തിലോ അവിടെ പ്രവേശിക്കാമെന്നു് എനിക്കാശയുണ്ടു്." എന്നു റസ്റ്റം മറുപടികൊടുത്തു.

അമാത്യപ്രധാനൻ ഗാഢമായി ചിന്തിച്ചു; എന്നിട്ടു് ഇങ്ങനെ ചോദ്യം ചെയ്തു,

"പിന്നത്തെ ഭാവമെന്തു?"

"പിന്നെ എന്താണു ഞാൻ ചെയ്യാൻ പോകുന്നതെന്നു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. പ്രഭോ ഒരിക്കൽ അരമനയ്ക്കുള്ളിലായാൽ പരിതഃസ്ഥിതികളും അള്ളാവും തന്നെ നയിക്കണം. കാര്യം സാധിക്കുന്നതിനു മുമ്പായി എന്നെ അവിടെനിന്നും അയയ്ക്കുന്നതിൽ മഹ്മൂദ് രാജകുമാരൻ ബദ്ധപ്പാടു കാണിക്കുന്ന പക്ഷം പെട്ടെന്നു് ഒരു രോഗം ബാധിച്ചു എന്നുള്ള എൻെറ നാട്യം അദ്ദേഹത്തിൻെറ ഹൃദയതന്ത്രിയെ സ്പർശിക്കയും തൽഫലമായി എനിക്കവിടെ താമസിക്കാൻ അനുവാദം ലഭിക്കയും ചെയ്യും. ഒരു രോഗി രാജകുമാരനിൽനിന്നും സുൽത്താൻെറ തി[illegible] അപഹരിക്കുമെന്നു് ആരുതന്നെ സംശയിക്കും?" ഈ വാക്കുകളോടു കൂടി [illegible]ിരിച്ചു.

"പതുക്കെ! മോതിരത്തിന്റെ പേർ ഉറക്കെ പറയരുതു്. എന്റെ മകളും നീയും മാത്രമേ എന്റെ ഈ നഷ്ടത്തെപ്പററി ഇപ്പോൾ അറിഞ്ഞിട്ടുള്ളു. ഈ വർത്തമാനം പരസ്യമായാൽ എന്തെല്ലാം ദോഷങ്ങൾ നേരിടുമെന്നു് വർണ്ണിക്കാൻ വയ്യ," എന്നു മന്ത്രി അരുളിച്ചെയ്തു.

"തിരുവാഴിയും കയ്ക്കലാക്കിക്കൊണ്ടു് ഞാൻ ഈ നാടുവിട്ടുകടന്നുകളകയില്ലെന്നു് അവിടത്തേയ്ക്കു് എങ്ങനെ അറിയാം? അതു ഒരു സാമ്രാജ്യത്തിന്റെ വിലയ്ക്കുപോരുന്നതാണ്. എന്റെ ജീവിതകാലത്തേക്കു എനിക്കു അതുമതി" എന്നു് റസ്റ്റം ചോദിച്ചു.

സുലൈമാൻ ശങ്കിച്ചുനിന്നു. പ്രകൃത്യാ കുശാഗ്രബുദ്ധിയെങ്കിലും ഈ ചിന്ത ഒരിയ്ക്കലും അദ്ദേഹത്തിന്റെ ഹൃദയത്തിൽ കടന്നുകൂടിയിട്ടില്ലായിരുന്നു.

സുലൈഖാ മുമ്പോട്ടുവന്നു മൃദുമധുരമായ സ്വരത്തിൽ പറഞ്ഞു.

"റസ്റ്റം അപ്പന്റെയും എന്റെയും ജീവിതം, കളഞ്ഞുപോയ ആ വസ്തുവിന്റെ പുനഃപ്രാപ്തിയെ അവലംബിച്ചിരിക്കുന്നു. എനിക്കു നിങ്ങളിൽ ദൃഢവിശ്വാസമുണ്ടു്".

റസ്റ്റം വളരെ താണുവണങ്ങി "കുലീനയായ മാന്യേ, ഞാൻ ഭവതിക്കു വന്ദനം പറയുന്നു. ഒരു മനുഷ്യൻ എന്നെ വിശ്വസിക്കാൻ ധൈര്യപ്പെടുമെന്നു ഞാൻ ഇതുവരെ വിചാരിച്ചില്ല. ആളുകൾ എന്നെ പററി എന്തുവിചാരിച്ചാലും അതു ഞാൻ വകവയ്ക്കുന്നില്ലെന്നു പലപ്പോഴും പറഞ്ഞിട്ടുണ്ടു്. എങ്കിലും എന്നെ ആരെങ്കിലും ഇനിയും വിശ്വസിക്കുന്നതായി കാണുന്നതു് എനിക്കു് മധുരമാണു്"

അയാൾ വീണ്ടും വണങ്ങി പിന്നെ മന്ത്രിയുടെ നേരെ തിരിഞ്ഞു വ്യത്യസ്തമായ സ്വരത്തിൽ പറഞ്ഞു.

"നാം എത്രത്തോളം ദ്രുതഗതിയിൽ പ്രവർത്തിക്കുന്നുവോ അത്രത്തോളം നമുക്കു ആശയ്ക്കുവകയുണ്ടു്. ഇത്ര വേഗത്തിൽ മോതിരം വീണ്ടെടുക്കാൻവേണ്ട ഏർപ്പാടുകൾ ചെയ്‌വാൻ അവിടത്തേക്കു സമയം ലഭിച്ചു എന്നു് മാഹ്മൂദ് രാജകുമാരൻ സംശയിക്കയില്ല. നമ്മുടെ ഉപായത്തിനു് ഇത്രത്തോളം ആനുകൂല്യം സിദ്ധിച്ചിട്ടുണ്ടു്"

"റസ്റ്റം, നമുക്കു് ഉടൻ പ്രവൃത്തി തുടങ്ങാം. നേരം ഇനിയും അധികമായിട്ടില്ല; മാഹ്മൂദ് ഈ മോഷണത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നു ഞാൻ സംശയിക്കത്തക്കവണ്ണം യാതൊരു ലക്ഷ്യവും എനിക്കു തന്നിട്ടില്ലെന്നുള്ളതിനു തർക്കമില്ല.

അവർ അനന്തരകരണീയത്തെപ്പററി വാദപ്രതിവാദം ആരംഭിച്ചു. അതിൽ സുലൈഖയും ഭാഗഭാക്കായി അവളുടെ നിശിതമായ ശേമുഷിയാൽ അവർക്കു സമയോചിതമായ സഹായം ചെയ്തു, വേണ്ട ഏർപ്പാടുകളെല്ലാം വളരെ രഹസ്യമായും ദ്രുതഗതിയിലും ചെയ്യപ്പെട്ടു. റസ്റ്റം സ്വതന്ത്രനെന്നപോലെ അരമനവിട്ടു വെളിയിൽ പോയി. അരമണിക്കൂർ കഴിഞ്ഞു് രാജകീ

കരന്മാരുടെ അന്വേഷണത്തിനു വിഷയമായ ഒരു ചങ്ങാതിയോടുകൂടി തിരിച്ചു വരുന്നതു കണ്ടു് രക്ഷിഭടനായകനായ അഹമ്മദ് അത്ഭുതാവിഷ്ടനായി. എന്നാൽ മിണ്ടാതിരിക്കാനും കല്പനയെ അനുസരിക്കാനും അഹമ്മദ് അഭ്യസിച്ചിരുന്നു. അദ്ദേഹത്തിന്റെ സ്ഥിതിയിലുള്ള ഒരാൾക്ക പ്രധാനമായി ഈ രണ്ടു സംഗതികളും മാത്രമേ ആവശ്യമായിരുന്നുള്ളുതാനും.

ഉച്ചതിരിഞ്ഞു വളരെ കഴിഞ്ഞപ്പോൾ റസ്റ്റം വിലയേറിയ വസ്ത്രാഭരണങ്ങളാൽ അലംകൃതനായി പ്രൌഢിയും ഭംഗിയുമുള്ള ഒരു ഒട്ടകത്തിന്റെ പുറത്തുകയറി മാഹ്മൂദ് രാജകുമാരന്റെ കൊട്ടാരത്തിലേക്കു പുറപ്പെട്ടു. അയാളുടെ പിന്നിലായി അവസ്ഥയുള്ള ഒരു ഭൃത്യന്റെ മാതിരിയിൽ വസ്ത്രം ധരിച്ചു ഒരനുചരനും ഉഷ്ട്രാരൂഢനായി സവാരിചെയ്തു. സ്നാനം ചെയ്തു പുതിയ വസ്ത്രങ്ങൾ ധരിച്ചു ഭംഗിയായി വേഷം മാറിയിട്ടുള്ള അയാളെ കണ്ടാൽ റസ്റ്റമിനോടുകൂടി അനേക മോഷണങ്ങളിൽ പങ്കുകൊണ്ടിട്ടുള്ള ചങ്ങാതിയാണു് അയാളെന്നു ആരും അറികയില്ല. അപൂർവ്വവും അനർഘവുമായ സമ്മാനങ്ങളെ വഹിച്ചു ഒരു ഒട്ടകം പുറകിലും എല്ലാററിലും പിന്നിലായി അശ്വാരൂഢന്മാരായ ഒരു രക്ഷി സംഘവും അനുഗമിച്ചു.

റസ്റ്റം അന്യന്മാരെ കളിപ്പിക്കുന്നതിൽ ഒരു വിദഗ്ദ്ധനായിരുന്നു. സായന്തനരവിയുടെ കിരണങ്ങൾ ഏറ്റു കൊണ്ടു് മാഹ്മൂദുരാജകുമാരന്റെ അരമനയോടു സമീപിച്ചപ്പോഴും അയാളുടെ മുഖത്തിൽ ഭയത്തിന്റെ യാതൊരു ലാഞ്ഛനവും കാണപ്പെട്ടില്ല. അയൽ രാജ്യത്തുനിന്നും ധാരാ സന്ദർശനത്തിനായി വന്ന ഒരു സ്ഥാനിയായ പ്രഭുവെന്നു തന്നെ അയാളുടെ വേഷം കണ്ടാൽ ആർക്കും തോന്നിപ്പോകും. പള്ളിയേയോ കൊട്ടാരത്തേയോ കടന്നുപോകുന്ന അവസരത്തിൽ ദർശനകൌതുഹലം അയാളുടെ മുഖത്തു സ്പഷ്ടം കളിയാടിക്കൊണ്ടിരുന്നു. വഴിയരികിൽ കണ്ട നദികളുടെയും തടാകങ്ങളുടെയും ഭംഗിയേയും ധാരാനഗരത്തിന്റെ പ്രാന്തപ്രദേശത്തുള്ള അനവധി ഉദ്യാനങ്ങളുടെ രമണീയകത്തെയും റസ്റ്റം പുകഴ്ത്തിപ്പറഞ്ഞു.

ചിലപ്പോൾ, തന്റെ ഭൃത്യൻ ചെയ്ത ചില ഏർപ്പാടുകളെക്കുറിച്ചു് അസംതൃപ്തനെന്നപോലെ റസ്റ്റം സഗർവ്വം അയാളോടു സംസാരിച്ചു. മാഹ്മൂദിന്റെ കൊട്ടാരത്തെ ചുററിയുള്ള പൂങ്കാവുകളെ തരണം ചെയ്തു് ദ്വാരപ്രദേശത്തു ചെന്നതു് ഈ മട്ടിൽ സംഭാഷണം ചെയ്തുകൊണ്ടായിരുന്നു.

“ഉന്നതനും പ്രതാപവാനുമായ മാഹ്മൂദ് രാജകുമാരൻ ഇവിടെയുണ്ടെന്നാണു് ഞാൻ അറിയുന്നതു്. ധാരാനഗരംവഴി യാത്രചെയ്യുന്ന ഞാൻ ആജ്മീർപ്രഭുവിന്റെ സഹോദരനും കാര്യസ്ഥനുമായ നാസർഉദ്ദീൻ ആണു്. സുൽത്താൻ തിരുമേനി അവിടെ ഇല്ലാത്തതിനാൽ നിങ്ങളുടെ സ്വാമിയുടെ ആതിഥ്യത്തെ ഞാൻ അർത്ഥിക്കുന്നതായി അദ്ദേഹത്തെ അറിയിക്കുക.”

ഇപ്രകാരം ഉച്ചത്തിൽ യാതൊരു സങ്കോചവും കൂടാതെയാണു് അയാൾ ദ്വാരപാലനോടു വിളിച്ചുപറഞ്ഞതു്. റസ്റ്റമിന്റെ ഭാവത്താൽ പെട്ടു

മാനം തോന്നിയ ദ്വാരപാലൻ സന്ദേശത്തെ അകത്തറിയിച്ചു. തനിക്കു് ലഭിച്ച പ്രശംസയിൽ മാഹ്മൂദ് സ്മേരാസ്യനായി. "സുൽത്താൻ തിരുമേനി കഴിഞ്ഞാൽ അടുത്ത സ്ഥാനമഹിമ എനിക്കാണെന്നു സമ്മതിക്കുന്നവൻ ബുദ്ധിമാനത്രെ. നമ്മുടെ പതിവനുസരിച്ചു് അദ്ദേഹത്തിനുവേണ്ടതെല്ലാം ചെയ്വാൻ വിചാരിപ്പുകാരോടു പറയൂ. പിന്നീടു ഞാൻ അദ്ദേഹത്തെ സ്വീകരിക്കാം," എന്നു് മാഹ്മൂദ് ആജ്ഞാപിച്ചു.

ഭൂഭാഗത്തേയ്ക്കു നമിച്ച ഒട്ടകത്തിന്റെ പുറത്തുനിന്നു, റസ്റ്റം താഴെയിറങ്ങി. യാത്രക്കിടയിൽ അയാളുടെ ശരീരത്തിൽ പററിയ പൊടി കളയാനായി അടിമകൾ അയാളെ കുളിപ്പിച്ചു മുടി ചീകി സുഗന്ധദ്രവ്യങ്ങൾ ലേപനം ചെയ്തു. കൂസൽകൂടാത്ത ഭാവത്തിൽ അയാൾ തന്ത്രശാലിയായ മാഹ്മൂദ് രാജകുമാരന്റെ സന്നിധാനത്തിൽ പ്രവേശിച്ചു.

## അദ്ധ്യായം ൭

# വേഷധാരി

"ആജ്മീർ പ്രഭുവിന്റെ അനുജനായ നാസർഉദ്ദീൻ നിങ്ങൾക്കു സ്വാഗതം. അള്ളാവു നിങ്ങൾക്കു ശാന്തിയെ അരുളട്ടെ!" മാഹ്മൂദ് രാജകുമാരന്റെ സ്വരം ആത്മാർത്ഥതയെ പ്രദർശിപ്പിക്കുന്നതായിരുന്നു. എന്നാൽ കൌശലം പൂണ്ട അദ്ദേഹത്തിന്റെ കണ്ണുകൾ അതിഥിയെ അളക്കാനെന്ന മട്ടിൽ രണ്ടു് അഗ്നികണങ്ങൾപോലെ അയാളുടെ മേൽ പ്രക്ഷേപിക്കപ്പെട്ടു.

ആദരപൂർവ്വവും എന്നാൽ ഒരുവിധത്തിലും താഴ്മയെ സൂചിപ്പിക്കാത്തതുമായ അഭിവാദ്യംകൊണ്ടു് റസ്റ്റം രാജകുമാരന്റെ സ്വാഗതത്തിനു മറുപടി കൊടുത്തു. പിന്നെ മാഹ്മൂദിന്റെ വലത്തുവശം കിടന്ന മെത്തവച്ച ഒരു പര്യങ്കത്തിൽ ഉപവിഷ്ടനായിട്ടു് തന്റെ കപടനാടകത്തെ അഭിനയിക്കാൻ ഒരുങ്ങി. അടിമപ്പെൺകിടാങ്ങൾ മധുരമദ്യവും പഴങ്ങളും പലഹാരങ്ങളുംകൊണ്ടുവന്നു വിളമ്പിയശേഷം തങ്ങളുടെ പേശലവിലാസങ്ങളെ പ്രദർശിപ്പിച്ചുകൊണ്ടു അരികെ നിലകൊണ്ടു.

"നാസർഉദ്ദീൻ, എന്തുകാര്യം പ്രമാണിച്ചാണു് താങ്കൾ ധാരയിലേക്കു വന്നതു്?" എന്നു മാഹ്മൂദ് ചോദിച്ചു.

"എനിക്കു ഗുജറാററിലേക്കു പോകണം. അവിടെനിന്നു കപ്പൽ കയറി മക്കത്തേക്കുപോകണമെന്നാണു് എന്റെ ഉദ്ദേശം. എന്നാൽ ധാരാനഗരത്തിനു സമീപത്തുവന്ന സ്ഥിതിക്കു വിനോദത്തിനുവേണ്ടിയും മര്യാദയെ പുരസ്കരിച്ചും ഈ സ്ഥലംകൂടി സന്ദർശിച്ചുപോകാമെന്നു വിചാരിച്ചു; അത്രയെയുള്ളു."

മാമൂലിനെയും മര്യാദയെയും ആദരിക്കുന്നതിലുള്ള ശ്രദ്ധ ഒന്നുമാത്രമാണ്, ഒരു തസ്കരൻ എന്ന നിലയിൽ റസ്റ്റം വിജയംപ്രാപിച്ചതു്. അയാളുടെ വാക്കുകൾ ജന്മപ്രകൃതി അഭ്യസ്തമെന്നോണം ആദർശസൂചകമായ മാർദ്ദവത്തോടും സരളതയോടുംകൂടി പ്രവഹിച്ചു.

"താങ്കൾ രാജകീയസൌധത്തിൽ ചെന്നപ്പോഴാണ് എന്റെ സ്വാമിയായ സുൽത്താൻ തിരുമേനി അവിടെ ഇല്ലെന്നറിവു കിട്ടിയതു്, അല്ലേ?"

റസ്റ്റം ശിരസ്സുചലിപ്പിച്ചുകൊണ്ടു പറഞ്ഞു: "അങ്ങനെയല്ല മാഹ്മൂദ്. നഗരദ്വാരത്തിൽ എത്തിയപ്പോൾ വിശ്വാസികളുടെ നായകൻ വിദൂരദേശത്തേയ്ക്കു് എഴുന്നള്ളത്തു പുറപ്പെട്ടിരിക്കയാണെന്നറിഞ്ഞു. അതുകൊണ്ടു് വിശ്രമാർത്ഥം എന്റെ അനുചരസംഘത്തെ അവിടെ താമസിപ്പിച്ചിട്ടു് ഞാൻ ഉടൻതന്നെ ഇങ്ങോട്ടുതിരിച്ചു."

"തനിച്ചോ?"

"എന്റെ കാര്യക്കാർകൂടിയുണ്ടു്. മാർഗ്ഗരക്ഷയ്ക്കുവേണ്ടി ധാരയിൽ വച്ചു് ഞാൻ ഒരു സംഘം അശ്വഭടന്മാരെ കൂലിയ്ക്കു് ഏർപ്പാടുചെയ്തു കൂടെ കൊണ്ടുപോന്നു. കുതിരകളുടെ ക്ഷീണംതീർത്താലുടൻ അവർ തിരിച്ചുപോകും."

"അപ്പോൾ, താങ്കൾ പ്രധാനമന്ത്രിയായ സുലൈമാനെ കണ്ടില്ലേ?"

വീണ്ടും റസ്റ്റം തല കുലുക്കി "സുൽത്താൻ കഴിഞ്ഞാൽ അടുത്ത സ്ഥാനവലിപ്പം മാഹ്മൂദ്രാജകുമാരനാണെന്നു് അറിയാൻ കഴിയാത്ത വിധത്തിൽ മാളവരാജ്യത്തുനിന്നും അത്ര വളരെ അകലെയല്ല ഞങ്ങളുടെ വാസം. അല്പകാലത്തേയ്ക്കു് മാമൂദ്ഖാന്റെ മുദ്രാംഗുലീയം ധരിക്കുന്നതിനും അധികാരം വിനിയോഗിക്കുന്നതിനും മറ്റൊരാളെ ചുമതലപ്പെടുത്തിയിരിക്കുന്നതിനെ അത്ര ഗണിക്കാനില്ല.

മാഹ്മൂദ് തന്റെ അതിഥിയെ സൂക്ഷിച്ചുനോക്കി. "അതു സത്യമാണു സഹോദര; എന്റെ സിരകൾ രാജകീയശോണിതംകൊണ്ടു നിറഞ്ഞതാണു്. സുലൈമാന്റെ ദേഹത്തിൽ അത്തരം രക്തം അശേഷമില്ല. താങ്കൾ ഇങ്ങോട്ടു പോന്നതു നന്നായി."

"പ്രധാന മന്ത്രിക്കു നല്ല സുഖമില്ലെന്നും അദ്ദേഹത്തിന്നു് കാലത്തു മോഹാലസ്യം ഉണ്ടായി എന്നും ഒരു വർത്തമാനം പട്ടണത്തിലെങ്ങും പരന്നിരിക്കുന്നു," എന്നു റസ്റ്റം ഉദാസീനഭാവത്തിൽ പറഞ്ഞു.

മാഹ്മൂദ് മെല്ലെ ഒന്നു ചിരിച്ചു. "ഈ പെട്ടെന്നുണ്ടായ മോഹാലസ്യത്തിന്നു് അവർ വല്ല കാരണവും പറഞ്ഞോ? എന്തെന്നാൽ ദീർഘദർശിയുടെ ഉടയാടയാണ സത്യം, സുലൈമാന്നു് മുമ്പൊരിക്കലും ഇങ്ങനെയുള്ള മൂർച്ഛ ഉണ്ടായിട്ടില്ല."

"ഇല്ല, രാജകുമാരാ, പക്ഷെ അദ്ദേഹത്തിന്നു് എന്തെങ്കിലും ദുഃഖവാർത്തയോ അപ്രതീക്ഷിതമായ ഒരു പ്രകമ്പനമോ ലഭിച്ചിരിക്കാമെന്നു് ജനങ്ങൾ അഭിപ്രായപ്പെടുന്നതു ഞാൻ കേട്ടു,"

മാഹ്മൂദ് വീണ്ടും ഒരു പ്രത്യേക രീതിയിൽ ചിരിച്ചു. "പ്രകമ്പനമോ, ശരി അങ്ങനെ ആയിരിക്കാം. അദ്ദേഹത്തിനു വാസ്തവത്തിൽ ഒരു പ്രകമ്പനമുണ്ടായിരിക്കാം."

"ഒരു വയോവൃദ്ധനു നേരിടുന്ന പ്രകമ്പനം ആപൽക്കരമായി പരിണമിക്കാൻ എളുപ്പമുണ്ട്. അങ്ങനെ വരുന്നപക്ഷം മന്ത്രിസ്ഥാനത്തു് ഒരൊഴിവു വരും," എന്നു് ചിന്താഗ്രസ്തനെന്ന മട്ടിൽ റസ്റ്റം പറഞ്ഞു.

മാഹ്മൂദ് ഒരു നിശിതമായ വീക്ഷണത്തെ തന്റെ അതിഥിയുടെമേൽ പതിപ്പിച്ചു.

"സത്യംതന്നെ നാസർഉദീൻ."

പ്രധാന മന്ത്രിപദത്തിനു് തനിക്കുള്ള അവകാശങ്ങളെ സ്ഥാപിച്ചു് മാഹ്മൂദ് ക്ഷുബ്ധനായി പ്രസംഗിക്കുന്നതു കേൾക്കാമെന്നുള്ള ആശയോടുകൂടി റസ്റ്റം കാത്തിരുന്നു. മാഹ്മൂദിനോടു സഹതാപം പ്രദർശിപ്പിച്ചു് തദ്വാരാ അദ്ദേഹത്തിനു് തന്നിൽ വിശ്വാസം ജനിപ്പിക്കുന്നതു റസ്റ്റമിന്റെ കാൎയ്യസാദ്ധ്യത്തിനു് എളുപ്പമായിരുന്നു.

എന്നാൽ മാഹ്മൂദ് അത്ര എളുപ്പത്തിൽ വശ്യനല്ലായിരുന്നു. അതുകൊണ്ടു് റസ്റ്റം മറെറാരുപായം പ്രയോഗിച്ചു. അയാൾ മുന്നോട്ടു ചാഞ്ഞു് സ്വകാൎയ്യമെന്ന മട്ടിൽ പറഞ്ഞു.

"അല്ലയോ മാഹ്മൂദുരാജകുമാരാ ഞാൻ താങ്കളുടെ ചെവിയിൽ പറയാം സുലൈമാൻ അയാളുടെ ഇപ്പോഴത്തെ സ്ഥാനം വഹിക്കുന്നില്ലെന്നും താങ്കളല്ലാതെ മററാരും സുൽത്താന്റെ മുദ്രാംഗുലീയം ധരിക്കുന്നില്ലെന്നും കേൾക്കുന്നതു് സഹോദരനായ പ്രഭുവിനു് അത്യന്തം ആഹ്ലാദകരമായിരിക്കും."

മാഹ്മൂദ് തന്റെ അതിഥിയെ തുറിച്ചുനോക്കിയതല്ലാതെ ഒന്നും പറഞ്ഞില്ല. റസ്റ്റം വീണ്ടും തന്റെ വിഷയത്തിൽ പ്രവേശിച്ചു. "സുൽത്താൻ തിരുമേനി സുലൈമാനെ പ്രധാന മന്ത്രിയായി നിയമിച്ചു എന്നു കേട്ടപ്പോൾ ജ്യേഷ്ഠനുണ്ടായ ക്രോധം അതിരു കവിഞ്ഞതായിരുന്നു. ഇത്ര ക്ഷുബ്ധനായി അദ്ദേഹത്തെ ഞാൻ മുമ്പൊരിക്കലും കണ്ടിട്ടില്ല. ദീനഖലദർശിയുടെ ഖഡ്ഗത്തെക്കൊണ്ടു ഞാൻ സത്യം ചെയ്യുന്നു. ഈ അപമാനം അദ്ദേഹത്തിനു നേരിട്ടിട്ടുള്ളതുപോലെ അദ്ദേഹം കോപംകൊണ്ടു ഭ്രാന്തനായിത്തീൎന്നു. ധാരാനഗരത്തിൽ ചെല്ലുവാൻ എനിക്കു എപ്പോഴെങ്കിലും സംഗതി വരുന്നപക്ഷം ഞാൻ മാഹ്മൂദുരാജകുമാരനെ ആശ്വസിപ്പിക്കും. എന്നെങ്കിലും അദ്ദേഹം പ്രധാന മന്ത്രിപദം അലങ്കരിക്കുമെന്നുള്ളതിനു, സംശയമില്ല, എന്തെന്നാൽ അദ്ദേഹത്തെക്കാൾ ബുദ്ധിമാനായ ഒരാൾ മാമൂദ്ഖാന്റെ രാജ്യത്തിലെങ്ങും ഇല്ല എന്നു പ്രഭു പറഞ്ഞു."

"അദ്ദേഹം അങ്ങനെ പറഞ്ഞോ?" എന്നു മാഹ്മൂദ് വേഗത്തിൽ ചോദിച്ചു.

"അതു മാത്രമല്ല [illegible]ളുടെയും പറഞ്ഞു."

"എന്നാൽ പിന്നെ ആ വിവരത്തിന്ന അദ്ദേഹം എനിക്കെഴുതാഞ്ഞതെന്തു്? അദ്ദേഹം സുലൈമാനെ അനുമോദിച്ചല്ലേ എഴുത്തയച്ചതു്?" എന്നു സംശയഗ്രസ്തനായ മാഹ്മൂദ് കോപത്തോടെ പറഞ്ഞു.

ഒരു ക്ഷണനേരത്തേയ്ക്കു റസ്തം അത്യഗാധമായ ഒരു കുണ്ടിന്റെ വക്കിൽ എന്നപോലെ സ്ഥിതിചെയ്തു. ആജ്മീർപ്രഭുവും മാഹ്മൂദുമായി കത്തിടപാടുണ്ടെന്നു നമ്മുടെ സാധു തസ്കരപ്രമാണി അറിഞ്ഞിരുന്നില്ല. അതുകൊണ്ടു് അദ്ദേഹത്തിന്റെ കഥനാസഹോദരൻ ഇനി വളരെ ആലോചനയോടുകൂടി വേണം നടക്കാൻ. ആജ്മീർ പ്രഭുവിനെപ്പററി എത്രകണ്ടു മിണ്ടാതിരിക്കുന്നുവോ അത്രകണ്ടു നല്ലതെന്നു റസ്തം ഉടൻ നിശ്ചയിച്ചു.

"എന്റെജ്യേഷ്ഠൻ അങ്ങനെ എഴുതിയോ?" റസ്തം വിജയപൂർവമായി വലിയ അത്ഭുതം നടിച്ചു.

"അദ്ദേഹത്തിന്റെ കാര്യസ്ഥനായ നിങ്ങൾക്കറിയാമല്ലോ!" എന്നു് കഠിനസ്വരത്തിൽ മാഹ്മൂദ് മറുപടി പറഞ്ഞു.

"അദ്ദേഹം എന്റെ മുഖത്തുനോക്കി പറഞ്ഞതു് എനിക്കറിയാം. പക്ഷെ പിന്നീടു ഞാൻ അറിയാതെ രഹസ്യമായി എഴുതിയതെന്തെന്നു് എനിക്കറിവില്ല. പ്രഥമകോപം ശമിച്ചതിന്നു ശേഷം പുതിയ അമാത്യനുമായി സമാധാനത്തിലിരിക്കുന്നതു് നല്ലതാണെന്നു അദ്ദേഹത്തിന്നു തോന്നിയിരിക്കാം. എന്നാൽ ഈവിധം എഴുത്തയച്ചു എന്നു് അദ്ദേഹം ഒരിക്കലും എന്നോടു പറഞ്ഞില്ല," എന്നു് റസ്തം കോപഭാവത്തിൽ അറിയിച്ചു.

മാഹ്മൂദ് ഒരു സൂകരാരവം പുറപ്പെടുവിച്ചു. പിന്നെ അദ്ദേഹം ഒരു ദാസിയെ അരികത്തു വിളിച്ചു-അവളുടെ പക്കൽ നിന്നും ഒരു സുവർണ്ണചഷകം നിറച്ചു മധുരമദ്യം വാങ്ങി കുടിച്ചു. അദ്ദേഹം പാത്രം താഴെ വച്ചപ്പോൾ ആ പെൺകിടാവു പൂർവസ്ഥിതിയിൽ പിന്നോക്കം നീങ്ങി നിശ്ചലയായി നിലകൊണ്ടു.

റസ്തം തന്റെ കണ്ണുകളെ ചുഴററി സുൽത്താന്റെ തിരുവാഴി അവിടെയെങ്ങാനും ഉണ്ടെങ്കിൽ കണ്ടുപിടിക്കാമെന്നുള്ള ആശയോടുകൂടി മുറിമുഴുവനും നോക്കി; എന്നാൽ അയാൾക്കു യാതൊരു ലക്ഷ്യവും കിട്ടിയില്ല. പക്ഷെ രാജകുമാരൻ അതിനെ ഒരു സ്വർണ്ണച്ചങ്ങലയിൽ തൂക്കി കഞ്ചുകത്തിനുള്ളിൽ ധരിക്കയോ അല്ലെങ്കിൽ തന്റെ ഉറക്കറയിൽ ഉള്ള വല്ല ഗൂഢസ്ഥലത്തും സൂക്ഷിച്ചുവയ്ക്കയോ, ചെയ്തിരിക്കാമെന്നു് പിന്നെ അയാൾ ആലോചിച്ചു. വിഷമങ്ങൾകൊണ്ടു് അധൈര്യപ്പെടുന്ന ഒരുവനല്ലായിരുന്നു റസ്തം. പക്ഷെ സ്ഥിതിഗതികൾ തനിക്കു വിപരീതമാണെന്നും മാഹ്മൂദിന്റെ തന്ത്രം തന്റേതിൽ നിന്നും ഉപരിയല്ലെങ്കിലും അതിനോടു തുല്യമാണെന്നും അയാൾ മനസ്സിലാക്കിത്തുടങ്ങി.

"ആജ്മീർപ്രഭുവിന്നു് എന്റെ കത്തു് കിട്ടിയോ?" എന്നു മാഹ്മൂദ് പെട്ടെന്നു ചോദിച്ചു.

"അദ്ദേഹം അതിനെപ്പററി എന്നോടൊന്നും പറഞ്ഞില്ല," എന്നു് റസ്റ്റം കരുതലോടുകൂടി ഉത്തരം പറഞ്ഞു.

"അത്ഭുതം തന്നെ! നിങ്ങൾ അദ്ദേഹത്തിൻെറ കാര്യസ്ഥനാണെന്നും പറയുന്നു."

"പ്രഭു ഈയിടെ ചില കാര്യങ്ങളെല്ലാം രഹസ്യമായി തന്നെ വച്ചു കൊണ്ടിരിക്കുന്നു; ആരെയും അദ്ദേഹം വിശ്വസിക്കുന്നില്ല."

"പക്ഷേ ഇങ്ങനെയുള്ള കാര്യത്തിൽ രഹസ്യത്തിൻെറ ആവശ്യമെന്തു്? ഫാത്തിമയുടെ സംഗതി ആജ്മീറിലെങ്ങും പ്രസിദ്ധമല്ലേ?"

താൻ ഇരുന്ന സ്ഥലം താണുപോകുന്നതുപോലെ റസ്റ്റമിനു തോന്നി. ആജ്മീറിൽ നിന്നും വളരെ വളരെ ദൂരെയുള്ള ഒരു പ്രഭുവിൻെറ പേരു പറയേണ്ടിയിരുന്നു എന്നയാൾ വിചാരിച്ചു. ഏതായാലും അപ്പോഴും അയാളുടെ തല പൊങ്ങിത്തന്നെയിരുന്നു.

"ഫാത്തിമയോ? ഹാ രാജകുമാരാ! അവരെപ്പററി എന്താ? ഞാൻ അവിടെ നിന്നും പുറപ്പെട്ടതിനു ശേഷമായിരിക്കും താങ്കളുടെ കത്തുകിട്ടിയതു്; എന്തെന്നാൽ ഞാൻ ആജ്മീറിൽ നിന്നു പുറപ്പെട്ടിട്ടു വളരെ നാളായി വഴിയിൽ പലയിടത്തും താമസിച്ച ശേഷമാണു ഞാൻ ഇവിടെ എത്തിയതു്.

"എന്നാൽ നിങ്ങൾ അവിടെ നിന്നും പോരുമ്പോൾ അക്കാര്യം ഏതു സ്ഥിതിയിൽ ഇരിക്കുന്നു," എന്നു് മാഹ്മൂദ് റസ്റ്റമിനെ തുറിച്ചു നോക്കിക്കൊണ്ടു ചോദിച്ചു:—

മാഹ്മൂദിൻെറ ശങ്കയെ ഉണർത്താതെ ആ സംഭാഷണ വലയിൽനിന്നും തന്നത്താൻ മോചിപ്പിക്കാനുള്ള മാർഗ്ഗമെന്തെന്നു് സംഭ്രാന്തനായി ആലോചിക്കുന്നതിനിടയിലും റസ്റ്റം പണിപ്പെട്ടു് ധൈര്യത്തെ അവലംബിച്ചു.

"അല്ലയോ മാഹ്മൂദ് ഞാൻ വളരെക്കാലമായി യാത്രചെയ്തുകൊണ്ടിരിക്കയാണു്; അതുകൊണ്ടു് നിങ്ങൾക്കറിയാവുന്നതിൽ കൂടുതലായി ഒരു വിശേഷവും എനിക്കറിഞ്ഞുകൂടാ ഏതായാലും ആജ്മീർ പ്രഭു താങ്കൾക്കയച്ചിട്ടുള്ള ഒരെഴുത്തു താമസിയാതെ ഇവിടെ കിട്ടും. അതിൽ നിന്നു കാര്യങ്ങളെല്ലാം അറിയാറാകും." ഇത്രയും പറഞ്ഞിട്ടു് അയാൾ അടുത്തു നിന്ന പെൺകിടാവിനെ കൈകാട്ടി വിളിച്ചു് അയാൾ വേഗം മധുരമദ്യം പകർന്നു് അയാൾക്കു കൊടുത്തു. ഇങ്ങനെ ഏഴെട്ടു കോപ്പ മുന്തിരിച്ചാരായം ഉള്ളിലാക്കിയശേഷം റസ്റ്റം മുന്നോട്ടു ചാഞ്ഞു് സംഭാഷണത്തെ തുടർന്നു.

"അല്ലയോ രാജകുമാരാ, അള്ളാവിൻെറ തിരുവുള്ളത്താൽ ഈ പ്രകമ്പനം മന്ത്രിക്കു് ആപല്ക്കരമായി പരിണമിക്കുന്നു എന്നിരിക്കട്ടെ, എന്നാൽ താങ്കളുടെ ആഗ്രഹം നിറവേററാൻ ഞാൻ എന്തു സഹായമാണു ചെയ്യേണ്ടതു്?"

"ഹേ, നാസർ ഉദ്ദീൻ ദരം താങ്കളുടെ സഹായത്തിനു പ്രതിബന്ധമുണ്ടാക്കും"

"ആജ്മീറിലേക്കുള്ള ദൂരം അത്ര വലുതല്ല."

അതെ ആജ്മീറിലേക്കുള്ളദൂരം വലുതല്ല? പക്ഷെ താങ്കൾമക്കത്തേയ്ക്കല്ലേ പോകുന്നതു്? അക്കാര്യം താങ്കൾ മറന്നിട്ടില്ലെന്നു ഞാൻ വിചാരിക്കുന്നു" മാഹ്മൂദിന്റെ വാക്കുകൾ ദൂരത്ഥദ്യോതകങ്ങളെങ്കിലും മൃദുക്കളായിരുന്നു.

"മറക്കുകയോ— ദീർഘദർശിയുടെ കേശത്താണ് ഞാൻ മറന്നിട്ടില്ല! എന്നാൽ താങ്കളുടെ താല്പര്യങ്ങൾക്കു തുണയായി നില്ക്കാൻ സാധിക്കുമെങ്കിൽ എന്റെ യാത്ര ഇനിയൊരവസരത്തിലേക്കു മാററിവയ്ക്കാം. ഈ കാര്യം എങ്ങനെ പുരോഗമനം ചെയ്യുന്നു എന്നു സൂക്ഷിക്കുന്നതിനിടയിൽ താങ്കളുടെ ഭയാപൂർവമായ ആതിഥ്യത്തിന്റെ കാലാവധി നീട്ടുന്നപക്ഷം താങ്കളെ സഹായിക്കാൻ ഒരാൾ കൂടി ഉണ്ടാവും. ഈ സംഗതിയിൽ എനിക്കു് എന്തെങ്കിലും ഉപകാരം ചെയ്‌വാൻ സാധിക്കുമെങ്കിൽ ഞാൻ അതു കഴിഞ്ഞു് വലിയ മനസ്സമാധാനത്തോടുകൂടി എന്റെ യാത്ര തുടരും."

റസ്റ്റമിനു ഒരവസരം ലഭിച്ചു അതിനെ അയാൾ ധൈര്യസമേതം തനിക്കനുകൂലമാക്കി വിനിയോഗിച്ചു.

"നിങ്ങൾക്കു തൃപ്തിയാകുന്നതുവരെ ഇവിടെ താമസിച്ചുകൊള്ളൂ. നിങ്ങളുടെകൂട്ട് എനിക്കു വലിയ സന്തോഷത്തെയുണ്ടാക്കിക്കഴിഞ്ഞിരിക്കുന്നു. ഇനി നിങ്ങൾ ഇവിടെ നിന്നും ബദ്ധപ്പെട്ടു പോകുന്നതു് എനിക്കു സങ്കടകരമാണ്." മാഹ്മൂദ് രാജകുമാരന്റെ വാക്കുകൾ നവനീതത്തിനു തുല്യം ആസ്വാദ്യങ്ങളായിരുന്നു.

റസ്റ്റം സന്തോഷസമേതം വന്ദനങ്ങളർപ്പിച്ചുകൊണ്ട് ഭൃത്യന്മാരിൽ ഒരുവനെ വിളിച്ചു് താൻ രാജകുമാരനു സമ്മാനമായി കൊണ്ടുവന്നിട്ടുള്ള സമ്മാനങ്ങൾ എടുത്തുകൊണ്ടു വരുവാൻ കല്പിച്ചു. കറുത്ത അടിമകൾ പത്തുപേർ വിലയേറിയ ആഭരണങ്ങളും സുവർണ്ണപാത്രങ്ങളും പട്ടാംബരങ്ങളും ചിത്രവേല ചെയ്ത മരവുരുപ്പടികളും വഹിച്ചുകൊണ്ടു് മെല്ലെ മുറിക്കുള്ളിൽ കടന്നു.

മാഹ്മൂദ് മുൻനടപ്പനുസരിച്ചുള്ള ഉപചാരവാക്കുകൾ പറഞ്ഞ ശേഷം ഓരോ സാമാനവും വളരെ താല്പര്യത്തോടുകൂടി പരിശോധിക്കാൻ തുടങ്ങി.

"നാസർഉദിൻ, താങ്കൾ കൊണ്ടുവന്നിട്ടുള്ള കാഴ്ചദ്രവ്യങ്ങൾ രാജാക്കന്മാർക്കു ചേരുന്നതന്നെവയാണ്. എനിക്കുള്ള നന്ദിയെ പ്രദർശിപ്പിക്കാൻ വാക്കുകൾ കിട്ടുന്നില്ല. എന്നാൽ താങ്കളുടെ മനോഹരമായ ഈ സമ്മാനങ്ങളുടെ കൂട്ടത്തിൽ ആജ്മീറിൽ ഉണ്ടാക്കിയ ഒരു വസ്തുപോലും ഭയക്കാഞ്ഞതു വിചാരിക്കുമ്പോൾ ആ പ്രശസ്തനഗരിയെ താങ്കൾ അധിക്ഷേപിക്കയാണെന്നു വേണം പറവാൻ". അദ്ദേഹം അല്പനേരം മൌനമവലംബിച്ചശേഷം തുടർന്നു പറഞ്ഞു. "ഈ പട്ടുകൾ കാശ്മീരത്തിൽ ഉണ്ടാക്കപ്പെട്ടവയാണ്. ഈ മനോഹരചഷകങ്ങൾ ധാരാനഗരത്തിൽ നിർമ്മിക്കപ്പെട്ടവയല്ലേ?"

അതു യഥാർത്ഥമായിരുന്നു. യാത്രയ്ക്കുള്ള ബദ്ധപ്പാടിൽ സമ്മാനസാധനങ്ങളുടെ കൂട്ടത്തിൽ ആജ്മീർ പട്ടണത്തിൽ തീർക്കപ്പെട്ട എന്തെങ്കിലും

ചേക്കാൻ റസ്റ്റം മറന്നുപോയി. എന്നുതന്നെയല്ല അവയിൽ ചിലതു് വിലയേറിയവയെങ്കിലും സുൽത്താൻെറ അരമനയിൽനിന്നും രണ്ടു മൂന്നു നാഴികയ്ക്കകത്തുള്ള പ്രദേശങ്ങളിൽ ഉണ്ടാക്കപ്പെട്ടവയായിരുന്നു.

റസ്റ്റം വിഷമിച്ചു് ഒരു സമാധാനം പറഞ്ഞു

“വഴിമദ്ധ്യേ നിർഭാഗ്യവശാൽ മൂന്നുകെട്ടു സാമാനങ്ങൾ നഷ്ടമായിപ്പോയി. സാമാനങ്ങളിൽഒന്നും കറയ്ക്കാൻ മനസ്സുവരാഞ്ഞതുകൊണ്ടു ധാരയിൽ വന്നപ്പോൾ ഞാൻ അവിടെനിന്നും പുതിയ സാധനങ്ങൾ വിലയ്ക്കു വാങ്ങി.”

“താങ്കൾ എന്നെ അത്യധികം അത്ഭുതപരതന്ത്രനാക്കുന്നു. എന്തെന്നാൽ ധാരാനഗരത്തിൽ താങ്കൾ ഇത്ര അധികസമയം താമസിച്ചു എന്നുള്ളതു് ഞാൻ അറിഞ്ഞിരുന്നില്ല” എന്നു് മാഹ്മൂദ് നീരസത്തോടെ പറഞ്ഞു.

അതിഥിയുടെ നേരെയുള്ള ബഹുമാനത്തിൻെറ ലക്ഷ്യമായി തയ്യാറാക്കപ്പെട്ടിട്ടുള്ള വിരുന്നു കാലമായി എന്നറിയിക്കാൻ ഈ അവസരത്തിൽ അരമനയിലെ വിചാരിപ്പുകാർ അവിടെ പ്രവേശിച്ചപ്പോൾ റസ്റ്റമിനുണ്ടായ ആശ്വാസം വാഗതീതമായിരുന്നു.

കയ്യിൽ പറ്റിയിരുന്ന പഴങ്ങളുടെയും മധുരപലഹാരങ്ങളുടെയും പശ കഴുകിക്കളഞ്ഞു് കൈലേസുകൾ കൊണ്ടു തുടച്ചു് ശുചിപ്പെടുത്തിയ ശേഷം റസ്റ്റം തൻെറ ആതിഥേയനുമൊരുമിച്ചു ഭക്ഷണശാലയിലേക്കുപോയി.

ചൌര്യവൃത്തിയിൽ വേണ്ടുവോളം ധനം ലഭിച്ചുകൊണ്ടിരുന്ന റസ്റ്റം വിഭവസംപൂർണ്ണമായ ഭക്ഷണത്തെ സംബന്ധിച്ചിടത്തോളം ഒരു അപരിചിതനായിരുന്നില്ലെങ്കിലും ഈയവസരത്തിൽ തൻെറ മുമ്പിൽ ആനയിക്കപ്പെട്ട പലമാതിരി വിലയേറിയ ആഹാരസാധനങ്ങൾ ഇതിനു മുമ്പു ഒരിക്കലും അയാൾ കണ്ടിട്ടില്ലായിരുന്നു. സ്വർണ്ണംകൊണ്ടും വെള്ളികൊണ്ടും ഉണ്ടാക്കപ്പെട്ട പാത്രങ്ങളിൽ വിവിധജാതി മാംസങ്ങൾ, പഴങ്ങൾ എന്നിവയും വജ്രഖചിതമായ ചഷകങ്ങളിൽ നിറച്ചു വച്ചിരുന്ന മധുരമദ്യവും നമ്മുടെ തസ്കരപുംഗവൻെറ ശ്രദ്ധയെ ക്ഷണിച്ചു. ഇതുകൂടാതെ വാദിത്രത്തിൻെറ ശ്രവണമധുരമായ ധ്വനി വായുമണ്ഡലത്തിൽ എങ്ങും വ്യാപിച്ചു പരമാനന്ദത്തെ പ്രദാനം ചെയ്തു.

അതിഥിയെന്ന നിലയിൽ മാന്യസ്ഥാനം ലഭിച്ച റസ്റ്റം തൻെറ മസ്തിഷ്കത്തെ പ്രശാന്തമായും ബുദ്ധിയെ പ്രസന്നമായും വച്ചുകൊണ്ടിരിക്കേണ്ടതു് അത്യന്താപേക്ഷിതമെന്നു കണ്ടു. ബോധരഹിതനായി വല്ല അബദ്ധങ്ങളും വിളിച്ചുപറയാതെ കഴിച്ചുകൂട്ടണമെങ്കിൽ ലഹരിപദാർത്ഥങ്ങൾ ഒന്നും തന്നെ ഉപയോഗിക്കാതിരിക്കണം എന്നും അയാൾ നിശ്ചയിച്ചു. മാഹ്മൂദിൻെറ തലച്ചോറു് 'മദ്യലഹരിക്കധീനമാകുമ്പോൾ അംഗുലീയത്തിൻെറ ഗതിയെപ്പറ്റി തനിക്കു കൂടുതൽ അറിവു ലഭിക്കാൻ അവസരം വരുമെന്നും റസ്റ്റം ആശിച്ചു.

എന്നാൽ മാഹ്മൂദ് അനേകം കോപ്പകളിലെ മദ്യം ഉള്ളിലാക്കിയ

ഇപ്പോൾ നമ്മുടെ തസ്കരനായകനും ഒട്ടും കുറയ്ക്കാതെതന്നെ അനുഭവിച്ചാനന്ദിച്ചു. അയാളുടെ ഭയവും നീങ്ങിത്തുടങ്ങി. സുൽത്താൻെറ രാജ്യത്തുള്ള ഒരു കള്ളനും ആപത്തുകൂടാതെ സാധിക്കാൻ വിഷമമായിരുന്ന രാജമന്ദിരപ്രവേശം അയാൾ സാധിച്ചു. ആതിഥ്യത്തിൻെറ കാലാവധി നീട്ടിവാങ്ങി; ഇനി പക്ഷെ നാളെയോ മററന്നാളോ അല്ലെങ്കിൽ അതിനടുത്ത ദിവസമോ ജ്യോതിരത്തെപ്പററി വല്ല വിവരവും അറിവാനുള്ള അവസരം വന്നുകൂടിയേക്കാം ഇല്ലെങ്കിൽ മതിവരുന്നതുവരെ അവിടെ താമസിച്ചശേഷം തൻെറ സന്ദർശത്തിന്ന് ചില ചെറിയ ലക്ഷ്യങ്ങളുംകൊണ്ടു ആ മന്ദിരത്തോട്ട് രഹസ്യമായി അയാൾ യാത്രപറഞ്ഞു പിരിയും.

സംതൃപ്തനായി പുറകോട്ടു ചരിഞ്ഞുകിടന്നുകൊണ്ടു് അയാൾ നർത്തകിമാരുടെ അഭിനയചാതുരിയെ നോക്കി ആനന്ദിച്ചു. പിന്നീടു തെരുതെരെ കുടിത്തുടങ്ങി; ഒടുവിൽ അയാളുടെ കണ്ണുകളും മുഖവും ബന്ധുകത്തിനൊപ്പം ശോണിമകലർന്നു. അതെ. അതുവരെ എല്ലാം മംഗളമായി കഴിഞ്ഞു. റസ്റ്റം വീണ്ടും വാരുണീസേവ ചെയ്തു.

മുമ്പു് ചൌര്യസംബന്ധമായി പല സാഹസവൃത്തികളിലും പ്രദർശിപ്പിച്ചിട്ടുള്ള ധീരതയെ അവലംബിച്ചിരുന്നിട്ടും റസ്റ്റമിൻെറ വദനശോണിമയെ പലായനം ചെയ്യിച്ചതും സിരകളെ വിറപ്പിച്ചതും അയാളെ ലഹരിയുടെ ആക്രമണത്തിൽനിന്നും മോചിപ്പിച്ചതുമായ ഒരു സംഭവം അപ്പോൾ അവിടെ ഉണ്ടായി.

റസ്റ്റം ഇരുന്ന പര്യങ്കത്തിൻെറ പിന്നിലായി അയാളുടെ ഒഴിഞ്ഞ മദ്യചഷകങ്ങളെ നിറച്ചുകൊണ്ടു് ഒരു ഭൃത്യൻ നിന്നിരുന്നു. മാഹ്മൂദിൻെറ അതിഥി, ഭക്ഷണശാലയിൽ പ്രവേശിച്ചപ്പോൾ ഈ ഭൃത്യൻെറ മുഖത്തിൽ സ്ഫുരിച്ച ആശ്ചര്യരസം വളരെ ജാഗ്രതയോടുകൂടിയ ഒരു പ്രേക്ഷകനു കാണാൻ കഴിയുമായിരുന്നു.

സമുചിതമായ ഒരവസരം ലബ്ധമാകുന്നതുവരെ അയാൾ കാത്തുനിന്നു. തൻെറ വിചാരിപ്പുകാരനോടു ചില കാര്യങ്ങളെപ്പററി വിശദമായ ഒരു കല്പന കൊടുക്കാനായി മാഹ്മൂദ് രാജകുമാരൻ ഒന്നുതിരിഞ്ഞു. ഉടൻതന്നെ ഭൃത്യൻ അതിവേഗത്തിൽ മുന്നോട്ടുചാഞ്ഞു. ബഹുമാനപ്പെട്ട ആജ്മീർ പ്രഭുതിരുമേനിയുടെ കുഹനസഹോദരനും കാര്യസ്ഥനുമായ നാസർഉദ്ദിൻ മദ്യപാത്രം പൊക്കി അധരത്തോടുചേർക്കാൻ തുടങ്ങവേ "റസ്റ്റം" എന്നു മൃദുവായി ഉച്ചരിക്കപ്പെട്ട ഒരു വാക്കു അയാളുടെ ചെവിയിൽ പതിച്ചു.

കോപ്പ ഒരു ഭയങ്കരധ്വനിയോടുകൂടി താഴെവീണു.

## അദ്ധ്യായം ൯

# നിരാബാധമായ ഒരു സംഭാഷണം

സ്വർണ്ണത്തിലും വെള്ളിയിലും ചെയ്ത അനേകം പാത്രങ്ങളുടെ ഇടയിൽ മദ്യത്തെ ചിന്തിക്കൊണ്ടു റസ്സമിന്റെ കൈയിൽനിന്നും വീണ ചഷകത്തിന്റെ ശബ്ദം കേട്ടു് മാഹ്മൂദ് രാജകുമാരൻ തിരിഞ്ഞുനോക്കി.

"ബഹുമാനപ്പെട്ട രാജകുമാരാ, ഞാൻ അനേകം തവണ ക്ഷമയാചനം ചെയ്യുന്നു. പെട്ടെന്നുണ്ടായ ഒരു തലചുററൽ, അത്രേയുള്ളൂ. ഇന്നത്തെ യാത്ര കുറെ അധികമായിപ്പോയി, പിന്നെ—" അയാൾ നിർത്തി, എന്തെന്നാൽ സംഭാഷണം തുടരേണ്ടയാവശ്യം ഉണ്ടായിരുന്നില്ല. വാസ്തവത്തിൽ അയാളുടെ മുഖം വിളറുകയും ചെയ്തു.

ബഹുമാനപ്പെട്ട നാസർഉദ്ദീൻ പ്രഭുവിനെ അദ്ദേഹത്തിന്റെ മുറിയിൽ കൊണ്ടുചെന്നു കിടത്തുവിൻ," എന്നു മാഹ്മൂദ് ആജ്ഞാപിച്ചു. റസ്സം ഭൃത്യന്മാരുടെ സഹായത്തെ അവലംബിച്ചെന്ന ഭാവത്തിൽ തന്റെ മുറിയിലേക്കുപോയി. അയാൾക്കു ഈ സഹായത്തിന്റെ യാതൊരാവശ്യവും ഇല്ലായിരുന്നു. പക്ഷേ, അവസരത്തിന്നനുസരിച്ചു തലകറക്കമെന്നു പറഞ്ഞ സ്ഥിതിക്കു് ആ നാട്യത്തെ തുടർന്നുകൊണ്ടുപോകാതെ അയാൾക്കു് നിവൃത്തിയില്ലെന്നു വന്നു. അവിടം വിടുന്നതിനുമുമ്പായിതന്നെ മനസ്സിലാക്കിയ ആളിന്റെ മുഖം ഒരു നോക്കു കാണാൻ റസ്സം ശ്രമിച്ചു. ഭൃത്യൻ തിരിഞ്ഞു് പാത്രങ്ങളെല്ലാം എടുത്തു ശരിപ്പെടുത്തിക്കൊണ്ടു് നിന്നതിനാൽ അയാളുടെ പിൻഭാഗംമാത്രം കാണുമാനെ നമ്മുടെ തസ്കരനു സാധിച്ചുള്ളൂ. എന്നാലും കണ്ടിടത്തോളം തനിക്കു പരിചയമുള്ള ഒരുവനാണു് അതെന്നു റസ്സം മനസ്സിലാക്കി.

ഭൃത്യന്മാർ അയാളെ കഞ്ചുകത്തെ മാററി നേരിയ ഒരു പുതപ്പുകൊണ്ടു അയാളെ മൂടി. റസ്സം കിടന്നു, എന്നാൽ അതു് ഉറങ്ങാനല്ലായിരുന്നു. തന്റെ സ്ഥിതി ആപൽക്കരമാണെന്നുള്ളതിൽ അയാൾക്കു സംശയമുണ്ടായില്ല. എന്നാലും തന്നെ പരിചരിച്ചുകൊണ്ടു നിന്നവൻ ഒരു മിത്രമോ അല്ലെങ്കിൽ സമനോ ആയി വരാമെന്നുള്ളതിനാൽ തന്റെ രഹസ്യത്തെ അവൻ പുറത്തു വിടുകയില്ലെന്നുള്ള ആശയം നമ്മുടെ കള്ളന്റെ ഹൃദയത്തിൽ അങ്കുരിച്ചു.

അയാളുടെ ഈ വിധമുള്ള ചിന്തകൾ മാഹ്മൂദ് രാജകുമാരന്റെ പ്രവേശനത്താൽ നിരോധിക്കപ്പെട്ടു. തന്റെ വാസ്തവസ്ഥിതി മനസ്സിലാക്കിയ വല്ല ലക്ഷണവും രാജകുമാരനിൽ കാണുന്നുണ്ടോ എന്നറിവാനായി റസ്സം ഒ. തഗതിയിൽ അദ്ദേഹത്തിന്റെ മുഖപരിശോധന കഴിച്ചു എന്നാൽ മാഹ്മൂദിന്റെ ഭാവം സ്നിഗ്ദ്ധമായും സ്വൈരം വിനോദമിളിതമായും ഇരുന്നതേയുള്ളൂ." അപ്പോൾ, പ്രധാന മന്ത്രിമാത്രമല്ല മോഹാലസ്യത്തിന്നധീനനാകുന്നതു്;

എന്നാൽ നിങ്ങളുടെ രോഗം അയാളുടേതിനേക്കാൾ വേഗത്തിൽ സുഖപ്പെടും എന്നു ഞാൻ വിശ്വസിക്കുന്നു." എന്ന് അദ്ദേഹം അരുളിച്ചെയ്തു.

വിരുന്നിനു വിഘാതം വരുത്തിയതിലേക്ക് റസ്റ്റം വീണ്ടും ക്ഷമായാചനം ചെയ്തു. ഭക്ഷണസമയത്തുണ്ടായ തന്റെ പെരുമാററത്തിനു മറെറന്തെങ്കിലും ഒരു കാരണം പറയേണ്ടിയിരുന്നു എന്ന് അയാൾക്കു തോന്നി. "മുമ്പു പററിയ ഒരു ക്ഷതത്തിന്റെ വേദനയെന്നു പറഞ്ഞിരുന്നെങ്കിൽ നന്നായിരുന്നേനെ," എന്ന് ആ തസ്കരൻ പശ്ചാത്താപത്തോടുകൂടി ചിന്തിച്ചു. നല്ല പുരുഷപ്രായത്തിൽ ക്ഷീണം സഹിക്കാൻ കെല്പില്ലെന്നു വരുന്നതു് അയാളുടെ അഭിമാനത്തെ വ്രണപ്പെടുത്തി.

"നിങ്ങൾക്കും ഒരു പ്രകമ്പനം ഉണ്ടായി എന്നതന്നെ കാണികൾ മിക്കവാറും തീർച്ചപ്പെടുത്തും," എന്നു രാജകുമാരൻ തുടർന്നു പറഞ്ഞു.

മാഹ്മൂദ് നേരംപോക്കു് പറകയായിരുന്നോ—അതല്ല ശരിയായ കാരണം താൻ മനസ്സിലാക്കിയെന്ന് സൂചിപ്പിക്കയായിരുന്നോ? പുതപ്പിന്റെ ഉള്ളിലായി റസ്റ്റമിന്റെ മാംസപേശികൾ മുറുകി. കുടുക്കിൽ പെടുത്തുവാനാണ് ഭാവമെങ്കിൽ സ്വാതന്ത്ര്യത്തിനുവേണ്ടി ആശയററ വീഴ്ചയോടുകൂടി ഒരു പ്രഹരമെങ്കിലും അയാൾ ഏല്പിക്കും. എന്നാൽ മാഹ്മൂദിന്റെ ഭാവം തല്ക്കാലികാപൂർവ്വമായ താല്പര്യത്തെ സ്ഫുരിപ്പിക്കുന്ന ഒന്നായി മാറി. അനന്തരം തന്റെ അതിഥിയോടു സുഖമായി ഉറങ്ങാൻ അപേക്ഷിച്ചിട്ട് അദ്ദേഹം മുറിവിട്ടു പോയി.

അരമണിക്കൂർ കഴിഞ്ഞു് വീണ്ടും വാതൽ മെല്ലെ തുറന്നു. "നാസർ ഉദ്ദീൻപ്രഭു, തിരുമേനിക്ക് എന്തെങ്കിലും ആവശ്യമുണ്ടോ:" എന്ന് അഭിവിനോദരസത്തിൽ ഒരു മൃദുസ്വരം ചോദ്യം ചെയ്തു.

ഒരു കുതിപ്പോടുകൂടി റസ്റ്റം തന്റെ കിടക്കയിൽ നിന്നും ചാടിയെഴുന്നേററു. പ്രസന്നമായ ഹാസത്തോടുകൂടിയ ഒരു മുഖം അയാൾ തന്റെ മുമ്പിൽ കണ്ടു. "ഹസ്സനോ ഇതു? അള്ളാവു തന്നാണ നിങ്ങൾ തൻകാര്യം നോക്കുന്നതല്ലാതെ അന്യന്മാരെ സേവിക്കുന്നതു ഞാൻ ഒരിക്കലും കണ്ടിട്ടില്ലല്ലോ." വളരെക്കാലത്തിനു മുൻപു ചൗര്യത്തിൽ തനിക്കു ചങ്ങാതിയായിരുന്ന ഒരുവന്റെ ദർശനത്തിൽ റസ്റ്റമിന്റെ ധൈര്യം രസവേഗത്തിൽ ഉയന്നു.

"പതുക്കെ!" ഹസ്സൻ വാതലടച്ചു, സാക്ഷയിട്ടു പിന്നെ ഇഷ്ടന്റെ സമീപത്തു ചെന്നിരുന്ന് അവസരോചിതമായ മാന്ദ്യത്തോടു കൂടി ആനന്ദസമേതം ചിരിച്ചു. "ഹ! ഹ! എന്താ അതു മഹാപ്രതാപവാനായ പ്രഭുവോ അല്ലല്ല ആജ്മീർ പ്രഭുവിന്റെ സഹോദരനും കാര്യസ്ഥനുമായ നാസർഉദ്ദീൻപ്രഭു, എന്റെ ചങ്ങാതി, റസ്റ്റം നിങ്ങൾ പല വേഷങ്ങളും കെട്ടി ആടിയിട്ടുണ്ട്. എന്നാൽ ഇത്രമാത്രം ഉയന്നസ്ഥാനത്തെ ആഗ്രഹിച്ചിട്ടുള്ളതായി എനിക്ക് ഒരിക്കലും അറിവില്ല. എന്താ പിന്നെ നിങ്ങളുടെ സാഹസത്തിന് ഒരതിരില്ലേ!"

റസ്റ്റം—(തന്റെ പഴയ സ്നേഹിതന്റെ കൈ പിടിച്ചു മുറുക്കിക്കൊണ്ടു്) "നിങ്ങളോ! ശാന്തപ്രകൃതിയായി വിനയഭാവത്തിൽ താൻ അനുഭവിക്കാതെ നിങ്ങൾ അന്യന്മാർക്കു മധുരമദ്യം പകർന്നുകൊടുക്കുന്നതു കാണ്മാൻ ഞാൻ ജീവിച്ചിരിക്കുന്നതു വിചാരിച്ചാൽ അത്ഭുതമല്ലേ? എന്നാൽ വാസ്തവത്തിൽ നിങ്ങളുടെ ധൈര്യം എന്റേതിനെ അതിശയിക്കുന്നു, എന്തെന്നാൽ കുറെ ദിവസത്തേക്കു മാഹ്ദിന്റെ അതിഥിയായി മാത്രമാണു് ഞാൻ ഈ അരമനയിൽ പ്രവേശിച്ചിരിക്കുന്നതു്. നിങ്ങളോ അദ്ദേഹത്തിന്റെ സേവകനായിത്തന്നെ കൂടിയിരിക്കയാണെന്നു തോന്നുന്നു."

ഹസ്സൻ തലകുലുക്കി. "നിങ്ങൾക്കു തെറ്റിപ്പോയി. മാഹ്ദരാജകുമാരന്റെ സുസ്ഥാപിതമായ ഗാർഹികസേവകസംഘത്തിൽ ഞാൻ ഒരു മാന്യസ്ഥാനത്തെ പ്രാപിച്ചിരിക്കുന്നു എന്നുള്ള സംഗതി വാസ്തവംതന്നെ. എന്നാൽ എന്റെ സത്യാവസ്ഥയെല്ലാം മനസ്സിലാക്കിക്കൊണ്ടാണു് ഈ സ്ഥാനത്തു് അദ്ദേഹം എന്നെ നിയമിച്ചിട്ടുള്ളതു് എന്നോടുകൂടി അബീബും ആലിയും ഇവിടെത്തന്നെയുണ്ടു്."

"എന്തു്? മണൽക്കാട്ടിലെ ചെന്നായ്ക്കൾ അടുക്കളയിലെ പൂച്ചകളായിത്തീരുന്ന ?"

"ഒരിക്കലുമില്ലെന്നു് എന്റെ പിതാവിന്റെ താടിയെക്കൊണ്ടു ഞാൻ സത്യം ചെയ്യുന്നു. എന്നാൽ ഞാൻ ചെയ്ത ഒരുപകാരത്തിന് മാഹ്ദ് എനിക്കു നല്ല പ്രതിഫലം തന്നു. ഇനി ഇതിൽനിന്നും കുറച്ചുകൂടി ആദായകരമായ എന്തെങ്കിലും കാര്യം എന്റെ മാർഗ്ഗത്തിൽ വന്നു ചേരുന്ന സമയത്തെ പ്രതീക്ഷിച്ചുമാത്രം ഞാൻ ഇരിക്കയാണു്. എന്റെ ധീരനായ ചങ്ങാതി! അങ്ങനെ ഒരവസരം വരുമ്പോൾ ഞങ്ങൾ ഈ അൽഭുതം നിറഞ്ഞ അരമനയെ വിട്ടുപോകാൻ മടിക്കയില്ല. പിന്നെ ഇവിടം വിടുമ്പോൾ ഞങ്ങളുടെ സന്ദർശനത്തെ സ്മരിപ്പിക്കുന്ന ചില ലക്ഷ്യങ്ങളും, മാഹ്ദ് ഔദാര്യപൂർവ്വം ദാനം ചെയ്യാമെന്നു് പ്രതിജ്ഞ ചെയ്തിട്ടുള്ള ഒരു ചാക്കു സ്വർണ്ണവുംകൂടി കൊണ്ടുപോകുമെന്നുള്ളതിനും സംശയമില്ല.

"ഒരു ചാക്കു സ്വർണ്ണമോ? അത്രയും തരാമെന്നു് അദ്ദേഹം പ്രതിജ്ഞ ചെയ്തിട്ടുണ്ടോ?" എന്നു് അൽഭുതസ്വരത്തിൽ റസ്റ്റം ചോദിച്ചു. പിന്നെ അയാൾ തുടർന്നുപറഞ്ഞു. "ഹസ്സൻ എന്റെ കഠാരയുടെ മുഷ്ടിയെക്കൊണ്ടു ഞാൻ സത്യം ചെയ്യുന്നു. നിങ്ങൾ അദ്ദേഹത്തിനു് ഒരു വിഷമമേറിയ കാര്യമാണു സാധിച്ചുകൊടുത്തിട്ടുള്ളതു്."

'എന്റെ ജീവൻ പണയം വച്ചാണു ഞാൻ ആ കാര്യം സാധിച്ചതു്. ഒരുത്തന്റെ ജീവനോടു താരതമ്യപ്പെടുത്തിനോക്കുമ്പോൾ ഒരു ചാക്കു സ്വർണ്ണം അത്ര വലുതോ? അല്ല, സഹോദരാ, ഈ പരിശ്രമത്തിൽ ഞാൻ വച്ചപണയമാണു് വലുതു്?' എന്നു ഹസ്സൻ ഉത്തരം പറഞ്ഞു.

"ശരിതന്നെ ചങ്ങാതി! എന്നാലും ഒരു ചാക്കു സ്വർണ്ണത്തേക്കാ

എത്രയോ വിലകുറഞ്ഞ ലാഭത്തിനുവേണ്ടി നാം മുമ്പു പലതവണ നമ്മുടെ ജീവനെ പണയത്തിലാക്കിയിട്ടുണ്ടല്ലോ."

"അജ്മീർപ്രഭുവിന്റെ സഹോദരനും കാര്യസ്ഥനുമായുള്ള മഹാത്മാവേ! അതു യഥാർത്ഥംതന്നെ. എന്നാൽ നിങ്ങളുടെ കാര്യം എന്താ? എന്തിനാണ് ഈ വേഷം കെട്ടി പുറപ്പെട്ടിരിക്കുന്നതു്? നിങ്ങളുടെ മണമുള്ള തല പെരുമ്പാമ്പിന്റെ വായിലാക്കി യാതൊരു കേടുംകൂടാതെ അതിനെ വളരെ ദിവസം അവിടെതന്നെ വച്ചുകൊണ്ടിരിക്കാമെന്നാശിക്കുന്ന വിദ്വാൻ ആരാണു്?" എന്നു ഹസ്സൻ പറഞ്ഞു.

റസ്റ്റം—(മന്ദസ്വരത്തിൽ വികാരസൂചകമായി) "ഹസ്സൻ! ഞാൻ ഇപ്പോൾ പുറപ്പെട്ടിരിക്കുന്നതു എനിക്കുവേണ്ടി എന്തെങ്കിലും കാര്യം സാധിക്കാനല്ല, പക്ഷേ ഈ ഉദ്യമത്തിൽ എനിക്കു നല്ല പ്രതിഫലം ഉണ്ടാകുമെന്നതിനു സംശയമില്ല. എന്നാൽ ഇക്കാര്യത്തിന്റെ സ്വഭാവം നോക്കിയാൽ എന്റെ ആവശ്യത്തിനായി അതിനുവേണ്ടി പരിശ്രമിക്കണമെന്നു് എനിക്കു തോന്നുകയില്ല. നിങ്ങളുടെ മനസ്സിലും അങ്ങനെ ഒരാഗ്രഹം ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. നിങ്ങളുടെ ഇവിടത്തെ സാന്നിദ്ധ്യം എന്റെ കാര്യസാദ്ധ്യത്തിനു് ഒരു നല്ല ശകുനമായി ഞാൻ കരുതുന്നു. നിങ്ങൾക്കു് ഇതിൽ എന്നെ വളരെ സഹായിക്കാൻ കഴിയും."

"നിങ്ങൾ അന്വേഷിക്കുന്നതു് എന്താണു്? എന്നു് ഹസ്സൻ താല്പര്യത്തോടുകൂടി ചോദിച്ചു.

റസ്റ്റം—(കരുതലോടെ) "നിങ്ങളോടല്ലാതെ മററാരോടും ഈ കാര്യം പറയാൻ എനിക്കു ധൈര്യമില്ല. പഴയ ചങ്ങാതിമാരായ അബ്ബീബ്, ആലി എന്നിവരോടുപോലും ഞാൻ പറകയില്ല. എന്നാൽ ഹസൻ, നായകത്വത്തിനുവേണ്ടി പിണങ്ങുന്നതിനേക്കാൾ തമ്മിൽ പിരിയുകയാണു് നല്ലതെന്നു നാം തീർച്ചപ്പെടുത്തിയ ആ ദിവസത്തിനു വളരെ മുമ്പുതന്നെ നിങ്ങൾ എന്റെ വിചാരങ്ങളിൽ ഭാഗഭാക്കായിരുന്നു. എന്റെ രഹസ്യത്തെ സൂക്ഷിച്ചുകൊള്ളണമെന്നും അതു മററാരോടും മിണ്ടിപ്പോകരുതെന്നും അള്ളാവിന്റെ തിരുനാമത്തിൽ നിങ്ങളെ ഞാൻ ചുമതലപ്പെടുത്തുന്നു."

"നിങ്ങൾക്കു ഞാൻ വാക്കുതരുന്നു. ഇനി നിങ്ങടെ ആഗ്രഹം എന്തെന്നു പറയൂ. മാഹ്മൂദിന്റെ പാദരക്ഷകളിൽ പതിച്ചിട്ടുള്ള രത്നങ്ങളാണോ? യഥാർത്ഥത്തിൽ ആ രത്നങ്ങൾ വിലയേറിയവയാണു്, അവയിലൊന്നിൽ ഞാൻ കൈകടത്തിയിട്ടുണ്ടു്. എന്നാൽ അദ്ദേഹത്തിന്റെ തലക്കെട്ടിൽ തിളങ്ങുന്ന വജ്രത്തിന്റെ വിലയിൽ കാൽ ഭാഗം പോലും ഈ രത്നങ്ങൾക്കില്ല."

"ഇല്ല, ഹസ്സൻ നിങ്ങളുടെ ഉദ്ദേശം തെററിപ്പോയി" (എന്നു് പറഞ്ഞു സംശയിച്ചു നിറുത്തിയിട്ടു് റസ്റ്റം വീണ്ടും മന്ദസ്വരത്തിൽ തുടർന്നുപറഞ്ഞു) "എന്റെ സഹോദരാ സുൽത്താൻ തിരുമേനി സുലൈമാനെ ഏല്പിച്ചിരുന്ന

രത്നാംഗുലീയം കാണാനില്ലെന്നുള്ള വൎത്തമാനം നിങ്ങളുടെ ചെവിയിൽ
എത്തിയോ?"

ഒരു ക്ഷണനേരത്തേയ്ക്കു ഹസ്സന്റെ നേത്രഗോളങ്ങൾ ശിരസ്സിൽ
നിന്നും പുറത്തേക്കു ഉന്തിവരുന്നതുപോലെ കാണപ്പെട്ടു. പിന്നെ അയാൾ
മുന്നോട്ടാഞ്ഞു കിടക്കയിൽ വീണു് അവൎണ്ണ്യമായ ആഹ്ലാദത്തോടുകൂടി ചിരി
തുടങ്ങി. "ഓ റസ്റ്റം, റസ്റ്റം! സുൽത്താന്റെ രത്നമോതിരത്തെ അന്വേഷി
പ്പാനായി നിങ്ങളെ നിയോഗിച്ച വിധി എത്ര വിചിത്രം? ഇരുപത്തിനാലു
മണിക്കൂറിനിപ്പുറമായി മന്ത്രിയുടെ വിരലിൽ നിന്നും അതിനെ ഊരിയെടു
ത്തതു ഇതേകൈയാണെന്നുള്ള വാസ്തവം നിങ്ങൾക്കറിഞ്ഞുകൂടാ." ആനന്ദത്ത
ള്ളൽ നിമിത്തം അയാൾ കിടക്കയിൽ അങ്ങോട്ടുമിങ്ങോട്ടും കിടന്നുരുണ്ടശേഷം
തുടൎന്നു പറഞ്ഞു, "ചങ്ങാതി, റസ്റ്റം, മോതിരം കൈയ്ക്കലാക്കി തിരിച്ചുകൊടു
ത്താൽ നിങ്ങൾക്കു രണ്ടുചാക്കു സ്വൎണ്ണം തരാമെന്നു് പ്രതിജ്ഞചെയ്തിട്ടുള്ള
തായി പറയു; എന്നാൽ ഞാൻ ഈ നിമിഷത്തിൽ ചിരിച്ചു മരിക്കും."

റസ്റ്റം മിഴിച്ചുനോക്കിത്തുടങ്ങി; പിന്നെ അയാൾ തല പിന്നോട്ടു
ചായ്ച്ചു് വളരെ ഉറക്കെ ചിരിച്ചു. ഹസ്സൻ നിങ്ങൾ മോഷ്ടിച്ചതിനെ കണ്ടു
പിടിക്കാൻ എന്നെ നിയോഗിച്ചതു നോക്കുമ്പോൾ അള്ളാവിനാൽ കൃപാപുര
സ്സരം അരുളപ്പെട്ട ആ വിധി മുമ്പൊരിക്കലും ഇങ്ങനെ ഒരു തന്ത്രം പ്രയോ
ഗിച്ചിട്ടുണ്ടോ? എന്നാൽ ഇനി, ഹസൻ! ആ മോതിരം എവിടെ മറച്ചു വച്ചി
രിക്കുന്നു എന്നു പറയു. അതു പറയുന്ന പക്ഷം, ഭക്ഷണശാലയിൽ വച്ചു്
വെറും ഒരു മണ്ടനെപ്പോലെ എന്റെ പേരുപറഞ്ഞു് എന്നെ ഭയപ്പെടുത്തി
യതിനു ഞാൻ നിങ്ങൾക്കു മാപ്പുതരാം."

"അയ്യൊ! പെൺകുട്ടികളെക്കാൾ കഷ്ടം! അനേകായിരം ആപത്തുക
ളിൽ ചലിക്കാത്ത ഒരു മനുഷ്യൻ അയാളുടെ സ്വന്തം പേരു കേൾക്കുമ്പോൾ
വിവൎണ്ണനായി കൈയിൽ നിന്നും പാത്രം താഴെയിട്ടുമെന്നു് എനിയ്ക്കുതങ്ങ
നെ അറിയാം. വാസ്തവത്തിൽ റസ്റ്റം നിങ്ങൾ കുറച്ചുകൂടി ഉറപ്പോടെ
നിങ്ങളുടെ യാനപാത്രത്തെ നയിച്ചില്ലെങ്കിൽ നാളെ വെളുപ്പിനു കാക്കകര
യുമ്പോൾ നിങ്ങൾ ആജ്മീറിലേയ്ക്കോ മക്കത്തേയ്ക്കോ പുറപ്പെടുകയാണു്
ബുദ്ധിപൂൎവ്വമായ ഉപായം."

"തിരിച്ചു പോകയോ? സുൽത്താന്റെ തിരുവാഴി കൂടാതെ ഒരിക്കലും
ഞാൻ ഇവിടന്നു പോകയില്ല. പ്രത്യേകിച്ചും യാതൊരാപത്തും കൂടാതെ
ഞാൻ ഇവിടംവരെ വന്നു് മണലാരണ്യത്തിലെ ഹസ്സനെ 'കണ്ടുമുട്ടിയസ്ഥി
തിക്കു എന്റെ ഉദ്ദേശം സാധിക്കാതെ ഞാൻ പോകുമോ? മോതിരം ഒളിച്ചു
വച്ചിരിക്കുന്ന സ്ഥലം ഏതെന്നു നിങ്ങൾക്കറിവില്ലാത്തപക്ഷം അതിനെ
പ്പററി അറിവാൻ എനിക്കുണ്ടാകുന്നതിനേക്കാൾ നല്ലയവസരം നിങ്ങൾക്കു
ണ്ടാകും. പഴയ ചങ്ങാതിമാരായ നാം ഒത്തുചേൎന്നിട്ടു് മാഹ്മൂദിന്റെ കൺ

മുമ്പിൽ വച്ചായാലും നമ്മുടെ ഉദ്ദേശം സാധിക്കാൻ ശക്തന്മാരായില്ലെന്നു വരുന്നതു് വലിയ കുറവാണു്."

"ഓ! അതു സൂക്ഷിച്ചിരിക്കുന്നതെവിടെയാണെന്നു എനിയ്ക്കറിയാം; എന്നാൽ മാഹ്ദു അവിടെ നിന്നും അതിനെ മാററിവച്ചിട്ടുണ്ടോ എന്നു നിശ്ചയമില്ല. മററാക്കെങ്കിലും അതിരിക്കുന്ന സ്ഥലം അറിയാമോ എന്നു സംശയമാണു്. ആ ഷാള, അബ്ദുള്ളയും അറിഞ്ഞിട്ടില്ല. എന്തെന്നാൽ ഇന്നലെ രാത്രിയിൽ ഞാൻ ആ മോതിരം ഇവിടെ കൊണ്ടുചെന്നപ്പോൾ മററാരും മാഹ്ദിനോടൊരുമിച്ചുണ്ടായിരുന്നില്ല. ഞാനാകട്ടെ ഇക്കാര്യം അബീബ്, ആലി എന്നിവരോട്പോലും അറിയിച്ചിട്ടില്ല, എന്തെന്നാൽ ഇങ്ങനെയുള്ള സംഗതികളിൽ എത്ര ചുരുക്കംപേർ രഹസ്യം അറിയുന്നോ അത്രയും നല്ലതു്."

"മോതിരത്തെ സംബന്ധിച്ച രഹസ്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയ മാഹ്ദു അതിനെ മറച്ചുവച്ചിരിക്കുന്ന സ്ഥലമേതെന്നു നിങ്ങളെ അറിയിച്ചതിൽ ഞാൻ അത്ഭുതപ്പെടുന്നു," എന്നു റസ്ററം പറഞ്ഞു.

"എന്നെ മനസ്സിലാക്കിച്ചു എന്നോ? അതേ! യഥാർത്ഥത്തിൽ എന്നെ മനസ്സിലാക്കിച്ചു. എന്നാൽ അതു് അറിവോടു കൂടിയല്ല. അദ്ദേഹം എന്നോടു അനേകം ചോദ്യങ്ങൾ ചെയ്തു. എന്നെ വളരെ പ്രശംസിച്ചു; പിന്നെ ഇക്കാര്യം വലിയ രഹസ്യമായി വച്ചുകൊള്ളണമെന്നും പുലർച്ചയ്ക്കു വീണ്ടും എന്നോടു സംസാരിച്ചുകൊള്ളാമെന്നും പറഞ്ഞു എന്നെ പുറത്തയച്ചു.

"ശരി, എന്നിട്ടു്" എന്നു റസ്ററം ചോദിച്ചു. ഹസ്സൻ ചിരിച്ചു. ഞാൻ അദ്ദേഹത്തെ വിട്ടുപോയി എന്നു മാഹ്ദു വിചാരിച്ചു. എന്നാൽ അദ്ദേഹത്തിന്റെ കണ്ണുകൾ ആനന്ദത്തോടെ ആ രത്നത്തിൽത്തന്നെ പതിഞ്ഞിരുന്നതിനാൽ കതകു തുറക്കുന്നതും അടയ്ക്കുന്നതും ആയ ശബ്ദം കേൾക്ക മാത്രമേ ചെയ്തുള്ളു. കതകടച്ചു എന്നുള്ളതു സത്യം തന്നെ, പക്ഷേ ഞാൻ അകത്തുനിന്നും കൊണ്ടാണു് കതകടച്ചതു്. പിന്നെ ഞാൻ കൊത്തുപണി ചെയ്തിട്ടുള്ള ഒരു മരത്തടിയുടെ പിന്നിൽ പതുങ്ങി ഇരിപ്പായി. ഏകദേശം അരമണിക്കൂറിനു മേൽ സമയം മോതിരത്തെ നോക്കിക്കൊണ്ടു അദ്ദേഹം ആഹ്ലാദസൂചകമായ ശബ്ദങ്ങൾ പുറപ്പെടുവിച്ചു. അനന്തരം കിടക്കയുടെ തലക്കൽ ചിത്രപ്പണികൾ ചെയ്തുവച്ചിരുന്ന ഒരു സിംഹശിരസ്സിലേക്കു അദ്ദേഹത്തിന്റെ കരം ദ്രുതഗതിയിൽ ചെന്നു. ഇടത്തേ കണ്ണാണു അദ്ദേഹം അമർത്തിയതെന്നു് തോന്നുന്നു. എനിക്കിപ്പോൾ നിശ്ചയമായി പറവാൻ നിവൃത്തിയില്ല. ഏതായാലും ആ ശിരസ്സിനു് ജീവനുണ്ടെന്നു തോന്നിക്കുംവണ്ണം അതു വായ്പൊളിച്ചു് ഒരു ചെറിയ ദ്വാരത്തെ പ്രത്യക്ഷമാക്കി. മാഹ്ദു മോതിരത്തെ അതിനുള്ളിൽ സൂക്ഷിച്ചശേഷം—വലത്തു കണ്ണിൽ അമർത്തിയാണെന്നു തോന്നുന്നു: അതിനെ അടച്ചു."

റസ്ററം സന്തോഷം കൊണ്ടു കൈകൊട്ടി.

“പിന്നെ? എന്നയാൾ ചോദിച്ചു.”

“വിശേഷിച്ചൊന്നും ഇല്ല. എൻെറ പുതിയ യജമാനൻ ഉറങ്ങാൻ കിടന്നു. അദ്ദേഹം ഉറക്കമായി എന്നു അദ്ദേഹത്തിൻെറ ശ്വാസോച്ഛ്വാസത്തിൽനിന്നും അറിവായപ്പോൾ ഞാൻ പതുക്കെ എഴുന്നേററു പുറത്തുകടന്നു. ഇപ്പോൾ എൻെറ ചങ്ങാതി, നിങ്ങളുടെ വാക്കു കേട്ടതിൽ മോതിരത്തിൻെറ ഗതിയെപ്പററിയുള്ള ഈ അറിവു ആദ്യം അതിനെ കയ്ക്കലാക്കുന്നതിൽ എനിക്കുണ്ടായ വിജയത്തിനൊപ്പം വിലയുള്ളതെന്നു എനിക്കു ബോദ്ധ്യമായിരിക്കുന്നു.”

“ഓ ഹസ്സൻ, നിങ്ങളുടെ പ്രവൃത്തികൾ അത്ഭുതാവഹങ്ങൾ തന്നെ! നാം തമ്മിൽ പിരിഞ്ഞപ്പോൾ എൻെറ സഹായം കൂടാതെയുള്ള നിങ്ങളുടെ ശ്രമം വിഫലമാകുമെന്നായിരുന്നു എൻെറ വിചാരം—എന്നാൽ ; ഇപ്പോഴാകട്ടെ നിങ്ങൾ കുശാഗ്രബുദ്ധിയും ഉല്പന്നമതിയും ആണെന്നു തന്നെ തെളിഞ്ഞിരിക്കുന്നു.” റസ്ററമിൻെറ പ്രശംസ പ്രോത്സാഹജനകമായിരുന്നു.

“ദീർഘദർശി സത്യമായി, മനുഷ്യനു് എപ്പോഴെങ്കിലും ഇത്ര അഹംഭാവമുണ്ടായിട്ടുണ്ടോ? എൻെറ കാര്യം പറകയാണെങ്കിൽ എന്നോടു പാഠം പഠിക്കേണ്ട ഒരു കാലം നിങ്ങൾക്കുണ്ടാകുമെന്നാണു് എനിക്കു തോന്നുന്നതു്,” എന്നു ഹസ്സൻ വിനോദസ്വരത്തിൽ പറഞ്ഞു.

റസ്റ്റം—“ഹസ്സൻ, എൻെറ പ്രിയപ്പെട്ട ചങ്ങാതി നിങ്ങളും നിങ്ങളുടെ കൂട്ടുകാരും കഴിവുള്ളിടത്തോളം വേഗത്തിൽ ഇവിടം വിടേണ്ടതാണെന്നുള്ള വിചാരം നിങ്ങൾക്കുണ്ടായിട്ടില്ലേ? ഇത്ര ഭയങ്കരമായ ഒരു രഹസ്യത്തെ മറച്ചുവയ്ക്കാനുള്ള ആഗ്രഹത്താൽ മാഹ്മൂദ് നിങ്ങളുടെ കഴുത്തറുക്കാൻ മടിക്കയില്ല.”

ഹസ്സൻ മെല്ലെ തലയാട്ടി. “റസ്റ്റം എനിക്കു് ആ വിചാരം ഇല്ലാതില്ല. ഞാൻ സദാ ജാഗ്രതയോടുകൂടിത്തന്നെ ഇരിക്കയും ചെയ്യുന്നു. രാത്രിയും പകലും നല്ല മൂർച്ചയുള്ള കഠാരയുംകൊണ്ടാണു് ഞാൻ നടക്കുന്നതു്. എന്നാൽ മാഹ്മൂദ് അങ്ങനെ ചെയ്യുമെന്നു ഞാൻ വിചാരിക്കുന്നില്ല എന്തെന്നാൽ അങ്ങനെ ഒരുദ്ദേശം അദ്ദേഹത്തിനുണ്ടായിരുന്നെങ്കിൽ ഞാൻ മോതിരവുംകൊണ്ടു തിരിച്ചു വന്നശേഷം ഒരുമണിക്കൂറിനകം എൻെറവധം സാധിക്കരുതാഞ്ഞതോ? കൂടാതെയും എന്നെപ്പോലുള്ള ആളുകളാണു് കൂടെക്കൂടെ അദ്ദേഹത്തിൻെറ കാര്യസാദ്ധ്യത്തിനാവശ്യപ്പെടുന്നതു്. പിന്നെ അദ്ദേഹത്തിൻെറ ഭൃത്യവർഗ്ഗത്തിൽ പലരും ഓരോ രഹസ്യത്തെ സൂക്ഷിക്കുന്നവരുമാണു്. വേണ്ട, റസ്ററം, എൻെറ സംഗതിയിൽ നിങ്ങൾക്കു യാതൊരു ഭയവും വേണ്ട. നിങ്ങളുടെ രക്ഷയെ മാത്രം നോക്കിക്കൊള്ളു.”

“മാഹ്മൂദ് എന്നെപ്പററി എന്തെങ്കിലും സംശയിക്കുന്നതായി നിങ്ങൾക്കു തോന്നുന്നുണ്ടോ?”

“സംശയം അദ്ദേഹത്തിൻെറ രക്തത്തിൽതന്നെ കലർന്നിരിക്കയാണു്. നിത്യവും മാഹ്മൂദ് അതിനെത്തന്നെ ശ്വസിക്കുന്നു. തൻെറ സേവകവർഗ്ഗ

ത്തെയല്ലാതെ മാഹ്മൂദ് ആരെയും വിശ്വസിക്കുന്നില്ല; അവരെത്തന്നെയും അദ്ദേഹം പലവിധത്തിൽ പരിശോധിച്ച് അവരുടെ സ്വാമിഭക്തിയെ ഗ്രഹിക്കുന്നു. നിങ്ങളുടെ യാഥാർത്ഥ്യത്തെ അദ്ദേഹം സംശയിക്കുന്നു എന്നു ഞാൻ പറയുന്നില്ല, പക്ഷെ നിങ്ങളുടെ സദുദ്ദേശത്തെപ്പററി ശരിയായ തെളിവു കിട്ടുന്നതുവരെ അദ്ദേഹം സംശയിക്കതന്നെ ചെയ്യും."

റസ്ററം:—"എൻെറ വാക്കുകളെ അദ്ദേഹം സംശയിക്കുന്നു, എന്ന് എനിക്ക് ഒരിക്കൽ തോന്നി. എന്നാൽ ഞാൻ അദ്ദേഹത്തിൻെറ കണ്ണിൽ മണ്ണിട്ടു എന്നു തന്നെ അഭിമാനിക്കുന്നു. അദ്ദേഹത്തിൻെറ ചോദ്യങ്ങൾ കൌശലത്തിലായിരുന്നു. എന്നാൽ എൻെറ ഉത്തരങ്ങൾ സമർത്ഥങ്ങളായിരുന്നു!"

"സമർത്ഥങ്ങൾ തന്നെ പക്ഷെ വിശ്വാസജനകങ്ങളല്ല," എന്ന് ഒരു സ്വരം പുച്ഛരസത്തിൽ പറഞ്ഞു.

യവനികകൾ വേഗത്തിൽ നീങ്ങി, മാഹ്മൂദ്‌രാജകുമാരൻ ആ മുറിയുടെ അററത്ത് ചുമരിനകത്തു ഒരു ചെറിയ മുറിയിൽ ഇരിക്കുന്നതായി കാണപ്പെട്ടു.

## അദ്ധ്യായം ൭

# മാഹ്മൂദിൻെറ വ്യവസ്ഥകൾ

മാഹ്മൂദ് രാജകുമാരൻെറ അപ്രതീക്ഷിതമായ സാന്നിദ്ധ്യത്താൽ സംഭ്രാന്തരും, തങ്ങളുടെ സംഭാഷണം മുഴുവനും അദ്ദേഹം ഒളിച്ചിരുന്നു കേട്ടിരിക്കുമെന്നുള്ള വിചാരത്താൽ ചകിതരും ആയിത്തീർന്നു എങ്കിലും ആ തസ്കരദ്വയം അവസരോചിതമായ ദൃഢനിശ്ചയത്തോടുകൂടി ദ്രുതഗതിയിൽ പ്രവർത്തിച്ചു.

ഒരേ സമയത്തിൽ ഒരു ഹൃദയത്തിലെന്നപോലെ താഴെ പറയും പ്രകാരമുള്ള ചിന്ത അവരിൽ ഉദിച്ചു—അരമനയിൽ നിന്നും രക്ഷപ്പെടുവാൻ വേണ്ടി അല്പനേരത്തേയ്ക്കു മാഹ്മൂദിനെ നിശ്ശബ്ദനാക്കണം. രാജകുമാരൻെറ അധരത്തിൽനിന്നും ആക്ഷേപസൂചകമായ ആ വാക്കുകൾ പുറപ്പെട്ട നിമിഷത്തിൽ അടയാളം കാണിച്ചതു് ഹസ്സനായിരുന്നു, "ഒരു ചാട്ടത്തിനു അയാളെ പിടികൂടി വായ് മൂടികെട്ടണം, എന്നാൽ കൊല്ലരുതു്" എന്നു ഉത്തരക്ഷണത്തിൽ ഹസ്സനിൽനിന്നും 'ശ്' ൽക്കാരത്തോടുകൂടി പുറപ്പെട്ട വാക്കുകളുടെ സാരം റസ്തമിനു് ഉടൻ മനസ്സിലായി.

ശക്തിയേറിയ പ്രക്ഷേപണയന്ത്രങ്ങളിൽനിന്നും മുക്തങ്ങളായ ശിലകളെന്നപോലെ അവർ ഉഗ്രക്രോധത്തോടുകൂടി രാജകുമാരൻെറ നേർക്കു പാഞ്ഞു. ഇതിനിടയിൽ ശത്രുവിൻെറ വായിൽ അടയ്ക്കുവാൻ ഹസ്സൻ ഒരു തുണിയും കയ്യിലാക്കിയിരുന്നു. എന്നാൽ അവരുടെ വേഗത്തെയും വെല്ലുന്ന വേഗത്തോടുകൂടി ഭീമകായന്മാരും മഷിപോലെ കറുത്തവരും ആയ രണ്ടു രക്ഷിഭടന്മാർ യവനി

കയുടെ ഇരുഭാഗത്തുനിന്നും നിശ്ശബ്ദരായി നീങ്ങി തങ്ങളുടെ സ്വാമിയുടെ മുമ്പിൽ നിലകൊണ്ടു; നമ്മുടെ തസ്കരന്മാരാകട്ടെ കോശമുക്തമായി തിളങ്ങുന്ന കൃപാണങ്ങളിൽചെന്നു പതിക്കാതിരിക്കാൻ വളരെ പണിപ്പെടേണ്ടിവന്നു.

മാനുഷികമായ പ്രതിബന്ധത്തിന്റെ പിന്നിൽ സുസ്ഥിതനായ മാഹ്മൂദ് രാജകുമാരന്റെ അധരത്തിൽനിന്നും നിന്ദാസൂചകമായി ഉച്ചത്തിൽ ഒരു ഹാസം പൊട്ടിപ്പുറപ്പെട്ടു. പിന്നെ ശാന്തമായി സ്വാഭാവികമായുള്ള ഗതിയോടുകൂടി ആ ഭടന്മാർ ഓരോ വശത്തേക്കു നീങ്ങി മാഹ്മൂദിനു തങ്ങളുടെ ഇടയിൽകൂടി മുൻവശം കാണത്തക്കനിലയിൽ നിന്നു.

“അജ്മീർ പ്രഭുവിന്റെ അനുജനു് ബുദ്ധിയെ വിനിയോഗിക്കുന്ന കാര്യത്തിൽ ഇനിയും വളരെ പഠിക്കാനുണ്ടു്,” എന്നു് പുച്ഛരസത്തിൽ ചില വാക്കുകൾ പുറപ്പെട്ടു.

“എന്നാൽ അതു പഠിക്കാൻ അയാൾ ശരിയായ സ്ഥലത്തു വന്നിരിക്കയാണു്. എന്തെന്നാൽ ദീർഘദർശി സത്യമായിട്ടു്, ഹേ രാജകുമാരാ, അങ്ങയുടെ സാമർത്ഥ്യം, ധാരയിലെ മററാരെയും വഞ്ചിക്കുമായിരുന്ന ഈ വേഷപ്പകർച്ചയെ കണ്ടുപിടിച്ചിരിക്കുന്നു,” എന്നു് സങ്കോചംകൂടാതെ റസ്റ്റം ഉത്തരം പറഞ്ഞു.

ഈ വാക്കുകൾ ധീരതയോടുകൂടിതന്നെയാണു് ഉച്ചരിക്കപ്പെട്ടതു്. മുഖസ്തുതിക്കു അടിമപ്പെടുന്ന സ്വഭാവമുള്ള ആ രാജകുമാരനാകട്ടെ, പരാജിതനെങ്കിലും ജേതാവിന്റെ മേൽ സ്തുതിവർഷം ചൊരിയാൻ സമർത്ഥനായ ആ മനുഷ്യനെ മാനിക്കാതിരിക്കാൻ ശക്തനായില്ല. “നീയൊരു ധീരൻതന്നെ. ഇനി നിന്റെ കഥ കേൾക്കട്ടെ. എന്നാൽ വാസ്തവം പറയണം, അല്ലെങ്കിൽ ഖുറാൻ സത്യമായി നീയിനി ഒരിക്കലും മിണ്ടുകയില്ല.”

തനിക്കു കയ്യാളാവുന്നിടത്തോളം സ്വൈരഭാവത്തിൽ റസ്റ്റം ഉടനെ ആരംഭിച്ചു.

“എന്നാൽ മഹിമയേറിയ രാജകുമാരാ, കേട്ടുകൊൾക: ഉജ്ജയിനിയിലെ റസ്റ്റമായ ഞാൻ മൂന്നുദിവസങ്ങൾക്കുമുമ്പു ധാരയിൽവച്ചു ബന്ധിക്കപ്പെട്ടു. സുൽത്താന്റെ അരമനയ്ക്കടുത്തു പാർക്കുന്ന ഒരു തടിച്ച കച്ചവടക്കാരന്റെ വകയായ ചില സാമാനങ്ങൾ മോഷ്ടിച്ച കുററത്തിനാണു എന്നെ പിടികൂടിയതു്. എന്നാൽ ആ സാമാനങ്ങൾ അവന്റെ വകയല്ല; അവനും അവയെ മോഷ്ടിച്ചതുതന്നെയാണെന്നത്രെ എന്റെ ദൃഢവിശ്വാസം. ഇന്നുകാലത്തു ഞാൻ വിധിയെ പ്രതീക്ഷിച്ചിരിക്കവേ, ചിരകാലമായുള്ള എന്റെ അഭ്യാസത്തിനു യോജിക്കുംവണ്ണമുള്ള ഒരു സഹായം പ്രധാനമന്ത്രി എന്നിൽനിന്നാവശ്യപ്പെട്ടു. സുൽത്താൻ അദ്ദേഹത്തെ ഏല്പിച്ചിരുന്ന തിരുവാഴി ഇന്നലെ രാത്രി കാണാതെയായി എന്നു സുലൈമാൻ എന്നെ ധരിപ്പിക്കയുംചെയ്തു.

“മോതിരം എന്റെ കയ്യിൽ അകപ്പെട്ടിട്ടുണ്ടെന്നു സുലൈമാൻ

സംശയിച്ചതിനു വല്ല കാരണവും അയാൾ പറഞ്ഞോ?" എന്നു പ്രത്യക്ഷമായ താല്പൎയ്യത്തോടുകൂടി മാഹ്മൂദ ചോദിച്ചു.

"ഇല്ല, മഹിമയേറിയ രാജകുമാരാ, ഇപ്രകാരം ഒരുപായം രൂപീകരിക്കാൻ ധൈൎയ്യവും അതിന്റെ പ്രവൃത്തിപദ്ധതിയിൽകൊണ്ടുവരാനുള്ള സാമൎത്ഥ്യവും ഈ രാജ്യത്തു് മററാൎക്കുമില്ലെന്നുള്ള പരമാൎത്ഥം പ്രധാനമന്ത്രിക്കു നല്ലപോലെ അറിയാമെന്നാണു എനിക്കു തോന്നുന്നതു്."

റസ്റ്റം ഈ സ്തുതിയെ അതി ഭംഗിയിൽ അവതരിപ്പിച്ചു. അതു് അതി പ്രസന്നഭാവത്തിൽ സ്വീകരിക്കപ്പെട്ടു എന്നു കണ്ടപ്പോൾ അയാൾ നിതരാം ഉൽഫുല്ലനായി.

"എന്നാൽ അയാൾക്കു ഈ സംശയത്തിനു വല്ല തെളിവും കിട്ടിയിട്ടുണ്ടോ?" എന്നു മാഹ്മൂദ ചോദിച്ചു.

റസ്റ്റം — "യാതൊരു തെളിവും കിട്ടീട്ടില്ലെന്നു ഞാൻ ഉറപ്പായി പറയുന്നു. എന്തെന്നാൽ തെളിവിനു യാതൊരുവിധമായ ലക്ഷ്യവും കൊടുക്കാതെയും അവിടത്തെ രാജകീയമായ നാമത്തെ ഇതിനോടു ഘടിപ്പിക്കത്തക്ക ഏററവും അസ്പഷ്ടമായ ലാഞ്ഛനത്തിനുപോലും അവസരം അനുവദിക്കാതെയും അത്ര കണ്ടു സംപൂൎണ്ണമായ വിജയത്തോടുകൂടിയാണു ഹസ്സൻ ഈ കാൎയ്യം നിറവേററിയതു്."

മാഹ്മൂദിന്റെ കറുത്ത കണ്ണുകൾ അല്പംകൂടി അനുകൂലഭാവത്തിൽ ഹസ്സന്റെ മേൽ പതിഞ്ഞു. പിന്നെ അദ്ദേഹം തിരിഞ്ഞു റസ്റ്റമിനോടു ആജ്ഞാപിച്ചു.

"ഇനി കഥ തുടരുക."

"ഈ കാൎയ്യമൊക്കെ ഞാൻ കയ്യേൾക്കുന്ന പക്ഷം എന്റെ മേൽ ആരോപിക്കപ്പെട്ടിരിക്കുന്ന അപരാധത്തിനു മാപ്പു തരാമെന്നു മന്ത്രി കല്പിക്കയും ചെയ്തു. അതുകൊണ്ടാണു് ഞാൻ ഈ സാഹസത്തിനുതുനിഞ്ഞതു്. എന്റെ ബുദ്ധി അവിടത്തേതിനോടു കിടയില്ലെന്നു തെളിഞ്ഞു."

"എന്റെ മിത്രമായ ആജ്മീർപ്രഭുവിന്റെ അനുജനും കാൎയ്യസ്ഥനുമായി വേഷം മാറാൻ നിന്നെ പ്രേരിപ്പിച്ചു ആ ഉപായം ആരുപറഞ്ഞുതന്നു?"

"സുൽത്താന്റേതിനോടു തുല്യമെന്നും മന്ത്രിയുടേതിനെ അതിശയിക്കുന്നതെന്നും സൎവ്വത്ര വിഖ്യാതമായുള്ള അവിടുത്തെ ഉദാരമായ ആതിഥ്യത്തെ അവലംബിച്ചു് സന്ദൎശനത്തിനായി പുറപ്പെടുന്ന ഒരു പ്രഭുവിന്റെ വേഷത്തിൽ മാത്രമേ ഈ അരമനയിൽ പ്രവേശം ലഭിക്കയുള്ളു എന്നു എനിക്കു തോന്നി. സുലൈമാനും അദ്ദേഹത്തിന്റെ പുത്രിയായ സുലൈഖയും കൂടി ആലോചിച്ചാണു് എനിക്കു പേർ നിശ്ചയിച്ചതു്. ഇതുകൂടാതെ അവർ എന്റെ യാത്രയ്ക്കു വേണ്ട സകല ഏൎപ്പാടുകളും ചെയ്കയും കാഴ്ചദ്രവ്യങ്ങൾ തരികയും ചെയ്തു. അല്ലയോ കുലീനനായ രാജകുമാരാ, ഇവിടെയും അവിടത്തെ കുശാഗ്രമായ ബുദ്ധിതന്നെയാണു വിജയം പ്രാപിച്ചതു്, എന്തെ

ന്നാൽ അജ്മീറിൽ ഉണ്ടാക്കിയ ഏതെങ്കിലും സാമാനങ്ങൾ സമ്മാനങ്ങളുടെ കൂട്ടത്തിൽ ചേക്കാൻ ഞങ്ങൾ വിട്ടുപോയെങ്കിലും അവിടന്ന് അതു കണ്ടുപിടിച്ചു.”

“സുലൈഖ, അവളും എന്നെ സംശയിക്കുന്നോ?” റസ്റം വണങ്ങി “അതേ അവരും അവിടത്തെ ധൈര്യത്തെ വിലവയ്ക്കുന്നു. എന്നാൽ അതും യാതൊരു തെളിവുംകൂടാതെയാണ്. ശരിയായ തെളിവൊന്നും അവിടത്തെയ്ക്കെതിരായി ഇതുവരെ ഉണ്ടായിട്ടില്ല.” “വിരുന്നുസമയത്തു നിങ്ങൾക്കുണ്ടായ അസ്വാസ്ഥ്യം?” അതു ഒരു പഴയ ചങ്ങാതി എന്നെ മനസ്സിലാക്കിയതുകൊണ്ടു മാത്രമാണ്; അയാൾക്കു വേണ്ടി ഞാൻ അവിടുത്തോട് ഇതാ യാചിക്കയും ചെയ്യുന്നു. പരമാർത്ഥം പറകയാണെങ്കിൽ, രാജകുമാരാ, ഏകനായി അരമനയിൽ പ്രവേശിച്ചു അവിടത്തെ ദുർഘടങ്ങളൊന്നും വകവയ്ക്കാതെ രക്ഷിഭടന്മാരെയും കടന്നു സകല ആപത്തുകളെയും തരണം ചെയ്തു തന്റെ കയ്യിൽനിന്നും മുദ്രാംഗുലീയത്തെ തട്ടിക്കൊണ്ട് അംബരമണ്ഡലത്തിൽ ഒരു ധൂമഗോളംപോലെ അന്തർദ്ധാനം ചെയ്തവനെപ്പററി സുലൈമാനു തോന്നീട്ടുള്ള ബഹുമാനം ഇനിയും അവസാനിച്ചിട്ടില്ല.”

“അപ്പോൾ, കൊട്ടാരത്തിൽ പ്രവേശിച്ചതു് ഏതു മാർഗ്ഗത്തിൽകൂടിയാണെന്ന് അവർ ഇതുവരെ കണ്ടുപിടിച്ചിട്ടില്ല, അല്ലേ?”

“ഈ സംഗതി അവരെ ഇപ്പോഴും വിഷമിപ്പിക്കുന്നു.

പ്രഭോ!—എന്നെയും അങ്ങനെതന്നെ!”

മാഹ്മൂദ് ഒരു മന്ദസ്മേരത്തോടുകൂടി തലകുലുക്കിക്കൊണ്ട് ഹസ്സന്റെ നേരെ തിരിഞ്ഞു.

“ഏടാ നീയെനിക്കു വലിയ ഉപകാരം ചെയ്തു എന്നുള്ള സംഗതി ഞാൻ വിസമ്മതിക്കുന്നില്ല. എന്നാൽ നീ ഇപ്പോൾ ചെയ്ത അപരാധം നിന്റെ ചങ്ങാതിയുടേതിനെക്കാൾ വലുതാണെന്നു ഞാൻ കരുതുന്നു. അവനു ഞാൻ മാപ്പുകൊടുക്കുന്നു—അതു് ഏതു വ്യവസ്ഥകളിന്മേലെന്നു പിന്നെ ഞാൻ പറയും. എന്നാൽ ഹസ്സൻ നീ ഇപ്പോൾ എന്റെ ശമ്പളക്കാരനാണ്; അതുകൊണ്ട് എന്നോടു നിനക്കു സ്വാമിഭക്തി തോന്നാൻ പാടുള്ളു.” അദ്ദേഹം നിർത്തി, പിന്നെ ഹസ്സന്റെ നേരെ രൂക്ഷതയോടെ നോക്കിക്കൊണ്ടു തുടർന്നു പറഞ്ഞു. “വ്യാജപ്രഭുവേഷംകെട്ടി ഒരുവൻ എന്റെ കൊട്ടാരത്തിൽ സഞ്ചരിക്കുന്നതു കണ്ടുപിടിച്ച നിമിഷത്തിൽ തന്നെ നീ ആ വസ്തുത എന്നെ ധരിപ്പിക്കേണ്ടിയിരുന്നു. അവൻ നിന്റെ ഒരു പഴയ കൂട്ടുകാരനാണെന്നുള്ള കാര്യം ഒരിക്കലും നീ ഗണിക്കേണ്ടതല്ലായിരുന്നു. എന്റെ താല്പര്യത്തെ പുലർത്തുന്നതിൽ നീ പ്രദർശിപ്പിച്ച ഇപ്രകാരമുള്ള ഉദാസീനത വധശിക്ഷയെ അർഹിക്കുന്നു. ഇതിനെല്ലാം മേലെയാണ് അല്പം മുമ്പ് എന്നെ ആക്രമിക്കാൻ കുതിച്ചതിൽ നീ ചെയ്ത അപരാധം. അതു ക്ഷമിക്കത്തക്കതല്ല. നിനക്കെന്തെങ്കിലും പറയാനുണ്ടോ?”

"പ്രഭോ! ഞാൻ എന്റെ കററങ്ങളെ സമ്മതിക്കുന്നു. അതിലേയ്ക്ക് അവിടത്തെ നീരസത്തെ അർഹിക്കയും ചെയ്യുന്നു. എങ്കിലും ഇരുപതു മണിക്കൂറിനു മുമ്പ്, അവിടത്തേയ്ക്കു വേണ്ടി ഒരുത്തനും ഈ നില്ക്കുന്ന റസ്റ്റമിനു പോലും വിജയകരമായി സാധിക്കുവാൻ കഴിയാത്ത ഒരു കാര്യം അതോടനുബന്ധിച്ചിട്ടുള്ള നിരവധി ആപത്തുകളെ അവഗണിച്ച് ഈയുള്ളവൻ സാധിച്ച സ്ഥിതിക്ക് ഞാൻ ജീവിച്ചിരിക്കുന്ന പക്ഷം ഇനിയും അവിടത്തേക്ക് എന്നെക്കൊണ്ടു പല ഉപകാരങ്ങളും ഉണ്ടാകാൻ ഇടയില്ലയോ എന്നു തിരുവുള്ളത്തിൽ ഒന്ന് ഓർത്തുനോക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു."

മാഹൂദ്—(മൃദുസ്വരത്തിൽ): "ഉണ്ട്, എന്നാൽ നീ വിശ്വസിക്കാൻ കൊള്ളാത്തവനാണെന്നു നീ തന്നെ തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. അതിനാൽ ഭാവിയിൽ നിന്റെ ഉപകാരം കൊണ്ടും വിശേഷമൊന്നും ഇല്ല. നിന്റെ വാക്കുകൾ തന്നെ നീ ചതിയനാണെന്നു തെളിയിച്ചിട്ടുണ്ട്; എന്തെന്നാൽ സൗകര്യമായുള്ള അവസരം വരുമ്പോൾ നീ ഇവിടെ നിന്നും പിരിഞ്ഞു പോകുമെന്നു നീ തന്നെ പറഞ്ഞതു ഞാൻ കേട്ടില്ലേ? മോതിരം ഒളിച്ചു വച്ചിരിക്കുന്ന സ്ഥലം ഏതെന്നറിവാൻ വേണ്ടി നീ പ്രയോഗിച്ച തന്ത്രം നിന്റെ ചങ്ങാതിയോടു നീ വലിയ സമർത്ഥനെന്നുള്ള ഭാവത്തിൽ പറഞ്ഞു കേൾപ്പിച്ചില്ലേ. ദീർഘദർശി സത്യമായി, ഹസ്സൻ, ഈ യവനികകളുടെ പിന്നിലുള്ള ഗൂഢമായ പ്രവേശനദ്വാരം, റസ്റ്റമിനോടുള്ള നിന്റെ സംഭാഷണം കേൾപ്പാൻ എനിക്കു സൗകര്യം തന്നിരുന്നില്ലെങ്കിൽ; നീ ചെയ്ത വേലക്കു എന്നിൽ നിന്നും പ്രതിഫലം സ്വീകരിച്ചശേഷം മോതിരത്തെ അമാത്യനു തിരിച്ചുകൊടുത്ത് അയാളുടെ പക്കൽ നിന്നും ഒരു നല്ല തുക വാങ്ങുന്നതു് എനിക്കു് കാണാൻ സംഗതി വരുമായിരുന്നു."

"രാജകുമാരാ, അങ്ങനെ ഒരു ചിന്ത ഒരിക്കലും എന്റെ ബുദ്ധിയിൽ കടന്നിട്ടില്ലെന്നു ഞാൻ ഇതാ അള്ളാവിനെക്കൊണ്ടു സത്യം ചെയ്തു പറയുന്നു," എന്നു ഹസ്സൻ ഊർജ്ജിതസ്വരത്തിൽ പറഞ്ഞു.

"മിണ്ടരുതു്! മോതിരം ഒളിച്ചുവച്ചിരിക്കുന്ന സ്ഥലത്തെപ്പററി നിനക്കുള്ള അറിവു ആ സാധനത്തെ കയ്ക്കലാക്കുന്നതിൽ ഉണ്ടായ വിജയത്തിനൊപ്പം വിലയുള്ളതാണെന്നു നീ തുറന്നു പറഞ്ഞില്ലേ?"

ഹസ്സന്റെ മുഖം മങ്ങി. റസ്റ്റമിനോടുള്ള സംഭാഷണത്തിൽ ഉണ്ടായ ആ ഒരു ചെറിയ സംഗതി അയാൾ ഓർത്തില്ല. അയാളുടെ ദുരവസ്ഥ അവിതർക്കിതമായിരുന്നു—എന്നാലും ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ അയാൾ ഇതിൽനിന്നും ഒട്ടും തന്നെ വ്യത്യസ്തമായ രീതിയിൽ പ്രവർത്തിക്കയില്ലായിരുന്നു, എന്തെന്നാൽ തന്റെ വേഷം മാറിയ ചങ്ങാതിയെ ചതിക്കയെന്നുള്ളതു്, ഹസ്സനു് ചിന്തിക്കാൻ പോലും നിവൃത്തിയില്ലായിരുന്നു.

ഒരു ദീർഘമായ ശാന്തത—റസ്റ്റമിനു ഹസ്സന്റെ രക്ഷയിൽ ഉൽക്കണ്ഠ; വീണ്ടുമുള്ള വാദത്തിനു ഹസ്സന്റെ നിഷ്പ്രയോജനമായ ശ്രമം; തസ്ക

രഭയത്തിൽ മാറിമാറിയുള്ള മാഹ്മൂദിൻെറ രൂക്ഷവീക്ഷണങ്ങളുടെ പതനം തങ്ങളുടെ സ്വാമിയുടെ ഓരോ വശത്തായി കൃഷ്ണവർണ്ണന്മാരായ രക്ഷിഭടന്മാരുടെ തൂഷ്ണീംഭാവത്തിലുള്ള നില.

അനന്തരം മാഹ്മൂദ് പറഞ്ഞു, "റസ്ററം നീ എൻെറ ശമ്പളം സ്വീകരിച്ചു് എന്നെ സേവിക്കാമെന്നും എന്നോടല്ലാതെ മററാരോടും സ്വാമി ഭക്തി പ്രദർശിപ്പിക്കയില്ലെന്നും എൻെറ ഹിതത്തെ അള്ളാവിൻെറതെന്നപോലെ കരുതി അനുസരിക്കാമെന്നും സുൽത്താൻെറ മുദ്രാംഗുലീയം കയ്യിലാക്കി തിരിച്ചുകൊടുക്കാമെന്നു മന്ത്രിയോടു ചെയ്തിട്ടുള്ള പ്രതിജ്ഞയിൽ നിന്നും പിൻവാങ്ങാമെന്നുള്ള വ്യവസ്ഥയിന്മേൽ നിനക്കു ഞാൻ മാപ്പുതരുന്നു. മോതിരം എൻെറ കൈവശത്താണെന്നുള്ള വിചാരമേ നിൻെറ മനസ്സിൽ നിന്നും കളയണം. ഭാവിയിൽ എപ്പോഴെങ്കിലും ഈ അരമനയിലുള്ള നിൻെറ സാന്നിധ്യത്തെപ്പററി ചോദ്യമുണ്ടായാൽ, മോഷണത്തിനായി നാസർഉദ്ദിൻ എന്ന കള്ളപ്പേരിൽ നീ ഇവിടെ കടന്നു എന്നും വാസ്തവം മനസ്സിലാക്കി ഞാൻ കരുണാപുരസ്സരം മാപ്പുതന്നു എന്നു് ധൈര്യസമേതം പറയണം. എൻെറ വ്യവസ്ഥകൾ ഉദാരങ്ങളാണു് എനിക്കു ധീരന്മാരും ബുദ്ധിശാലികളും ആയവരെ എൻെറയരികെ ആവശ്യമുണ്ടു്; അങ്ങനെയുള്ളവരോടു കാരുണ്യം പ്രകടിപ്പിക്കുന്നതും എനിക്കു സന്തോഷകരമാകുന്നു. എന്നാൽ റസ്ററം ഇതുമാത്രം മനസ്സിലാക്കണം വിശ്വാസഹീനതയുടെ ലാഞ്ഛനമെങ്കിലും കണ്ടുപോയാൽ ഉടൻ മരണശിക്ഷയാണു്" അദ്ദേഹം ഉപസംഹരിച്ചു.

"മഹാപ്രഭോ! ഞാൻ അവിടത്തെ വ്യവസ്ഥകളെ സ്വീകരിച്ചിരിക്കുന്നു," എന്നു ഗത്യന്തരമില്ലെന്നു കണ്ടു റസ്ററം ഉത്തരം പറഞ്ഞു.

"അതു കൊള്ളാം," എന്നു സസ്മിതം തൻെറ നൂതനസേവകനോടു പറഞ്ഞുംകൊണ്ടു് മാഹ്മൂദ് ഹസ്സൻെറ നേരെ തിരിഞ്ഞു കല്പിച്ചു "നീ മരണശിക്ഷയെ പൂർണ്ണമായി അർഹിക്കുന്നു എങ്കിലും നിന്നാൽ ചെയ്യപ്പെട്ട ഉപകാരത്തെ ഓർത്തു നിന്നെ ഞാൻ ഉടനെ കൊല്ലുന്നില്ല. നിനക്കു ശക്തിയും സാമർത്ഥ്യവും ഉള്ളപക്ഷം ഈ ശിക്ഷയിൽ നിന്നും മോചനം ലഭിക്കാനുള്ള ഒരവസരം നിനക്കു ഞാൻ തരാം." തൻെറ വാക്കുകൾക്കു് ഘനംകൂട്ടുവാനായി അദ്ദേഹം നിർത്തി തുടർന്നു പറഞ്ഞു.

"ഒരാഴ്ചക്കു മുമ്പു വലവച്ചു പിടിച്ചു് എൻെറ അടിമകൾ എൻെറ വിനോദത്തിനായി ഇവിടെ കൊണ്ടുവന്ന ഒരു സിംഹം താഴത്തെ ഒരു കൂട്ടിൽ കിടക്കുന്നു. നീ ആറംഗുലം മാത്രം നീളമുള്ള ഒരു കഠാരയും ധരിച്ചു് ഞങ്ങളെ നല്ല കളികാണിക്കണം," എന്നു് അബ്ദുള്ളാ പറഞ്ഞു.

പിന്നീടു ഒരക്ഷരം മിണ്ടാതെ മാമൂദു എഴുന്നേററു രക്ഷിഭടന്മാരുടെ അകമ്പടിയോടുകൂടി മുറിവിട്ടു പോയി. ഹസ്സൻെറ മനസ്സാന്നിദ്ധ്യം അയാളെ നേരിട്ട ആപത്തോടുകൂടി ഉയർന്നു. എന്നാൽ റസ്ററമിൻെറയു് സ്വസഖിയെപ്പററിയുള്ള ചിന്താനിമിത്തം അധോമുഖമായും തീർന്നു. "ഹസ്സൻ നിങ്ങളും

ഇതിൽ ഇടപെടാതെ, എൻെറ വാസ്തവത്തെ സംബന്ധിച്ചു മൌനം അവലംബിച്ചിരുന്നുവെങ്കിൽ നിങ്ങൾ രക്ഷപ്രാപിക്കുമായിരുന്നു" എന്നു്, അയാൾ ശാന്തസ്വരത്തിൽ പറഞ്ഞു.

"എന്നാൽ അജ്മീർ പ്രഭുവിൻെറ സഹോദരാ, നിങ്ങൾ ഇപ്പോഴും നിങ്ങളുടെ ശിരസ്സിനെ പെരുമ്പാമ്പിൻെറ വായിൽത്തന്നെ വച്ചുകൊണ്ടിരിക്കയും അതു ക്രമേണ മുറുകുന്നതു അറിയാതെ കഴിക്കയും ചെയ്യുമായിരുന്നു," എന്നു് ഹസ്സൻ ആക്ഷേപിച്ചു.

"എന്നാലും എൻെറ സ്ഥിതി നിങ്ങളുടേതിനേക്കാൾ ആശാജനകമായിരുന്നു."

"എൻെറ സ്ഥിതി ആശയററതെന്നോ നിങ്ങൾ പറയുന്നതു്. ശരി, പക്ഷേ അതു് അങ്ങനെ ആയിരിക്കാം; വരൂ! പ്രഭു അവർകളുടെ സഹോദരാ ഇമ്മാതിരിയുള്ള ഒരു കാൎയ്യത്തിൽ ഞാൻ എങ്ങനെ പ്രവൎത്തിക്കണമെന്നാണു് നിങ്ങൾ ഉപദേശിക്കുന്നതു്?"

അവരുടെ സംഭാഷണം അബ്ദുള്ളയുടെയും അനുചരന്മാരുടെയും പ്രവേശനത്താൽ നിരോധിക്കപ്പെട്ടു.

"വാടാ വേഗം, കഴിഞ്ഞ മൂന്നാഴ്ചവട്ടക്കാലം നീ കിടന്നതിനേക്കാൾ കഠിനമായ ഒരു കിടക്ക നിന്നെ പ്രതീക്ഷിച്ചിരിക്കുന്നു." എന്നു് അബ്ദുള്ളാ കൎക്കശസ്വരത്തിൽ പറഞ്ഞു.

"അബ്ദുള്ളാ എത്രമണിക്കാണു് കളിതുടങ്ങുന്നതു്?" എന്നു ഹസ്സൻ ചുരുക്കത്തിൽ ചോദിച്ചു.

"ഉദിച്ചു രണ്ടു മണിക്കൂറിനു ശേഷം, ഓർമ്മിച്ചോ ഞങ്ങളെ നല്ല കളി കാണിക്കണം," എന്നു അബ്ദുള്ള പറഞ്ഞു.

കളിയോ?" പിന്നെ, മണൽക്കാട്ടിൽ നിന്നും ഇങ്ങോട്ടുള്ള നമ്മുടെ യാത്രക്കിടയിൽ എൻെറ സഹോദരൻ "ആലി" നിങ്ങൾക്കു നഷ്ടമാക്കിയ ആ കഠാരയുടെ മാതിരിയിൽ ഒരെണ്ണം അവിടുന്നു എനിക്കു തരുമെങ്കിൽ അതു് മാഹട്ട ഇപ്പോൾ എനിക്കു ആയുധമായി കല്പിച്ചിട്ടുള്ള ആറംഗുലം നീണ്ട ആ കളിപ്പണ്ടത്തേക്കാൾ ഉപയോഗയോഗ്യമായിരിക്കുമായിരുന്നു."

"നിൻെറ ജന്മത്തില്ല എൻെറ സ്വാമി ആറംഗുലം നീളമുള്ള ഒരു കഠാരയാണു നിനക്കു തരാൻ കല്പിച്ചിരിക്കുന്നതെങ്കിൽ, അതു ഒരളവുകോൽ വച്ചു അളന്നുതന്നെ തരും. അതല്ലാതെ ഒരംഗുലത്തിൻെറ അറുപതിലൊരു ഭാഗമെങ്കിലും നിനക്കു കൂടുതൽ തരുന്നവൻ നശിക്കട്ടെ!" എന്നു അബ്ദുള്ള പല്ലുകടിച്ചുകൊണ്ടു പറഞ്ഞു.

"അതൊരു കഷ്ടംതന്നെ, എന്തെന്നാൽ ഈ യുദ്ധത്തിൻെറ അടയാളമായി നിങ്ങളുടെ ബഹുമാനപ്പെട്ട സ്വാമിക്കു ഒരു സിംഹത്തിൻെറ തോൽ സമ്മാനിക്കുന്നതിനേക്കാൾ എനിക്കു ഒന്നുംതന്നെ സന്തോഷപ്രദമല്ലായിരുന്നു. എന്തു ചെയ്യാം!"—

"സിംഹം നിൻെറ തോൽകൊണ്ടു അദ്ദേഹത്തെ സമ്മാനിക്കും," എന്നു് അബ്ദുള്ള അധിക്ഷേപിച്ചു. ഹസ്സൻ മാഹ്മൂദിൻെറ കീഴിൽ ശമ്പളം സ്വീകരിച്ച ദിവസം മുതൽ അബ്ദുള്ളയ്ക്കു അയാളോടു് അസൂയ തോന്നിത്തുടങ്ങി. അതുകൊണ്ടു് ഭാവിയിൽ പ്രധാനകാര്യസ്ഥപദവിയ്ക്കു തൻെറ പ്രതിയോഗിയായിത്തീരാവുന്ന ഒരുവനെ നശിപ്പിക്കുന്നതു് അയാൾക്കു പ്രീതിപ്രദമായിരുന്നു.

"ശരി, എനിക്കുറങ്ങണം—സഹോദര, റസ്തം, ഇനി കാലത്തുകാണാം. പിന്നെ വരാൻപോകുന്നതെന്തായാലും ശരി, മണലാരണ്യത്തിലെ ഹസ്സൻ പരിശോധനയിൽ അവൻെറ തത്വം കാട്ടിയില്ല എന്നാലും പറയാൻ ഇടയാകലത്തു്. അഥവാ എനിക്കു ഇനി നിങ്ങളോടു സംസാരിക്കാൻ അവസരം കിട്ടിയില്ലെങ്കിൽ ആലിയുടെ അറയിൽ തൂങ്ങുന്ന കഠാരയിൽ അബ്ദുള്ള എന്ന പേരു കാണുവാൻ കാരണമെന്തെന്നു വിശദമാക്കുവാൻ അയാളോടപേക്ഷിക്കണം. അതൊരു രസമുള്ള കഥയാണു്," എന്നു ഹസ്സൻ ഉത്സാഹത്തോടുകൂടി പറഞ്ഞു.

രണ്ടുചങ്ങാതിമാരും ഗാഢമായി ഹസ്തഗ്രഹണം ചെയ്തു.

"എന്നാൽ അബ്ദുള്ളാ എന്നെകൊണ്ടുപോ. അല്ലെങ്കിൽ അല്പം ഒന്നുനില്ക്കു്, താഴെയുള്ള എൻെറ താൽക്കാലികവസതി വലിയ സുഖമുള്ളതല്ലെന്നു നിങ്ങൾ സൂചിപ്പിച്ചതായി തോന്നുന്നു. അതുകൊണ്ടു് റസ്തം നിങ്ങളുടെ കയ്യിൽ ധാരാളമായിക്കാണുന്ന കമ്പിളികളിൽ കുറെ എണ്ണം എനിക്കു തരിക." ഈ വാക്കുകളോടുകൂടി ഹസ്സൻ നല്ല കട്ടിയുള്ള മൂന്നുനാലു കമ്പിളി എടുത്തു് തോളത്തിട്ടു. "എന്നാൽ നടക്കാം, അബ്ദുള്ളാ ഇതു് ഭൂമാതാവിൻെറ മാറിൽ കിടന്നുള്ള എൻെറ ഒടുവിലത്തെ നിദ്രയാണെങ്കിൽ, എനിക്കു ഈ ചെറിയ സുഖം അനുഭവിച്ചതിനു നിങ്ങൾക്കു സ്വൈരനിദ്രയുണ്ടാകുമെന്നുള്ളതിൽ ഞാൻ സംശയിക്കുന്നില്ല." ഇങ്ങനെ പറഞ്ഞുകൊണ്ടു് ഉന്നമ്രമായ ശിരസ്സോടും പ്രശാന്തഗർവ്വം കലർന്ന ഭാവത്തോടുംകൂടി മണൽക്കാട്ടിലെ ഹസ്സൻ കാരാമന്ദിരത്തിലേക്കു നടന്നു.

ഏകാകിയായി തീർന്ന റസ്തം ചിന്താഗ്രസ്തനായി നിന്നു. വിധിയന്ത്രം പരിതസ്ഥിതികളെ എത്രകണ്ടു ദ്രുതഗതിയിൽ മാററി? ഹസ്സൻെറ സഹായത്താൽ വിജയം കരഗതമാകുമെന്നു അല്പനിമിഷങ്ങൾക്കുമുമ്പു് അയാൾക്കു തോന്നി. എന്നിട്ടു് ഇപ്പോൾ..;..................

സ്വൈരഹീനനായി—അസ്ഥിരചിത്തനായി അയാൾ മെത്തമേൽ വീണ ഉത്തരക്ഷണത്തിൽ വിചാരിപ്പുകാരന്മാരിൽ ഒരുവൻ അകത്തുകടന്നുവന്നു് ഇപ്രകാരം പറഞ്ഞു. "വാടാ നിനക്കു താമസിക്കാനുള്ള സ്ഥലം താഴെയാണു് അരമനയിലെ അതിഥിശാല നിന്നെ വളരെ അധികംനേരം അതിനുള്ളിൽ വച്ചുകൊണ്ടിരുന്നു."

"ഭൃത്യൻെറ വേഷത്തിൽ എന്നോടുകൂടെ വന്നവൻ എവിടെ?" എന്നു

റസ്റ്റം ചോദിച്ചു. "അവൻ പേടിച്ച് ധാരയിൽ വേറെ ജോലിയുണ്ടെന്നുള്ള ഭാവത്തിൽ അവൻ അശ്വഭടന്മാർ പോയപ്പോൾ കൂടെപ്പോയി" എന്ന് വിചാരിപ്പുകാർ പറഞ്ഞു. ഈ വർത്തമാനം റസ്റ്റമിനെ വളരെ ആശ്വസിപ്പിച്ചു.

അയാൾ ഒന്നും മിണ്ടാതെ ഭൃത്യന്മാരുടെ വാസസ്ഥലത്തേക്ക് വിചാരിപ്പുകാരെ അനുഗമിച്ചു. അവിടെ അയാൾക്ക് ഉറങ്ങാൻ ഒരു പായ് നൽകപ്പെട്ടു. പുലർച്ചക്കു കാര്യസ്ഥനെ കാണണമെന്നും ആ ഉദ്യോഗസ്ഥൻ അയാളോടു പ്രത്യേകം ചട്ടംകെട്ടി.

"എന്റെ "നാസർഉദീൻ" എന്നുള്ള പേര് വാസ്തവത്തിൽ വളരെ അല്പായുസ്സായിരുന്നു. ഇനി എനിക്കു അടുത്ത പേർ എന്തായിരിക്കുമോ ആവോ?" എന്ന് തന്റെ ഭാവിയെപ്പറ്റി ചിന്തിച്ചുകൊണ്ടു കിടന്നപ്പോൾ റസ്റ്റം തന്നത്താൻ പറഞ്ഞു.

പിന്നെ അയാളുടെ മനസ്സിൽ, പ്രത്യുന്മീപവർത്തനിയായി തന്റെ മേൽ ദൃഷ്ടിപതിപ്പിച്ചുകൊണ്ടുനിന്ന മന്ത്രിപുത്രിയായ സുലൈഖയുടെ ഛായ പ്രത്യക്ഷമായി വീണ്ടും തന്നോടു വിശ്വാസത്തെ പ്രദർശിപ്പിക്കുന്ന അവളുടെ വാക്കുകളേയും പ്രശാന്തവും ആശാപൂർവ്വവും ആയുള്ള കുശലവാക്കുകളേയും കേൾക്കുന്നതായി അയാൾക്കു തോന്നി. താൻ സാധിക്കാമെന്നു കയ്യേറ്റ ആ കാര്യഭാരത്തെപ്പറ്റിയുള്ള അവളുടെ കൃതജ്ഞത അത്ര വലുതായിരുന്നതിനാൽ തസ്കരനെന്നുള്ള സ്ഥിതിയെയും മറന്ന് ആ ഓമനപ്പെൺകിടാവു തനിക്കു ഹസ്തദാനം ചെയ്ത കഥയും റസ്റ്റം ഓർത്തു.

ഈ ചിന്തകൾ ഉള്ളിൽ കടന്നപ്പോൾ നമ്മുടെ തസ്കരപ്രവീണൻ നെടുതായി ഒന്നു നിശ്വസിച്ചു. ധാരയിൽനിന്നുള്ള അയാളുടെ യാത്രയിൽ സ്വചിന്തകൾക്കു അനിയന്ത്രിതമായ വിഹാരസ്വാതന്ത്ര്യം അനുവദിച്ചതു കൂടാതെ മോതിരവുംകൊണ്ടു താൻ തിരിയെ ചെല്ലുമ്പോൾ സുലൈഖയ്ക്കു തോന്നുമായിരുന്ന ഉപകാരസ്മരണയെ അയാൾ കാവ്യരീതിയിൽ രൂപീകരിക്കുവാനും തുടങ്ങി. അവരുടെ കൃതജ്ഞതയെ പറ്റിയുള്ള ചിന്തയായിരുന്നു അയാളെ സദാ പുളകിതനാക്കിച്ചെയ്തുകൊണ്ടിരുന്നതു്. അവളുടെ പിതാവ് സീമാതീതമായ കൃതജ്ഞതയും ഔദാര്യവും പ്രകടിപ്പിക്കുമെന്ന് അയാൾക്കറിയാമായിരുന്നു. എങ്കിലും അതിനെ അയാൾ ആശിച്ചില്ല. അംഗുലീയദാനാവസരത്തിൽ പറയേണ്ട വാക്കുകളെ അഭ്യസിപ്പിക്കുന്നതിലും അവളുടെ മറുപടിയെ ഊഹിക്കുന്നതിലും റസ്റ്റം അത്യധികം ആനന്ദം അനുഭവിച്ചു. അതെ അവളുടെ ഉറപ്പും വിശ്വാസവും ഇപ്പോഴും മധുരംതന്നെയായിരുന്നു. എന്നാൽ അയാളുടെ പരാജയത്തെപ്പറ്റിയുള്ള ചിന്തകൾ തിക്തങ്ങളായിരുന്നു. ഹാ! ശരി വിഷമവും ഏററവും ആപല്ക്കരവും ആയ ഒരു കാര്യത്തിലേക്കാണു അയാൾ പുറപ്പെട്ടിട്ടുള്ളതെന്നും, സംശയംകൂടാതെ അയാൾ കഴിവുള്ളിടത്തോളം ആ വിഷയത്തിൽ പരിശ്രമിച്ചിട്ടുണ്ടെന്നും അവൾക്കറിയാം അയാൾ വീണ്ടും ദീർഘമായി നിശ്വസിച്ചു.

വളരെനേരം റസ്റ്റം ആലോചനയിൽ മുഴുകിക്കിടന്നു പ്രഭാതംവിശ്വാസികളെ പ്രാൎത്ഥനയ്ക്കു ക്ഷണിച്ചപ്പോഴും അയാറം ഒരു പോളക്കണ്ണടച്ചിട്ടില്ലായിരുന്നു രണ്ടു മണിക്കൂറു കഴിഞ്ഞു് മാഹ്മൂദ് കാലത്തെ അമൃതേത്തു് കഴിച്ച ശേഷം അരമനയിലെങ്ങും പ്രതിദ്ധ്വാനിച്ച ഭേരിനിനാദം, മാഹ്മൂദിൻെറ ഔദാൎയ്യപൂൎവ്വമായ കാരുണ്യത്താൽ ഏൎപ്പെടുത്തപ്പെട്ട വിനോദം കാണ്മനായി രാജമന്ദിരവാസികളെയെല്ലാം ഒരു അന്തശ്ശാലത്തിലേയ്ക്കു ക്ഷണിച്ചു.

## അദ്ധ്യായം ൮

# ഹസ്സനും സിംഹവും

"എടോ! അബ്ദുള്ളാ, എനിക്കു് കാലത്തെ ആഹാരമൊന്നും കഴിക്കണ്ടേ? വെറും വയറോടെ എന്നെ നിങ്ങറം യുദ്ധത്തിനയക്കുമെന്നു് എൻെറ അച്ഛനാണെ ഞാൻ വിചാരിച്ചില്ല! പിന്നെ ഞാൻ ഭക്ഷണം കഴിക്കുന്നതിനിടയിൽ ഒരടിമയെക്കൊണ്ടു് എൻെറ മുറി വൃത്തിയാക്കിക്കണം കേട്ടോ!" എന്നു് തടവുമുറിയിലെ ഇരുമ്പഴികളുടെ ഇടയിൽക്കൂടി നോക്കിക്കൊണ്ടു് ഹസ്സൻ വിനോദരസത്തിൽ പറഞ്ഞു.

അബ്ദുള്ളാ:—"എടാ, ഇവിടെ നോക്കു്. വല്ലതുംപറയാതെ" (ഒരു കഷണം റൊട്ടിയും ഒരു പാത്രം വെള്ളവും അകത്തേക്കു വച്ചുകൊടുത്തിട്ടു്) "ഒരു മണിക്കൂർ നേരത്തിനുള്ളിൽ മരിക്കാൻ പോകുന്ന നിനക്കു നല്ല ആഹാരം തരുന്നതുകൊണ്ടു ഒരു പ്രയോജനവും ഇല്ലാ"

ഹസ്സൻ—(പാത്രത്തെ അധരത്തോടു ചേൎത്തുകൊണ്ടു്) "അബ്ദുള്ളാ നിനക്കു ദീൎഘായുസ്സുണ്ടാകട്ടെ. ഇതു നിൻെറ കുതിരയ്ക്കു കൊടുക്കുന്ന വെള്ളമാണോ? വെറുതെയല്ല ആ മൃഗം ഇത്ര മോശമായി പോയതു്. മണലാരണ്യത്തിൽ ജനിച്ച എൻെറ പൈപകുതിരയെ ഇത്തരം വെള്ളംകൊണ്ടു കുളിപ്പിക്കാമെന്നുപോലും ഞാൻ കരുതുകയില്ല. എന്നാൽ ഇനി അബ്ദുള്ളാ! കേറംക്കു ഒരു നല്ല കുതിരയേയും കച്ചവടക്കാരൻെറ കഴുതയേയും തമ്മിൽ തിരിച്ചറിയാൻ നിനക്കു ശക്തിയില്ലെന്നു പലരും പറയുന്നതു ഞാൻ കേട്ടിട്ടുണ്ടു്. എപ്പോഴെങ്കിലും അബദ്ധത്തിൽ ഒരു നല്ല കുതിരയെ നിൻെറ പക്കൽ വളൎത്താൻ ഏല്പിച്ചാൽ—"

ഹസ്സൻെറ ഈ ആക്ഷേപവാക്കുകറം നിമിത്തം അബ്ദുള്ളാ ക്രുദ്ധിച്ചു് അവിടെനിന്നും പോയി എങ്കിലും വേഗത്തിൽ തിരിച്ചുവന്നു; എന്തെന്നാൽ ഹസ്സൻ തടവിൽ കിടക്കുന്നിടത്തോളംകാലം കാരാഗൃഹത്തിൻെറ സമീപത്തുനിന്നും അകലെയെങ്ങും പോകരുതെന്നു് മാഹ്മൂദ് അയാളോടാജ്ഞാപിച്ചിട്ടുണ്ടായിരുന്നു. ഹസ്സനെ അധികനേരം തനിച്ചു വിട്ടിരുന്നാൽ അയാ

ളുടെ അപ്രമേയമായ ശക്തി, അവിടെനിന്നും രക്ഷ നേടാൻ വല്ല മാർഗ്ഗവും കണ്ടുപിടിക്കുമെന്ന് രാജകുമാരൻ ഭയപ്പെട്ടു.

“അബ്ദുള്ളാ, ഈ വരാൻ പോകുന്ന ഉത്സവത്തിന്നനുസരണമായി എന്റെ വേഷം ഭംഗിയാക്കണം. എന്റെ ചെറിയ പ്രദർശനം കാണ്മാൻ വളരെ ആളുകൾ ഉണ്ടായിരിക്കുമെന്നുള്ളതിന് സംശയമില്ല. അതുകൊണ്ടു ആ സന്ദർഭത്തിൽ എന്റെ സാമർത്ഥ്യം കാണുന്ന സ്ത്രീകൾ അത്ഭുതപാരവശ്യത്തോടെ പ്രഗ്രീവങ്ങളിൽനിന്ന് എന്റെമേൽ പുഷ്പവർഷം ചെയ്യുമ്പോൾ ഞാൻ വൃത്തികെട്ട വേഷത്തിൽ നില്ക്കുന്നതു് അത്ര നല്ലതല്ല. അതുകൊണ്ട് അബ്ദുള്ളാ, സുഗന്ധദ്രവ്യങ്ങളും ഒരു ചീപ്പും തരൂ,” എന്ന് വീണ്ടും ആക്ഷേപസൂചകമായ ആ സ്വരം വിളിച്ചു പറഞ്ഞു.

ഒരു സൂകരസ്വരം പുറപ്പെടുവിച്ചുകൊണ്ടു അബ്ദുള്ളാ ഹസ്സൻ ആവശ്യപ്പെട്ട സാധനങ്ങൾ എല്ലാം കൊടുത്തു. “നിനക്കു മുഖം കഴുകണമെന്നുണ്ടെങ്കിൽ കുടിക്കാൻ തന്ന വെള്ളത്തിൽ കുറച്ചു ഉപയോഗിച്ചോ. ഇനി നിന്റെ കഴുതസ്വരം കേൾക്കരുതു്. നീ സിംഹത്തോടു നേരിടുമ്പോൾ നിന്റെ തലമുടിക്കു ഭംഗിക്കുറവൊന്നും ഉണ്ടായിരിക്കയില്ല.”

“അബ്ദുള്ളാ, എടാ! കാളേ! നിനക്കു ഈ ചീപ്പു എവിടന്നു കിട്ടിയെടാ! ഇപ്രകാരമുള്ള ചീപ്പാണു നീ ഉപയോഗിക്കുന്നതെങ്കിൽ നിന്റെ തലമുടി തെരുവിൽ തെണ്ടിനടക്കുന്നവന്റേതിനോടു തുല്യമായിരിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല.”

ഉള്ള സാധനങ്ങൾ കൊണ്ടു് ഹസ്സൻ തന്റെ വേഷവിധാനം വളരെ ശ്രദ്ധയോടെ നിർവഹിച്ചു; അതു് അവസാനിച്ച ക്ഷണത്തിൽ ഭേരീനാദം അരമനയിലെങ്ങും മുഴങ്ങി. ഹസ്സും ഏതു സ്ഥിതിയിൽ ഇരിക്കുന്നു എന്നും അബീബും ആലിയും പ്രേക്ഷകന്മാരുടെ കൂട്ടത്തിൽ ഉണ്ടായിരിക്കുമോ എന്നുമുള്ള ചിന്തയോടുകൂടി ഹസ്സൻ ശാന്തനായി വർത്തിച്ചു. അല്പനേരം കഴിഞ്ഞു അബ്ദുള്ളായും നാലു കിങ്കരന്മാരും തടവുമുറിയിൽ കടന്നു തസ്കരന്റെ കൈകളെ പിടിച്ചു പിന്നിൽ ചേർത്തു കെട്ടിയശേഷം അയാളെ പുറത്തേയ്ക്കു കൊണ്ടുപോയി.

ഇടുങ്ങിയ വക്രഗതിയിലുള്ള ചില സോപാനങ്ങൾ കയറി ഒരന്തരങ്കണത്തിലേക്കു വഴികാണിക്കുന്ന ചരിഞ്ഞ ഉപലമാർഗ്ഗത്തിൽ കൂടി അവർ നടന്നു. മുററത്തു കാൽവച്ചപ്പോൾ ഹസ്സന്റെ കൈകളിലെ കെട്ടഴിക്കപ്പെട്ടു. വളരെ ചെറിയ ഒരു കഠാര തടവുകാരന്റെ കയ്യിലേക്കു ഇട്ടിട്ടു അബ്ദുള്ള വാതലും ബന്ധിച്ചു.

ഹസ്സൻ നാലുപുറവും നോക്കി. അങ്കണം ഒരു കായികാഭ്യാസപ്രദർശനത്തിനുള്ള രംഗംപോലെ മണൽകൊണ്ടു മൂടപ്പെട്ടിരുന്നു. ചുററിലും ഉള്ള മാളികപ്പുറത്തു നിന്നും അനേകവീക്ഷണങ്ങൾ അയാളുടെ മേൽ പതിച്ചു. അന്തഃപുരത്തിലെ ചന്ദ്രശാലകളിൽ നിന്നും മൂടപടം ധരിച്ച രൂപങ്ങൾ എത്തിനോക്കിത്തുടങ്ങി.

അംഗരക്ഷകന്മാർ, സേവകന്മാർ എന്നിവരാൽ ചുററപ്പെട്ട മാഹ്മൂദ് അതിജാഗ്രതയോടെ നോക്കിക്കൊണ്ട് ഒരു വിതാനത്തിന്റെ കീഴിൽ ഇരിക്കുകയായിരുന്നു. അങ്കണത്തിന്റെ മദ്ധ്യത്തിലായി എട്ടടി പൊക്കം വരുന്ന നാലു ചതുരത്തൂണുകൾ നാട്ടപ്പെട്ടിരുന്നു. അവ ചുവട്ടിൽ നാലു ചതുരശ്രയടി വിസ്താരത്തിൽ തുടങ്ങി ക്രമേണ കുറഞ്ഞുവന്ന് മുകളിൽ രണ്ടു ചതുരശ്രയടി വിസ്താരത്തിൽ അവസാനിച്ചിരുന്നു.

രംഗത്തിന് ഒരു പുതുമ കൊടുക്കാനും കാണികളുടെ ഉൽക്കണ്ഠയെ വർദ്ധിപ്പിക്കാനുമായിട്ടാണ് ഈ തൂണുകളെ അവിടെ നിർത്തിയിട്ടുള്ളതെന്ന് ഹസ്സൻ അറിഞ്ഞു. അയാൾക്ക് അവയുടെ പിന്നിൽ മറഞ്ഞിരിക്കാനും മുകളിൽ കയറാനും സൌകര്യമുണ്ടായിരുന്നു. എന്നാൽ മുകളിൽ കയറുന്നതുകൊണ്ട് സിംഹത്തിന്റെ ആക്രമണത്തിൽ നിന്നും രക്ഷ നേടാൻ നിവൃത്തിയില്ലായിരുന്നു താനും.

രാജകുമാരൻ ഇരുന്ന വിതാനത്തെ സമീപിച്ചിട്ട് ഹസ്സൻ തന്റെ ചെറിയ കഠാരയെ ഉയർത്തി മല്ലന്മാരുടെ രീതിയിൽ അഭിവന്ദനം ചെയ്തു. അത് മര്യാദയുടേയോ നന്ദിയുടേയോ അടയാളമായി വ്യാഖ്യാനിക്കപ്പെടാമായിരുന്നു. "അല്ലാവിന്റെ നാമത്തിൽ അല്ലയോ രാജകുമാരാ ഞാൻ ഒരു വരം ചോദിക്കുന്നു," എന്ന് ഹസ്സൻ പറഞ്ഞു.

"എന്താ അത്? കേൾക്കട്ടെ. അതു സമരനിയമങ്ങളെ സ്പർശിക്കുന്നതോ അതിനു വിളംബം വരുത്തുന്നതോ അല്ലെങ്കിൽ നിന്റെ അപേക്ഷയ്ക്ക് ഞാൻ ചെവികൊടുക്കാം." എന്നു മുന്നോട്ടാഞ്ഞു മാഹ്മൂദ് പറഞ്ഞു.

"പ്രഭോ! ഞാൻ ഇന്നു കാലത്തു ഭക്ഷണം കഴിച്ചിട്ടില്ല. അതുകൊണ്ട് സിംഹത്തെ കൊന്നുകഴിഞ്ഞാലുടൻ എനിക്കു സന്ദർഭത്തിനനുസരിച്ച ഒരു വിരുന്നുതരാൻ കല്പനയുണ്ടാകണമെന്നു യാചിക്കുന്നു.

മാഹ്മൂദിന്റെ കറുത്ത മുഖത്തു ഒരു കോപജ്വാല മിന്നി. പിന്നെ പുറകോട്ടു ചാഞ്ഞു കിടന്നുകൊണ്ട് അദ്ദേഹം ഉത്സാഹപൂർവം പൊട്ടിച്ചിരിച്ചു. "ദീർഘദർശി സത്യമായി മൃത്യുമുഖത്തിൽ തുറിച്ചു നോക്കുമ്പോൾ നേരംപോക്കു പറയുന്നവർ മഹാധീരനാണെന്നു തന്നെ ഞാൻ സമ്മതിക്കുന്നു. യുദ്ധത്തിന്റെ അവസാനത്തിൽ ഭക്ഷണം കഴിക്കത്തക്ക സ്ഥിതിയിലാണ് നീ കാണപ്പെടുന്നതെങ്കിൽ കഴിഞ്ഞ രാത്രിയിൽ നിന്റെ ചങ്ങാതി കൊടുത്തതുപോലുള്ള ഒരു വിരുന്നു നിനക്കും തരാം!"

മാഹ്മൂദ് വീണ്ടും ചിരിച്ചുകൊണ്ട് തന്റെ വലതുകയ്യുയർത്തി. ഉടൻ തന്നെ ഒരു കിങ്കരൻ ഒരു രജതകാഹളം ധ്വനിപ്പിച്ചു. രംഗത്തിന്റെ എതിർവശത്തുള്ള അഴികൾ പൊങ്ങുകയും ഗഭീരഗതിയായ ഒരു വലിയ സിംഹം അങ്കണത്തിൽ പ്രവേശിക്കുകയും ചെയ്തു.

അതിന്റെ ആകൃതി അസാധാരണ വലിപ്പമുള്ളതായിരുന്നു എന്നുള്ള വസ്തുത എല്ലാവർക്കും പെട്ടെന്നു ബോദ്ധ്യപ്പെട്ടു. അതിന്റെ ലാംഗൂലം,

ആദ്യം മന്ദഗതിയിലും അനന്തരം അമർഷം നിമിത്തം ശീഘ്രഗതിയിലും ഇരുവശത്തും മാറി മാറി ചലിച്ചു അതിന്റെ ശക്തിയേറിയ കാലുകൾ ദീർഘിച്ചു് സാവധാനമായ ഗതിയിൽ വിന്യസ്തങ്ങളായി കേസരംനിറഞ്ഞ അതിന്റെ ശിരസ്സു് ഉഛ്വാസവേഗത്തോടുകൂടി ആകാശത്തിലേക്കുയരുകയും വീണ്ടും നമ്രമാകയും പിന്നെയും രൂക്ഷവീക്ഷണങ്ങളോടുകൂടി മാളികയുടെ നേരെ ഉന്നമ്രമാകയും ചെയ്തു. ഉടനെ അവിടെ നിന്നും ഹസ്തതാഡനത്തിന്റെ ഒരു ആരവം പുറപ്പെട്ടു.

"മണ്ഡാ തൂണിന്റെ മറവിലേക്കു്" എന്നു റസ്റ്റം വിളിച്ചുപറഞ്ഞു. അബീബ്, ആലി, എന്നിവരോടൊരുമിച്ചു് ഇരിക്കുന്ന തന്റെ ചങ്ങാതിയെ ഒരു നോക്കു കണ്ടു തീരുന്നതിനു മുമ്പായി തന്നെ അയാളുടെ ഉപദേശത്തെ അനുസരിക്കേണ്ടതു് അത്യന്താപേക്ഷിതമെന്നു തോന്നുകയാൽ ഹസ്സൻ നിശബ്ദമായ ഗതിയോടുകൂടി ഏററവും അടുത്തുള്ള സ്തംഭത്തിലേക്കു നീങ്ങി, അതിന്റെ പിന്നിൽനിന്നുകൊണ്ടു് സിംഹത്തിന്റെ വരവിനെ ഉററുനോക്കി.

രംഗത്തിനു ചുററും ആ മഹാമൃഗം ചാടി നടന്നു; ഹസ്സനാകട്ടെ ഇതിനിടയിൽ സ്തംഭത്തിൽ മറഞ്ഞു വലം വച്ചു. പിന്നെ, അങ്കണത്തിന്റെ മദ്ധ്യേ നിൽക്കുന്നതായ സാധാരണവസ്തുക്കളെ കണ്ടിട്ടു് സിംഹം പതുങ്ങി അവയോടടുത്തു.

പതിനഞ്ചടി അകലെ വച്ചു് മൃഗേന്ദ്രൻ ഹസ്സന്റെ മുഖം കണ്ടു. ക്രോധവശനായി അതു് അവിടെയെങ്ങും പ്രതിദ്ധ്വനിച്ച ഒരു ഭയങ്കരഗർജ്ജനത്തെ പുറപ്പെടുവിച്ചുകൊണ്ടു് ശത്രുവിന്റെ മേൽ ചാടിവീഴാനായി പിന്നിലേയ്ക്കു് ആഞ്ഞു: ഹസ്തതാഡനം നിലച്ചു: പ്രേക്ഷകന്മാരുടെമുഖം ചുളിഞ്ഞു. അമർത്തപ്പെട്ട ഒരു ചുരുളെന്നപോലെ അതിന്റെ ബൃഹത്തായ അവയവങ്ങൾ മുറുകുന്നതു് അവർ ചകിതരായി വീക്ഷണം ചെയ്തു. ഇതാ വീണ്ടും ഒരു ഭയങ്കരഗർജ്ജനത്തോടുകൂടി ആ ഭീമകായനായ മൃഗേന്ദ്രൻ ചാപമുക്തമായ ബാണംപോലെ മുന്നോട്ടുകുതിച്ചു പാഞ്ഞു. മിന്നലിന്റെ വേഗത്തിൽ ഹസ്സൻ ഒരു ഭ്രാന്തനെപ്പോലെ തന്റെ കഠാരകൊണ്ടു സിംഹത്തെ ഒന്നു കുത്തിയിട്ടു് പന്ത്രണ്ടടി അകലെ സ്ഥിതിചെയ്ത അടുത്ത സ്തംഭത്തിന്റെ പിന്നിൽ അഭയംപ്രാപിച്ചു. മൃഗത്തിന്റെ രൂക്ഷമായ ദീനസ്വരവും രക്തം പുരണ്ട കഠാരാഗ്രവും താൻ രക്തമോക്ഷം ചെയ്തു എന്നു അയാളെ അറിയിച്ചു. എന്നാൽ നിസ്സാരമായ ആ പോറൽ അത്ര ഗണിക്കപ്പെടേണ്ടതല്ലെന്നു് അയാൾ അറിഞ്ഞുവെങ്കിലും അതു നമ്മുടെ തസ്കരനു് തൃപ്തിയുടെ ഒരു കണികയെ എങ്കിലും പ്രദാനം ചെയ്തു.

പക്ഷേ ആഹ്ലാദത്തിനു് അപ്പോൾ അവസരമില്ലായിരുന്നു. സ്വപ്രതിയോഗിയെ പിൻതുടർന്നു് രണ്ടു സ്തംഭങ്ങളെ വലംവച്ചശേഷം ഹസ്സൻ അഭയംപ്രാപിച്ച സ്ഥാനത്തെ കണ്ടുപിടിച്ച സിംഹം പിന്നെയും ഒരു പ്ലവത്തിനു വട്ടംകൂട്ടി. വീണ്ടും ആ വമ്പിച്ച മാംസപേശികൊണ്ടുള്ള ഭാരം വായുമണ്ഡല

ത്തിൽക്കൂടി കുതിച്ചു. ഹസ്സനു് ഒഴിഞ്ഞു മാറുവാൻമാത്രമേ സമയം ലഭിച്ചുള്ളു. അതിനാൽ അയാളുടെ ആയുധത്തിനു് ശത്രുവിനെ മുറിവേല്പിക്കാൻ സാധിച്ചില്ല. എന്നാൽ അതിവേഗത്തിൽ സ്തംഭത്തെ പ്രദക്ഷിണംചെയ്തു്. അയാൾ സിംഹത്തിൻെറ പിന്നിൽ കൂടി ഹസ്സൻ കഠാര വേണ്ടുവോളം രക്തപാനം ചെയ്തു. പിന്നെ ഹരിദ്രാവർണ്ണം കലർന്ന ആ ചക്രവാതം ക്രോധത്താൽ ജ്വലിച്ച നേത്രങ്ങളോടുകൂടി തിരിഞ്ഞപ്പോൾ ഹസ്സൻ വേഗത്തിൽ തെററി അവസാനത്തെ സ്തംഭത്തിൻെറ പിന്നിൽചെന്നു് അവിടെനിന്നു അതിന്റെ മുകളിൽ ചാടിക്കയറി.

ആഹ്ലാദോത്ഭൂതമായ ഒരു ആർപ്പുവിളി അവിടെയെങ്ങും മുഴങ്ങി. ഹസ്സൻ രക്തംപുരണ്ട തൻെറകഠാരയെ സന്തോഷപൂർവം വീശി; എന്നാൽ അയാളുടെ ഈ പ്രവൃത്തി അയാൾക്കു വിഷമമുണ്ടാക്കി. തലകുനിച്ചുനിന്നുകൊണ്ടു് സിംഹം ഹസ്സനെ താഴത്തേക്കു ആകർഷിയ്ക്കാൻ ശ്രമിക്കയായിരുന്നു. എന്നാൽ ഹസ്സൻെറ കൈ പൊങ്ങുന്നതു കണ്ടു് അതു് തെല്ലു സമീപത്തണഞ്ഞു് പിൻകാലിൽനിന്നു അതിവേഗത്തിൽ ഒരു കുതെല്ലിച്ചിട്ടു് ഹസ്സൻ ഒരഭ്യാസിയെപ്പോലെ ചാടി അടുത്ത സ്തംഭത്തിൻെറ ചുവട്ടിൽ വീണു. എന്നാൽ സിംഹവുംകൂടെ പിന്നിൽ എത്തി. പിന്നത്തെ ചില നിമിഷങ്ങൾ ശ്വാസരഹിതമായും ആയാസകരമായും കഴിഞ്ഞു; ഒടുവിൽ വളരെനേരം ഒഴിഞ്ഞും തിരിഞ്ഞും ചാടിയും പണിപ്പെട്ടതിൻെറ ഫലമായി ഹസ്സൻ രക്ഷപ്പെട്ടു.

മാഹ്മൂദ് അബ്ദുള്ളായുടെ മുഖത്തുനോക്കി പരുഷമായി ഒന്നു മന്ദഹസിച്ചു. "അള്ളാവു സാക്ഷിയായി അവൻ നല്ല ചുണയനാണ്—പക്ഷേ കുറേ നേരംകൂടി കഴിയുമ്പോൾ അവൻ ക്ഷീണിക്കും. ഞാൻ ഒരു ചെറിയ ആയുധമേ അവനു അനുവദിച്ചുള്ളു. അതുകൊണ്ടാണിത്ര വിഷമം. എന്നാൽ, അബ്ദുള്ള അവനു് ഭ്രാന്തുപിടിച്ചോ? മഹമ്മദിൻെറ തിരുനാമത്തിൽ, അവനെന്താ ചെയ്‌വാൻ തുടങ്ങുന്നതു്?!!"

താൻ മറഞ്ഞുനിന്ന സ്തംഭത്തിൻെറ പിന്നിൽനിന്നു ഹസ്സൻ ഉച്ചത്തിൽ ഒരു വനഗീതവും പാടിക്കൊണ്ടു് പെട്ടെന്നു വെളിയിലേക്കു പുറപ്പെട്ടു. പിന്നീടു കഠാരയെ കടിച്ചുപിടിച്ചുംകൊണ്ടു അയാൾ തലകീഴായിനിന്നു കൈകളിന്മേൽ നടന്നുതുടങ്ങി.

രംഗത്തിൻെറ മറുവശത്തായി അയാളെ തേടിയ സിംഹം പ്രേക്ഷകന്മാരെപ്പോലെതന്നെ കുഴങ്ങിനിന്നു. ഹസ്സൻ സ്വപാദങ്ങളെ ഉയർത്തി തമ്മിൽ ചേർത്തുതട്ടി ശബ്ദം ഉണ്ടാക്കിയിട്ടു ഒരു ചെറിയ കരണംമറിഞ്ഞു വീണ്ടും കാലിന്മേൽനിന്നു. അനന്തരം ഒരു പരിചിതനായ അഭ്യാസിയെപ്പോലെ അയാൾ ചാടിയും കരണംമറിഞ്ഞും തലകീഴായി നടന്നും ദന്തനിരയെ പുറത്തു കാട്ടിക്കൊണ്ടു ഭ്രാന്തനർത്തനംചെയ്തും കുറേനേരം കഴിച്ചു.

ആദ്യം ഒരു കോണിൽ നിന്നും പുറപ്പെട്ട പന്നാകമം തിരിഞ്ഞും

പിന്നെ മറെറാരു കോണിൽ നിന്നു നിർഗ്ഗമിച്ചും ക്രമേണ ആ തസ്ക്കരൻ സിംഹത്തെ സമീപിക്കുന്നതു കണ്ടു കാണികൾ നിശ്ശബ്ദരായി. ചലനംനിന്നു അപ്പോൾ അമർത്തിയ ശ്വാസത്തോടും തുറിച്ച കണ്ണുകളോടുംകൂടി അവർ നോക്കി കാത്തുനിന്നു.

ഇതാ കാൎയ്യം അതിന്റെ പാരമ്യത്തെ പ്രാപിക്കുന്നു. തന്റെ ഭ്രാന്തനൎത്തനങ്ങളെല്ലാം നിൎത്തിയിട്ടു ഹസ്സൻ വേഗത്തിൽ വക്രഗതിയായി സിംഹത്തിന്റെ വലത്തുഭാഗത്തേയ്ക്കു പാഞ്ഞു; പിന്നെ മൃഗം കൈകൾ വീശി അടുത്തപ്പോൾ പെട്ടെന്നു തന്റെ ഗതിയെ മാററി ഇടത്തുവശത്തേയ്ക്കു പാഞ്ഞു.

ഭയങ്കരമായ ഒരു ക്ഷണനേരത്തേക്കു മനുഷ്യനും മൃഗവും തമ്മിൽ തൊട്ടു. സിംഹം തീക്ഷ്ണതയോടെ വലത്തുവശത്തേക്കു പ്രഹരിച്ചതും അതിന്റെ കേസരത്തിനു മുഖത്തെ മറച്ചുകൊണ്ടു ഹസ്സൻ തന്റെ കഠാരയെ മൃഗത്തിന്റെ വലത്തുതോളിൽ കുത്തിയിറക്കിയതും ഒരുമിച്ചു കഴിഞ്ഞു. ആ വലിയ കൈകളും തലയും മിന്നൽവേഗത്തിൽ തിരിഞ്ഞു, എന്നാൽ ഹസ്സൻ തന്റെ ശക്തിമുഴുവൻ പ്രയോഗിച്ചു സിംഹത്തിന്റെ പുറത്തുകൂടി കരണംപൊങ്ങിച്ചാടി മറുവശത്തു ചെന്നു സ്തംഭങ്ങളിലേക്കു ഓടി.

ഇത്രകണ്ടു ധീരമായ ഒരു കർമ്മം മുമ്പൊരിക്കലും കാണപ്പെട്ടിട്ടില്ല. നാലുപുറത്തു നിന്നും മുദ്രാഹീനമായ ആനന്ദാരവം പൊട്ടിപ്പുറപ്പെട്ടു. ഗർജ്ജനംകൊണ്ടു വായുമണ്ഡലത്തെ ഭേദിച്ചു മൃഗരാജൻ ഭ്രാന്തനായി നാനാദിക്കിലേയ്ക്കും മണൽ ചിതറിക്കൊണ്ടു വേദനയുണ്ടാക്കുന്ന ഏതോ ഒരു വസ്തുവിനെ എടുത്തുകളയാനെന്നപോലെ വിവൃതവദനനായി തന്റെ നൂതനക്ഷതത്തിനു ഖാദിപ്പാൻ മുതിൎന്നു. വീണ്ടും നോക്കിയപ്പോൾ സിംഹത്തിന്റെ തോളിൽ കഠാര ഇറങ്ങിയിരിക്കുന്നതു കാണികൾ കണ്ടു. പിന്നെ ഒന്നുകൂടി തങ്ങളുടെ നോട്ടങ്ങളെ ഹസ്സന്റെനേരെ തിരിച്ചപ്പോൾ അയാൾ നിരായുധനായും വലത്തുതോളിൽ ക്ഷതമേററവനായും അവർ കാണപ്പെട്ടു

മാഹ്ഫൂദ് തന്റെ പൎയ്യങ്കത്തിലേക്കു പാഞ്ഞു് ഒരു പെൺകിടാവിന്റെ പക്കൽനിന്നും സ്വർണ്ണചഷകത്തിൽ മധുരമദ്യം വാങ്ങി സേവിച്ചു. "എന്റെ പിതാവു് സത്യമായി, ഇത്ര ഉൽകൃഷ്ടമായ ഒരു വിനോദം കാണുമെന്നു് ഞാൻ ഒരിക്കലും പ്രതീക്ഷിച്ചില്ല. നീ എന്തു പറയുന്നു, അബ്ദുള്ളാ? ഇതിനേക്കാൾ ധീരമായ ഒരു കർമ്മം നീ കണ്ടിട്ടുണ്ടോ?"

അയാൾ തിരിച്ചുതൊടുത്ത വാക്കുകൾ അത്രസുഭഗങ്ങളായിരുന്നില്ല. സമരശേഷത്തിൽ നിന്നും ഹസ്സൻ സർവ്വഥാ സ്വാതന്ത്ര്യത്തെ അർഹിക്കുന്നു എന്നു തന്നത്താൻ സമ്മതിച്ച അബ്ദുള്ള തൽക്ഷണം ആ ധീരാത്മാവിനു വേണ്ടി മാഹ്ഫൂദിനോടു അപേക്ഷിക്കാൻ തുടങ്ങുകയായിരുന്നു. എന്നാൽ ഹസ്സൻ തന്റെ ഒരു പ്രതിയോഗിയായിത്തീരുമെന്നുള്ള ചിന്ത മാഹ്ഫൂദിന്റെ ചോദ്യം നിമിത്തം അബ്ദുള്ളയുടെ ഹൃദയത്തിൽ അങ്കുരിച്ചു. ഇത്രകണ്ടു ബലവും ധീരതയുമുള്ള ഒരു മനുഷ്യൻ സംശയംകൂടാതെ രാജകുമാരന്റെ മതി

പ്പിൽ ഉയൎന്നുനില്ക്കും; അബ്ദുള്ളയാകട്ടെ തന്റെ സ്ഥാനഭ്രംശത്തെ കാംക്ഷിച്ചുമില്ല.

"സമൎത്ഥനും ധീരനും തന്നെ പ്രഭോ പക്ഷെ കഠാര തിരിച്ചെടുത്തു വീണ്ടും പ്രയോഗിക്കാൻ അവന്റെ സാമൎത്ഥ്യം അവനെ ശക്തനാക്കുമോ എന്നുള്ളതു് കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. ഏതായാലും ഈ യുദ്ധത്തിൽ ഇപ്പോഴും ബഹുമതി സിംഹത്തിനു തന്നെ. എന്തെന്നാൽ സ്വശരീരത്തിൽ ആയുധം ഏററുകൊണ്ടു് പ്രതിയോഗിയെ അതു നിരായുധനാക്കി. അയാളുടെ വിദ്യ എന്തായിരിക്കുമെന്നു് ഞാൻ അത്ഭുതപ്പെടുന്നു. എന്തെന്നാൽ അയാളുടെ അഭ്യാസഭണ്ഡാരം ഇനിയും ഒഴിഞ്ഞിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല"

അബ്ദുള്ളായുടെ വാക്കുകൾ കൗശലയുക്തങ്ങളും ലക്ഷ്യസ്പൎശികളും ആയിരുന്നു. എന്തെന്നാൽ മാഹ്മൂദ് ഉടനെ മുന്നോട്ടാഞ്ഞു് പ്രതീക്ഷയുടെ ഇരിപ്പായി.

"അവന്റെ അടുത്ത വിദ്യ—അതെ അവൻ അതു രൂപീകരിച്ചിട്ടുണ്ടോ?—അതല്ല, സിംഹം രക്തനഷ്ടത്താൽ വീണുപോകുമെന്നുള്ള ആശയിൽ അവൻ തന്റെ കാലുകൾ ഉപയോഗിക്കുമോ?"

എന്തെങ്കിലും ഒരു കല്പനയെ പ്രതീക്ഷിച്ചവനെന്നപോലെ ഹസൻ ആശയോടുകൂടി രാജകുമാരന്റെ നേരെ നോക്കി. എന്നാൽ മാഹ്മൂദ് യാതൊരടയാളവും കാണാഞ്ഞതിനാൽ യുദ്ധം തുടരണമെന്നുള്ള അദ്ദേഹത്തിന്റെ ഇംഗിതത്തെ അയാൾ മനസ്സിലാക്കി.

തനിക്കു പററിയ മുറിവു കുറെ കഠിനമായതിനാൽ ഹസൻ അല്പവിഷമത്തോടുകൂടി സിംഹത്തിൽ നിന്നും ഏററവും അകലെയുള്ള സ്തംഭത്തിന്റെ മുകളിൽ കയറി. സിംഹം അപ്പോഴും കഠാരയെക്കൊണ്ടു വിഷമിച്ചു നടക്കയായിരുന്നതിനാൽ മനസ്സമാധാനത്തോടുകൂടി നിന്നു് തന്റെ മുറിവു വെച്ചുകെട്ടുന്നതിനു സമയം കിട്ടി.

മൃഗത്തിനു അധികം രക്തം നഷ്ടമായി എന്നുള്ളതു സ്പഷ്ടമായിരുന്നു, എന്നാൽ അതിന്റെ ഭീമമായ ബലം എളുപ്പത്തിൽ ചോൎന്നുപോകുന്നതല്ലായിരുന്നു; വിശേഷിച്ചും അതിന്റെ ക്ഷതങ്ങൾ അതിനെ രോഷമൂൎത്തികരിച്ചതുപോലെയാക്കിച്ചെയ്തു. തുടരെത്തുടരെയുള്ള ഗൎജ്ജനത്താൽ വായുമണ്ഡലത്തെ മുഖരിതമാക്കിക്കൊണ്ടു്, അതു തന്റെ പ്രതിയോഗിയെ നോക്കി വീണ്ടും ഭയങ്കരമായ ഒരു ചാട്ടത്തിനു കോപ്പിട്ടു.

ഹസൻ നേരെ ഞെളിഞ്ഞുനിന്നു. മൃഗം പിന്നോട്ടാഞ്ഞു കുതം കൊണ്ടു ചാടിയപ്പോൾ സ്വശക്തി മുഴുവനും പ്രയോഗിച്ചു് ഒരു വശത്തേയ്ക്കു കുതിക്കയാൽ മനുഷ്യനും മൃഗവും ഒരേസമയത്തുതന്നെ വായുമണ്ഡലത്തിലായി.

ഘനമേറിയ ശബ്ദത്തോടുകൂടി സിംഹം സ്തംഭത്തിന്റെ ഒരുവശത്തു പററിപ്പിടിച്ചു് ക്ഷണനേരം നിന്നതിൽ തന്റെ പ്രതിയോഗി അന്തൎദ്ധാനം

ചെയ്തു എന്നു കണ്ടു വീണ്ടും ഭൂമിയിൽ ചാടി ജ്വലിക്കുന്ന നേത്രങ്ങളോടും ക്രൂരദന്തങ്ങളോടും പൊങ്ങിനില്ക്കുന്ന സടകങ്ങളോടും കൂടി പാഞ്ഞു ചെന്നു, കാലിടറി താഴെ വീണു കിടന്നിരുന്ന ഹസ്സന്റെനേരെ അണഞ്ഞു. അതിന്റെ ഭീമബാഹുക്കളിൽ നിന്നും ഒഴിവാനായി അസ്ഥിരഗതിയോടുകൂടി ഒരു വശത്തേക്കു മാറിയ ഹസ്സൻ ഒരടിയേററു തറയിൽ വീണു. ക്രുദ്ധനായ മൃഗത്തിന്റെ ഊഷ്മളമായി ദുർഗ്ഗന്ധസ്സഹമായുള്ള ശ്വാസം തന്നെ സ്പർശിക്കുന്നതും അയാൾ അറിഞ്ഞു.

ഉടനെ പ്രഭയേറിയ ഒരു ഖഡ്ഗം മിന്നുന്നതും മിന്നൽ വേഗത്തിൽ രണ്ടു കുത്തുകൾ ഏല്പിക്കപ്പെടുന്നതും ഒരു സ്വപ്നത്തിലെന്നപോലെ പതിതനായ ആ മനുഷ്യൻ കണ്ടു.

മാഹ്മൂദിന്റെ അമർഷത്തെയും വകവയ്ക്കാതെ അങ്കണത്തിൽ കടന്നയാളിനെ കാണ്മാൻ സാധിക്കുന്നതിനു മുമ്പുതന്നെ റസ്തമിന്റെ ഖഡ്ഗമാണ് തന്റെ സഹായത്തിനെത്തിയതെന്ന് ഹസ്സൻ മനസ്സിലാക്കി. വേഗത്തോടും ദാർഢ്യത്തോടുംകൂടിയായിരുന്നു, റസ്റം ആ ജ്വലിക്കുന്ന നേത്രങ്ങളിൽ തന്റെ കൃപാണത്തെ കുത്തിയിറക്കിയത്. ഒരു നിമിഷത്തിനുശേഷം റസ്തം കുനിഞ്ഞ് അന്ധനായ ആ മൃഗത്തിന്റെ കൈകൾക്കടിയിൽ നിന്നും തന്റെ ചങ്ങാതിയെ വലിച്ചെടുത്തു.

റസ്റാമിന്റെ പെട്ടെന്നുള്ള പ്രവേശനം നിമിത്തം മാഹ്മൂദിന്റെ നേത്രങ്ങളിൽ അല്പം കോപം ഉദ്ദീപിച്ചു. എന്നാൽ ആ കർമ്മത്തിൽ പ്രദർശിപ്പിക്കപ്പെട്ട മഹിമയും ധൈര്യവും കാണികളുടെ ഉള്ളത്തിലുള്ള അനുമോദനാരവങ്ങളും ഔദാര്യഹീനമായ ഒരു വാക്കുപോലും ഉച്ചരിക്കുന്നതിൽ നിന്നും അദ്ദേഹത്തെ പ്രതിരോധിച്ചു.

റസ്റം മാഹ്മൂദിന്റെ നേരെ നോക്കിയപ്പോൾ അദ്ദേഹം മററുള്ളവരോട് ചേർന്നാനന്ദിക്കുന്നതു കണ്ട് അപകടത്തൊന്നുമില്ലെന്നു തീർച്ചപ്പെടുത്തി ഇടത്തു കയ്യാൽ കൂട്ടുകാരനെ താങ്ങിക്കൊണ്ടു അയാൾ വളയത്തി അഭിവാദനം ചെയ്തശേഷം കാത്തുനിന്നു

ധൈര്യപൂർവം പ്രവർത്തിച്ചു. ഹസ്സൻ പ്രശംസാർഹമായ ഒരു കേളികൊണ്ടു് കാണികളെ സംതൃപ്തരാക്കി അവന്റെ ഭക്ഷണംസമ്പാദിച്ചിരിക്കുന്നു. നീ അവന്റെ പ്രാണനെ രക്ഷിച്ചതിൽ എനിക്കു വലിയ ഉപകാരവും ചെയ്തു," എന്ന് മാഹ്മൂദു മുന്നോട്ടാഞ്ഞുകൊണ്ടു പറഞ്ഞു.

അബ്ദുള്ളയുടെ ഒരു സംഘം. അംഗരക്ഷകന്മാർ സിംഹത്തെ അതിന്റെ ക്രോധസമേതമായ ദീനാവസ്ഥയിൽ നിന്നും മുക്തനാക്കവേ കിങ്കരന്മാർ നമ്മുടെ തസ്കരദ്വയത്തെ സമീപിച്ച് ഹസ്സനെ കശ്ശേററ് അയാളുടെ കഠിനമെങ്കിലും ആപല്ക്കരമല്ലാത്ത മുറിവിനെ വൃത്തിയാക്കി വച്ചുകെട്ടി.

അന്നത്തെ പടങ്ങുകൾ അവസാനിച്ചിരിക്കുന്നതായി കല്പിച്ചശേഷം മാഹ്മൂദു തന്റെ പര്യങ്കത്തിൽ നിന്നെഴുന്നേററു. "ശരി അബ്ദുള്ളാ സുൽ

ത്താൻെറ രത്നമോതിരത്തെ വീണ്ടെടുക്കാനുള്ള സുലൈമാൻെറ ആദ്യത്തെ ശ്രമം പരാജയത്തിൽ കലാശിക്കയും അവിതർക്കിതമായ നൈപുണ്യത്തോടുകൂടിയ ഒരു പുതിയ ഭൃത്യനെ എനിക്കു ലഭിക്കയും ചെയ്തു. എന്നാൽ അബ്ദുള്ളാ ഇനി വളരെ ജാഗ്രതയായിരിക്കണം, എന്തെന്നാൽ ഈ സംഗതി വെറുതെ വിട്ടുകളകയും മററുമില്ല. മോതിരം വീണ്ടെടുക്കാനുള്ള ആദ്യത്തെ ശ്രമത്തെ രണ്ടാമതൊരു ശ്രമം പിൻതുടരുമെന്നുള്ളതു നിശ്ചയംതന്നെ.

## അദ്ധ്യായം ൯

# വല്ലിനു് ഒരു പുതിയ ഞാൺ

“എന്തെങ്കിലും വത്തമാനം കിട്ടിയോ അപ്പാ?”

ഈ വാക്കുകളോടുകൂടി സുലൈഖ തൻെറ അരികത്തണഞ്ഞ പിതാവിൻെറ മുഖത്തേയ്ക്കു നോക്കി. അദ്ദേഹം നിഷേധാർത്ഥത്തിൽ തലകുലുക്കിയപ്പോൾ അവൾ തന്റെ ദാസിമാരെ പുറത്തയച്ചിട്ടു് വിവർണ്ണവദനയായി സുലൈമാൻെറ അടുത്തുചെന്നു് ഇങ്ങനെ ചോദിച്ചു.

“നമ്മുടെ കൗശലം പരാജയത്തിലായോ?”

സുലൈമാൻ ശിരസ്സുചലിപ്പിച്ചുകൊണ്ടു ശാന്തനെന്നപോലെ പര്യങ്കത്തിൽ പതിച്ചിട്ടു് തൻെറ കയ്യിൽ ഇരുന്ന ചെറിയ കടലാസുചുരുളിനെ മകളുടെ പക്കൽകൊടുത്തു. വിറയ്ക്കുന്ന വിരലുകളോടുകൂടി അവൾ അതിനെ തുറന്നു ഇങ്ങനെ വായിച്ചു.

“രാജവംശജനും ബഹുമാന്യനും പ്രതാപവാനും ആയ മാഹ്മൂദ് രാജകുമാരൻ മാളവത്തിലെ പ്രധാനമന്ത്രിയായ സുലൈമാനെ അഭിവന്ദിക്കയും റസ്റ്റം എന്ന നാമത്തിൽ അറിയപ്പെടുന്ന ഒരുവൻെറ പക്കൽ ഏല്പിച്ചയച്ച ഉപഹാരങ്ങളെ സ്വീകരിക്കയും ചെയ്യുന്നു.

“ഈ റസ്റ്റമിനെ ആജ്മീർ പ്രഭുവിൻെറ സഹോദരനായി വേഷം മാററി നാസർഉദിൻ എന്നു പേരിട്ടതിൽ അവിടന്നു പ്രദർശിപ്പിച്ച നേരംപോക്കു് ഞങ്ങളെ എല്ലാവരെയും ചിരിപ്പിച്ചു. എന്നാൽ ഈ വിനോദപ്രയോഗത്തിനു ലാക്കായി രാജവംശ്യനായ ഒരു രാജകുമാരനെ തിരിഞ്ഞെടുത്തതിൽ അവിടന്നു കാണിച്ച അനൌചിത്യം മാത്രമേ ആക്ഷേപാർഹമായുള്ളു.

“എൻെറ സ്വാമിയും മാളവത്തിലെ സുൽത്താനുമായ മാമൂദ് ഖാൻ തിരുമേനി തിരിച്ചെഴുന്നള്ളുന്നതുവരെ അള്ളാവിന്റെ കാരുണ്യത്താൽ അവിടത്തേയ്ക്കു ശാന്തിയുണ്ടാകട്ടെ!”

സുലൈഖ (എഴുത്തു താഴെ എറിഞ്ഞിട്ടു്) “ഭയങ്കരൻ! ഹാസ്യസൂചകമല്ലാതെ കണ്ടു് എപ്പോഴെങ്കിലും ഒരെഴുത്തു അയാളുടെ പക്കൽനിന്നും കിട്ടി

യിട്ടുണ്ടോ?" എപ്പോഴാണു് പുച്ഛരസം സ്പർശിക്കാതെയുള്ള അയാളുടെ ഒരു വാക്കു അച്ഛൻ കേട്ടിട്ടുള്ളതു്?"

സുലൈമാൻ ചിന്താഗ്രസ്തനായി, നിശ്ശബ്ദനായി തലകുലുക്കി. ഒടുവിലത്തെ വാചകം മറ്റെല്ലാറ്റിനെക്കാളും ശക്തിയോടെ അദ്ദേഹത്തിന്റെ ഹൃദയത്തിൽ പതിഞ്ഞു. "സുൽത്താൻ തിരുമേനി തിരിച്ചെഴുന്നള്ളുന്നതുവരെ അള്ളാവിന്റെ കാരുണ്യത്താൽ ശാന്തി!" ഇതിൽ കൂടുതൽ എന്താണു പറയേണ്ടതു്? ഈ വാക്കുകൾ, അവയുടെ സൂചനയെ മറയ്ക്കാത്തവിധം അത്ര നേരിയ ഒരു മൂടുപടത്താൽ മൂടപ്പെട്ടിരുന്നു.

"റസ്തമിന്റെ കഥയെന്തു്? മാഹ്മൂദ് അയാളുടെ നേരെ അനർഹമായ കാഠിന്യത്തോടുകൂടി പെരുമാറുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ അച്ഛാ, അയാളുടെ രക്ഷയെപ്പറ്റി എനിക്കു് ഗൌരവാവഹമായ ദുശ്ശങ്കകൾ ഉണ്ടു്. അയാൾ അനേകം കുറ്റങ്ങൾ ചെയ്തിട്ടുള്ളവനാണെങ്കിലും, സ്നേഹിക്കാൻ കൊള്ളാവുന്നവനാണെന്നു് എനിക്കു തോന്നി. അയാൾ ഇക്കാര്യം വിജയപൂർവം സാധിച്ചിരുന്നെങ്കിൽ അച്ഛന്റെ സഹായംകൊണ്ടു് അയാളുടെ ജീവിതത്തെ ഒരു നല്ല മാർഗ്ഗത്തിലേക്കു തിരിച്ചുവിടാമെന്നു ഞാൻ വിചാരിച്ചു" എന്നു സുലൈഖ പറഞ്ഞു.

സുലൈമാൻ—"മകളേ, അവൻ ഒരു സുന്ദരനും വിനോദശീലനും ആയ കള്ളനാണു്. മോഷ്ടിക്കാൻ അതിചാതുര്യമുള്ളവനും തന്നെ. അതിനാൽ അവന്റെ മനോഹരമായ ഭാവങ്ങൾകൊണ്ടു് നീ വഞ്ചിതയായിപ്പോകരുതു്. അവന്റെ ധീരതയും ഉത്പന്നമതിത്വവും കാണുന്ന ഏവനും അവൻ ചെയ്തിട്ടുള്ള അപരാധത്തിന്റെ ഗൌരവത്തെ മറക്കും. കഴുവേറ്റത്തിനു് റസ്തമിനെപ്പോലെ അർഹിക്കുന്ന മറ്റൊരു തസ്കരനില്ല. മാഹ്മൂദ് അതു ചെയ്തിട്ടുണ്ടെങ്കിൽ, അവൻ ധാരയിൽവച്ചു നൽകേണ്ട ദണ്ഡനത്തെ അയാൾ തന്റെ അരമനയിൽവച്ചു നടത്തുകമാത്രമാണു ചെയ്തതു്. അവന്റെ ആത്മാവിനു ശാന്തിയുണ്ടാകട്ടെ—നമ്മുടെ പണി ഇനിയും പൂർത്തിയാകാതെയാണിരിക്കുന്നതു് എന്നുമാത്രമല്ല തന്നെ ശങ്കിച്ചിട്ടുണ്ടെന്നു് മാഹ്മൂദ് അറിഞ്ഞിരിക്കുന്നതുകൊണ്ടു് അയാൾ മുമ്പത്തേതിൽനിന്നും ഇരട്ടി ജാഗ്രതയോടുകൂടിയിരിക്കുമെന്നുള്ളതിനാൽ നമ്മുടെ വിഷമങ്ങൾ നൂറുമടങ്ങു് വർദ്ധിച്ചിട്ടുണ്ടു്."

സ്നേഹപരവശയായ സുലൈഖ അച്ഛന്റെ ജരാക്രാന്തമായ മുഖത്തെയും കൈകളെയും തലോടി, "അച്ഛൻ നിരാശപ്പെടരുതു്. ഈ വൈഷമ്യങ്ങളെല്ലാമിരുന്നാലും അവയുടെ മദ്ധ്യക്കൂടി നമുക്കു ഇനിയും ഒരു വഴി കണ്ടുപിടിക്കാം. ധാരയിലെ ധീരയോദ്ധാക്കളിൽ മിക്കപേരും സുൽത്താൻ തിരുമേനിയെ അനുഗമിച്ചിരിക്കയാണെങ്കിലും അച്ഛനുവേണ്ടി ഏതു ആപൽക്കരമായ കർമ്മങ്ങളും ചെയ്യാൻ സന്നദ്ധരായ വീരപുരുഷന്മാർ ഇനിയും ഇവിടെയുണ്ടു്."

"കാസിംരാജകുമാരനും ഇപ്പോഴും ധാരയിൽതന്നെയുണ്ടു്" എന്നു സുലൈമാൻ തലകുലുക്കിക്കൊണ്ടു പറഞ്ഞു.

“കാസിം! അയ്യോ ! അപ്പാ” സുലൈഖയുടെ സ്വരം ലോകസങ്കലിതമായി. കാസിംരാജകുമാരൻ അവളുടെ കാമുകനായിരുന്നു.

“കുമാരനെക്കാൾ ധീരനായി മററൊരാളെ ഞാൻ കാണുന്നില്ല,” എന്നു സുലൈമാൻ നിശ്ചിതസ്വരത്തിൽ പറഞ്ഞു.

“ഇത്രയും ധീരനായ ഒരാൾ ഇല്ല, എന്നാൽ അപ്പാ അദ്ദേഹത്തിന് എന്തെങ്കിലും ആപത്തു പററിയാൽ എൻെറ ഹൃദയം തകൻറു പോകും!” എന്നു സുലൈഖ ഖേദിച്ചു.

സുലൈമാൻ എഴുന്നേററു ജാലകത്തോടടുത്തു തമാലദ്രുമങ്ങൾ നിറഞ്ഞ അങ്കണത്തിനെതിരേ ദൂരത്തായി കാണപ്പെട്ട കാസിമിൻെറ സൌധപ്രകാരത്തിലേക്ക് നോക്കി. പിന്നെ അദ്ദേഹം മകളുടെ നേരെ തിരിഞ്ഞു.

“സുൽത്താൻ തിരുമേനി തിരിച്ചെഴുന്നള്ളുന്നതിനകം തിരുവാഴി വീണ്ടെടുത്തില്ലെങ്കിൽ?” എന്നു ശാന്തനായി അദ്ദേഹം ചോദിച്ചു.

സുലൈഖയുടെ മോഹനനയനങ്ങൾ അപ്രസന്നങ്ങളായി, ഉത്തരക്ഷണത്തിൽ അവൾ സ്ഥിരനിശ്ചയത്തോടെ തൻെറ ശിരസ്സുയർത്തി.

‘അപ്പാ അവിടുന്നരുളിച്ചെയ്തതു ശരിതന്നെ. ഒരു നിമിഷനേരത്തേയ്ക്കെങ്കിലും ഞാൻ ശങ്കിച്ചു നിന്നതു് വെറും സ്വാർത്ഥതല്പരതയെ സൂചിപ്പിക്കുന്നു. അദ്ദേഹം ഇക്കാര്യം കയ്യേൽക്കാൻ സന്നദ്ധനാണെങ്കിൽ ഞാൻ ഒരിക്കലും പ്രതിബന്ധമായി നില്ക്കയില്ല. ഇല്ല, പിതാവേ ഞാൻ തന്നെ അദ്ദേഹത്തോടു ഇക്കാര്യം സാധിച്ചുതരണമെന്നപേക്ഷിക്കാം.”

“കുമാരൻെറ ഒരു ശിരോരോമത്തിനു പോലും ഹാനിവരാതെ അള്ളാവു കാത്തുരക്ഷിക്കട്ടെ സുലൈഖ; എന്നാൽ സമയം വളരെ പരിമിതമാണു് എന്തെന്നാൽ മോതിരം നഷ്ടമായിട്ടു ഇന്നു മൂന്നാം ദിവസമാണ്. അതുകൊണ്ടു നീ പറഞ്ഞതുപോലെ തന്നെ കാസിമിൻെറ അടുത്തുചെന്നു അയാളുടെ സഹായം അപേക്ഷിക്കു” എന്നു് അവളുടെ അപ്പൻ കല്പിച്ചു.

അദ്ദേഹം വാത്സല്യത്തോടെ മകളെ ആലിംഗനം ചെയ്തിട്ടു തൻെറ ഔദ്യോഗികജോലികൾക്കായി തിരിച്ചു: സുലൈഖ തൻെറ പല്ലക്കു കൊണ്ടുവരാൻ കല്പനകൊടുത്തു പിന്നിട്ടു് അതിൽ കയറി പല ദാസിമാരോടും അടിമകളോടുമൊരുമിച്ചു കാസിമിൻെറ അരമനയിലേക്കു യാത്രയായി.

നിർഭയനും, സുന്ദരനും, ധീരനായ ഒരു അശ്വാരോഹനും, വിദഗ്ദ്ധഖഡ്ഗിയും ആയ രാജകുമാരൻ പുരാതനമായി പ്രൌഢമായുള്ള ഒരു പാരസീകവംശത്തിൽ പെട്ടവനായിരുന്നു. സുലൈഖ കൊട്ടാരത്തിൽ എത്തിയപ്പോൾ കുമാരൻ സൌധവളപ്പിലെ വിഹാരഭൂമിയിൽ വ്യായാമ പരിശീലനം ചെയ്തുകൊണ്ടു നില്ക്കയായിരുന്നു. സുലൈഖ പല്ലക്കു നിർത്തി അതിൻെറ യവനികകളുടെ ഇടയിൽകൂടി പ്രണയപൂർണ്ണമായ നേത്രങ്ങളോടും തുടിക്കുന്ന ഹൃദയത്തോടുംകൂടി സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നു. ലക്ഷണ സമ്പന്നനായ ഒരു അറബിക്കുതിരയുടെ മേൽ കയറി കാസിം അതിനെ മെല്ലേ നടത്തി പിന്നിട്ടു്

ക്രമേണ വേഗം കൂട്ടി ശീഘ്രഗതിയിൽ ഇടത്തും വലത്തും ഭാഗങ്ങളിലേക്കു തിരിച്ചു് ഒടുവിൽ യുദ്ധമദ്ധ്യേ ഒരു ശത്രുസേനയെ നയിക്കുംവണ്ണമുള്ള ഭയങ്കരരയത്തിൽ പായിച്ചു. കിങ്കരന്മാർ അനേകം മരവേലികളെ മാർഗ്ഗപ്രതിരോധകമായി വച്ചിരുന്നപ്പോൾ സുലൈഖ തന്റെ ശ്വാസം അടക്കി, എന്നാൽ കുതിര ഒരു പക്ഷിയെപ്പോലെ അവയെല്ലാം തരണംചെയ്തു് അതിന്റെ വഴിക്കുപാഞ്ഞു.

പിന്നെ ഏകദേശം പതിന്നാലടി പൊക്കം വരുന്ന ഇരുപതു കുററികൾ, അററത്തു ഉറപ്പിക്കപ്പെട്ട അഞ്ചംഗുലം നീളമുള്ള ഇരുമ്പാണികളോടു കൂടി ഇടത്തും വലത്തും ഭാഗങ്ങളിൽ പന്ത്രണ്ടടി അകലത്തിൽ രണ്ടു വരിയായി നാട്ടപ്പെട്ടു. കയ്യിൽ വാളുമായി കാസിം തന്റെ കുതിരയെ വിഹാരരംഗത്തിന്റെ ഒരററത്തേയ്ക്കു നയിച്ചു. അവിടെനിന്നു അതിനെ തിരിച്ചു മുന്നോട്ടു പ്രചോദനം ചെയ്തു. സ്ഥാണുനിലയെ സമീപിക്കുന്തോറും ക്രമേണ വേഗം കൂട്ടി വലത്തോട്ടും ഇടത്തോട്ടും വാൾ പായററിക്കൊണ്ടു് കുററികളുടെ മദ്ധ്യേകൂടി അദ്ദേഹം പാഞ്ഞു. വലത്തുവശമുള്ള കുററികളുടെ ആണി അതിന്റെ കുററിയിൽനിന്നും ഇളകി തെറിക്കുന്നതു് സുലൈഖ കണ്ടു. അടുത്ത നിമിഷത്തിൽ കാസിം തന്റെ ഖഡ്ഗത്തെ മറുവശത്തേക്കു ചുഴററി ഇടത്തു ഭാഗത്തെ ആണിയും തട്ടിത്തെറിപ്പിച്ചിട്ടു് വീണ്ടും വലത്തോട്ടു ചാടി മൂന്നാമത്തെ ആണിയും ഇളക്കിക്കളഞ്ഞു. ഇതെല്ലാം, ഇക്കഥ പറഞ്ഞു തീർക്കാൻ വേണ്ട സമയത്തിനുള്ളിൽ കഴിഞ്ഞു. ഒടുവിൽ അദ്ദേഹം രംഗത്തിന്റെ മറെറ പരിധിയിൽ കുതിരയെ നിർത്തിയപ്പോൾ നാലാണി മാത്രം ശേഷിച്ചതായി കണ്ടു.

“പതിനാറും പോയി, അതു കഴിഞ്ഞ ആഴ്ചയിലേക്കാൾ, രണ്ടു കൂടുതലാണു്. ഇതു മുഴുവനും കളയാൻ ഇനി എത്രകാലം വേണ്ടിവരും?” എന്നു കാസിം ആനന്ദമയമായ ഒരു ചിരിയോടുകൂടി പറഞ്ഞു.

അദ്ദേഹം സുലൈഖയുടെ പല്ലക്കിന്റെ സമീപത്തേയ്ക്കു ഓടിച്ചു പോയി, കിങ്കരന്മാരും അടിമകളും പിന്നിൽ അല്പം ദൂരത്തായി വാങ്ങിനിന്നു. “മമന്യ, ഭവതിക്കു സ്വാഗതം. ഭവതിയുടെ നേത്രങ്ങൾ ഈ രംഗത്തിനു പ്രഭ കൂട്ടുന്നു. എന്നുതന്നെയല്ല ഭവതി നോക്കിനിൽക്കുന്നു എന്നബോധം എന്റെ ഖഡ്ഗത്തിനു മൂർച്ചയും ലക്ഷ്യത്തിനു ആർജ്ജവത്തെയും പ്രദാനം ചെയ്തു. ഇന്നത്തെപ്പോലെ ഒരിയ്ക്കലും ഞാൻ ഇത്ര ഭംഗിയായി പ്രവർത്തിച്ചിട്ടില്ല. എന്നാൽ എന്റെ പ്രേമപാത്രമേ ഭവതി വല്ലാതെയിരിക്കുന്നതെന്തു്? എന്തോ വേദന ഭവതിയെ പിടികൂടിയിരിക്കുന്നു. വരൂ, അതെന്തെന്നു എന്നോടു പറക, ഞാൻ കൂടെ അതിൽ പങ്കുകൊള്ളട്ടെ.” അദ്ദേഹം അവളുടെ ഹസ്തത്തെ പിടിച്ചു തന്റെ അധരത്തോടണച്ചു, പിന്നെ അവളെ താഴെയിറക്കിയിട്ടു് അവർ ഒരുമിച്ചു കിങ്കരസംഘത്തിന്റെ ദൃഷ്ടിക്കെത്താവുന്നതും എന്നാൽ സംഭാഷണം കേൾക്കാൻ കഴിവരാത്തതുമായ ദൂരത്തേക്കു നടന്നു.

സുലൈഖ വേഗത്തിൽ പറഞ്ഞ കഥയെ കാസിം ശ്രദ്ധിച്ചുകേട്ടു. അദ്ദേഹത്തിൻെറ ഭാവം കറുത്തു.

"കള്ള നായ്! ഇങ്ങനെയുള്ള ഒരു സർപ്പം നമ്മുടെ രാജ്യത്തു വസിക്കുന്നതു് നമുക്കെല്ലാവർക്കും ലജ്ജാകരമാണു്. അതിനേക്കാൾ ലജ്ജാകരമത്രെ അവൻെറ ദുഷ്കർമ്മങ്ങളിൽ അവനെ സഹായിക്കാൻ ആൾ കിട്ടുന്നതു്. ഇപ്രാവശ്യം അവൻ കുറെ കടന്നാണു് പ്രവർത്തിച്ചിട്ടുള്ളതു്, അവൻെറ സാമർത്ഥ്യം അവൻെറ തന്നെ അധഃപതനത്തിനു ഹേതുവായിത്തീരാൻ അല്ലാഹു അനുഗ്രഹിക്കട്ടെ."

ഈ അതിപ്രധാനമായ കാര്യം കയ്യേൽക്കുന്നതിനു കാസിനു യാതൊരു പ്രലോഭനവും വേണ്ടിവന്നില്ല. സുലൈഖ പറഞ്ഞ കഥ തീരുന്നതിനു മുമ്പു അദ്ദേഹം ആ കാര്യസാദ്ധ്യത്തിലേക്കു പുറപ്പെടുവാൻ ബദ്ധകങ്കണനായി. "എന്നാൽ എനിക്കു വേഷം മാറാനും മററും സാമർത്ഥ്യമില്ല. ഇപ്രകാരമുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം എൻെറ അലസതയാണു ഇതുവരെ എനിക്കു ബന്ധുവായി വർത്തിച്ചിട്ടുള്ളതു്. അതിനാൽ രത്നമോതിരം വീണ്ടെടുക്കുന്നതിനും അതിനെത്തന്നെ ഞാൻ വിശ്വസിക്കണം." എന്നു കാസിം പറഞ്ഞു.

"എന്നാൽ അവിടുന്നു എന്തുചെയ്യും?" സുലൈഖയുടെ വാക്കുകൾ ഉൽക്കണ്ഠാപൂർണ്ണങ്ങളായിരുന്നു. അവൾ തുടർന്നു പറഞ്ഞു- "മാഹ്ഡിനു അനേകം രക്ഷിഭടന്മാരുണ്ടു്. അവിടുന്നു അല്പം മുമ്പു ആണികൾ തട്ടിത്തെറിപ്പിച്ച ആ കററികളെപ്പോലെ വിചാരിക്കപ്പെടാവുന്നവരല്ല അയാളുടെ ഭടന്മാർ!"

കാസിം പുഞ്ചിരിച്ചു. "എൻെറ പ്രിയപ്പെട്ട ദേവി, ഞാൻ സ്നേഹഭാവത്തിൽ മാഹ്ഡിൻെറ കൊട്ടാരത്തിലേയ്ക്കു ചെല്ലുന്ന പക്ഷം അയാൾക്കു എന്നെ സ്വീകരിക്കാതിരിക്കാൻ യാതൊരു കാരണവും പറവാൻ നിവൃത്തിയില്ല. പിന്നെ ഞാൻ ഒരു രഹസ്യ സന്ദർശനത്തിനപേക്ഷിക്കുന്ന പക്ഷം നിസ്സംശയം അതു് അനുവദിക്കപ്പെടും എന്തെന്നാൽ മോതിരത്തിൻെറ സംഗതിയിൽ ഭവതിയുടെ പിതാവിൻെറ ഒരു സന്ദേശകാരനായി ചെന്നിരിയ്ക്കയാണു ഞാൻ എന്നു മാത്രമേ അയാൾ വിചാരിക്കയുള്ളു, അതുകൊണ്ടു അക്കാര്യത്തെ പററി പറയുമ്പോൾ മുറിയിൽ മററാരുടെയും സാന്നിദ്ധ്യം അയാൾ ഇഷ്ടപ്പെടുകയും ഇല്ല." എന്നു അദ്ദേഹം പറഞ്ഞു.

"പിന്നീടു എന്തു്?"

കാസിം ചിരിച്ചു. "ഒരു മനുഷ്യൻെറ കണ്ഠത്തിനു നേരെ വാൾ മുനചൂണ്ടിയാൽ അവൻ ചെയ്യാത്തതു യാതൊന്നുമില്ല. അതിനാൽ രത്നമോതിരത്തെ അവൻ കൈക്കലാക്കിയിട്ടുണ്ടെങ്കിൽ — ഉണ്ടെന്നാണു് എൻെറ ദൃഢവിശ്വാസം അവൻ ഉടനെ അതു തിരിച്ചു തരും. പിന്നെ അതിനെ വല്ലയിടത്തും ഒളിച്ചു വച്ചിട്ടുണ്ടെങ്കിൽ ഉടനെ അതു് എടുക്കാൻ അവൻ ഓടും".

"എന്നാൽ അയാളുടെ അംഗരക്ഷകന്മാർ വന്നു് ഇടയ്ക്കു വീഴും. അയാം ഒന്നു വിളിച്ചാൽ മതി. അവർക്കൂടോടെ ഇളകും," എന്നു സുലൈഖ പറഞ്ഞു.

"അവർ സമീപിച്ചാൽ അവന്റെ മരണം നിശ്ചയം. ആ കാരണത്താൽ മാഹ്മൂദ് തന്നെ അവരോടു അകലെ നില്പാൻ കല്പിക്കും, ഇല്ലെങ്കിൽ എന്തു ചെയ്യണമെന്നു് എന്റെ ഖഡ്ഗത്തിനറിയാം. ഞാൻ മോതിരവും വാങ്ങി അരമന വിട്ടു പോകുന്നതുവരെ അവർ ആയുധം വച്ച കൈ തലയ്ക്കു മീതെ പൊക്കിക്കൊണ്ടു നില്പാൻ അയാളുടെ മുഖത്തു നിന്നും തന്നെ ആജ്ഞ പുറപ്പെടും. ഒരിക്കൽ പുറത്തു കടന്നാൽ മാഹ്മൂദിന്റെ ലായത്തിലൊ സുൽത്താന്റെ തന്നെ ലായത്തിലൊ ഉള്ള ഒന്നാംതരം കുതിരകംപോലും എന്റെ അറബികുതിരയോടു സമീപിക്കയില്ല." എന്നു കാസിം പറഞ്ഞു"

സുലൈഖ ദീർഘമായി ഒന്നു നിശ്വസിച്ചു. "അതു വളരെ സുകരമെന്നു തന്നെ അവിടത്തെ വാക്കു് കേട്ടിട്ടു തോന്നുന്നു, പക്ഷെ എന്റെ പേടി മാറുന്നില്ല."

"ഒരു നിസ്സാരമായ ഉപായം മിക്കപ്പോഴും വലിയ ഫലത്തെ ചെയ്യും. വളരെ ആലോചനയോടുകൂടി വിസ്തൃതമായ രീതിയിൽ പ്രവർത്തിക്കപ്പെടുന്ന തന്ത്രം സാധാരണമായി പരാജയത്തിലാണു കലാശിക്കാറുള്ളതു്. എന്തെന്നാൽ അതിൽ ഒരു ചെറിയ സംഗതിക്കു് തെറ്റു പററിയാൽ മുഴുവൻ കാര്യവും കുഴപ്പത്തിലാവും. അനാവശ്യമായ യാതൊരു കാപട്യങ്ങളും കൂടാത്ത എന്റെ ഉപായത്തിൽ റുസ്തമിന്റേതിലെന്നപോലെ ഒളിക്കപ്പെടേണ്ടതായി ഒന്നും തന്നെയില്ല. ഞാൻ ഭവതിയുടെ പിതാവായ പ്രധാനമന്ത്രിയുടെ പ്രതിനിധിയെന്ന നിലയിൽ കാര്യം പറവാനായി മാത്രം പോകയാണു്. അതിനാൽ രഹസ്യമായ ഒരു സന്ദർശനം ആവശ്യപ്പെടുന്നതു് ഒരൽഭുതമല്ല. ഞാൻ ഒന്നും ഒളിക്കാതെ മാഹ്മൂദിനോടു കാര്യം തുറന്നു ചോദിക്കും. അയാം വല്ല വിഷമങ്ങളും ഉണ്ടാക്കുന്ന പക്ഷം എന്റെ വാളുരും; അപ്പോം ഞാൻ തന്നെ ജയിക്കും!" എന്നു കാസിം പറഞ്ഞു. "എന്റെ പ്രേമപാത്രമേ അവിടുന്നു പറയുംപോലെയെല്ലാം സംഭവിക്കട്ടെ" എന്നു് അവം സംശയഗ്രസ്തയായി പറഞ്ഞു. അവർ തമ്മിൽ യാത്രപറഞ്ഞു പിരിഞ്ഞപ്പോം അവർ ധൈര്യവതിയായി കാണപ്പെട്ടു. അവളുടെ കാമുകന്റെ ആത്മവിശ്വാസം ആയിരുന്നു അവളിൽ ഈ ധൈര്യത്തെ അങ്കുരിപ്പിച്ചതു്.

കാസിം പല്ലക്കിന്റെ സമീപത്തേക്കു് അവളെ അനുഗമിച്ചു. അടുത്ത പ്രഭാതത്തിലൊ അതിനു മുമ്പു തന്നെയോ സ്വപ്രയത്നത്തിന്റെ ഫലത്തെ പ്രതീക്ഷിച്ചുകൊള്ളുവാൻ സുലൈഖയോടപേക്ഷിച്ചിട്ടു് അദ്ദേഹം പിൻതിരിഞ്ഞു. കാര്യത്തെ സംബന്ധിച്ചു ഗാഢമായി ആലോചിച്ചതിൽ, മാഹ്മൂദിന്റെ കൊട്ടാരത്തിൽ നിന്നും മോതിരവും കൊണ്ടു തിരിച്ചു പോരിക എന്നുള്ളതു മാത്രമേ വിഷമമായി കാസിമിനു തോന്നിയുള്ളു. തന്റെ സൈന്ധവ

ത്തിൽ ആ കുമാരനു പൂൎണ്ണവിശ്വാസം ഉണ്ടായിരുന്നു എങ്കിലും സമുചിതമായ ഒരകമ്പടിയേ വഴിയിൽ ഓരോ സ്ഥലത്തു നിൎത്തിയില്ലെങ്കിൽ കാൎയ്യം വിജയകരമായി സാധിക്കാൻ വിഷമമാണെന്നു അദ്ദേഹം കണ്ടു.

അതനുസരിച്ചു ഒരു മണിക്കൂർ കഴിഞ്ഞു കാസിം മാഹ്മൂദിന്റെ അരമനയിലേക്കു പുറപ്പെട്ടപ്പോൾ ഒരു ആറു ഭടന്മാരും പത്തു കുതിരകളുംകൂടി അദ്ദേഹത്തെ അനുഗമിച്ചു. രണ്ടു നാഴിക ഇടവിട്ടു വഴിയിൽ അദ്ദേഹം ഓരോ ചെറിയ സംഘത്തെയും ഓരോ കുതിരയേയും നിറുത്തി. മോതിരം വീണ്ടെടുത്തുകൊണ്ടുപോകുമ്പോൾ മാഹ്മൂദിന്റെ ഭടന്മാർ പിന്തുടരുന്ന പക്ഷം അവരെ എതിൎക്കാൻവേണ്ടിയായിരുന്നു ഈ മുൻകരുതൽ ചെയ്യപ്പെട്ടതു്. ഈ ഏൎപ്പാടുകൾ ചെയ്തശേഷം രണ്ടു ചാരന്മാരുമായി അദ്ദേഹം അംഗുലീയാപഹൎത്താവായ രാജകുമാരന്റെ വസതിയോടടുത്തു.

ആവശ്യപ്പെടുമ്പോൾ എളുപ്പത്തിൽ എടുക്കത്തക്കവണ്ണം തന്റെ കൃപാണം അതിന്റെ കോശത്തിലും കഠാരകൾ കഞ്ചുകത്തിനടിയിലും സുരക്ഷിതമാണെന്നു നിശ്ചയം വരുത്തിയശേഷം കാസിംരാജകുമാരൻ മുമ്പു റസ്റ്റം ചെയ്തപോലെ മാഹ്മൂദിന്റെ സൌധാങ്കണത്തിലേക്കു് ധൈൎയ്യസമേതം പ്രവേശിച്ചു.

## അദ്ധ്യായം ൰

## അത്യാഹരിതം

“അയാളെ അറിതന്മാരായ അതിഥികൾക്കായി ഒഴിച്ചിടപ്പെട്ടിട്ടുള്ള ഭാഗത്തു് അത്ഭുതങ്ങൾ നിറഞ്ഞ മണ്ഡപത്തിൽ ഞാൻ സ്വീകരിക്കാം.”

ദൌഷ്ട്യസൂചകമായ സ്വരത്തിലാണു മാഹ്മൂദ് ഈ നിൎദ്ദേശം ചെയ്തതു്. അബ്ദുള്ള മൃദുവായി ഒന്നു ചിരിച്ചിട്ടു അവിടെനിന്നും പോയി താഴെയുള്ള വിസ്തൃതവും മനോഹരവും ആയ ഒരു മുറിയിലേക്കു് മഹ്മൂദ് ഇറങ്ങി. സമീപത്തുള്ള ഉദ്യാനങ്ങളിലെ സൌരഭ്യത്താൽ ഹൃദയാവൎജ്ജകമായ ആ മുറിയുടെ വിവിധവൎണ്ണം കലൎന്ന കളിൎക്കല്ലു പാകിയിട്ടുള്ള തറയിൽ വച്ചു് പ്രവൃത്തമായിട്ടുള്ള കൎമ്മങ്ങളെ ഒരുവനും ശങ്കിക്കയോ ആ മണ്ഡപത്തിന്റെ ഒരറ്റത്തുള്ള ചെറിയ കുളത്തിൽ രാജതധ്വനിയോടുകൂടി പതിച്ച ഉറവ ഒരു ശാലകയെ കൈക്കാൎയ്യം ചെയ്യുന്നതു നിമിത്തം മരണകരമായ വിഷവായുവിനെ വമിക്കുന്നതാണെന്നു സ്വപ്നത്തിൽപോലും വിചാരിക്കുകയോ ചെയ്കയില്ല. ഒരു കിട്ടാരെയ്യുകളിൽ ഗോപനം ചെയ്യപ്പെട്ടിട്ടുള്ള ക്രൂര കഠാരയെപ്പററിയോ ഒരു കസാലയുടെ ചിത്രപ്പണി ചെയ്തിട്ടുള്ള ഭാഗത്തുനിന്നും കാന്റുന്ന ഞെരിക്കുവാനുള്ള ശക്തിയോടുകൂടി പുറത്തു ചാടുന്ന ഇരുമ്പുകൈകളെപ്പററിയോ ആ മനയിലെ അതിവിശ്വസ്തന്മാരായ സേവകന്മാരിൽ ചിലരല്ലാതെ മററാരും

അറിഞ്ഞിട്ടില്ല. തട്ട്, ശില്പകലാകൌശലത്തെ പ്രസ്പഷ്ടമാക്കുന്നതും കണ്ണിനാനന്ദം നൽകുന്ന പല ചായങ്ങളാൽ വിരചിതമായ ലതാദികളുടെ ചിത്രത്തോടുകൂടിയതുമായിരുന്നു. എന്നാൽ മാഹ്മൂദിന് തോന്നുമ്പോൾ, തന്റെ പാർശ്വങ്ങളിലെ: വെറും അലങ്കാരങ്ങൾ എന്നുമാത്രം തോന്നിച്ച ഉരുണ്ട ആണികളെ തിരുക്കുന്നപക്ഷം ആ തട്ട് താഴെ നിൽക്കുന്ന ആളിന്റെ ശിരസ്സിൽ ശക്തിയേറിയ ഭാരത്തെ പ്രക്ഷേപിക്കുന്ന ഒന്നായിരുന്നു.

ആ മുറിയിലേക്കു നയിക്കപ്പെട്ട കാസിം മാഹ്മൂദിന്റെ പുറകിൽ നിന്നിരുന്ന ഭീമകായന്മാരും മണ്ഡലാഗ്രധാരികളുമായ ആറു ഭടന്മാരെ ഉൽക്കണ്ഠയോടുകൂടി ദർശിച്ചു. പ്രതിമകളെപ്പോലെ നിശ്ചലരായി നിന്ന അവർ മഹാബലത്തിന്റെ പ്രതിനിധികളായി കാണപ്പെടുകയാൽ; അവരെ അവിടെ നിന്നയക്കാൻ മാഹ്മൂദ് പ്രേരിതനായാലല്ലാതെ യാതൊന്നും തന്നെ സുകരമല്ലെന്നു കാസിം മനസ്സിലാക്കി.

ഔപചാരികവും ആചാരപരവും ആയ കുശലപ്രശ്നങ്ങൾ കഴിഞ്ഞ ശേഷം കാസിംരാജകുമാരൻ ഒരടിമയുടെ പക്കൽനിന്നും മധുരമദ്യം വാങ്ങി കുടിച്ചിട്ടു ആദ്യമായി സംഭാഷണത്തിൽ പ്രവേശിച്ചു.

അല്ലയോ മാഹ്മൂദ നിങ്ങൾക്കു മാത്രം കേൾക്കാവുന്നതും അതിപ്രധാനവും ഗൌരവമേറിയതുമായ ഒരു സന്ദേശവുംകൊണ്ട് ഞാൻ പ്രധാന മന്ത്രിയായ സുലൈമാന്റെ പ്രതിനിധിയായി വന്നിരിക്കയാണ്."

മാഹ്മൂദ് കൈവീശിയ ഉടനെ അടിമപെൺകിടാങ്ങളും. മററുള്ള അനേകം കിങ്കരന്മാരും അവിടെനിന്നും പിന്മാറി കാസിം പിന്നെയും സംശയിച്ചിരുന്നു, എന്നാൽ ചലനംകൂടാതെ തെളിഞ്ഞുനിന്ന രക്ഷിഭടന്മാരുടെ ഇടയിൽ യാതൊരനക്കവും ഉണ്ടായില്ല.

"ഇനി ഇവരോ? ഹേ രാജകുമാരാ ഇവരെയും പറഞ്ഞയക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു ഞാൻ വന്ന കാര്യം അത്ര രഹസ്യമായതുകൊണ്ടു് നമ്മുടെ സംഭാഷണത്തിന്റെ താല്പര്യം യാതൊരു കാരണവശാലും ഇവർ കേൾക്കരുതു്."

"അവർ ഒരിക്കലും കേൾക്കയില്ല. അവർ ചെവികേൾക്കാൻ വയ്യാത്ത മൂകന്മാരാണ്. അവരുടെ കണ്ണുകളും കൃപാണങ്ങളും എനിക്കുവേണ്ടിയുള്ള സേവനത്തിൽ സ്ഥിരങ്ങളാണ് എന്നാൽ ഞാൻ കൊടുക്കുന്ന ആജ്ഞയോ നിങ്ങൾ പറയുന്ന വാക്കുകളോ അവർ കേൾക്കയില്ല."

തന്റെ ഉള്ളിലുണ്ടായ ഭീതിയെ മറക്കുന്നതിന് കാസിം വളരെ പരിശ്രമിച്ചു അദ്ദേഹം തലകുലുക്കിക്കൊണ്ട് പറഞ്ഞു. മാഹ്മൂദ് ഈ കാര്യം ഞാൻ ഒരു ജീവിയുടെ മുമ്പിൽവച്ചു പറയാൻ ധൈര്യപ്പെടുന്നില്ല. നിങ്ങളുടെ ആളുകൾ ബധിരന്മാരാണെങ്കിലും ചുണ്ടനങ്ങുന്നതു കണ്ടു് കാര്യം മനസ്സിലാക്കാൻ അവർ സമർത്ഥന്മാരായെന്നു വരാം."

അങ്ങനെയാണെങ്കിൽത്തന്നെ എന്ത്? അവർ മനസ്സിലാക്കിയതിനെ

പുറത്തു പറയാൻ അവക്കു ശക്തിയില്ലല്ലോ" മാഹ്മൂദിൻെറ സ്വരം അത്ഭുതത്തെ സൂചിപ്പിച്ചു.

"അന്യരെ കാൎയ്യം മനസ്സിലാക്കാൻ അവക്കു വല്ല മാൎഗ്ഗവും കാണുമെന്നുള്ളതിൽ എനിക്കു സംശയമില്ല."

"മാഹ്മൂദ് വീണ്ടും അത്ഭുതം അഭിനയിച്ചുകൊണ്ടു് തന്റെ ചില്ലികളെ ഉന്നമിപ്പിച്ചു. നിങ്ങളുടെ ഭയം അടിസ്ഥാനമില്ലാത്തതാണു്, എന്നാൽ അവർ നിൽക്കുമ്പോൾ നിങ്ങൾക്കു് സംഭാഷണത്തിനു വിഷമമാണെങ്കിൽ അവരെ പിരിച്ചയക്കാം." അദ്ദേഹം ഒരടയാളം കാണിച്ചു ഉടൻ ആ ഭടന്മാർ തിരിഞ്ഞു ഒരുവശത്തുള്ള വാതലിൽകൂടി അന്തൎദ്ധാനം ചെയ്തു. കാസിം ഒന്നുകൂടി സ്വാതന്ത്ര്യത്തോടെ ശ്വസിച്ചു. മാഹ്മൂദ് ആ സംഗതിയിൽ ശാഠ്യംപിടിച്ചു് തൻെറ ഉപായത്തെ പ്രാരംഭത്തിൽതന്നെ ഹനിക്കാൻ തുടങ്ങുകയാണെന്നു് അദ്ദേഹം ഭയപ്പെട്ടു.

"ഇപ്പോൾ നാം തനിച്ചേയുള്ളു. ഈ യവനികകളുടെ ഉള്ളിലോ വാതലുകളുടെ പിന്നിലോ ആരും മറഞ്ഞിരിക്കുന്നില്ല. ആരുംതന്നെ ജന്നലിൻെറ താഴത്തു ഒളിച്ചിരിക്കുയോ വാതലിനു വെളിയിൽ നിന്നു് ഉറ്റുകേൾക്കുകയോ ചെയ്യുന്നില്ല. ഗുണവാനായ കാസിം നാം മാത്രമേ ഇവിടെ ശേഷിച്ചിട്ടുള്ളു എന്നു് ഞാൻ ഒരിക്കൽകൂടി പറയുന്നു. പ്രധാനമന്ത്രി എന്നിൽനിന്നു് എന്താവശ്യപ്പെടുന്നു? വളരെ കാലമായി അദ്ദേഹം നിന്ദാസമേതം ഗണിച്ചിരുന്ന എൻെറ ഉപദേശത്തെ ഒടുവിൽ സ്വീകരിക്കത്തക്കവണ്ണം രാജ്യകാൎയ്യങ്ങൾ അത്ര കണ്ടു വലുതായിത്തീൎന്നോ? അതല്ല ഒരു തസ്കരനെ പ്രഭുവേഷംകെട്ടിച്ചു ശ്രദ്ധമായി എൻെറ അടുക്കലേക്കയച്ചതിനു് എന്നോടു് ക്ഷമായാചനം ചെയ്വാൻ മന്ത്രിയുടെ പ്രതിനിധിയായി അദ്ദേഹം നിങ്ങളെ അയച്ചിരിക്കയാണോ?" എന്നു് മാഹ്മൂദ് മൎയ്യാദയോടെ പറഞ്ഞു.

"റസ്തം എന്നയാൾ വന്നതു എന്തുദ്ദേശത്തിന്മേലാണെന്നു് നിങ്ങൾക്കറിയാമോ?" എന്നു് കാസിം കൂസൽകൂടാതെ ചോദിച്ചു.

"വാസ്തവത്തിൽ അറിയാം! ആജ്മീർ പ്രഭുവിൻെറ അനുജനും കാൎയ്യസ്ഥനുമാണു് താൻ എന്നു് എന്നെ വിശ്വസിപ്പിക്കാനായിട്ടാണു്. ദീർഘദർശിയുടെ ശക്കകുടീരത്താണ ആജ്മീർ പ്രഭുവിനു ചെയ്ത അപമാനം എനിക്കു ചെയ്തതുപോലെ വലുതുതന്നെയാണു്."

"നിങ്ങളുടെ ആജ്ഞയാൽ മോഷ്ടിക്കപ്പെട്ടതും ഇപ്പോൾ നിങ്ങളുടെ പക്കൽ ഉണ്ടെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നതുമായ രത്നമോതിരത്തെ വീണ്ടെടുക്കാനായിട്ടാണു് അയാൾ വന്നതു്" എന്നു കാസിം തുടർന്നു പറഞ്ഞു.

എന്തു്? സുലൈമാൻ ആ രത്നമോതിരം കളഞ്ഞോ? മോതിരം അദ്ദേഹത്തിൻെറ തൊലി മാത്രം ശേഷിച്ചവിരലിൽ നിന്നും ഊരി ഓടയിലെങ്ങാനും വീണിരിക്കുമെന്നുള്ളതിനു സംശയമില്ല. അതു് ഏതെങ്കിലും റോഡുതൂപ്പുകാരൻ അവിടെനിന്നും കണ്ടെടുത്തു തിരിയെ ഏല്പിക്കുമ്പോൾ അതിലേക്കുള്ള

നന്ദിയെ പ്രദർശിപ്പിക്കാനായി സുലൈമാൻ അവനെ തന്റെ കഴുതകളുടെ ഭരണകർത്താവായി നിയമിക്കും.

ഈ ആക്ഷേപസൂചകമായ വാക്കുകൾ കേട്ട കാസിമിന്റെ മുഖം അരുണമായി. എന്നാൽ തന്റെവികാരങ്ങളെ നിയന്ത്രിക്കേണ്ട ആവശ്യത്തെ അദ്ദേഹം നല്ലപോലെ മനസ്സിലാക്കി.

"നിങ്ങൾക്ക ധരിക്കാനോ വില്ക്കാനോ പരസ്യമായി പ്രദർശിക്കാനോ നിവൃത്തിയില്ലാത്ത ആ സാധനത്തെ തിരിച്ചു തരുന്നതിൽ നിങ്ങൾ ചെയ്യുന്ന വ്യവസ്ഥയറിവാൻ പ്രധാനമന്ത്രി ആഗ്രഹിക്കുന്നു."

"അല്ലയോ മഹാനായ രാജകുമാരാ, നിങ്ങൾ വളരെ വേഗത്തിൽ ഓട്ടുന്നുവെന്നു തോന്നുന്നു. സുൽത്താന്റെ മോതിരം എന്റെ കൈവശമാണെന്നുള്ളതിന്ന് നിങ്ങൾക്ക ഒരു തെളിവെങ്കിലുമുണ്ടോ?" ഈ ചോദ്യത്തിന്ന് ശരിയായ ഒരുത്തരം കിട്ടാൻ മാഹ്മൂദ് ഉല്ക്കണ്ഠിതനായിരുന്നു. എന്തെന്നാൽ വളരെ കാര്യങ്ങൾ അതിനെ അവലംബിച്ചിരുന്നു.

"ശരിയായിട്ടുള്ള തെളിവൊന്നും മന്ത്രിക്കില്ല." എന്നുമാത്രം കാസിം പറഞ്ഞു

"എന്നിട്ട് തെളിവിന്ന് മതിയായ കാരണങ്ങളൊന്നും കൂടാതെ രാജവംശ്യനായ ഒരാളുടെമേൽ ആരോപിക്കപ്പെടുന്ന അപരാധത്തെ കേട്ടുകൊണ്ടു സുൽത്താൻ തിരുമേനി തൃപ്തിപ്പെട്ടിരിക്കുമെന്നു വിചാരിക്കുന്നോ?" എന്ന് മാഹ്മൂദ് പുച്ഛസ്വരത്തിൽ പറഞ്ഞു.

കാസിം തലകുലുക്കി.

"മാമൂദ്ഖാൻ തിരിച്ചെഴുന്നെള്ളുന്നതിന്ന് മുമ്പ് ആ മോതിരം ധരിക്കാൻ അധികാരം നൽകപ്പെട്ടവന്ന് അതു തിരിച്ചുകിട്ടും"

"സുലൈമാനല്ലാതെ മററാരെങ്കിലും അതു ധരിക്കുന്നതായി കണ്ടാൽ ഞാൻ ഉടനെ വിവരം നിങ്ങളെ അറിയിക്കാം." എന്നു ആക്ഷേപസ്വരത്തിൽ മാഹ്മൂദ് പറഞ്ഞു.

നിങ്ങളുടെ വ്യവസ്ഥകൾ എന്തെല്ലാമെന്നു പറയൂ" എന്ന് കാസിം നിർബന്ധിച്ചു.

"വ്യവസ്ഥകൾ! നിങ്ങൾ അന്വേഷിക്കുന്ന വസ്തു എന്റെപക്കലുണ്ടെന്നു നിങ്ങൾക്ക തെളിവു കിട്ടിയാൽ അപ്പോഴാണ് വ്യവസ്ഥകളെപ്പററി സംസാരിക്കാൻ അവസരം ഒരുവന്റെ കൈവശമില്ലാത്ത സാധനത്തെപ്പററി അയാളോടു പുലമ്പുന്നതു വൃഥാ സമയം കളകയാണ്""

മാഹ്മൂദ്, നിങ്ങൾ മോതിരം കയ്ക്കലാക്കിയിട്ടുണ്ടെന്നും അതിലേക്ക നിങ്ങൾക്ക തക്കതായകാരണമുണ്ടെന്നും ഞാനും മന്ത്രിയും വിശ്വസിക്കുന്നു. നമുക്ക് ഇതിനെപ്പററി വാദപ്രതിവാദം ചെയ്‌വാൻ പൊതുവായ കാരണങ്ങളൊന്നും ഇല്ലേ?" എന്നു കാസിം അല്പം ക്ഷോഭത്തോടുകൂടി ചോദിച്ചു.

"എനിക്കെത്ര താല്പര്യമുള്ള ഒന്നല്ല അത്."

"നിങ്ങൾ മറയ്ക്കുന്നു. രത്നാംഗുലീയം നിങ്ങളുടെ കൈവശം ഇല്ലെന്നു നിങ്ങൾ പറകയാണോ?"

"ഈ മുറിയിൽ കടന്നതിൽപിന്നെ ബുദ്ധിപൂർവ്വമായ ഒരു വാക്കുപോലും നിങ്ങൾ സംസാരിച്ചിട്ടില്ലെന്നു ഞാൻ പറയുന്നു."

കാസിം രാജകുമാരൻ തന്റെ ഇരിപ്പിടത്തിൽ നിന്നെഴുന്നേററു ക്ഷുബ്ധനെന്നപോലെ മാഹ്ഹൂദിന്റെ നേരെയും അവിടെനിന്നു വളരെ അകലെയും ആയി നടന്നു. അസ്വസ്ഥനെന്നപോലെ നെററിയിൽ കൈവച്ചുകൊണ്ടു. നടക്കുന്നതിനിടയിൽ അദ്ദേഹം മാഹ്ഹൂദിന്റെ സമീപത്തേക്കു ക്രമേണ ഓരോ അടി കൂടുതൽ വച്ചു.

"വരൂ നാം സംഭാഷണംകൊണ്ടു എങ്ങും അടുക്കുന്നില്ല. ഞാൻ പറയുന്ന കാര്യം നിങ്ങൾക്ക് ഒന്നാലോചിക്കാൻ വയ്യാത്തതെന്തു?"

ക്രമേണ അദ്ദേഹം സമീപത്തേയ്ക്കണഞ്ഞു..............

മാഹ്ഹൂദ് തന്റെ വാമഭാഗത്തുള്ള ഒരു ആണിയെ തിരിച്ചു ഉടൻതന്നെ ഒരു മനുഷ്യന്റെ മണ്ഡയെ തകർക്കാൻ തക്ക ശക്തിയുള്ളതും വെള്ളിത്തുടലിൽ തൂങ്ങുന്നതും ആയ ഒരു അയോഗോളം കാസിമിന്റെ നാസികയിൽ നിന്നും രണ്ടടിഅകലെയായി തട്ടിന്റെ മുകളിൽ നിന്നും വീണു. പെട്ടെന്നു ഒരു വിളിയോടുകൂടി കാസിം പിന്നോട്ടു ചാടി. "ഭയപ്പെടേണ്ടയാവശ്യമില്ല." മാഹ്ഹൂദ് മൃദുസ്വരത്തിൽ പറഞ്ഞു, "നിങ്ങളുടെ തലയ്ക്കു നേരെ മുകളിൽ തൂങ്ങുന്ന ഉണ്ടയെ ഞാൻ മനഃപൂർവ്വം ഇളക്കാതെയിരുന്നതാണ്."

കാസിമിന്റെ സംഭ്രാന്തമായ വീക്ഷണം മുകളിലേക്കു നയിക്കപ്പെട്ടു; അപ്പോഴാണ് മുകളിൽ തൂക്കപ്പെട്ടിരുന്ന പലതരമായ അലങ്കാരങ്ങളുടെ ചഞ്ചലപ്രകൃതിയെ അദ്ദേഹം മനസ്സിലാക്കിയതു്.

അതു് പതിന്നാലാമത്തേതായിരുന്നു. ഇനി പത്താമത്തേതു് എങ്ങനെയാണു വേലചെയ്യുന്നതെന്നു നിങ്ങൾക്കു കാണണമോ?" എന്നു മാഹ്ഹൂദ് പ്രസന്നനായി പറഞ്ഞു.

കാസിം ഒരു ശബ്ദം കേട്ടു തിരിഞ്ഞു നോക്കിയപ്പോൾ മറെറാരുണ്ട അദ്ദേഹത്തിന്റെ തലയുടെ പിൻഭാഗത്തു നിന്നും ഒരു മുഴം അകലെയായി മുകളിൽ നിന്നു ചങ്ങലയിൽ തൂങ്ങിനിൽക്കുന്നതു കാണപ്പെട്ടു. മാഹ്ഹൂദ് അദ്ദേഹത്തെ സൂക്ഷിച്ചുനോക്കി; പിന്നെ താടിപൊക്കി ഉറക്കെ ചിരിച്ചു. "എന്റെ സഹോദരാ നിങ്ങൾ അത്ഭുതപ്പെട്ടു നോക്കുന്നു. എന്താ, അപ്പോൾ മാഹ്ഹൂദിന് തന്നത്താൻ സൂക്ഷിക്കാൻ അറിഞ്ഞുകൂടെന്നാണോ നിങ്ങൾ വിചാരിക്കുന്നതു്?" അദ്ദേഹം തന്റെ കയ്യൂട്ടത്താൽ ഒരു ദുകൂലവാരണത്തെ ഒരു ഭാഗത്തേയ്ക്കു മാററി ഉടനെ കാസിം അനേകം ആണികൾ കണ്ടു.

"എന്റെ സഹോദരാ പ്രത്യേകഉപയോഗം കൂടാതെ ഒരാണിയും ഇതിൽ ഇല്ല. കാസിം പറയൂ, നിങ്ങൾ ഇതിനെപ്പററി എന്തു വിചാരിക്കുന്നു?"

അദ്ദേഹം മണിബന്ധത്തെ ദ്രുതമായി ഒന്നു ചലിപ്പിച്ചു. ഉടനെ കാസിം താൻ
അല്പം മുമ്പ് എഴുന്നേററ അതേ മെത്തയിൽ നിന്നും ഒരു കഠാര വെളിക്കു
ചാടുന്നതു കണ്ടു. "ഹാ ! നിങ്ങൾ വിളറുന്നോ? ഇന്നി, നിങ്ങൾ അവിടെ നി
ന്നും എഴുന്നേൽക്കുംമുമ്പായി എൻെറ കൈ അബദ്ധത്തിൽ ആ യാണിയിൽ
പെട്ടിരുന്നെങ്കിൽ ഫലം ഭയങ്കരമായിരിക്കുമായിരുന്നു. എന്താ? നിങ്ങൾ നി
ന്നിടത്തുനിന്നു അൽഭുതപരവശനായി തുറിച്ചുനോക്കത്തക്കവണ്ണം ഇന്നി ചില
വിശേഷങ്ങൾ കൂടി കാണ്മാൻ ആഗ്രഹിക്കുന്നോ? എന്നാൽ കണ്ടുകൊൾക!"
മാഹൂദ് മറെറാരു ആണിയിൽ തൊട്ടു. ഉടൻ ഒരു കസാല താഴെ ഘടിപ്പി
ച്ചിരുന്ന ഒരു ശക്തിയേറിയ വില്ലിനാൽ പ്രചോദിതമായി വായുമണ്ഡലത്തി
ലേക്കു തെറിച്ചു.

"വായുമണ്ഡലത്തിൽ ഒരു സഞ്ചാരം. തറയിലേക്കു ഘനമേറിയ ഒരു പ
തനം യാതൊന്നും സംശയിക്കാത്ത ഒരു മനുഷ്യനെ വഹിച്ചുകൊണ്ടുള്ള ഈ
കസാലയുടെ വേല ഈയിടക്കു ഒരു ദിവസം നിങ്ങൾ കാണണം. അതു നി
ങ്ങൾ ഒരിക്കലും മറക്കാത്ത ഒരു കാഴ്ചയാണു്. ഇതുപോലുള്ള ഒരു കസാല
അരമനയുടെ പ്രാകാരത്തിൽ സ്ഥാപിച്ചില്ലല്ലോ എന്നു ഞാൻ വ്യസനിക്കുന്നു!"

മാഹൂദിൻെറ പൈശാചികമായ ഈവിധ പ്രദർശനങ്ങൾ കണ്ടു ഇളകി
യ കാസിം തൻെറ വികാരങ്ങളെ സംയമനം ചെയ്‌വാൻ വളരെ പണിപ്പെ
ട്ടു മാഹൂദ് നിങ്ങളുടെ ബുദ്ധിശക്തി അസാധാരണമായിട്ടുള്ളതുതന്നെ ഈ പ
ണികളെല്ലാം നല്ലകാര്യത്തിനാണെന്നു ഞാൻ വിശ്വസിക്കുന്നു."

"അവയെല്ലാം മാഹൂദ് രാജകുമാരൻെറ ജീവരക്ഷയ്ക്കു വേണ്ടി കണ്ടുപി
ടിക്കപ്പെട്ടിട്ടുള്ളതാണു്—അതു് ഒരു നല്ലകാര്യമാണെന്നുതന്നെ ഞാൻ വിചാ
രിക്കുന്നു."

കാസിം തലകുലുക്കി "ശരി മാഹൂദ്, നാം പറഞ്ഞുകൊണ്ടുവന്ന കാ
ര്യം വിട്ടുപോയല്ലോ. അതിനാൽ നിങ്ങളുടെ പേരിൽ ഞാൻ എന്തു സന്ദേ
ശമാണു് പ്രധാനമന്ത്രിയെ അറിയിക്കേണ്ടതു്?"

മാഹൂദ് തൻെറ സന്ദർശകൻെറ നേരെ സൂക്ഷിച്ചുനോക്കി, എന്നിട്ടു,
വളരെ ആലോചനയോടുകൂടി പറഞ്ഞു. അല്ലയോ കാസിം എൻെറ വന്ദന
ങ്ങളെ അദ്ദേഹത്തിനു കൊടുക്കണം. അദ്ദേഹം അയച്ച രണ്ടു ദൂതന്മാരും
എന്നെ അത്യധികം വിനോദിപ്പിച്ചതിനു ഞാൻ അദ്ദേഹത്തിൻെറ നേരെ
കൃതജ്ഞതയുള്ളവനാണെന്നും, ഇന്നി മൂന്നാമത്തെ ദൂതനെ ഞാൻ പ്രതീക്ഷി
ച്ചിരിക്കുന്നു, എന്നും അദ്ദേഹത്തെ അറിയിക്കണം."

ഈ സന്ദേശത്താൽ സ്തബ്ധനും സ്വരത്തിലെന്നപോലെ അർത്ഥത്തിലും
അപമാനിതനും ആയിട്ടു് കാസിം നിന്നു. ഉടനെ അദ്ദേഹത്തിനു് ഒരവ
സരം ലഭിച്ചു. ഒരു കർക്കശമായ ചിരിയോടുകൂടി മാഹൂദ് ഒരു സ്ഫടികപാ
ത്രത്തിൽ മധുരമദ്യം ഒഴിച്ചു തൻെറ അധരത്തോടു ചേർത്തുകൊണ്ടു് ഇങ്ങനെ
പറഞ്ഞു. "കാസിം രാജകുമാരാ നിങ്ങളുടെയും സുന്ദരിയായ സുലൈഖാദേവി

യുടെയും ആരോഗ്യത്തിനായി ഞാൻ ഇതാ ഇതു കുടിക്കുന്നു" ഈ വാക്കുകളോടുകൂടി അദ്ദേഹം മധുരമദ്യമെത്ത ഉള്ളിലാക്കി.

തന്റെ വാഠം ഇളക്കി ഇടത്തു കൈയിൽ കഠാരയും പിടിച്ചുകൊണ്ടു കാസിം ഒരു ശാർദ്ദൂലത്തെപ്പോലെ മുന്നോട്ടു ചാടി. ഖഡ്ഗധാരയെ അദ്ദേഹം മാഹ്മൂദിന്റെ കറുത്ത കണ്ഠത്തിന് ഒരംഗുലം അകലെ കാട്ടി, അതേസമയത്തിൽ തന്നെ ആണികം സ്ഥിതിചെയ്ത പര്യങ്കത്തിന്റെ ആ ഭാഗത്തെ ചെറിയ ആയുധംകൊണ്ടും സുരക്ഷിതമാക്കി.

"നായേ! കാളസർപ്പമേ!—ഒരു വാക്ക ഒരു വിളി! എന്നാൽ നിന്റെ കഥതീർന്നു! മോതിരം വേഗം നിന്റെജീവൻ വേണമെങ്കിൽ വേഗംതാ!"

ഒരാൾ തന്റെ ജീവിതകാലംപോലെ ദീർഘമായി കരുതുന്നവയാണ് ഇങ്ങനെയുള്ള നിമിഷങ്ങൾ. ഏതു ക്ഷണത്തിലും ഒരു ഭടന്റെയോ, ഭൃത്യന്റെയോ പ്രവേശനം നിമിത്തം കാര്യം കുഴപ്പത്തിൽ കലാശിക്കാം എന്നു മനസ്സിലാക്കിയ കാസിമിനു വാൾ ചൂണ്ടിക്കൊണ്ടു താൻ ഒരു ശതാബ്ദകാലം നിന്നതുപോലെ തോന്നി. മാഹ്മൂദ സഹായത്തിനായി ഉറക്കെ വിളിച്ചു് ആപത്തിനെ വരിക്കുമോ അദ്ദേഹം മൂർച്ഛ നടിക്കയോ, ഒരു രോദനത്തോടുകൂടി മറിഞ്ഞുവീഴുകയോ, യാതൊരു വിഷമത്തിനും ഇട കൊടുക്കാതെ കീഴടങ്ങുകയോ, അല്പനേരം വിനോദംകൊണ്ടു കഴിക്കയോ ചെയ്യുമോ?

മാഹ്മൂദ് വീണ്ടും ഒന്നു കുടിച്ചു, പിന്നെ മെല്ലെ പാത്രത്തെവച്ചിട്ട് കൈലേസുകൊണ്ടു അധരം തുടച്ചു.

"നിന്റെ കൈ കട്ടിലിൽ നിന്നു മാററുക. ഞാൻ ആറു് എണ്ണുന്നതിനുമുമ്പ് മോതിരം!"

ഒന്നു്!"

"രണ്ടു്! അതെവിടെ?"

മാഹ്മൂദ് പുഞ്ചിരിച്ചു. "ഓടെ തൂക്കുന്നവനോടു ചോദിക്കൂ; അവൻ ഇപ്പോൾ അതു കണ്ടുപിടിച്ചിരിക്കും" എന്നു അദ്ദേഹം അഭിപ്രായപ്പെട്ടു.

"മൂന്നു്!" കാസിമിന്റെ ഖഡ്ഗം കുറേക്കൂടി മുമ്പോട്ടു നീങ്ങി, മാഹ്മൂദിന്റെ കണ്ഠത്തെ മെല്ലെ സ്പർശിച്ചു.

"ഇതു ന്യായമല്ല! ആറെണ്ണുന്നതുവരെ നിങ്ങൾ എന്നെതൊടാൻപാടില്ല!" എന്നു് മാഹ്മൂദ പറഞ്ഞു.

"നിന്റെ സമയം പോകുന്നു—അതുപോലെതന്നെ നിന്റെ ജീവനും മോതിരം ഇപ്പോൾ നിന്റെ കൈവശം ഇല്ലെങ്കിൽ അതെവിടെ ഇരിക്കുന്നു എന്നു ഉടനെ പറയണം. നാലു്!"

"നിങ്ങൾ വലിയ മക്കടമുഷ്ടിക്കാരനാണു സുലൈഖാദേവിക്ക് നിങ്ങൾ ഒരു കർക്കശനായ വരനായിത്തീരുകയില്ലെന്ന് ഞാൻ വിശ്വസിക്കട്ടെയോ?"

നിന്റെ ഒടുവിലത്തെ അവസരം മോതിരം തരികയോ, അല്ലെങ്കിൽ

അതിനെ മറച്ചുവച്ചിരിക്കുന്ന സ്ഥലം ഏതെന്നു പറകയോ ചെയ്യാത്തപക്ഷം അവരെണ്ണുന്നതോടുകൂടി ഞാൻ കൊല്ലുമെന്ന് ഇതാ എന്റെ പിതാവിന്റെ ഖഡ്ഗത്തെക്കൊണ്ടു ഞാൻ സത്യം ചെയ്യുന്നു." കാസിമിന്റെ വാം അല്പംകൂടി അടുത്തുചെന്നു.

"അഞ്ച്."

"എന്നാൽ അങ്ങനെയിരിക്കട്ടെ, നിങ്ങൾക്കു ശാന്തിയുണ്ടാകുവാൻ ഞാൻ പ്രാർത്ഥിക്കുന്നു."

എന്നു് നെടുവീർപ്പോടുകൂടി മാഹ്മൂദ് പറഞ്ഞു.

ഈ വാക്കുകളോടുകൂടി അദ്ദേഹം സ്വപാദത്തിന്റെ പിൻവശം കൊണ്ടു ഒരാണിയെ സ്പർശിച്ചു, ഉടൻതന്നെ "ആരു്" എന്നുള്ള വാക്കു് അധരത്തിൽ ധ്വനിക്കവേ തന്റെ കാൽക്കീഴിലുള്ള തറ രണ്ടായി പിളർന്നു അടിയിലുള്ള ഒരു ഗുഹയിലേക്കു താൻ താഴുന്നതായി കാസിമിനു തോന്നി.

## അദ്ധ്യായം ൧൯

# കാസിമിനു മറെറാരു പ്രകമ്പനം

രണ്ടുമണിക്കൂർ കഴിഞ്ഞു കാസിം രാജകുമാരൻ മോഹത്തിൽനിന്നും ഉണർന്നപ്പോൾ വൃത്തിഹീനമായ ഒരു ഗുഹയിലാണു താൻ കിടക്കുന്നതെന്നു അദ്ദേഹം കണ്ടു. ദേഹത്തിൽ വളരെ മുറിവുകൾ ഏററിരുന്നതുകൂടാതെ ഒരു ശത്രുവിന്റെ പാദാഘാതമേകാണ്ടെന്നപോലെ മുതുകിനു വലിയ വേദനയും ഉണ്ടായിരുന്നു. കുത്തുകൾകൊണ്ടു് അദ്ദേഹത്തിന്റെ ശിരസ്സ് അസാധാരണ യാതനയനുഭവിച്ചു; കൂടാതെ അധികം രക്തം തലയിൽനിന്നും പോയ ലക്ഷണവും കാണപ്പെട്ടു. ഒരുവിധത്തിൽ തന്റെ ചേതനകളെ സമാഹരിച്ചുകൊണ്ടു അദ്ദേഹം കഴിഞ്ഞ സംഭവങ്ങളെ ഓർത്തു. മാഹ്മൂദു തന്നെത്താൻ രക്ഷിക്കുന്നതിനു് ചെയ്തിട്ടുള്ള കരുതലുകളെ പ്രസ്പഷ്ടമാക്കുന്നതിലേക്കുവേണ്ടി മനഃപൂർവ്വം ആക്രമണവേഗം ക്ഷണിക്കയും ആദ്യംമുതൽതന്നെ ഒരു പൂച്ച എലിയോടെന്നപോലെ തന്നോടു് കളിക്കയും ചെയ്തുവരികയായിരുന്നു എന്നു ഇപ്പോൾ രാജകുമാരനു ബോദ്ധ്യപ്പെട്ടു. മാഹ്മൂദിന്റെ കുടിലതന്ത്രത്തോടു് താരതമ്യപ്പെടുത്തിനോക്കുമ്പോൾ കാസിമിന്റെ ഉപായം എത്രകണ്ടു മൂഢവും നിഷ്പ്രയോജനവും ആണു്. സുൽത്താന്റെ രത്നാംഗുലീയം കയ്യിലാക്കാൻ ചുണയുള്ള ഒരുവൻ അതിനെ വീണ്ടെടുക്കാൻ മന്ത്രി ചെയ്യുന്ന എല്ലാ ശ്രമത്തേയും നേരിടുന്നതിനു വേണ്ട സകല മുൻകരുതലുകളും ചെയ്തിരിക്കും എന്നുള്ള വസ്തുത ആലോചിക്കാഞ്ഞതിനു അദ്ദേഹം തന്നെത്താൻ കുററപ്പെടുത്തി.

കാസിം തന്റെ ആയുധങ്ങൾ തപ്പി. അവ തന്നിൽനിന്നും അപഹ

തിക്കപ്പെട്ടിരിക്കുന്നതായി അദ്ദേഹം കണ്ടു. ഇരുമ്പഴികളോടുകൂടിയ കവാടം വഴിയായി അകത്തു പ്രവേശിച്ച മങ്ങിയ വെളിച്ചവുമായി സ്വനേത്രങ്ങൾ ക്രമേണ പരിചയപ്പെട്ടപ്പോൾ തൻെറ വിലയേറിയ വസ്ത്രങ്ങൾ മാററി സാധാരണ രീതിയിലുള്ള വസ്ത്രങ്ങൾതന്നെ ധരിപ്പിച്ചിരിക്കുന്നതായും സിംഹാകൃതിയിൽ ഖചിതമായ വജ്രക്കല്ലുകൾകൊണ്ടലംകൃതമായ തൻെറ ഉഷ്ണീഷം കാണ്മാനില്ലെന്നും ആ തടവുകാരൻ അറിഞ്ഞു. അദ്ദേഹം ബോധരഹിതനായി കിടന്നപ്പോൾ അദ്ദേഹത്തിൻെറ ജേതാക്കൾ കാരാമന്ദിരത്തിനുള്ളിൽ കടന്നിരിക്കണമെന്നുള്ളതു് അവിതർക്കിതമായിരുന്നു; അപ്പോൾ അവർക്കു വേണമെങ്കിൽ അദ്ദേഹത്തെ യാതൊരു പ്രയാസവുംകൂടാതെ വധിക്കയും ചെയ്യാമായിരുന്നു. മാഹ്മൂദിൻെറ ഉദ്ദേശം ഇതല്ലെന്നു തെളിഞ്ഞു. ഈ വിചാരം അദ്ദേഹത്തെ പ്രസന്നനാക്കിയെങ്കിലും തൻെറ അപ്പോഴത്തെ പരിതഃസ്ഥിതികൾ പ്രോത്സാഹജനകങ്ങളല്ലെന്നു കാസിമിന്നു് മനസ്സിലായി.

താല്ക്കാലികമായ മനഃപ്രചോദനം ഹേതുവായിട്ടു് അദ്ദേഹം അവിടെ കിടന്നു ഉച്ചത്തിൽ ഒന്നു വിളിച്ചു; ഉടൻതന്നെ അബ്ദുള്ളയുടെ മുഖം വാതലിൻെറ അഴികൾക്കപ്പുറമായി പ്രത്യക്ഷപ്പെട്ടു. "രാജകുമാരാ! അവിടുന്നു വിളിച്ചോ?" എന്നു അയാൾ ചോദിച്ചു.

"കാസിം രാജകുമാരൻ കാണ്മാൻ ആഗ്രഹിക്കുന്നു എന്നു നിൻെറ സ്വാമിയെ അറിയിക്കുക."

"ഇത്ര വേഗത്തിലോ?" അബ്ദുള്ളാ നിന്ദാസൂചകമായ അത്ഭുതം അഭിനയിച്ചുകൊണ്ടു ചോദിച്ചു.

"അബ്ദുള്ളാ നിൻെറ നാക്കു നിനക്കു നാശത്തെ ചെയ്യും. നിൻെറ അഹംഭാവത്തോടുകൂടിയ അഭിപ്രായങ്ങളൊന്നും പുറപ്പെടുവിക്കാതെ എൻെറ സന്ദേശത്തെ വേഗം അറിയിക്കുക." കാസിമിൻെറ സ്വരം ഗർവ്വസംയുക്തമായിരുന്നു; ഇപ്രകാരം ശാസിതനായ ആ കാര്യസ്ഥൻ അവിടെനിന്നും വേഗം അപ്രത്യക്ഷനായി വീണ്ടും തിരിച്ചുവന്നു.

"അവിടുന്നാഗ്രഹിക്കുംപോലെ തന്നെ ഒരു സന്ദർശനം നല്കുവാൻ എൻെറ സ്വാമി സന്നദ്ധനാണു്. എന്നാൽ ആദ്യത്തെ സന്ദർശനത്തിൻെറ ഓർമ്മ അവിടത്തെ ഹൃദയത്തിൽ നവമായിത്തന്നെ കിടക്കുന്ന സ്ഥിതിക്കു് ഇനിയും ദയവുചെയ്തു് അവിവേകങ്ങളൊന്നും പ്രവർത്തിക്കാൻ തുടങ്ങരുതെന്നു് അദ്ദേഹം പ്രത്യേകം അപേക്ഷിച്ചിരിക്കുന്നതായി ഇവിടെ അറിയിക്കാൻ എൻെറ സ്വാമി എന്നോടു കല്പിച്ചു."

തൻെറ കുത്തുവാക്കുകൾ നല്ലപോലെ ഏററിരിക്കും എന്നുള്ള സംതൃപ്തിയോടുകൂടി അബ്ദുള്ള കാരാമന്ദിരത്തിൻെറ കവാടം തുറന്നു. കാസിം പുറത്തുകടന്നപ്പോൾ തന്നെ പ്രതീക്ഷിച്ചുകൊണ്ടു കൃപാണപാണികളായ നാലു ഭടന്മാർ നില്ക്കുന്നതു അദ്ദേഹം കണ്ടു.

അരമനയ്ക്കു താഴെയുള്ള ഗുഹാമന്ദിരത്തിൽ നിന്നു് കാസിം അല്പം

ബഹുമാനസൂചനങ്ങൾ കൂടാതെയല്ല മാഹ്മൂദിൻെറ സന്നിധിയിലേക്ക നയിക്കപ്പെട്ടതു്. സായാഹ്നത്തിലെ ശിശിരവാതവും ഏററുകൊണ്ടു് മാഹ്മൂദ് ഒരു ചന്ദ്രശാലയിൽ ഇരിയ്ക്കുയായിരുന്നു. വിവിധവൎണ്ണം കലൎന്ന പുഷ്പങ്ങളെ വഹിച്ചുകൊണ്ടുള്ള ചെടികളാൽ അവിടം നിറഞ്ഞിരുന്നു.

മാഹ്മൂദിൻെറ മന്ദഹാസം സ്വാഗതത്തെ സൂചിപ്പിക്കുന്ന ഒന്നായിരുന്നു. അദ്ദേഹം ഒരടയാളം കാണിച്ചയുടൻ രക്ഷിഭടന്മാർ അപ്രത്യക്ഷരായി. രണ്ടടിമകൾ ചന്ദ്രശാലയുടെ അററത്തായി ഒരു പൎയ്യങ്കത്തെ നീക്കിയിട്ടു. ഉള്ളിൽ ഉദിച്ച കൃതജ്ഞതയോടുകൂടി കാസിം മെല്ലെ പൎയ്യങ്കത്തിലേക്ക താണു. ഉത്തരക്ഷണത്തിൽ അതിസുന്ദരിയായ ഒരു യുവതി മധുരമദ്യം നിറച്ച ഒരു ചഷകത്തെ, അദ്ദേഹത്തിൻെറ അധരത്തോടുചേൎത്തു പിടിച്ചുകൊടുത്തു.

മദ്യം ആസ്വാദിച്ചപ്പോൾ സ്വശക്തി മന്ദമന്ദം പുനൎജ്ജീവിക്കുന്നതായി കണ്ട കാസിംരാജകുമാരൻ ദിനാന്തഭാസ്കരൻെറ കാന്തിയിൽ ചേതോരമ്യമായി തൻെറ നാലുപുറവും പ്രസരിച്ച പ്രകൃതിസൌന്ദൎയ്യത്തെ സാകാംക്ഷങ്ങളായ നേത്രങ്ങൾ കൊണ്ടനുഭവിച്ചു. ധാരായന്ത്രങ്ങൾ അവയുടെ രജതപ്രഭമായ ജലശീകരങ്ങളെ വായുമണ്ഡലത്തിലേക്ക പ്രക്ഷേപണം ചെയ്തു. കലാപങ്ങളെ വിടൎത്തി ഗംഭീരമായ ഗതിയോടുകൂടി മയൂരങ്ങൾ അങ്ങുമിങ്ങും സഞ്ചരിച്ചു. മററനേകം ചന്ദ്രശാലകളിൽ നിന്നും സംഗീതങ്ങളോട സമ്മേളിച്ച ഹാസധ്വനികൾ പുറപ്പെട്ടു. "മല്ലീജാതി പ്രഭൃതികുസുമ"ങ്ങൾ നിറഞ്ഞ ആരാമാന്തരത്തിൽ നിന്നും നിൎഗ്ഗമിച്ച സൌരഭ്യം ദാക്ഷിണാത്യനായശിശിരപവമാനനിൽ ലയിച്ചു. ഏവംവിധമായ സൌന്ദൎയ്യസാന്ദ്രതയുടെ മദ്ധ്യേ ഖലത്വം ഒരിക്കലും മറഞ്ഞുകിടക്കയില്ലെന്നു സമൎത്ഥിക്കുന്ന ഒരപരിചിതൻെറ അപരാധം ക്ഷന്തവ്യമത്രേ എന്നാൽ തനിക്കെതിരെ സ്ഥിതിചെയ്ത ആ കരുത്ത മന്ദസ്മേരസമേതമായ മുഖത്തെ വീക്ഷണംചെയ്ത കാസിം തൻെറ ചുററിലും കാണപ്പെടുന്ന ആ പ്രകൃതിലാവണ്യം സുൽത്താൻെറ നാട്ടിൽ മറെറങ്ങും കാണാത്ത ദൌഷ്ട്യത്തെ മറയ്ക്കാൻ മാത്രം നിൎമ്മിക്കപ്പെട്ടതാണെന്നറിഞ്ഞു.

മാഹ്മൂദ് പെട്ടെന്നിങ്ങനെ പറഞ്ഞു, "ഹേ! കാസിം നമ്മുടെ ആദ്യത്തെ സന്ദൎശനത്തിൻെറ പൎയ്യവസാനം നിങ്ങളുടെ വിചാരച്ചരമ്പരയ്ക്കു യാതൊരു പ്രതിബന്ധവും വരുത്തിയിട്ടില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ ഹാ! ഞാൻ മറന്നുപോയി. നിങ്ങൾ മററുള്ളവരുടെ മുമ്പിൽ വച്ചു സംസാരിക്കാൻ ഇഷ്ടപ്പെടുന്നില്ലല്ലോ!" അദ്ദേഹം കൈവീശി, ഉടനെ അടിമകൾ അന്തൎദ്ധാനം ചെയ്തു. ആ രണ്ടു രാജകുമാരന്മാർ മാത്രം ചന്ദ്രശാലയിൽ. ശേഷിച്ചു. ഇനി നമ്മുടെ സംഭാഷണം തുടരാം. "അഞ്ചു" എന്നാണു നിങ്ങൾ ഒടുവിൽ പറഞ്ഞതെന്നുതോന്നുന്നു, എന്നാൽ ഇനിയും നിങ്ങൾ തുടൎന്നു എണ്ണാൻ ഭാവിക്കുന്നെങ്കിൽ ഞാൻ അതിനുപ്രതിബന്ധമായി നില്ക്കുന്നില്ല. അരുതു് അല്ലയോ പാരസീകരാജകുമാരാ എൻെറ നേരെ അങ്ങനെ നോക്കരുതു്. ശാന്തനായിരുന്നു് ആലോചിക്കൂ! ഗുണവാനായ കാസിം ചിത്തഭ്രമം പിടിപെട്ട ഒരു

വൻ നിങ്ങളുടെ കഴുത്തിനു നേരെ ഒരു കഠാര ചൂണ്ടിയാൽ നിങ്ങൾ എന്തു ചെയ്യും? കൊത്താൻ വരുന്ന സർപ്പത്തെ തല്ലികൊല്ലുമോ? അതല്ല നിങ്ങളെ കടിക്കാൻ അനുവദിക്കുമോ? എന്തു് മിണ്ടാതിരിക്കുന്നു? അബ്ദുള്ളാ പറഞ്ഞു, നിങ്ങൾക്കു് എന്നോടെന്തോ സംസാരിക്കാനുണ്ടെന്നു്; ഇല്ലാത്തപക്ഷം താഴെയുള്ള നിങ്ങളുടെ ആ ഗുഹ വീണ്ടും നിങ്ങളെ ക്ഷണിക്കുന്നുണ്ടു്."

തന്റെ ശത്രു കയ്യിൽ അകപ്പെട്ടു എന്നു കണ്ടാലുടൻ രസനയെ ഈ വിധത്തിൽ ഉപയോഗിക്കുന്നതു് മാഹ്മൂദിന്റെ സ്വഭാവമായിരുന്നു. തന്റെ ഉള്ളിൽ ജ്വലിച്ചു തുടങ്ങിയ ക്രോധത്തെ അടക്കികൊണ്ടു കാസിം ശാന്തസ്വരത്തിൽ ഉത്തരം പറഞ്ഞു; "തല്ക്കാലത്തെയ്ക്കു നിങ്ങൾക്കു് എന്റെ മേൽ ഒരു വിജയം ലഭിച്ചു എന്നുള്ളതു് വാസ്തവം തന്നെ. എന്നാലും അല്ലയോ മാഹ്മൂദ് നമ്മുടെ വാദവിഷയത്തെ ഞാൻ മാററിയിട്ടില്ല, അതിനാൽ പ്രധാനമന്ത്രിയുടെ നാമത്തിൽ ഞാൻ വീണ്ടും ചോദിക്കുന്നു."

"നിങ്ങളുടെ വ്യവസ്ഥകൾ എന്തെല്ലാമാണു്"

"എന്തു്? ഇപ്പോഴും ഈ വിചാരം തന്നെയോ? നിങ്ങളെ വിശ്വസിപ്പിക്കാൻ പ്രയാസമാണു്. അഭിനീതമായ ഒരു ദീർഘനിശ്വാസത്തോടെ— "അക്കാര്യത്തെപ്പററി പറഞ്ഞതു മതി. താൻ ചെയ്ത കുററത്തിനു മററുള്ളവർക്കു ദുഷ്പേരുണ്ടാകാതെ സുലൈമാൻ തന്റെ ജോലി നോക്കുകയാണു് നല്ലതു്. ഏതൊരു കള്ളനും, അവൻ എത്രമാത്രം സമർത്ഥനായിരുന്നാലും, രാത്രികാലത്തു രക്ഷിജനങ്ങളാൽ സമാവൃതമായ ഒരു രാജമന്ദിരത്തിൽ കടന്നു് സായുധന്മാരായ ഭടന്മാരാൽ സുരക്ഷിതമായ കവാടങ്ങളിൽ കൂടി അകത്തു പ്രവേശിച്ചു് ഉറങ്ങികിടക്കുന്ന ഒരു മനുഷ്യനെ ഉണർത്താതെ അദ്ദേഹത്തിന്റെ കയ്യിൽ കിടക്കുന്ന മോതിരം ഊരിയെടുത്തു് ഒടുവിൽ യാതൊരു ശബ്ദവും കേൾപ്പിക്കാതെ അവിടുന്നു കടന്നുകളക എന്നുള്ളതു് അത്ര എളുപ്പത്തിൽ സാധിക്കുന്ന കാര്യമാണോ എന്നു നിങ്ങൾ തന്നെ ഒന്നാലോചിച്ചു നോക്കുക; അതു് അസാദ്ധ്യം തന്നെ. സുലൈമാൻ അതു കളഞ്ഞിട്ടുണ്ടു്. അതിനാൽ സുൽത്താന്റെ കടുത്ത രോഷത്തെ ഭയപ്പെടുന്ന അദ്ദേഹം അപരാധത്തെ തന്റെ പരമശത്രുവായ എന്റെ മേൽ കെട്ടിവയ്ക്കാമെന്നാണു് വിചാരിക്കുന്നതു്."

കാസിമിന്റെ മുഖം വാടി. രത്നാംഗുലീയം മോഷ്ടിക്കാൻ സാധിക്കുമെന്നു് ഒരിക്കലും ആരും തന്നെ വിശ്വസിക്കയില്ല. എന്തെന്നാൽ അതു് അത്രകണ്ടു വിഷമമേറിയതും ആപൽക്കരവുമായ ഒരുദ്യമമായിരുന്നു. മാമൂദ്ഖാൻതന്നെയും ഈ സംഗതി വിശ്വസിക്കുമെന്നു തോന്നുന്നില്ല. മാഹ്മൂദ് മോതിരത്തെ കുഴിച്ചിടുകയോ. നശിപ്പിക്കയോ ചെയ്താൽ മാത്രം മതി, സുലൈമാൻ സുൽത്താന്റെ മഹാരോഷത്തിന്റെ ഫലം അനുഭവിച്ചുകൊള്ളും. മന്ത്രിയുടെ നാശത്തെ സാധിക്കാൻ മാഹ്മൂദ് പ്രയോഗിച്ചിരിക്കുന്ന നിർദ്ദയമായ കൌശലത്തെ ഓർത്തു് കാസിമിന്റെ മുഖം കോപതരംഗിതമായി. വിജ്ഞ

നം കരസ്ഥമാക്കാനുള്ള ഉപായമെന്തെന്ന് അദ്ദേഹം ആലോചിച്ചു തുടങ്ങി.
മാഹ്മൂദിന്റെ വസ്ത്രത്തിനടിയിൽ നിന്നും രത്നഖചിതമായ മുഷ്ടിയോ
ടുകൂടിയ ഒരു കഠാര മെല്ലെ തലകാട്ടി. അതു കയ്യിലാക്കിയാൽ മാഹ്മൂദിനെ
എതിർക്കാനുള്ള സൗകര്യം ഇപ്പോഴും കാസിമിനു ലഭിക്കുമായിരുന്നു. കരുത
ലോടുകൂടി പ്രവർത്തിക്കാത്തപക്ഷം ആദ്യം പററിയതുപോലുള്ള വിപത്ത് ഇ
പ്പോഴും നേരിട്ടേയ്ക്കാമെന്നുള്ള വിചാരം കാസിമിനെ ശങ്കാധീനമാക്കി. മന്ത്ര
ശാലയിൽ അവർ രണ്ടുപേരും മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതേ, അതുപോ
ലെ തന്നെ ആദ്യസന്ദർശനത്തിൽ മണ്ഡപത്തിൽ വച്ചും അവർ രണ്ടുപേരും
തനിച്ചേ ഉണ്ടായിരുന്നുള്ളു. താൻ ആദ്യം പ്രയോഗിച്ച കൌശലത്തെ
വീണ്ടും തുടരുമെന്ന് മാഹ്മൂദ് വിചാരിച്ചിരിക്കയില്ലെന്ന് കാസിമിനു തോ
ന്നുകയാൽ ഇത്തവണ തനിക്കു വിജയം സിദ്ധിച്ചേക്കാമെന്നു കുമാരൻ ആ
ശിച്ചു. അദ്ദേഹത്തിന്റെ കണ്ണ് മാഹ്മൂദിന്റെ കഠാരമുഷ്ടിയിൽ പതിക്കയും
അവർ തമ്മിലുള്ള ദൂരത്തെ അദ്ദേഹം ഭാവനകൊണ്ട് അളക്കുകയുംചെയ്തു.
മാഹ്മൂദ് ഈ നോട്ടത്തെ ഗ്രഹിച്ചു പുഞ്ചിരിച്ചുകൊണ്ടു വേഗത്തിൽ
കൈ ഞൊടിച്ചു. അടുത്തു നിന്നിരുന്ന ഒരു വൃക്ഷത്തിന്റെ ശാഖയിൽ നി
ന്നും ഒരു കരിമ്പുലി പെട്ടെന്നു മട്ടുപ്പാവിലേക്കു ചാടിച്ചെന്നു അതിന്റെ ഭയ
ങ്കരമുഖത്തെ സ്വാമിയുടെ ഹസ്തതലത്തിൽ സമർപ്പിച്ചു "നിങ്ങൾക്കു ഇമ്മാതി
രി മൃഗങ്ങളെ ഇഷ്ടമാണോ? ഷൈത്താൻ ഒരു അംഗരക്ഷകനെന്നപോലെയാ
ണ് എന്നെ സേവിക്കുന്നത്. എന്നാൽ ഇവൻ കൈക്കൂലിക്കാരനോ പെട്ടെ
ന്ന് ഒരു പുതിയ സ്വാമിയിൽ ഭക്തി തോന്നുന്നവനോ അല്ല നോക്കുക, അ
വൻ നിങ്ങളെനോക്കി മന്ദം ഗർജ്ജിക്കുന്നു, പിന്നെ എനിക്കുവേണ്ടി അവൻ
സുൽത്താന്റെ ഗജവീരനെയും എതിർക്കാൻ മടിക്കയില്ല." അദ്ദേഹം വീണ്ടും
മന്ദഹസിച്ചുകൊണ്ട് ഭാവഭേദത്തോടുകൂടി പറഞ്ഞു-
"ബുദ്ധിഹീനനായ മനുഷ്യാ, നിങ്ങൾക്കു നിങ്ങളുടെ കയ്യളവിനപ്പുറ
മുള്ള ദൂരത്തെയും കണ്ണയക്കാൻ കഴികയില്ലേ? എന്നെ രക്ഷിക്കാനായി നിങ്ങള
റിയാത്ത പല മാർഗ്ഗങ്ങൾ എനിക്കുണ്ട്. എന്റെ കൃഷ്ണകായന്മാരായ അംഗ
രക്ഷകന്മാർ നമ്മുടെ സമീപത്തു നില്ക്കാൻ പാടില്ലെന്നുള്ളതിന് വെറും അ
ർത്ഥഹീനമായ ഒരു നിസ്സാരകാരണമാണ് നിങ്ങൾ ആദ്യം പറഞ്ഞത്. ആ
കാരണത്തെ ഞാൻ സ്വീകരിച്ചതായി ഭാവിക്കയുംചെയ്തു. എന്നാൽ അപ്പോൾ
ഞാൻ അവർക്കുപകരം ഷൈത്താനെ വിളിച്ചിരുന്നു എങ്കിൽ നിങ്ങൾ എന്തു
കാരണം പറയുമായിരുന്നു? നിങ്ങളെ അകപ്പെടുത്തുന്നതിനായി ഞാൻ വച്ച
ആദ്യത്തെ വലയെ അതു നശിപ്പിക്കുമെന്നുള്ള ഭയം എനിക്കില്ലായിരുന്നുവെ
ങ്കിലും ഞാൻ അങ്ങനെ ചെയ്യുമായിരുന്നു. എന്നുതന്നെയല്ല രക്ഷിഭടന്മാർ
പോയി അവരുടെ സ്ഥാനത്തു ഷൈത്താനെ കാണുമ്പോൾ നിങ്ങൾക്കുണ്ടാകു
മായിരുന്ന ആശാഭംഗത്തെ കാണ്മാൻ എന്റെ ഖഡ്ഗത്തെ വേണമെങ്കിൽ
ഞാൻ പണയംവയ്ക്കുകയും ചെയ്യുമായിരുന്നു."

ആക്രമണത്തിനുള്ള ആശയെല്ലാം വിഫലമായിത്തീരുകയാൽ കാസിം തന്റെ പര്യങ്കത്തിലേക്കു ചാരി "മാഹ്മൂദ് വീണ്ടും വിജയം നിങ്ങൾക്കുതന്നെയാണ്, ഇനിയെന്താ?" എന്നു അദ്ദേഹം മന്ത്രിച്ചു.

മാഹ്മൂദു പറഞ്ഞു, സുലൈമാനു നേരിട്ട നഷ്ടത്തെപ്പററി വാദപ്രതിവാദം ചെയ്യുന്നതുകൊണ്ടു് യാതൊരു ഫലവും ഇല്ല. മററൊരു പ്രത്യേകകാരണത്തിന്മേലാണ് നിങ്ങളെ ഞാൻ ഇവിടെ വരുവാൻ അനുവദിച്ചതു്. കാസിം നിങ്ങളുടെ ഇവിടത്തെ താമസം ക്രമത്തിലധികം ദീർഘിക്കുന്ന പക്ഷം അതു് വെളിയിൽ ആളുകൾക്കു സംശയത്തിനു കാരണമായിത്തീരുമെന്നു നിങ്ങൾ വിചാരിക്കുന്നില്ലേ?"

"നിശ്ചയമായി വിചാരിക്കുന്നുണ്ടു്. എന്റെ കൊടിക്കീഴിൽ യുദ്ധം ചെയ്‌വാൻ ഏർപ്പെട്ടിട്ടുള്ള യോദ്ധാക്കന്മാർക്കു് എന്റെ യാത്രയുടെ ഉദ്ദേശമെന്തെന്നു നിശ്ചയമില്ലെങ്കിലും ഞാൻ എവിടേയ്ക്കാണു പോയിരിക്കുന്നതെന്നറിയാം. എന്നെ ഇവിടെ നിന്നും ഉടൻ സ്വതന്ത്രനാക്കി വിടാത്തപക്ഷം ഉയർത്തിപ്പിടിച്ച കുന്തങ്ങളോടുകൂടി അവർ നിങ്ങളുടെ സൌധാങ്കണത്തെ ആക്രമിക്കുന്നതു കാണാറാകും!" ഇതു പറഞ്ഞപ്പോൾ കാസിമിന്റെ ഭാവം അദ്ദേഹത്തിന്റെ ആന്തരമായ വിശ്വാസത്തെ പ്രസ്പഷ്ടമാക്കി.

മാഹ്മൂദു തലകുലുക്കി. "കാസിം, ഞാൻ അതു മുൻകൂട്ടിത്തന്നെ കണ്ടിരുന്നു. എന്താ അതിപ്രധാനമായ കാര്യങ്ങളെ വിഗണിക്കുന്ന ഒരുവനാണ് ഞാനെന്നു നിങ്ങൾക്കു ഇപ്പോഴും അഭിപ്രായം ഉണ്ടോ? നിങ്ങളെ ഇവിടേക്കു ക്ഷണിച്ചതിലുള്ള എന്റെ ഉദ്ദേശം എന്നെ സംബന്ധിക്കുന്ന ഒരു ചെറിയ കാര്യം—ഹാ! തയ്യാറായോ? കാസിം ഇതാ താഴെ കുതിരപ്പുറത്തിരിക്കുന്നയാളെപ്പററി നിങ്ങൾ എന്തു വിചാരിക്കുന്നു എന്നു പറയൂ."

ചന്ദ്രശാലയിൽ നിന്നും കീഴോട്ടു നോക്കിയ കാസിമിനു് അത്ഭുതംനിമിത്തം സ്വമുഖത്തിൽനിന്നു് ഉൽഭൂതമായ ഒരു വ്യാക്ഷേപകനാദത്തെ സംയമനം ചെയ്‌വാൻ കഴിഞ്ഞില്ല.

അവർ ഇരുന്ന ചന്ദ്രശാലയുടെ താഴെയുള്ള വളഞ്ഞ വാതലിൽക്കൂടി തന്റെ വസ്ത്രങ്ങളും സിംഹാകൃതിയിൽ ഖചിതമായ രത്നസന്തതിയോടുകൂടിയ ഉഷ്ണീഷവും ഖഡ്ഗവും ധരിച്ച ഒരാൾ തന്റെ തന്നെ കുതിരമേൽ കയറി മെല്ലെ സൌധാങ്കണത്തിലേക്കു് പ്രവേശിക്കുന്നതു് കാസിം കണ്ടു.

പൊക്കവും ഛായയും കാസിം രാജകുമാരന്റേതിനോടു് ഏററവും യോജിച്ചിരുന്നതിനാൽ ചന്ദ്രശാലയിൽ ഇരുന്ന അദ്ദേഹം ഒരു കണ്ണാടിയിൽ പ്രതിബിംബിച്ച തന്റെ ആകൃതിയെത്തന്നെ കാണുന്നതായി സമ്മതിക്കുമായിരുന്നു. അശ്വാരോഹൻ കുതിരപ്പുറത്തിരുന്നു് തല പൊക്കി ചന്ദ്രശാലയിലേക്കു നോക്കി. അയാളുടെ മുഖം തന്റേതിനോടു് ഭേദഹീനമായ സാമ്യം വഹിച്ചിരിക്കുന്നതായി കണ്ടു് കാസിം പ്രവൃദ്ധമായ ആശ്ചര്യത്തെ പ്രാപിച്ചു

മാഹ്ഫൂദിന്റെ നിന്ദാസൂചകമായ ഹാസം കാസിമിന്റെ ശ്രവണപുടങ്ങളിൽ ശക്തിയോടുകൂടി പതിച്ചു.

"എന്തു പൈശാചികമായ കർമ്മമാണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നതു്?" എന്നു് തടവുകാരൻ ഇടറിയ സ്വരത്തിൽ ചോദിച്ചു.

"മാന്യയായ സന്ദർശകൻ സുഖമായി എന്റെ അരമനവിട്ടുപോയി എന്നുള്ളതിനു് ഒരു തെളിവു മാത്രം:" എന്നു് ആക്ഷേപസ്വരത്തിൽ പറഞ്ഞിട്ടു് അദ്ദേഹം തുടൎന്നു, "സുന്ദരിയായ സുലൈഖാദേവിക്കായി ചില പണ്ടങ്ങൾ വാങ്ങുവാനെന്നഭാവത്തിൽ വജ്രഖചിതമായ ആ ഉഷ്ണീഷം ധരിച്ചു ആപണവീഥിയിൽ പ്രത്യക്ഷമാകുമ്പോൾ നിങ്ങളെ കണ്ടതായി അനേകം പേർ സാക്ഷിപ്പെടുത്തുകയും മററു ചിലർ നിങ്ങളുടെ സുപ്രസിദ്ധമായ ഔദാൎയ്യത്തോടുകൂടിത്തന്നെയാണു നിങ്ങൾ പണ്ടങ്ങളെ വിലക്കു വാങ്ങിയതെന്നു തെളിയിക്കയും ചെയ്യും. എന്റെ സന്നിധിയിൽ നിന്നും യാതൊരു കേടുംകൂടാതെ നിങ്ങൾ പിരിഞ്ഞുപോയി എന്നുള്ളതുകൊണ്ടു തെളിയുമ്പോൾ എന്റെ അതിഥിയെന്ന നിലയിൽ നിങ്ങളുടെ രക്ഷയെ സംബന്ധിച്ച എന്റെ ചുമതല അവസാനിച്ചതായി വിചാരിക്കപ്പെടും!"

കാസിം ധൈൎയ്യത്തോടെ പറഞ്ഞു "അവന്റെ കപടതന്ത്രം അധികകാലവിളംബം കൂടാതെ കണ്ടുപിടിക്കും മറെറാരുവന്റെ വേഷത്തിൽ നടക്കുന്ന ഒരുത്തനെ അകപ്പെടുത്താൻ അനേകം വലകൾ കാണും"

"അങ്ങനെ തന്നെയാണു റസ്സം എന്നു പേരുള്ള ഒരാൾക്കും പററിയതു് എന്നാൽ താഴെ കുതിരപ്പുറത്തിരിക്കുന്നവൻ അയാൾ കയ്യേററിരിക്കുന്ന കാൎയ്യം അന്യർ കണ്ടുപിടിക്കത്തക്കവണ്ണമുള്ള അബദ്ധത്തിൽ ചാടുകയില്ല തന്റെ ജോലിയെന്തെന്നു് അയാൾക്കു നല്ലപോലെ അറിയാം അതുകൊണ്ടു് അങ്ങാടിതെരുവിൽ ഒന്നോ രണ്ടോ മണിക്കൂർനേരം എല്ലാവരും കാൺകെ സഞ്ചരിച്ചു ശേഷം അയാൾ തിരിച്ചുപോരും. സുൽത്താന്റെയോ നിങ്ങളുടെയോ കൊട്ടാരത്തിന്റെ സമീപത്തെങ്ങും ചെല്ലരുതെന്നു ഞാൻ അയാളോടു പ്രത്യേകം ഏൎപ്പാടുചെയ്തിട്ടുണ്ടു്."

"പിന്നീടെന്താ?" എന്നു കാസിം ചോദിച്ചു.

"ഹാ! ഇതുവരെ ഞാൻ തീർച്ചപ്പെടുത്തിയിട്ടില്ലാത്ത ഒരു ചോദ്യമാണു നിങ്ങൾ ഇപ്പോൾ ചോദിക്കുന്നതു്. എന്തെന്നാൽ ഭാവി മിക്കവാറും സംഭവങ്ങളുടെ ഗതിയെ അവലംബിച്ചാണിരിക്കുന്നതു. എന്നാൽ തല്ക്കാലത്തേയ്ക്കു നിങ്ങളെ ഇവിടെ ഗൂഢമായ ജാമ്യമായിട്ടു പാർപ്പിക്കാനാണു ഞാൻ തീർച്ചപ്പെടുത്തിയിരിക്കുന്നതു് ആ നിലയിൽ നിങ്ങളെക്കൊണ്ടു എനിക്കധികം പ്രയോജനമില്ല. എന്നാലും മാഹ്ഫൂദ് യാതൊരു കാൎയ്യം കരുതൽകൂടാതെ ചെയ്യാറില്ലെന്നു്, നിങ്ങൾ മനസ്സിലാക്കണം. പിന്നെ വേണ്ടിവന്നാൽ, നിങ്ങൾ എന്റെ ആധീനത്തിലാണെന്നും സുലൈഖാദേവിയോടു

മെല്ലെ ഒന്നു പറഞ്ഞാൽ മതി. അപ്പോൾ അവർ അവരുടെ അപ്പനെ കൊണ്ടു് എന്തു ചെയ്യിക്കും."

കാസിം വല്ലാതെയായി. സുലൈഖയുടെ ഉൽകണ്ഠയേയും ആശങ്കയേയും പററിയുള്ള ചിന്ത അദ്ദേഹത്തെ വേദനയ്ക്കു അധീനനാക്കി അരമനയിൽ അറിയിക്കാതെ താൻ ധാരാനഗരത്തിൽ കാണപ്പെട്ടു എന്നുള്ളവത്തമാനം പരസ്യമാകുമ്പോൾ അവൾക്കുണ്ടാകുന്ന ആശ്ചയ്യത്തെ അദ്ദേഹം മനസ്സിൽ ചിത്രീകരിച്ചു. പിന്നെ അദ്ദേഹത്തെ കാണാനില്ലെന്നുള്ള വാർത്ത പരക്കും, അതിനെ തുടർന്നു പക്ഷേ അദ്ദേഹത്തിൻെറ കുതിര നഗരപരിധിക്കു വെളിയിൽ ഉടമസ്ഥനില്ലാതെ അലഞ്ഞുനടക്കുന്നതായും കാണപ്പെടും. മന്ത്രിയുടെ ധനുസ്സിലെ ദ്വിതീയഗുണം ആദ്യത്തേതുപോലെതന്നെ പരാജയത്തിൽ കലാശിച്ചു എന്നുള്ള അറിവോടുകൂടിത്തന്നെ പ്രതികൂലവാത്തകളുടെ ഭയങ്കരമായ ആപൽസൂചനവും ഉണ്ടാകും. അവളുടെ അടുക്കൽ ഒരു സന്ദേശം എത്തിക്കാൻ യാതൊരു മാർഗവും ഇല്ലേ? തന്നെ അനുഗമിച്ച രണ്ടു കിങ്കരന്മാരെ കാസിം ഓത്തു്, "എന്നോടുകൂടി വന്ന രണ്ടാളുകളുടെ സ്ഥിതി എങ്ങനെയിരിക്കുന്നു. നിങ്ങൾ അവരെ തടവുകാരാക്കിയിട്ടുള്ള പക്ഷം അവരോടു മയ്യാദയായിപെരുമാറണമെന്നു ഞാൻ അപേക്ഷിക്കുന്നു."

"തടവുകാരാക്കുകയോ? അള്ളാവിൻെറ നാമത്തിൽ ഞാൻ അവരെ തടവുകാരാക്കുന്നതെന്തിനു്?" അവർ എനിക്കു് യാതൊരു ദോഷവും ചെയ്തിട്ടില്ല. അവർ കള്ളവേഷത്തിൽ എൻെറ അതിഥികളായി വരികയോ എൻെറ ജീവനെ ഭയപ്പെടുത്തുകയോ ചെയ്തിട്ടില്ല."

"അവർ എവിടെ?"

"നിങ്ങൾക്കു അവരേക്കൊണ്ടു നേരിട്ടു യാതൊരുപകാരവും ഇല്ലെന്നറിഞ്ഞതുകൊണ്ടു ഞാൻ മന്ത്രിക്കു ഒരെഴുത്തു കൊടുത്തു അവരെ അയച്ചു. ആ കള്ളന്മാർക്കു ഈ അരമനവിട്ടു പോകാൻ സമ്മതമില്ലായിരുന്നു. അതുകൊണ്ടു അബ്ദുള്ളായ്ക്കു അവരെ ബലേന പുറത്താക്കേണ്ടിവന്നു. എന്നാൽ അവർ ഇപ്പോൾ ധാരാനഗരത്തിലേക്കുള്ള മാർഗ്ഗത്തിൽ കൂടി സുഖമായി യാത്രചെയ്യുകയാണെന്നുള്ളതിൽ എനിക്കു സന്ദേഹമില്ല."

"ഒരെഴുത്തോ അതിലെ സാരംഎന്തു്, മാഹ്മൂദ്?"

മാഹ്മൂദ് മെല്ലെ മധുരമദ്യം ആസ്വദിച്ചുകൊണ്ടു് വിനോദത്തിനുവേണ്ടി അല്പം ആ കരിംപുലിയുടെ തലയിലും ഒഴിച്ചു. "ഒന്നുമില്ല വെറും കാര്യം മാത്രം. അദ്ദേഹത്തിൻെറ രണ്ടാമത്തെ വേഷക്കാരനും ഇവിടെ വന്നു ചേർന്നു എന്നറിയിച്ചതു്. അത്രയുള്ളു."

## അദ്ധ്യായം ൧൮

# സുലേഖയുടെ ബുദ്ധിവൈഭവം

"അപ്പോൾ ഈ വൈഡൂര്യംപതിച്ച കുണ്ഡലങ്ങൾ എന്റെ കയ്യിൽ എത്തിയ്ക്കാൻ കാസിംരാജകുമാരൻ തന്നെ കല്പിച്ചോ? ഈ കല്പന എഴുത്തുമൂലമോ ഒരു ഭൃത്യൻ മുഖാന്തിരമോ അല്ലല്ലോ വന്നതു്?"

അരമനയിലേക്കു വിളിക്കപ്പെട്ട പൊൻപണിക്കാരൻ വളരെ താണു വണങ്ങിക്കൊണ്ടു, പറഞ്ഞു, അതു് ഞാൻ അറിയിച്ചതുപോലെ തന്നെ ദേവി; ആ കല്പന എഴുത്തുമൂലമോ ഭൃത്യൻ മുഖാന്തിരമോ വന്നതല്ല. ബഹുമാനപ്പെട്ട രാജകുമാരൻ ഒരിക്കൽക്കൂടി അവിടത്തെ സന്ദർശനംകൊണ്ടു് എന്നെ ബഹുമാനിച്ചു. എന്റെ മകളാണു് അവിടത്തെ കുതിരയെ പിടിച്ചുകൊണ്ടു നിന്നതു.

"രാജകുമാരൻ അസാധാരണരീതിയിൽ പെരുമാറിയതായി നിങ്ങൾക്കു തോന്നിയില്ലേ? അദ്ദേഹത്തെ നല്ല ആരോഗ്യസ്ഥിതിയിൽ തന്നെയാണോ നിങ്ങൾ കണ്ടതു?"

"അതേ ദേവി നല്ല ആരോഗ്യസ്ഥിതിയിൽതന്നെയാണു അദ്ദേഹത്തെ ഞാൻ കണ്ടതു്. പക്ഷെ തിരുമേനി അധികം സംസാരിച്ചില്ലാ എന്നേയുള്ളു. ഈയിടെ ഞാൻ പണിതീർത്ത സാമാനങ്ങൾ എല്ലാം എടുത്തുകാണിക്കാൻ തിരുമേനി എന്നോടാവശ്യപ്പെട്ടു. അതനുസരിച്ചു ഞാൻ കാട്ടിയ സാമാനങ്ങളെല്ലാം രാജകുമാരൻ ജാഗ്രതയോടുകൂടി പരിശോധിക്കയുംചെയ്തു. പിന്നെ ഈ കുണ്ഡലങ്ങളെ തിരിഞ്ഞെടുത്തിട്ടു് ഇവയുടെ വിലയെന്തെന്നു ചോദിച്ചു; തിരുമേനി എന്റെ എളിയഗൃഹത്തെ സന്ദർശിച്ചതുകൊണ്ടു വ്യാപാരത്തിനു വർദ്ധനയുണ്ടാകുമെന്നു വിചാരിച്ചു ഞാൻ വില വളരെ കുറച്ചുപറഞ്ഞുയാതൊരു തർക്കവും പറയാതെ പതിവുപോലെ രാജകുമാരൻ ഞാൻ പറഞ്ഞ വില തരികയും ഇന്നുതന്നെ കുണ്ഡലങ്ങൾ സുലൈഖാദേവിയുടെ കയ്യിൽ എത്തിക്കണമെന്നു ആജ്ഞാപിക്കയുംചെയ്തു. ആ കല്പനയെ ഞാൻ എന്റെ പതിവനുസരിച്ചു ഒട്ടും താമസംകൂടാതെ നിറവേററി."

"അപ്പോൾ, അദ്ദേഹം ഒരെഴുത്തുതരികയോ ഈ സമ്മാനം അവിടുന്നു തന്നെ കൊണ്ടുവരാത്തതു ഒരു കാരണം പറകയോ ചെയ്തില്ല അല്ലേ?"

"ഇല്ല, ദേവീ."

"അദ്ദേഹം എവിടെയ്ക്കാണു പോകുന്നതെന്നു പറഞ്ഞോ?"

"അതിനെപ്പററി അവിടുന്നു് ഒന്നും കല്പിച്ചില്ല; എന്നാൽ ഞാൻ ജന്നലിൽക്കൂടി നോക്കിയപ്പോൾ അദ്ദേഹം ഇരുമ്പുപണിക്കാരനായ "ദാവൂദിന്റെ" വ്യാപാരശാലയുടെ മുമ്പിൽ കുതിരയെ നിർത്തുന്നതു കണ്ടു. തിരുമേനി അവിടെ ചെന്നതെന്തിനെന്നു് പിന്നീടു ഞാൻ അന്വേഷിച്ചപ്പോൾ അദ്ദേഹത്തിന്റെ കഠാരയുടെ ഉറ അഴിച്ചു പണിചെയ്യിക്കാനാണെന്നു മനസ്സിലായി."

സുലൈഖ തട്ടാന് ഒരു സ്വർണ്ണനാണയം സമ്മാനിച്ചു് അയാളെ അ യച്ചശേഷം ദാവൂദിനെ ഉടൻ അരമനയിലേക്കു കൂട്ടിക്കൊണ്ടുവരുവാൻ ആള യച്ചു. എന്നാൽ കാസിം രാജകുമാരന്റെ ഗൂഢമായ അന്തർദ്ധാനത്തെപ്പററി ആശാജനകമായ യാതൊരറിവും ദാവൂദിന്റെ പക്കൽനിന്നും ലഭിച്ചില്ല. കാരാ ഗ്രഹ വരുത്തിക്കണ്ടു, അതു സ്വകാമുകന്റേതാണെന്നുള്ളതിൽ സുലൈഖയ്ക്കു് യാതൊരു സംശയവും തോന്നിയില്ല. എന്നാൽ അദ്ദേഹം കൊട്ടാരത്തിലേക്കു വരികയോ തന്റെ സ്ഥിതിഗതികളെ അറിയിക്കയോ ചെയ്യാഞ്ഞതിന് കാര ണമെന്തെന്നറിവാൻ യാതൊരു മാർഗ്ഗവും കാണപ്പെട്ടില്ല.

സുലൈമാൻ ക്ലാന്തനായി രാജ്യഭരണസംബന്ധമായ എഴുത്തുകുത്തുകൾ അടങ്ങിയ ഒരു കെട്ടുകടലാസ്സിനെ തന്റെ അടുത്തുനിന്നും തള്ളിനീക്കി; ഉടനെ അദ്ദേഹത്തിന്റെ പുത്രി തന്റെ അന്വേഷണങ്ങളുടെ ഫലം പിതാ വിനെ അറിയിക്കാനായി മുറിയിൽ കടന്നുചെന്നു. വൃദ്ധന്റെ കാല്ക്കലിരുന്നു വൃത്താന്തത്തെ ഗ്രഹിപ്പിക്കവേ അദ്ദേഹത്തിന്റെ ജരാക്രാന്തമായ മുഖത്തെയും നതമായ അംഗങ്ങളെയും കണ്ടു് സുലൈഖയുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. മന്ത്രി മങ്ങിയ മുഖഭാവത്തിൽ തലകുലുക്കി.

“സുൽത്താൻ തിരുമേനി തിരിച്ചെഴുന്നള്ളുമ്പോൾ ഉണ്ടാകുന്ന കൊടു ങ്കാററിനെ സൂചിപ്പിക്കുന്ന കാർമേഘങ്ങൾ ഘനത്തിൽ തിങ്ങിക്കൂടുന്നു.” എന്ന് അദ്ദേഹം പറഞ്ഞു.

“സുൽത്താൻ തിരുമേനി തിരിച്ചെഴുന്നള്ളുമ്പോൾ” അവരുടെ പരി ശ്രമം അഭംഗുരമായി തുടരണമെന്നു് ഈ വാക്കുകൾ സുലൈഖയെ നല്ലവണ്ണം മനസ്സിലാക്കി. ഇപ്പോൾ കഴിയുന്നതും പ്രയത്നിക്കാത്തപക്ഷം പ്രവൃത്തിക്കുള്ള അവസരം തെററുമ്പോൾ പിന്നെ ദുസ്സഹമായ സങ്കടത്തിനിടവരും. അവൾ ഉടൻ എഴുന്നേററു് “പ്രിയ പിതാവേ” ധൈര്യമായിരിക്കുക. വെളിച്ചം ഇരു ട്ടിനേക്കാൾ ശക്തിയുള്ളതാണ്. സുൽത്താന്റെ ക്രോധം പൊട്ടിപ്പുറപ്പെട്ട മ്പോൾ അതു് അപരാധിയുടെ നേർക്കല്ലാതെ പ്രജാസഞ്ചയത്തിനു് സദാ പ്രഭാപൂർണ്ണമായി വർത്തിക്കുന്ന ഒരു താരമായ ആർജ്ജവത്തോടുകൂടിയ ആളോടാ യിരിക്കയില്ല. അതുകൊണ്ടു് കരുണാനിധിയായ അള്ളാവു് അനന്തരകരണീ യത്തെ നമുക്കു കാട്ടിത്തരട്ടെ.”

സുലൈമാൻ വാത്സല്യത്തോടുകൂടി സ്വപുത്രിയുടെ നെറുകയിൽ ചുംബിച്ചു.

“സുലൈഖാ, നിന്റെ വാക്കുകൾ എനിക്കു ലജ്ജയുണ്ടാക്കുന്നു. ആ വാക്കുകൾ എന്നിൽനിന്നു പുറപ്പെടേണ്ടതായിരുന്നു. വാസ്തവത്തിൽ ഞാൻ പഠിച്ചതിനേക്കാൾ അധികം നിന്നിൽനിന്നു പഠിക്കുന്നു.”

അദ്ദേഹം ഇങ്ങനെ പറഞ്ഞവസാനിക്കുന്നതിനു മുമ്പായി ഒരുവൻ അവിടെ കടന്നുവന്നു കാസിംരാജകുമാരന്റെ കുതിര അദ്ദേഹത്തെ കൂടാതെ തനിച്ചു ലായത്തിൽ എത്തിയിരിക്കുന്നു എന്നുള്ള വർത്തമാനം അറിയിച്ചു.

ഈ പുതിയ പ്രഹേളികയുടെ സാരം മനസ്സിലാക്കാനുള്ള ശ്രമത്തിൽ പിതാവും പുത്രിയും പരസ്പരം മുഖത്തോടു മുഖം നോക്കി. ഭയം സുലൈഖയെ അത്യധികം വേദനപ്പെടുത്തി. എന്നാൽ സ്വ കാമുകനിൽ ഉള്ള അവളുടെ നിസ്സീമമായ വിശ്വാസം അതിനെ അകലത്താക്കി ഒരു പരിഹാരം കണ്ടുപിടിക്കത്തക്കവണ്ണം അവളെ ശക്തയാക്കി. "അപ്പാ, രാജകുമാരന്റെ ആദ്യത്തെ യത്നം വിഫലമായിത്തീർന്നിരിക്കും. അതുകൊണ്ട് അദ്ദേഹത്തിനു മാഹ്മൂദിന്റെ അരമനയിൽനിന്നും വെറും കയ്യോടെ പോരേണ്ടിവന്നിരിക്കും. പക്ഷെ മാഹ്മൂദ ഒരു രഹസ്യസന്ദർശനം അനുവദിക്കാഞ്ഞതു നിമിത്തം കാസിംരാജകുമാരനു തന്റെ ഉപായം പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ലെന്നും വന്നേയ്ക്കാം. തനിക്ക് ആപത്തൊന്നും ഇല്ലെന്നറിയിക്കാനായിരിക്കും അദ്ദേഹം ആ കുണ്ഡലങ്ങൾ എനിക്കയച്ചതു. പിന്നെ കുതിരയെ ലായത്തിലേയ്ക്കയച്ചിട്ടു ഒരു സഞ്ചാരിവണിക്കിന്റെ വേഷത്തിൽ ഇപ്പോൾ മാഹ്മൂദിന്റെ അരമനയിൽ കടക്കാൻ ശ്രമിക്കയായിരിക്കാം" എന്നു ആ പെൺകിടാവു പറഞ്ഞു.

ഈയാശയാൽ പ്രോത്സാഹിതരായിട്ടു അവർ പുതിയ വാർത്തയെ പ്രതീക്ഷിച്ചു രണ്ടുദിവസംകൂടി പാർത്തു എന്നാൽ യാതൊരു വൃത്താന്തവും ലഭിച്ചില്ല. വീണ്ടും നിരാശയുടെ ഘനമേറിയ പാദപ്രഹാരം അവരിൽ പതിച്ചു. മൂന്നാം ദിവസം മദ്ധ്യാഹ്നത്തിൽ സുലൈഖ നാലടിമകളാൽ വഹിക്കപ്പെട്ട തന്റെ മഞ്ചലിൽ കയറി ദാസിമാരാൽ അനുഗതയായി അരമനയ്ക്കു പുറത്തു സഞ്ചരിക്കയായിരുന്നു. അപ്പോൾ ഒരു സഞ്ചാരവണിക്ക് ചില ആഭരണങ്ങൾ കച്ചവടം ചെയ്വാനായി വിളിച്ചുകൊണ്ടു നടക്കുന്നതു കാണപ്പെട്ടു. അവൻ ആഭരണങ്ങൾ ആവശ്യമുണ്ടോ എന്നു ചോദിച്ചുകൊണ്ട് സുലൈഖയുടെ സമീപത്തേയ്ക്കണഞ്ഞു. വഴിയിൽ ആൾ മാറുവാനായി കയ്യിൽ വേത്രദണ്ഡവുമായി മഞ്ചലിന്റെ മുമ്പിൽ നടന്ന അരമനയിലെ മുതൽപ്പേർ ഒരു ഭത്സനത്തോടുകൂടി തന്റെ ചൂരൽ ഉയർത്തി എന്നാൽ ദണ്ഡം വ്യാപാരിയുടെ മേൽ പതിക്കുന്നതിനു മുമ്പായി, ആന്ദോളത്തിന്റെ യവനികകളിൽ കൂടി നോക്കിക്കൊണ്ടിരുന്ന സുലൈഖ സ്വപിതാവിന്റെ ഒരു ചാരനാണു ആ കച്ചവടക്കാരൻ എന്നു മനസ്സിലാക്കിക്കൊണ്ട് കിങ്കരപ്രധാനനെ തടുത്തു പറഞ്ഞു. "ആയുബ്, അയാളെ ഓടിക്കണ്ട, എനിക്കു അയാളുടെ ചരക്കുകൾ കാണണം."

വാഹകന്മാരോട് ആന്ദോളത്തെ താഴ്ത്തിവയ്ക്കാൻ ആജ്ഞാപിച്ചിട്ടു അവൾ വ്യാപാരിയെ അടുത്തു വിളിച്ചു യവനികയുടെ മറ നീക്കി നിരോളാഹ്ലാദിയായി ആഭരണങ്ങളെ ഓരോന്നായി പരിശോധിച്ചു.

"ഇതു വാസ്തവത്തിൽ നല്ല ഒളിയുള്ള ഒരു കല്ലാണു. ഇങ്ങനെയൊരെണ്ണം ഞാൻ ഇതിനുമുമ്പു കണ്ടിട്ടില്ല. ഇതെന്താ?"

"അവന്തിയിലെ ഒരു രത്നവ്യാപാരിയുടെ പക്കൽനിന്നും വാങ്ങിയ മൂന്നു രത്നങ്ങളിൽ ഒന്നാണിതു. മറ്റു രണ്ടെണ്ണവും ഞാനിന്നു കാലത്തു

മാഫ്ലൂരരാജകുമാരൻെറ കൊട്ടാരത്തിൽ വച്ചു വിററു" എന്നയാരം പറഞ്ഞു.

ഹാ! ശരി ഇതു ഞാൻ എടുത്തുകൊള്ളാം. ഇനി എന്നെ കാണിക്കാൻ നിങ്ങളുടെ പക്കൽ എന്തെല്ലാം സാമാനങ്ങളുണ്ടു?"

അടിമകരം രാജപാതയുടെ ഒരു വശത്തുവിശ്രമത്തിനിരിക്കയും ദാസിമാർ പരസ്പരം സംഭാഷണത്തിൽ ഏപ്പെട്ടിരിക്കയും ചെയ്യുന്നതായികണ്ടു. സുലൈഖ വ്യാപാരിയോട്ട് വൃത്താന്തം പറവാൻ ആവശ്യപ്പെട്ടു. അയാരം തൻെറ സാമാനങ്ങളെക്കുറിച്ചു ചില വാക്യങ്ങളോട്ട് കലത്തി തനിക്കറിവുകിട്ടിയ വിശേഷം അയാളെ പറഞ്ഞുതുടങ്ങി.

"ദേവി ഇതു' വിശേഷപ്പെട്ട സാമാനങ്ങളാണെന്നുള്ളതിനു സംശയമില്ല. നാം അന്വേഷിക്കുന്നയാളിനെപ്പററി ഒരറിവുമില്ല. ഇവയും മുൻപറഞ്ഞമാതിരിയിലുള്ളവതന്നെ, വിശേഷിച്ചും വളരെക്കാലം കേടുകൂടാതെയിരിക്കുന്നതുമാണു". എന്നാൽ അരമനയിലെ ഭൃത്യന്മാരുടെ കൂട്ടത്തിൽ റസ്റ്റം എന്നു പറയുന്നയാളെ ഞാൻ കണ്ടു. അല്ലെങ്കിൽ ദേവി ഈ രത്നങ്ങളെ ഇഷ്ടപ്പെടുന്നുണ്ടോ?"

"ഞാൻ ഇതിനെ വളരെ ഇഷ്ടപ്പെടുന്നു."

"റസ്റ്റമോ? നിശ്ചയമാണോ?"

"യാതൊരു സംശയവുമില്ല. ഇവയ്ക്കു തുല്യമായ രത്നങ്ങരം ആപണവീഥിയിലെങ്ങും കാണുകയില്ല. അയാരം ഏതാണ്ടു പ്രാധാന്യമുള്ള ഒരു കിങ്കരനെപ്പോലെയാണവിടെ സഞ്ചരിക്കുന്നതു". ദേവി, അവിടുന്നു പച്ചനിറത്തെ ഇഷ്ടപ്പെടുന്ന പക്ഷം ആ വർണ്ണത്തിൽ കുറെ കല്ലുകരം ഞാൻ കാണിക്കാം.

"ശരി അങ്ങനെ തന്നെ; നിങ്ങരം അയാളോട്ട് സംസാരിച്ചോ?"

"ഇല്ല ദേവി."

"മററു കച്ചവടക്കാരുടെ കൂട്ടത്തിൽ വേഷം മാറിയവനെന്നു സംശയിക്കത്തക്ക ഒരാളെയും നിങ്ങരം കണ്ടിട്ടില്ലേ? ഇതിൽ ചിലതും ഞാൻ എടുത്തുകൊള്ളാം."

"ദേവി ഇനി അവിടത്തേ കാണിക്കാൻ എൻെറ കൈവശം മററു സാമാനങ്ങരം ഇല്ല. അവിടുന്നു പ്രദർശിപ്പിച്ച കാരുണ്യത്തിനു" അള്ളാവു അവിടുത്തേ അനുഗ്രഹിക്കട്ടെ."

വ്യാപാരി തനിക്കു കിട്ടിയ നാണയങ്ങളെ ഒരു സഞ്ചികളുള്ളിൽ നിക്ഷേപിച്ചശേഷം യാത്രക്കാരോടു തൻെറ അപേക്ഷയെ തുടൻകൊണ്ടു നടന്നു. സുലൈഖ തൻെറ വാഹകന്മാരോടു ആരണ്ടാളത്തെ കൊട്ടാരത്തിലേക്കു കൊണ്ടുപോകാൻ കല്പിച്ചു. അരമനയിൽ എത്തിയ ഉടൻ അവരം പിതാവിൻെറ സന്നിധിയിൽ പ്രവേശിച്ചു.

"അങ്ങനെ റസ്റ്റം മാഫ്ലൂദിൻെറസേവകനായി. മനുഷ്യൻ എത്രവേഗം അവൻെറ നിശ്ചലത്തിൽ നിന്നും വ്യതിചലിപ്പിക്കപ്പെടുന്നു. പക്ഷേ അതു" നിർബന്ധം കൊണ്ടാണെന്നും. സംശയമില്ല."

"ശരി, എന്നാൽ വലിയ നിർബന്ധത്തിൻെറ ആവശ്യം ഉണ്ടായിരു

ന്നോ എന്നു ഞാൻ സംശയിക്കുന്നു. മകളെ, സുലൈഖാ അവൻെറ പൂർവ്വചരിത്രം ഒന്നാലോചിക്കൂ നമുക്ക് മാത്രമേ. അവനെ വിശ്വസിക്കാൻ ധൈര്യമുണ്ടായുള്ളൂ."

"എന്നാലും വളരുന്ന പക്ഷം ശ്ലാഘാർഹമായ സ്വഭാവമായിത്തീരാവുന്ന നന്മയുടെ ഒരു കണിക ഞാൻ അയാളിൽ കണ്ടു."

കാലം അതിക്രമിച്ചുപോയി. കുഞ്ഞേ നാല്പതുവയസ്സായ മനുഷ്യൻ ഇഷ്ടംപോലെ അങ്ങോട്ടോ ഇങ്ങോട്ടോ വളയ്ക്കപ്പെടാവുന്ന ഒരു ഇളം കമ്പല്ല."

തൻെറ അസ്വാസ്ഥ്യത്തിലും സുലൈഖ മന്ദസ്മിതം തൂകി. എന്തെന്നാൽ അന്യർ പ്രയോജനശൂന്യമെന്നു വിചാരിക്കുന്ന വസ്തുവിലും നന്മയെ കാണ്മാൻ ശക്തിയുള്ള അവർ ഇപ്രകാരമുള്ള ഒരു വാദപ്രതിവാദത്തെ ഇഷ്ടപ്പെട്ടു. "അപ്പാ, അവിടുന്നു പറഞ്ഞ സാദൃശത്തിൽ വലിയ വാസ്തവമുണ്ടെന്നുതന്നെയിരിക്കട്ടെ, എന്നാലും അതു മുഴുവൻ സത്യമല്ലെന്നു ഞാൻ മറെറാരു സാമ്യം കൊണ്ടു തെളിയിക്കാം. അമാനുഷ്യശക്തികൊണ്ടു മാത്രം വളയ്ക്കാവുന്ന ഒരു വൃക്ഷമായിട്ടല്ല ഞാൻ റസ്റ്റമിനെ വിചാരിക്കുന്നത്. എത്ര ചെറുതെങ്കിലും ജാഗ്രതയോടുകൂടിയ പോഷണത്താൽ ജ്വാലയായി പരിണമിക്കാവുന്ന നന്മയായ ഒരു തീപ്പൊരിയെ ഉള്ളിൽ വഹിച്ചിരിക്കുന്ന ഒരുവനായിട്ടാണ് ഞാൻ അയാളെ കാണുന്നത്."

"ഒരു തുള്ളി എണ്ണ ഈ വിഷമം തീർക്കും."

സുലൈമാൻ തോററഭാവത്തിൽ കൈ കുടഞ്ഞു.

"മകളേ ഇനി നീ എപ്പോഴെങ്കിലും റസ്റ്റമിനെ കാണുമ്പോൾ ഈ എണ്ണ ഒന്നു പ്രയോഗിച്ചു നോക്കണം. അപ്പോൾ നമുക്കു ഫലം അറിയാമല്ലോ. നല്ല ജീവിതത്തിൻെറ ഒരു ജ്വാലയെ അവനിൽ നീ ഉളവാക്കുക. എന്നാൽ ധാരയിലോ മറെറവിടെയെങ്കിലുമോ ഉള്ള ഒരാൾ സാധിക്കാത്ത ഒരു കാര്യം നീ സാധിച്ചതായി ഞാൻ സമ്മതിക്കാം.

"ഇല്ലപ്പാ, അവിടുന്നുതന്നെ അനേകം പേർക്കിങ്ങനെ ചെയ്തിട്ടുണ്ടെന്ന് എനിക്കറിയാം."

"ദൂതൻ കാസിമിനെ സംബന്ധിച്ച ഒരു വർത്തമാനവും പറഞ്ഞില്ലേ?" എന്ന് പെട്ടെന്നു വിഷയം മാററിക്കൊണ്ട് സുലൈമാൻ ചോദിച്ചു.

"ഒന്നും പറഞ്ഞില്ലപ്പാ, അതുകൊണ്ടു ഇനി മൂന്നാമത് ഒരു ദൂതനെ അയക്കേണ്ട കാലം വൈകിയിരിക്കുന്നു എന്നാണ് എനിക്കു തോന്നുന്നത്."

"മൂന്നാമതോ? മററു രണ്ടുപേരുടെയും പരാജയത്തിനു ശേഷമോ? ഇനിപോകാൻ ഞാനേ ശേഷിച്ചിട്ടുള്ളൂ. പക്ഷേ മാഹൂദ് എന്നെത്തന്നെ പ്രതീക്ഷിച്ചുകൊണ്ടിരിക്കയായിരിക്കും."

"ഇല്ലപ്പാ, ഞാൻ വേറൊരാളെ മനസ്സിൽ ഉദ്ദേശിച്ചിട്ടുണ്ട്."

"ആരാ അത്? എന്തു വേഷത്തിലാണയാൾ പ്രയത്നിക്കാൻ പോകുന്നത്?" മന്ത്രി ആശ്ചര്യഭരിതനെന്നപോലെ നോക്കി.

"ഒരു മണിക്കൂറിനുള്ളിൽ ഞാൻ അയാളെ ഇവിടെ കൊണ്ടുവരാം."

സുലൈഖ അപ്രത്യക്ഷയായി. ഒരു മണിക്കൂർ കഴിഞ്ഞു വീണ്ടും വാതൽ തുറന്നു

"അങ്ങുന്ന് മകളുടെ വേഷപ്പകർച്ച അറിയാൻ കഴിയുമോ?"

സ്വന്തം കസാലയിൽ ഇരുന്നു തിരിഞ്ഞു നോക്കിയപ്പോൾ സുലൈമാൻ തന്റെ മുമ്പിൽ നില്ക്കുന്ന കറുത്ത രൂപത്തെ കണ്ടു. തെററിപ്പോകാൻ നിവൃത്തിയില്ലാത്ത സ്വരമല്ലായിരുന്നുവെങ്കിൽ അദ്ദേഹം ഒരിക്കലും മകളെ മനസ്സിലാക്കുകയില്ലായിരുന്നു. അവളുടെ മുഖം, കഴുത്തു, കൈകൾ എന്നിവ ചായം കൊണ്ടു കറുപ്പിച്ചിരുന്നു. ഒരു കറുത്ത അങ്കി അവൾ ധരിച്ചിരുന്ന ക്ഷൌമത്തിന്റെ സ്ഥാനം സ്വീകരിച്ചു അറബികളുടെയും പാരസീകന്മാരുടെയും ഇടയിൽ നടപ്പുള്ള ഒരു തരം ചിത്ര വിശേഷം കൊണ്ടു അങ്കിതമായിരുന്നു; അവളുടെ പുതിയ വസ്ത്രം. മുട്ടോളം എത്തുന്നതായ ഒരു മൂടുപടം അവളുടെ മനോഹരമായ കുന്തളഭാരത്തെയും മുഖമൊഴിച്ചുള്ള മററംഗങ്ങളെയും മറച്ചിരുന്നു. അരയെ ചുററിയിരുന്ന പട്ടുനാടയാൽ ബന്ധിക്കപ്പെട്ടതും നാണയങ്ങൾ കിലുങ്ങുന്നതുമായ ഒരു തുകൽസഞ്ചി ഒരു വശത്തായി തൂങ്ങുന്നുണ്ടായിരുന്നു ഒരു കയ്യിൽ ഒരു കുരുന്താളി വടിയും, മററക്കയ്യിൽ ഒരു സ്ഫടികഗോളവും അവൾ വഹിച്ചിരുന്നു.

കുനിഞ്ഞു മന്ദമായ ഗതിയോടുകൂടിയ അവൾ കുറി പറയുന്ന ഒരുവളുടെ ഒരു പ്രതിച്ഛായ തന്നെ ആയിരുന്നു. മുൻ പറഞ്ഞ വാചകത്തിൽ തന്റെ വാസ്തവത്തെ പിതാവിനെ അറിയിച്ച ശേഷം അവൾ തന്റെ സ്വരം മാററി വാക്സാമർത്ഥ്യമുള്ള ഒരു പ്രൌഢയെ പ്രതിനിധീകരിച്ചു.

സുലൈമാന്റെ ഹൃദയത്തിൽ വല്ലാത്ത ഒരു ഭയം കടികൊണ്ടുവെങ്കിലും അദ്ദേഹത്തിനു മകളെ ബഹുമാനിക്കാതിരിക്കാൻ നിവൃത്തിയില്ലായിരുന്നു.

"സുലൈഖ, ആ പിശാചിന്റെ മുഷ്ടികളുള്ളിൽ കടന്നു് ഈ സാഹസം പ്രവർത്തിക്കാൻ നിനക്കു പ്രയാസമാണു്; അതുകൊണ്ടു നീ അതിലേക്കു പ്രയത്നിക്കേണ്ട"!

"ബാപ്പാ ഭയപ്പെടരുതു്". ഇത്തവണ വിജയം നമ്മെ അനുഗ്രഹിക്കുമെന്നു് എന്റെ മനസ്സാക്ഷി ശംസിക്കുന്നു. എന്റെ വേഷം മാററം റസ്റ്റമിന്റേതിനേക്കാൾ പരിപൂർണ്ണവും, എന്റെ ഉപായം ഒരെടിയാൽ എല്ലാം സാധിക്കാൻ യത്നിച്ച കാസിമിന്റെ തന്ത്രത്തേക്കാൾ ആപത്തു കുറഞ്ഞതും ആണു്. എന്റെ വേഷപ്പകർച്ചതന്നെ എനിക്കു രക്ഷയായിരിക്കും. എന്തെന്നാൽ കുറി പറയുന്ന ഒരുവൾക്കു വിപരീതം പ്രവർത്തിക്കാൻ ധൈര്യമുള്ളവർ മാഹ്മൂദിന്റെ അരമനയിൽപോലും ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല!"

"മാഹ്മൂദ് അതിനും മടിക്കുമെന്നു് എനിക്കു തോന്നുന്നില്ല," എന്നു് സുലൈമാൻ അസ്വസ്ഥനായി ഉത്തരം പറഞ്ഞു.

"ഞാൻ മാഹ്ഫൂദിനെ സന്ദർശിക്കാൻ വിചാരിക്കുന്നില്ല. റസ്സം അയാളുടെ പ്രതിജ്ഞയെ പാലിക്കുമെന്നു മാളവൃത്തിലെ പ്രധാനമന്ത്രിയായ സുലൈമാൻെറ മകൾ സുലൈഖ ഇപ്പോഴും വിശ്വസിക്കുന്നുവെന്നു് അയാളെ ഓർമ്മിപ്പിക്കുവാൻ മാത്രമായിട്ടാണു് എൻെറ ഈ യാത്ര."

## അദ്ധ്യായം ൧൩.

# കൈനോട്ടക്കാരി

"ഭാഗ്യതാരം ഇപ്പോൾ ഉച്ചത്തിൽ നില്ക്കുകയാണു്. ഭാവി എന്തെന്നറിവാൻ ആഗ്രഹിക്കുന്നവർ രഹസ്യങ്ങളെ അറിയുന്നവളും നന്മതിന്മകളെ കാണുന്നവളുമായ 'സാറാസെനോബിയായെ' സമീപിക്കുവിൻ!"

മാഹ്ഫൂദിൻെറ അരമനയിലെ ബഹിരങ്കണത്തിൽ സുലൈഖയെ ആദരിക്കുവാൻ ആളുകൾ അനവധിയുണ്ടായിരുന്നു. അവർ ഫലം പറയാനായി തങ്ങളുടെ കൈകളെ സുലൈഖയുടെ നേരെ നീട്ടി. അന്ധവിശ്വാസജനിതമായ ഉല്ക്കണ്ഠയോടെ അവളുടെ വാക്കുകളെ കേട്ടു. മന്ത്രിപുത്രിയാകട്ടെ തൻെറ സ്ഫടികഗോളത്തിൽക്കൂടി തുറിച്ചുനോക്കിക്കൊണ്ടു് മനുഷ്യനു സാധാരണമായി ഉണ്ടാകാറുള്ളതും എന്നാൽ പകുതി അസ്പഷ്ടവും പകുതി സ്പഷ്ടവുമായ ഒരു ഭാഷയിൽ പ്രകടിപ്പിക്കുമ്പോൾ രഹസ്യവും അത്ഭുതകരവും ആയി തോന്നുന്നതും ആയ സംഭവങ്ങളെ ദീർഘദർശനം ചെയ്തു.

അനവധി സമരങ്ങളിൽ ഏററ മുറിവുകളുടെ തഴമ്പു നിറഞ്ഞ മുഖത്തോടുകൂടിയ ഒരു നരച്ച വൃദ്ധഭടൻ സുലൈഖയുടെ കൈകുമ്പിളിൽ ഒരു വെള്ളിനാണയം ഇട്ടുകൊടുത്തിട്ടു് ഫലം പറയുന്നതു കേൾപ്പാൻ ഉൽക്കണ്ഠയോടെ കാത്തിരുന്നു. നമ്മുടെ കഥാനായികയാകട്ടെ അയാളുടെ ഉള്ളംകയ്യിൽ സൂക്ഷിച്ചുനോക്കിയശേഷം മുഖത്തും നോക്കി.

"ധീരതയും മനഃസാന്നിദ്ധ്യവും! ദീർഘദർശിയുടെ സാരസനമെന്നപോലെ വലിയ അക്ഷരങ്ങളിൽ അതു് എഴുതപ്പെട്ടിരിക്കുന്നു. കുഴിയും കുന്നും—കുന്നും കുഴിയും—ഈ വിധത്തിലാണു് നിങ്ങളുടെ ജീവിതം ഇതുവരെ കഴിഞ്ഞുകൂടിയതു്. അതുപോലെതന്നെ ഇനിമേലും കഴിയും. എന്നാൽ യൌവനത്തിൽ നിങ്ങളുടെ ചങ്ങാതിയായിരുന്ന ആ ധൈര്യം വാർദ്ധക്യത്തിലും ക്ഷയിക്കയില്ല, അങ്ങനെയിരിക്കട്ടെ. അവളെ നിങ്ങളുടെ ഹൃദയത്തോടുചേർത്തു ബന്ധിക്കുന്ന രജതഗുണത്തെ നിങ്ങൾ ഖണ്ഡിക്കുന്നില്ല. നിങ്ങളുടെ ധൈര്യത്തെപ്പററി അനേകംപേർ വിലവയ്ക്കും, അതു നിങ്ങളുടെ അവസാനകാലത്തു് നിങ്ങൾക്കൊരാശ്വാസമായിത്തീരുകയും ചെയ്യും."

പ്രകാശമേറിയ കണ്ണുകളോടും സ്ഥിരമായ പാദവിന്യാസത്തോടുംകൂടി ആ വൃദ്ധഭടൻ പിൻവാങ്ങി, ഉടൻതന്നെ അരമനയിലെ അല്പം പ്രാധാന്യമുള്ള ഒരു ചെറുപ്പക്കാരനായ ഉദ്യോഗസ്ഥൻ അയാളുടെ സ്ഥാനം സ്വീകരിച്ചു. തന്റെ ആകാരഭംഗിയെക്കുറിച്ചു് നിസ്സീമമായ ഡംഭംകലൎന്ന ആ തരുണൻ വസ്ത്രങ്ങളിലും ദേഹത്തും ലേപനംചെയ്യപ്പെട്ട പരിമളദ്രവ്യത്തോടുകൂടി സുലൈഖയുടെ മുമ്പിൽ ചെന്നിരുന്നു് ഉദാസീനഭാവത്തിൽ ഒരു സുവൎണ്ണനാണയത്തെ അവളുടെ കയ്യിൽ ഇട്ടുകൊടുത്തശേഷം തന്റെ മേൽമീശ തടവിക്കൊണ്ടു് ഇങ്ങനെ പറഞ്ഞു—"കൊള്ളാം അമ്മേ—ഇനി എന്നെപ്പററി എന്താ?"

"സുലൈഖ തന്റെ സ്ഫടികഗോളത്തിൽ നോക്കിക്കൊണ്ടു മെല്ലെ പറഞ്ഞു, "ഇതാ ഇരുളടയുന്നു—തെളിയുന്നു—വീണ്ടും ഇരുളടയുന്നു. വെള്ളിയും ഇരുമ്പും വെള്ളിയും ഇരുമ്പും" അവൾ ഒന്നുകൂടി അടുത്തുനോക്കി തലകുലുക്കി: "ഇതാ അതു വീണ്ടും വീണ്ടും പ്രത്യക്ഷമാകുന്നു. ഒരിരുമ്പു് മറെറല്ലാററിനെക്കാളും കറുത്തതാകുന്നു. നിങ്ങൾക്കു ബന്ധുക്കളുണ്ടു്, എന്നാൽ ശത്രുക്കളും ഉണ്ടു്. പ്രത്യേകിച്ചു് ഒരാൾ നിങ്ങളെ വലിയ വെറുപ്പോടുകൂടി കരുതുന്നു!"

ആ യുവാവിന്റെ ഹൃദയം ഉടൻതന്നെ തന്റെ പരമശത്രുവിന്റെ സമീപത്തേയ്ക്കു പാഞ്ഞു. പിന്നെ അയാൾ തലകുലുക്കിക്കൊണ്ടു പറഞ്ഞു.

"അത്ഭുതകരം തന്നെ."

ഇപ്രകാരം തന്നെ നിങ്ങളുടെ ജീവിതം മുഴുവൻ കഴിയും" രാജമന്ദിരത്തിൽ ജോലിക്കാരനായ ഒരു സുന്ദരപുരുഷൻ പലരുടെയും പ്രേമത്തിനും അസൂയക്കും പാത്രമാണെന്നുള്ള വസ്തുത മനസ്സിലാക്കിയ സുലൈഖ തുടൎന്നു പറഞ്ഞു. ബന്ധുക്കൾ വളരെയധികം ആകുമ്പോൾ ശത്രുക്കളും സമീപത്തുണ്ടെന്നു അറിഞ്ഞുകൊൾക. സുഖവും സന്തോഷവും നിങ്ങളുടെ മാൎഗ്ഗത്തെ വലയം ചെയ്യുമ്പോൾ സൎപ്പദംശനം നിങ്ങളുടെ ഭാഗധേയത്തിനു ഭംഗം വരുത്താതെ സൂക്ഷിച്ചുകൊൾക." ആ തരുണൻ മനസ്സിലായതുപോലെ തലകുലുക്കി. "അള്ളാവിന്റെ കാരുണ്യംകൊണ്ടു നിങ്ങളുടെ ആകൃതിയും മുഖവും സൌകൎയ്യമുള്ളതുതന്നെ. എന്നാലും ശാന്തതയെ അതിക്രമിച്ചുള്ള ഒരു ശക്തി നിങ്ങളിൽ സ്ഥിതിചെയ്യുന്നുണ്ടു്."

അതെന്താണു്?" എന്നു യുവാവു വലിയ താല്പൎയ്യത്തോടുകൂടി ചോദിച്ചു് "സുഖാസക്തിയെ ഗർഹണം ചെയ്തു് വിഷമതരം വരിക്കുന്ന ഒരു ശക്തി. ഏതു കാൎയ്യത്തിലും ധൈൎയ്യസമേതം പ്രവൎത്തിച്ചു വിജയിക്കുന്ന ഒരു ശക്തി. നിങ്ങളുടെ സൌന്ദൎയ്യം പനിനീർചെമ്പകപുഷ്പത്തെപ്പോലെ മോഹനവും ശക്തി ഒരു മാമരത്തെപ്പോലെ സഹനക്ഷമവുമാകുന്നു. അതു നിങ്ങൾക്കു പ്രകൃതിദത്തമായ ഒരനുഗ്രഹമത്രെ. അള്ളാവു അദ്ദേഹത്തിന്റെ കാരുണ്യാതിരേകത്താൽ നിങ്ങൾക്കു ഒരു സമ്മാനദാനം ചെയ്തു. അതിനെ വർദ്ധിപ്പിക്കയോ ക്ഷയിപ്പിക്കയോ ചെയ്യുകയെന്നുള്ളതു നിങ്ങളെ അവലംബിച്ചിരിക്കുന്നു

"ഞാൻ ചെയ്‌വാൻ ഉദ്ദേശിക്കുന്ന വിവാഹത്തെപ്പററി എന്തു പറയുന്നു?" സുലേഖ തന്റെ സ്ഫടികഗോളത്തിൽ നോക്കിക്കൊണ്ടു ഗാഢമായ ചിന്തയിൽ വായിച്ചു. "നിങ്ങൾ സൌന്ദൎയ്യത്തിൽ മയങ്ങി ഒരുവളിൽ ഹൃദയത്തെ അൎപ്പിച്ചിരിക്കുകയാണു്. വെറും ബാഹ്യസൌന്ദൎയ്യത്തെ കൊതിക്കാതെ ആന്തരമായ കാരുണ്യത്തെയും മനഃപൂൎവ്വപ്രണയത്തെയും ആദരിക്കുക. നിങ്ങൾ ആഗ്രഹിക്കുന്നവളിൽ അധികം നന്മയുണ്ടു്. എന്നാൽ ആ പ്രേമപന്ഥാവിൽ നിങ്ങളുടെ കണ്ണുകളിൽ നിന്നും മറഞ്ഞുകിടക്കുന്ന അനവധി കണ്ടകങ്ങൾ ഉണ്ടു്. അതുകൊണ്ടു് ബദ്ധപ്പെടരുതു്. എന്തെന്നാൽ ക്ഷമാശീലനായ കാമുകനു് ആലോചനയ്ക്കു സമയം ലഭിക്കുന്നു, എന്നാൽ കുസുമത്തെ അപഹരിക്കുന്നതിൽ ക്ഷമകേടു പ്രദൎശിപ്പിക്കുന്നവൻ പക്ഷേ മുള്ളിൽ പിടികൂടിയേക്കാം."

അവസരോചിതമായ വികാരാധിക്യത്താൽ പ്രേരിതയായ സുലേഖ സമയംപോയതറിഞ്ഞില്ല. ലാവണ്യവതികളായ ദാസിമാർ, നൎത്തകികൾ, അശ്വപാലന്മാർ, ഭൃത്യന്മാർ, യോധന്മാർ എന്നിവർ ഓരോരുത്തരായി അവൾ ഇരുന്ന വൃക്ഷച്ചുവട്ടിൽ വന്നു. തന്നിമിത്തം അവളുടെ സഞ്ചി നാണയംകൊണ്ടു ഭാരമേറിയതായി.

ഉപദേശരൂപമായ ഒരു വാക്കെങ്കിലും പറഞ്ഞുകൊടുക്കാതെ അവൾ ഒരുത്തനെയും തന്റെ സമീപത്തു നിന്നു പോകാൻ അനുവദിച്ചില്ല. യുവാക്കന്മാൎക്കു് പ്രകാശമാനമായ ലാവണ്യത്തിനും മേലായി നിധികളെയും വാഗ്ദാനം ചെയ്തു. വൃദ്ധന്മാൎക്കു് യൌവനവും തദനുസാരിയായ ആരോഗ്യവും ആവൎത്തിച്ചില്ലെങ്കിലും വാൎദ്ധക്യത്തിന്റെ പ്രശാന്തസുന്ദരമായ സൌഖ്യം സ്ഥിരമായി നിൽക്കുമെന്നു ആശംസിച്ചു.

വാഗ്ദാനത്തിൽ സുലേഖ അത്രകണ്ടു സാമൎത്ഥ്യം പ്രകടിപ്പിച്ചതിനാൽ അവൾ പറഞ്ഞതെല്ലാം ഒരു പള്ളിയിലെ മതപ്രസംഗത്തിൽ അവർ കേൾക്കാറുള്ളതിൽ കൂടുതൽ അറിവിനെ പ്രദാനം ചെയ്യുന്നതല്ലെന്നു അവരിലാരും മനസ്സിലാക്കിയില്ല. ശത്രുക്കൾ, ആപത്തുകൾ, വിഷമങ്ങൾ, കാമുകന്മാർ, സൌഭാഗ്യം, ലാഭം, നഷ്ടം എന്നിവ ഓരോന്നിനെയും പററി അവൾ സൂചിപ്പിച്ചപ്പോൾ ആളുകൾ അവൎക്കു തോന്നിയതുപോലെ അതിനെ വ്യാഖ്യാനിച്ചു. വെളിച്ചവും നിഴലും കുന്നും കുഴിയും പനിനീർപുഷ്പവും മുൾച്ചെടിയും, ഇനിപ്പും, കയ്പും ഇപ്പറഞ്ഞ വകയിൽ ഓരോന്നിന്റെയും ഒരംശമെങ്കിലും ഏതൊരു ജീവിതത്തിലാണില്ലാത്തതു"?

മന്ത്രിപുത്രി ഉൽകണ്ഠയോടുകൂടി റസ്റ്റമിന്റെ വരവിനെ പ്രതീക്ഷിച്ചിരുന്നു എന്നാൽ അയാളുടെ വരവു കൂടാതെ ക്രമേണ സമയം കഴിഞ്ഞുപോയപ്പോൾ അവൾക്കു അല്പം അസ്വാസ്ഥ്യം തോന്നിത്തുടങ്ങി. എന്നാൽ ഒടുവിൽ പണിയിൽനിന്നും വിമുക്തന്മാരായ ഒരു സംഘം കിങ്കരന്മാർ അങ്കണത്തിൽ പ്രവേശിച്ചു. അവരുടെ കൂട്ടത്തിൽ അവൾ തേടിക്കൊണ്ടിരുന്നയാളും ഉണ്ടായിരുന്നു. തന്റെ പതിവനുസരിച്ചു് അയാൾ ഭംഗിയായി വസ്ത്രം ധരി

ച്ചിരുന്നു; കൂട്ടുകാരോട് ആഹ്ലാദസമേതം സംഭാഷണം ചെയ്തുകൊണ്ടായിരുന്നു അയാളുടെ വരവ്. ഒരു നിമിഷം കഴിഞ്ഞു അയാൾ ഒരു വീണയെടുത്തു് സുപരിചിതമായ അംഗുലീഭ്രമത്തോടുകൂടി മന്ദമായി ഒരു രാഗത്തെ ആലാപിച്ചു. ശ്രോതാക്കൾ ഹസ്തതാഡനം മുഴക്കിക്കൊണ്ടു് അയാളുടെ ചുററും കൂടി. തങ്ങൾക്കു് എന്തു ഭാഗ്യമാണു് ഭാവിയിൽ സഞ്ചിതമായിരിക്കുന്നതെന്നറിവാനായി ഓരോരുത്തൻ നമ്മുടെ കഥാനായികയെ സമീപിച്ചു് തൃപ്തരായി മടങ്ങി.

ഒടുവിൽ വീണയെ ഒരുവൻെറ കയ്യിൽ കൊടുത്തിട്ടു തൻെറ നേരെ മെല്ലെ അണയുന്ന റസ്തമിനെ അവൾ ഹൃദയസ്പന്ദനത്തോടുകൂടിയാണു് കണ്ടതു്. തൻെറ നിചോളത്തെ ഒന്നുകൂടി വലിച്ചു മുഖം മറച്ചുകൊണ്ടു് അങ്കണത്തിലോ ചന്ദ്രശാലയിലോ നിന്നു നോക്കുന്നവരുടെ കണ്ണിൽ പെടാതെയിരിക്കത്തക്കവിധത്തിൽ മരത്തിൻെറ മറവിലേക്കു സുലൈഖ മാറിയിരുന്നു. അംഗങ്ങളിൽക്കൂടി പ്രസർപ്പണം ചെയ്യുന്ന ഒരു സംത്രാസത്തെ അടക്കുവാൻ പണിപ്പെട്ടുകൊണ്ടു് സുലൈഖ റസ്തമിൻെറ കൈ പിടിച്ചു സൂക്ഷിച്ചുനോക്കിയശേഷം വ്യസനം കൊണ്ടെന്നപോലെ തല കുലുക്കി.

“എന്താ അമ്മേ അതു്? നിർഭാഗ്യം എൻെറ മാർഗ്ഗത്തിൽ സഞ്ചരിക്കുന്നോ?” എന്നു റസ്തം ഭയഹീനമായ സ്വരത്തിൽ ചോദിച്ചു.

“പ്രതിജ്ഞാലംഘനം! ഭാഗ്യം ഒരിക്കലെങ്കിലും അതിനെ തീണ്ടുമോ? ഒരു നല്ല കാര്യത്തെ ഉപേക്ഷിച്ചിരിക്കുന്നു. അതിനു ഫലം തിന്മയല്ലാതെ മറെറന്താണു്.”

റസ്തം പെട്ടെന്നു ഒന്നു ഞെട്ടി, ഇതു് സുലൈഖക്കു സന്തോഷത്തെയുണ്ടാക്കി. പ്രതിജ്ഞാലംഘനത്തെപ്പററി പറഞ്ഞപ്പോൾ ഞെട്ടിയ മനുഷ്യനെ സംബന്ധിച്ചു് ആശയ്ക്കു വകയില്ലാതില്ല. അവൾ വീണ്ടും അയാളുടെ കൈ പിടിച്ചു നോക്കി. ചിലർ നിങ്ങളെ വിശ്വസിച്ചു; ഇപ്പോൾ വിശ്വസിക്കയും ചെയ്യുന്നു. നിങ്ങൾ അവരെ മറന്നുപോയി, എന്നാൽ അവർ ഓർക്കുന്നുണ്ടുതാനും” എന്നു അവൾ പറഞ്ഞു.

മാഹാത്മ്യം അറിവാൻ തൻെറ മുമ്പിൽ ഇരിക്കുന്ന ആ സ്ത്രീയെ സഹായിച്ച ആ വസ്തുവിനെ കാണ്മാനുള്ള ആശകൊണ്ടെന്നപോലെ റസ്തം തൻെറ കൈയ്യിൽ നിന്നിമേഷനായി നോക്കി.

സുലൈഖ തൻെറ പഴയ സ്വരം മാററി ഊർജ്ജിതസ്വരത്തിൽ പറഞ്ഞു. “മററു ചിലർക്കു നിങ്ങളിൽ ഉള്ള വിശ്വാസം നിങ്ങളെ വീണ്ടും കർത്തവ്യത്തിലേയ്ക്കും പ്രതിജ്ഞാനിർവ്വഹണത്തിലേയ്ക്കും നയിക്കും. ധാവള്യമായ വക്ഷഃപ്രദേശത്തോടു കൂടിയ ഒരു പക്ഷി ചുററിലും പറക്കുന്നു. അതിനെ കയ്യിലാക്കുന്നതു് ഭാഗ്യമായിരിക്കും. എന്നാൽ ഒന്നു ധരിക്കണം നിങ്ങളുടെ ജാഗ്രതക്കുറവു മൂലം പിടിയിൽ നിന്നും തെററിപ്പോകാൻ അതിനെ അനുവദിക്കുന്ന പക്ഷം നിങ്ങൾക്കു് ഇപ്പോഴുള്ള ഭാഗ്യം കൂടി നശിച്ചു നിങ്ങളുടെ

വായിൽ മണ്ണുവീഴും, എന്തെന്നാൽ രാത്രിയെന്നപോലെ കറുത്ത ഒരു മലംകാക്ക ഗുഹയിൽ നിന്നും പറന്നുവന്നു അതിന്റെ ക്രൂരനഖങ്ങൾകൊണ്ടു് നിങ്ങളുടെ വയറു കീറി ഹൃദയത്തെ പറിച്ചെടുക്കും."

റസ്തം കൈകൾ തിരുമ്മി "കേൾക്കട്ടെ" എന്നു് അയാൾ കർക്കശസ്വരത്തിൽ പറഞ്ഞു.

"രണ്ടു രൂപങ്ങൾ പ്രത്യക്ഷമാകുന്നു. ലാവണ്യം കളിയാടുന്ന മുഖത്തോടുകൂടിയ ഒരു സ്ത്രീയുടെ മൂടുപടം കൊണ്ടു മറച്ച ആകൃതിയെ ഞാൻ കാണുന്നു; എന്നാൽ അവളുടെ കണ്ണുകൾ കരഞ്ഞു അരുണമായും അശ്രുതരംഗിതമായും ഇരിക്കുന്നു. എന്നാൽ നിങ്ങൾ പൌരുഷസമേതമായ കരം കൊണ്ടു് വെളുത്ത മാറുള്ള ആ പക്ഷിയെ പിടികൂടുന്ന കാഴ്ചും അവളുടെ സങ്കടം കൃതജ്ഞതയായിട്ടും രോദനം ഗാനമായിട്ടും പരിണമിക്കും പിന്നെ നിങ്ങൾ ധരിക്കുന്ന ആ നാമം സന്തോഷത്തോടും മാന്യതയോടും കൂടി എന്നും സ്മരിക്കപ്പെടും."

അതിലെ രഹസ്യങ്ങളെ പഠിക്കാനെന്നപോലെ റസ്തം സ്ഫടികഗോളത്തിൽ തുറിച്ചുനോക്കി, "അല്ലെങ്കിൽ എന്താ?" എന്നു അയാൾ കർക്കശസ്വരത്തിൽ ചോദ്യം ചെയ്തു.

"തമസ്സും കാർമേഘവും—ദീപയഷ്ടികളുടെ ഒരു ഭയങ്കരജ്വാല, പിന്നെ ഒരു ചക്രവർത്തി പ്രസ്ഥാനം ചെയ്യുന്നതുപോലെ ആ ദീപയഷ്ടികളുടെ മദ്ധ്യത്തിൽ മഹാഗജങ്ങളുടെ രൂപങ്ങൾ. എന്നാൽ അട്ടഹാസത്തിന്റെ വരവ് ആ യുവതിയുടെ ഹൃദയത്തിലും ഗൃഹത്തിലും ഒരുപോലെ വിനാശത്തെ ചെയ്യും. ആ വൃത്താന്തം നിങ്ങളുടെ ചെവിയിൽ എത്തുന്ന നിമിഷത്തിൽ തന്നെ മലംകാക്ക നിങ്ങളെ പ്രഹരിക്കും!"

സുൽത്താന്റെ തിരിച്ചെഴുന്നള്ളത്തു്! റസ്തം അതിനെ അസ്വാസ്ഥ്യസൂചകമായ മുഖഭാവത്തിൽ ചിത്രീകരിച്ചു. സുൽത്താന്റെ ഗജവീരൻ ധാരാനഗരത്തെ സമീപിക്കുമ്പോൾ സുലൈഖയ്ക്കു് ഉണ്ടാകുന്ന ഭയം അതിനെ തുടർന്നു് മാമൂദ്ഖാനും പ്രധാനമന്ത്രിയുമായുള്ള കൂടിക്കാഴ്ചയിൽനിന്നു് എന്താ സംഭവിക്കാൻ പോകുന്നതു്?

"അമ്മേ നിങ്ങൾ പറയുന്നതു മനസ്സിലാകുന്നില്ല. എന്നാലും നിങ്ങളുടെ വാക്കുകളിൽ വലിയ സത്യത്തിന്റെ ഒരു പ്രകാശം ഞാൻ കാണുന്നുമുണ്ടു്. എന്നാൽ ഞാൻ ഒരു പുതിയ പ്രതിജ്ഞയാൽ ബദ്ധനായതുകൊണ്ടു് വെളുത്ത മാറോടുകൂടിയ പക്ഷിയെ പിടികൂടുന്നതിൽ നിന്നും ഞാൻ നിരുദ്ധനായിത്തീർന്നിരിക്കുന്നു. ഞാൻ പുത്തനായി ഒരു വലിയ സത്യം ചെയ്തുപോയിരിക്കുന്നു: പിന്നെ ഒടുവിലത്തെ സത്യത്തെയല്ലേ ശരിയായി പരിപാലിക്കേണ്ടതു്?"

"ഏതു സത്യമാണു് മഹിമയേറിയതു്?"

"ആദ്യത്തേതു്"

"എന്നാൽ അതിനെത്തന്നെ പരിപാലിക്കുക. മറ്റേ സത്യത്തെ ലംഘിച്ചതിനു് അള്ളാവു മാപ്പു തരുമെന്നു വിശ്വസിക്കുക."

ആശാസംയുക്തമായ ഒരു ഭാവം റസ്തമിൻെറ മുഖത്തിൽ പ്രത്യക്ഷമായി. എന്നാലും അയാൾ വിപരീതഭാവത്തിൽ തലകുലുക്കിക്കൊണ്ടു പറഞ്ഞു.

"എനിക്ക സമ്മതമാണെങ്കിലും ത്രാണിയുണ്ടോ എന്ന സംശയമാണ്."

"നിങ്ങളെ വിശ്വസിക്കുന്ന ആ സാധ്വി"—എന്ന സുലൈഖ ആരംഭിച്ചു.

റസ്തം വീണ്ടും തലകുലുക്കി ചെറുതായി ഒന്ന ചിരിച്ചു; "വിശ്വസിക്കുന്നോ? അതു ഞാൻ സംശയിക്കുന്നു! അവർക്ക് പക്ഷെ ഒരാശയുണ്ടായിരിക്കാം, എന്നാൽ അത് വെറും ദുർബലമെന്നേ പറയാവൂ. എന്തെന്നാൽ നിറയെ ദ്വാരങ്ങളുള്ള ഒരു സഞ്ചിയെ വിശ്വസിക്കത്തക്കവണ്ണം മണ്ടനായി ആരുണ്ട്? ഇല്ലമ്മേ! ഞാൻ ഒരാൾക്കുവേണ്ടി സേവനം നടത്താൻ ശ്രമിക്കാമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്, എന്നാൽ എൻെറ ഉപായം പരാജയത്തിൽ കലാശിക്കയും—"

"ലോകമെങ്ങും പ്രസിദ്ധമായ നിങ്ങളുടെ സാമർത്ഥ്യവും ബുദ്ധിയും പ്രയോഗിച്ച് ഇനിയും നിങ്ങൾ ഒരുപായം കണ്ടുപിടിക്കുമെന്ന് അവൾ ഇപ്പോഴും വിശ്വസിക്കുന്നുമുണ്ട്."

റസ്തം ഒന്നു ഞെട്ടി "പ്രസിദ്ധമായതോ? നിങ്ങളുടെ സ്പടികഗോളമോ എൻെറ കണ്ണോ കാണിച്ചുതന്നതിൽ കൂടുതലായി നിങ്ങൾക്ക ആ സംഗതി അറിയാമെന്ന തോന്നുന്നു.

അയാൾ അവളുടെ നേരെ വളരെ സൂക്ഷിച്ചുനോക്കി; എന്നാൽ വേഷപ്പകർച്ചയെ കണ്ടുപിടിക്കാൻ സാധിച്ചില്ല. "ഈ സന്ദേശവുംകൊണ്ട് എന്നെ അന്വേഷിക്കാൻ ആരെങ്കിലും നിങ്ങളോട്ട കല്പിച്ചയച്ചോ?" സുലൈഖ തലകുലുക്കി. "എങ്ങനെയായാലും നിങ്ങൾക്ക തെററിപ്പോയി ഉജ്ജയിനിയിലെ റസ്തമിനെപ്പററി അറിയാവുന്ന ഒരാളും അയാളുടെ വാക്കിൽ ഒരു മണൽത്തരിയോളമെങ്കിലും ഘനമുള്ളതായി വിചാരിക്കുമെന്ന എനിക്ക വിശ്വാസമില്ല."

സുലൈഖാ (തൻെറ മൂടുപടത്തെ മാററി സ്വാഭാവികമായ സ്വരത്തിൽ) "അല്ല റസ്തം അവിടെ നിങ്ങൾക്ക് ഒരു വലിയ അബദ്ധം പിണഞ്ഞു. ധാരയിലെ സുലൈഖാ ഇപ്പോഴും നിങ്ങളെ വിശ്വസിക്കുന്നു,—ആ വിവരം നിങ്ങളോട്ട പറയാൻ അവൾ തന്നെ വന്നിരിക്കയും ചെയ്യുന്നു."

ഒരു നിശ്ചിതമായ ആശ്ചര്യസ്വരത്തോടുകൂടി റസ്തം പിന്നോട്ടുമറിഞ്ഞു. "അള്ളാവിൻെറ കാരുണ്യമേ! ഇതു ദേവിയോ? ഇങ്ങനെ പറഞ്ഞുകൊണ്ടു അയാൾ അവളുടെ വസ്ത്രാഞ്ചലത്തെ തൊട്ടു വിനീതനായി നമസ്കരിച്ചു. തൻെറ പരാജയം ഇത്ര[illegible]കുമാരകളേബരമായ കലിനയെ മഹ്ഗൂളിൻെറ അരമനയിലേയ്ക്കുള്ള യാത്ര[illegible] സാഹസത്തിന പ്രേരിപ്പിച്ചതോർത്തപ്പോൾ വിനയത്തിൻെറ ഒരു തരംഗം അയാളുടെ മേൽ പ്രവഹിച്ചു. അതിനെ തുടർന്നു

മറെറാന്നും കൂടി പാഞ്ഞു കയറി—അതായതു വിശ്വാസം കൊണ്ടു തന്നെ ബഹുമാനിക്കുന്ന ഒരാളെങ്കിലും ഉണ്ടല്ലോ എന്നുള്ള ആഹ്ളാദം. അയാൾ വളരെ വണക്കത്തോടുകൂടി പറഞ്ഞു, ദേവി അവിടുന്നു് എനിക്കു് അർഹതയില്ലാത്ത വിധത്തിൽ എന്നെ ബഹുമാനിക്കുന്നു. ആദ്യത്തെ യത്നത്തിൽ പരാജിതനാവുക നിമിത്തം എൻെറ ചുമതലയെപ്പററിയുള്ള ചിന്ത ഞാൻ അതിവേഗത്തിൽ വിസ്മരിച്ചു എന്നു് സലജ്ജം സമ്മതിക്കുന്നു. ഇവിടെ ആനന്ദനൈരാശ്യങ്ങൾ കൊണ്ടു മതിമറന്ന ഞാൻ ദേവിയുടെ ബഹുമാനത്തെയും ആനുകൂല്യത്തെയും അർഹിക്കണമെന്നുള്ള ആഗ്രഹത്തെ തന്നെ ഉപേക്ഷിച്ചു. എന്നാൽ ഇനിയും അവിടത്തെ അചഞ്ചലമായ വിശ്വാസം എന്നിൽതന്നെ ബലമായിരിക്കുന്ന പക്ഷം അതിനെ ഞാൻ അസ്ഥാനത്തിലാക്കുകയില്ല. എനിക്കു അനങ്ങുവാൻ കയ്യും കാലും ഉള്ള കാലത്തു് എൻെറ ഉദ്ദേശത്തിൽ നിന്നും ഞാൻ പിന്മാറുകയും ഇല്ല."

സുലൈഖ മന്ദസ്മിതമാർഗ്ഗമായി തൻെറ കൃതജ്ഞതയെ കാട്ടി. വാസ്തവത്തിൽ അവളുടെ നേത്രങ്ങൾ അശ്രുസ്പർശത്തിൽനിന്നും വിമുക്തമായതുമില്ല. അവൾ പറഞ്ഞു "അള്ളാവു് നിങ്ങൾ വിജയത്തെ പ്രദാനം ചെയ്യട്ടെ. എന്നാൽ റസ്റ്റം' കാസിം രാജകുമാരനെപ്പററി നിങ്ങൾക്കു വല്ലതും അറിയാമോ അദ്ദേഹം വളരെ ദിവസങ്ങൾക്കു മുമ്പു മാഹൂദിനെ അന്വേഷിച്ചു പുറപ്പെട്ടു, പിന്നെ ധാരയിലെ അങ്ങാടിയിൽ കാണപ്പെടുകയും ഉണ്ടായി. അദ്ദേഹത്തിൻെറ സാന്നിദ്ധ്യത്തിനു് അനേകം പേർ സാക്ഷ്യം വഹിക്കുന്നു. പിന്നെ എനിക്കു് അദ്ദേഹത്തിൻെറ പക്കൽ നിന്നു ഒരു സമ്മാനം കിട്ടി. എന്നാൽ രാജകുമാരൻെറ അന്തർദ്ധാനം വലിയ സംഭ്രമത്തിനു കാരണമായി തീർന്നിട്ടുണ്ടു്. വിശേഷിച്ചും അദ്ദേഹത്തിൻെറ കുതിര തനിയെ ലായത്തിൽ വന്നു ചേർന്നതു നിമിത്തം ഈ സംഭ്രമം ഒന്നുകൂടി വർദ്ധിക്കയും ചെയ്തു."

"ദേവി, ബഹുമാനപ്പെട്ട രാജകുമാരൻ ബന്ധനത്തിലാണു് സുൽത്താൻെറ രത്നമോതിരം മാഹൂദു് തന്നെയാണു് മോഷ്ടിച്ചതെന്നു് അദ്ദേഹത്തിൻെറ മുഖത്തു നോക്കി കാസിം രാജകുമാരൻ പറകയും മോതിരം ഉടൻതന്നെ തിരിച്ചു വാങ്ങാമെന്നുള്ള ആശയോടുകൂടി അദ്ദേഹം തൻെറ വാൾമുന മാഹൂദിൻെറ കഴുത്തിനു നേരെ ചൂണ്ടുകയും ചെയ്തു; എന്നാൽ സ്വരക്ഷയ്ക്കായി നാലുപുറത്തും പല സൂത്രപ്പണികളും ചെയ്തിട്ടുള്ള മാഹൂദ് കാസിം രാജകുമാരനെ കുടുക്കിലാക്കി."

"എന്നാൽ അടുത്ത ദിവസം ധാരയിലെ അങ്ങാടിയിൽ വെച്ചു് ആളുകൾ അദ്ദേഹത്തെ കണ്ടതെങ്ങനെ?" എന്നു സുലൈഖ ചോദിച്ചു.

"അതു് ഒരു വേഷം മാത്രം, ദേവി. അരമനയിലെ വിദൂഷകന്മാരിൽ ഒരുവൻ രാജകുമാരൻെറ വസ്ത്രാലംകാരങ്ങൾ അണിഞ്ഞു, അദ്ദേഹത്തിൻെറ കുതിരപ്പുറത്തു കയറി ഇവിടെ നിന്നു പുറപ്പെട്ടു. കാസിം തിരുമേനി യാതൊരപകടവും കൂടാതെ ഇവിടെ നിന്നും പോയി എന്നു പരസ്യമാക്കാൻ വേണ്ടി മാത്രം ചെയ്ത ഒരു കൌശലമായിരുന്നു അതു്."

സ്വശ്രുവിന്റെ കുടിലതന്ത്രം ഒന്നുകൂടി ശക്തിമത്തായി പ്രത്യക്ഷപ്പെട്ടപ്പോൾ സുലൈഖ ഒന്നു ഞെട്ടി.

“കാസിംരാജകുമാരൻ മുറിപ്പെട്ട് അവശതയിൽ കിടക്കയെല്ലല്ലോ?” എന്നവൾ ചോദിച്ചു.

ആപത്തൊന്നുംകൂടാതെ അദ്ദേഹം സുഖമായിരിക്കുന്നു. ചില ചില്ലറ പരുക്കുകൾ പററിയിട്ടുണ്ടെന്നേയുള്ളൂ.”

“എന്നാൽ, ഇനി എന്താ റസ്റ്റം?”

അവളുടെ നടുക്കം അയാളുടെ ത്രാണതല്പരതയെ പ്രത്യക്ഷമാക്കി. ദേവീ ഒട്ടും ഭയപ്പെടരുതു്. മാർഗ്ഗം ആപല്ക്കരമായിരിക്കാം എന്നാൽ എന്റെ ജീവിതം ആപത്തിനോടാണധികം പരിചയിച്ചിട്ടുള്ളതു്.

പിന്നെ മാഹ്മൂദ്‌രാജകുമാരനെപ്പോലുള്ള ഒരാളെ തോല്പിക്കുക എന്നുള്ളതു് എന്റെ ചോരജീവിതത്തിലെ ഏററവും പ്രശസ്തമായ വിജയവുമായിരിക്കും” എന്നു് റസ്റ്റം പറഞ്ഞു.

നിങ്ങളുടെ ജീവിതത്തിൽ ഒരു പുതിയ മാറ്റം എന്നു പറയൂ! എന്നാൽ സമയം വിലയേറിയതാണു്. ഞാൻ ഒന്നു ചോദിക്കട്ടെ. നിങ്ങൾക്കു കാസിംരാജകുമാരന്റെ മോചനം സാധിക്കുമോ?”

“ദേവീ, അതിലേക്കു ഞാൻ ഇപ്പോൾ ഒരു വഴിയും കാണുന്നില്ല. മാഹ്മൂദിന്റെ കിങ്കരസംഘം കയ്ക്കാണത്തിനു വഴിപ്പെടുന്നവരല്ല. പോരെങ്കിൽ അദ്ദേഹത്തിന്റെ പ്രധാന കാര്യസ്ഥൻ അബ്ദുള്ളയാണു കുമാരനെ സൂക്ഷിക്കുന്നതിൽ ചുമതല വഹിക്കുന്നതു്. എനിക്കു സ്നേഹഭാവത്തിൽ സംഭാഷണം ചെയ്യാവുന്ന ഒരു മനുഷ്യനല്ല അയാൾ; എന്തെന്നാൽ അയാളുടെ കണ്ണു എപ്പോഴും എന്റെ നേരെയാണു്. പിന്നെ ഈ അരമനയിൽ എന്റെയും എന്റെ ചങ്ങാതിമാരുടെയും സാന്നിദ്ധ്യം അയാൾ ഇഷ്ടപ്പെടുന്നില്ല.”

“നിങ്ങളുടെ ചങ്ങാതിമാരോ? ആരെല്ലാമാണവർ?”

ഹസ്സനുമായുള്ള തന്റെ സന്ദർശനകഥയെ റസ്റ്റം വിവരിച്ചു കേൾപ്പിച്ചു.

“റസ്റ്റം എന്നാൽ ഇനി പോവുക, എന്തെന്നാൽ നാം വളരെ നേരം ഇങ്ങനെ ഒരുമിച്ചിരുന്നു സംഭാഷണം ചെയ്യുന്നതു് ദുശ്ശങ്കയ്ക്കു കാരണമായിത്തീരും. ഹസ്സന്റെയും അയാളുടെ കൂട്ടുകാരുടെയും സഹായത്തെ അപേക്ഷിക്കുക. അവരുമായി ആലോചിച്ചു രത്നമോതിരത്തെയും കാസിംരാജകുമാരന്റെ സ്വാതന്ത്ര്യത്തെയും വീണ്ടെടുക്കുന്നതിനുള്ള എളുപ്പവഴി കണ്ടുപിടിക്കുക. എന്തെന്നാൽ നാം അല്പകാലത്തിനുള്ളിൽ മാഹ്മൂദിന്റെ കൊട്ടാരത്തിൽവെച്ചു നിർബന്ധപൂർവ്വം ചെയ്യപ്പെട്ട ആ പ്രതിജ്ഞ മണലാരണ്യത്തിൽ വച്ചുള്ള പൂർവ്വകമൈത്രിയേക്കാൾ ശക്തിയേറിയതല്ലെന്നു് എനിക്കു നിശ്ചയമുണ്ടു്.”

## അദ്ധ്യായം ൧൮

# ഗൂഢാലോചന

ചന്ദ്രശാലയുടെയും അജ്ഞനഭ്രമങ്ങൾ നിറഞ്ഞ ഔസൗധാങ്കണത്തിന്റെയും മുകളിലായി അമൃതകിരണൻ രജതപ്രഭയെ ചൊരിഞ്ഞുകൊണ്ടു ഉദിച്ചുയൎന്നു. നിശാവാതം പ്രത്യഗ്രമായി വീശി. പ്രധാനമന്ത്രിയുടെ പുത്രിമാരുടെ ആകാശത്തിലേയ്ക്കുയൎന്നുനിന്ന ഒരു പൊട്ടിയ സ്തംഭത്തിന്റെ ചുവട്ടിൽ ഇരുന്നു മൂടുപടത്തെ ഒന്നുകൂടി അടുപ്പിച്ചു വലിച്ചു പുതച്ചു. നിബിഡമായി നിന്നിരുന്ന തരുക്കളുടെ സാന്ദ്രച്ഛായനിമിത്തം പ്രേക്ഷകന്മാരുടെ ദൃഷ്ടിപഥത്തിൽനിന്നും മറഞ്ഞുകൊണ്ടു അവൾ ക്ഷമയോടും ആശയോടുംകൂടി കാത്തിരുന്നു.

ഒടുവിൽ അവർ വന്നുചേൎന്നു—നിശ്ശബ്ദമായ രണ്ടു രൂപങ്ങൾ ഗൂഢമായി മന്ദഗതിയിൽ അവളെ സമീപിച്ചു. വളരെ ജാഗ്രതയോടുകൂടി സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നിട്ടും അവർ വളരെ അടുത്തു വന്നതിൽ പിന്നീട് മാത്രമേ സുലൈഖയ്ക്കു അവരെ കാണ്മാൻ കഴിഞ്ഞുള്ളു. അരമനയുടെ മതിൽക്കെട്ടിൽനിന്നും ഒരു കല്ലെറിഞ്ഞാൽ വീഴുന്ന ദൂരത്തു സ്ഥിതിചെയ്യു വിസ്തൃതമായ ഒരുദ്യാനമായിരുന്നു അവരുടെ സങ്കേതം. അവിടെ യാതൊരു പ്രതിബന്ധത്തിനും വകയില്ലായിരുന്നു, എന്നു മാത്രമല്ല അവർ ഇരുന്ന സ്ഥലം അരമനയിലേക്കുള്ള മാൎഗ്ഗങ്ങളെ കാത്തുനിന്ന രക്ഷിഭടന്മാരിൽനിന്നും മറഞ്ഞതായിരുന്നുതാനും.

“ദേവി ഇതാണു ഹസ്സൻ.”

ഇപ്പോഴും കൈനോട്ടക്കാരിയുടെ വേഷത്തിൽതന്നെ സുലൈഖ, എഴുന്നേറ്റുനിന്നു.

“വസ്സം അയാളെ നിങ്ങൾ എന്റെ സമീപത്തേയ്ക്കു കൊണ്ടുവന്നതു നന്നായി.” വ്യസനക്ലേശായാസസമ്മിശ്രമെങ്കിലും ഗാനമധുരമായ സ്വരത്തിൽ അവൾ പറഞ്ഞു.

“ഹസ്സൻ, എന്റെ പിതാവു സ്വജീവിതത്തെക്കാൾ വിലയേറിയതായിക്കരുതുന്ന ആ വസ്തുവെ നിങ്ങൾ അപഹരിച്ചതിൽ അദ്ദേഹത്തിനു ദുരന്തമായ ദുഃഖത്തെയാണു നിങ്ങൾ വരുത്തിവച്ചതു്. എന്തെന്നാൽ അദ്ദേഹത്തിന്റെ മാനം അതിന്റെ അഭംഗുരമായ രക്ഷയെ അവലംബിച്ചിരിക്കുന്നു. അതിന്റെ നഷ്ടമോ അച്ഛന്റെയും എന്റെയും അത്യാഹിതത്തിനു ഹേതുവാണുതാനും. ഈരാത്രിയിലെ നിങ്ങളുടെ സന്ദൎശനത്താൽ പൂൎവാപരാധത്തിനു പ്രതിശാന്തിയായി സുൽത്താന്റെ രത്നാംഗുലീയത്തെ വീണ്ടെടുത്തുതരുന്നതിനുള്ള സന്നദ്ധതയെ ആണോ ഞാൻ നിങ്ങളിൽ കാ[illegible]ന്നതു്.”

“ദേവീ, ധീരകൎമ്മത്തേക്കാൾ അധികമായ[illegible]മനോധൈര്യത്തിലെ

ഹസ്സൻ ഇഷ്ടപ്പെടുന്നതു യാതൊന്നും ലോകത്തിൽ ഇല്ല. മനുഷ്യൻ മുമ്പൊരിക്കലും രൂപീകരിച്ചിട്ടില്ലാത്ത ആ ധീരമായ ഉപായം നിമിത്തമാണു് ഞാൻ സന്നദ്ധതയോടുകൂടി മാഹ്മൂദിനെ അനുസരിച്ചതു്. എന്നാൽ യാതൊരു തുണയുംകൂടാതെ ഏകാകിനിയായി ഇവിടെ പ്രവേശിക്കാൻ തുനിഞ്ഞ ദേവിയിൽ മാഹ്മൂദ് പ്രദർശിപ്പിച്ചതിലും വലുതായ ധീരതയെ ഞാൻ കാണുന്നു. അതുകൊണ്ടു ഞാൻ അവിടത്തെ സഹായിക്കാം."

"നിങ്ങൾക്കു രത്നാംഗുലീയം വീണ്ടെടുക്കാൻ കഴിയുമോ?" അതിനെ ഒളിച്ചുവച്ചിരിക്കുന്ന സ്ഥലം നിങ്ങൾക്കറിയാമോ?

"അതു് ഞാൻ അറിഞ്ഞിരുന്നു എന്നാൽ ഇങ്ങനെ എനിക്കറിവുണ്ടെന്നു മനസ്സിലാക്കിയ മാഹ്മൂദ് സംശയംകൂടാതെ അതിനെ മറെറാരു ഗുപ്തസ്ഥലത്തേയ്ക്കു മാററിയിരിക്കും. എന്നാൽ നാളെ രാത്രിയിൽ മററു വേലക്കാരെല്ലാം ഉറക്കമാകുമ്പോൾ ഞാൻ അദ്ദേഹത്തിൻെറ ഉറക്കറയിൽ കടന്നു മറഞ്ഞിരിക്കാം. മോതിരത്തിൻെറ രക്ഷയെപ്പററി നിശ്ചയം വരുത്തുവാനായി മാഹ്മൂദ് അതിനെ വെളിക്കെടുക്കുമ്പോൾ അതിനെ ഗോപനംചെയ്തിരിക്കുന്ന സ്ഥലം മനസ്സിലാക്കാമെന്നുള്ളതിനു യാതൊരു സംശയവും ഇല്ല."

"പിന്നെ അയാൾ ഉറങ്ങിയശേഷം അതു കയ്ക്കലാക്കി ഇവിടെ കൊണ്ടുവന്നു എന്നെ ഏല്പിക്കാൻ നിങ്ങൾക്കു സാധിക്കുമെന്നോ?"

"ദേവീ, അവിടുന്നു പറയുംപോലെതന്നെ ഞാൻ അതു കയ്ക്കലാക്കാൻ യത്നിക്കാം. എന്നാൽ വിഷമംതീരുന്നില്ല. ധാരയിലേയ്ക്കുപോകുന്ന രാജപാതയിൽവച്ചും നമുക്കു വിപത്തുണ്ടാകാം; എന്തെന്നാൽ മാഹ്മൂദ് അത്ഭുതകരവും അസ്ഥിരവും ആയ പ്രകൃതിക്കാരനാകയാൽ തൻെറ നഷ്ടത്തെ ഉടനെ കണ്ടുപിടിച്ചു നമ്മെ പിൻതുടർന്നു എന്നുവരാം അഥവാ പുലർച്ചയ്ക്കുമാത്രമേ അയാൾ അതു കണ്ടുപിടിച്ചുള്ളു എന്നിരിക്കട്ടെ, എന്നാലും റസ്റ്റമിൻെറ തുണയോടുകൂടി ഞാൻതന്നെയാണതു ചെയ്തതെന്നുള്ളതിനു അയാൾക്കു സംശയമേ ഉണ്ടാകയില്ല. അരമനയിൽനിന്നുള്ള ഞങ്ങളുടെ അഭാവം അതിനുമതിയായ തെളിവായിത്തീരുകയുംചെയ്യും. പ്രതിക്രിയാബുദ്ധിയോടുകൂടി അയാൾ ഞങ്ങളെ നാടെങ്ങും തിരക്കും, എന്നാൽ എനിക്കയാളെ ഭയമില്ലെങ്കിലും ധാരാനഗരത്തിൽനിന്നു് കടക്കാൻ ധാരാളം സമയമുണ്ടല്ലോ എന്നാണു ഞാൻ വിചാരിക്കുന്നതു്."

സുലൈഖ സമ്മതമഭിനയിച്ചു. "ശരിയാണു ഹസ്സൻ, നിങ്ങൾക്കു രണ്ടുപേർക്കും വിഷമം നേരിട്ടാൽ ഞാൻ വളരെ വ്യസനിക്കും."

ഹസ്സൻ തുടർന്നുപറഞ്ഞു "ദേവീ കള്ളനാഭരണങ്ങൾ ഉണ്ടാക്കാൻ സാമർത്ഥ്യമുള്ള ഞങ്ങളുടെ ഒരു കൂട്ടുകാരനെ കണ്ടുപിടിച്ചു് മാഹ്മൂദിനെ തല്ക്കാലത്തേക്കു വഞ്ചിക്കാൻ മതിയാകുന്ന ഒരു വ്യാജാംഗുലീയം ഉണ്ടാക്കിച്ചു അതിനെ സുൽത്താൻെറ തിരുവാഴിക്കു പകരം വച്ചു മാററി അനുധാവനത്തെ വിളംബപ്പെടുത്താ[illegible]ണു് എൻെറ അഭിപ്രായം."

"ഒരു വ്യാജാംഗുലീയമോ? സുൽത്താന്റെ രത്നാംഗുലീയത്തെപ്പോലെ ഒന്നു നിർമ്മിക്ക എന്നുള്ളതു സാദ്ധ്യമാണോ?"

"അക്‌മദ്‌ബാബയ്ക്കു അയാളുടെ തൊഴിൽ നല്ല പരിചയമുണ്ടു്. ഞാൻ അയാളോടു പറയാം.

"ഈ ഉപായം നല്ലതു തന്നെ. അവിടത്തെ അനുവാദത്തോടുകൂടി ഇപ്പോൾ തന്നെ. ഞങ്ങൾ അക്‌മദിനെ അന്വേഷിച്ചു പുറപ്പെടാം," എന്നു റസ്റ്റം പറഞ്ഞു.

"അയാളെ എവിടെ കാണും? ധാരയിലോ?"

"ഇല്ല, ദേവീ, ഇവിടെ നിന്നും നാലുനാഴിക അകലത്തുള്ള കുന്നുകളുടെ ഇടയിൽ അയാൾ ഗൂഢമായി പാർക്കുകയാണു്. എത്രയും വേഗത്തിൽ ഞങ്ങൾ അയാളുടെ അടുത്തുചെന്നു ചേരാം."

"എന്നാൽ അങ്ങനെ ചെയ്‌വിൻ. നിങ്ങൾക്കു തോന്നിയതുപോലെല്ലാം അയാളോടു പറയാം. വിശേഷിച്ചും സുൽത്താൻ തിരുമേനിയുടെ മുദ്രാംഗുലീയത്തിന്റെ പകർപ്പുണ്ടാക്കിയതിനു് അയാളെ ശിക്ഷിക്കാതിരിക്കാൻ വേണ്ട ഏർപ്പാടു ഞാൻ ചെയ്തുകൊള്ളുമെന്നും പറയണം. കൂടാതെ അയാൾ ചെയ്യുന്ന ഉപകാരത്തിനു് തക്കതായ പ്രതിഫലവും ലഭിക്കുമെന്നു് അയാളെ അറിയിക്കണം" എന്നു സുലേഖ പറഞ്ഞു.

യാതനാദേഹികളെ പോലെ അവർ വൃക്ഷങ്ങളുടെ ഇടയിൽ കൂടി അപ്രത്യക്ഷരായ. സുലേഖയാകട്ടെ പർണ്ണങ്ങൾ കൊണ്ടു നിർമ്മിച്ച ഒരു ശയ്യയെ അവലംബിച്ചു നിദ്രാശകലത്തെ പ്രാപിക്കാൻ പണിപ്പെട്ടു.

മാഹ്മൂദിന്റെ കൊട്ടാരം വിടുന്നതിനു മുമ്പായിത്തന്നെ അവർക്കു ഭക്ഷണസാധനങ്ങൾ ധാരാളം നൽകപ്പെട്ടിരുന്നു; പിന്നെ യാതൊരു ദുശ്ശങ്കയും ഇടകൊടുക്കാതെ മൂന്നു നാലു ദിവസം പ്രഭാതം മുതൽ സായാഹ്നംവരെ ആ അങ്കണത്തിൽ കഴിച്ചുകൂട്ടാമെന്നും അവർ മനസ്സിലാക്കി.

രാജമന്ദിരത്തിന്റെ സാമീപ്യത്തിൽ നിന്നും വിമുക്തരായ ക്ഷണത്തിൽത്തന്നെ തസ്കരഭയം അതിവേഗത്തിൽ നടന്നു് വളരെ ദൂരം പിന്നിട്ടു ഒടുവിൽ പാറകൾകൊണ്ടു പ്രകൃതി തീർത്ത ഒരു കോട്ടയെ പ്രാപിച്ചു് അതിന്റെ മുകളിലേക്കു പോകുന്നതും പർവതമേഷങ്ങൾ മാത്രം കാൽ വയ്ക്കാൻ ധൈര്യപ്പെടുന്നതുമായ ഒരു പാതയിൽ കൂടി നടന്നു. ഇങ്ങനെപോയി അവർ ഒടുവിൽ ആ പാത ചെന്നവസാനിക്കുന്ന അറുനൂറടി താഴ്ചയുള്ള ഒരു മലഞ്ചെരിവിന്റെ വക്കിൽ എത്തി. ആ കുഴിയുടെ വക്കിൽനിന്നും ഏകദേശം പതിനെട്ടടി അകലെയായി മറുഭാഗത്തു മറ്റൊരു പാറ പൊങ്ങിക്കാണപ്പെട്ടു.

ആദ്യം മൃദുവായും പിന്നീടു ക്രമേണ ഉച്ചത്തിലും ഹസ്സൻ ചെന്നായുടെ സ്വരത്തിൽ ശബ്ദിച്ചു. അല്പം കഴിഞ്ഞു റസ്റ്റം കൂടി ചങ്ങാതിയെ അനുകരിച്ചു. അപ്പോൾ യാതൊരു മുന്നറിവും കൊടുക്കാതെ തന്നെ മറുവശത്തെ പാറയിൽ പൊന്തി നിൽക്കുന്ന ഒരു കൽത്തിണ്ണമേൽനിന്നും ഒരു നിച്ചുച്ചുള്ള

നിശ്ശബ്ദമായി മുന്നോട്ട നീങ്ങിവന്ന ആ ചോരയുഗ്മം നിന്നിരുന്ന സ്ഥലത്തിന്ന രണ്ടു മൂന്നടി താഴത്തായി സ്ഥിതി ചെയ്ത മറെറാരു കൽത്തിണ്ണയിൽ അമർന്നു. പണ്ടു പല തവണയും അവിടെ വന്നു പരിചയിച്ചിട്ടുള്ളവരുടെ ഭാവത്തിൽ അവർ താഴോട്ടിറങ്ങി ആ ഗർത്തത്തെ കടന്നു് മറുവശത്തെ പാറയുടെ മുകളിലേക്ക വലിഞ്ഞുകയറി. ഉടൻ പലക അദൃശ്യമായ കരങ്ങളാൽ നിശ്ശബ്ദമായിത്തന്നെ പിൻവലിക്കപ്പെട്ടു.

വീണ്ടും പാറകളുടെ ഇടയിൽ മുങ്ങിയശേഷം അവർ പ്രകൃതിവിരചിതമായ ഒരു ഗുഹാ മാർഗ്ഗത്തിൽ കൂടി നടന്നു് കതകിൻെറ സ്ഥാനത്തിൽ ഒരു കറുത്ത യവനികയാൽ മറയ്ക്കപ്പെട്ട ഒരു സ്ഥലത്തു വന്നു ചേർന്നു. അതിനെ തള്ളിനീക്കിക്കൊണ്ടു് സാമാന്യം വലിപ്പമുള്ളതും ഒററ മെഴുകുതിരികൊണ്ടു പ്രകാശിപ്പിക്കപ്പെട്ടതുമായ ഒരു കല്ലറയ്ക്കുള്ളിൽ അവർ കടന്നു. നാലുപുറവും കാണപ്പെട്ട ചുമർമാടങ്ങൾ പീഠങ്ങളായി ഉപകരിച്ചു. മുറിയുടെ നടുവിൽ ഇട്ടിരുന്ന അപരിഷ്കൃതരീതിയിൽ പണിചെയ്യപ്പെട്ട ഒരു മേശപ്പുറത്തു വച്ചു് ചിത്രപ്പണി ചെയ്തുകൊണ്ടിരുന്ന ഒരു വസ്തുവിൽത്തന്നെ ദത്തദൃഷ്ടിയായി തടിക്കാരനായ ഒരു കുബ്ജവൃദ്ധൻ ഇരുന്നിരുന്നു. അവർ മുറിയ്ക്കുള്ളിൽ പ്രവേശിച്ചപ്പോൾ അയാൾ തലപൊക്കി നോക്കി

"കൊള്ളാം! കൊള്ളാം! എന്താ ഇതു്? നിങ്ങൾ മാഹ്മൂദിൻെറ കൊട്ടാരത്തിൽ ശമ്പളക്കാരായി എന്നു കേട്ടതുകൊണ്ടു് ഇവിടെ ഇപ്പോൾ നിങ്ങളെ കാണുമെന്നു ഞാൻ തീരെ പ്രതീക്ഷിച്ചില്ല."

"എൻെറ പിതാവു സത്യമായി ഞങ്ങൾ മാഹ്മൂദിൻെറ സേവനത്തിനു പോയതു ഞങ്ങളുടെ ആദായത്തെ ഉദ്ദേശിച്ചല്ലാതെ മറെറാരു കാര്യത്തിനാണെന്നു ധരിച്ചിട്ടുണ്ടെങ്കിൽ അക്മദ്, നിങ്ങളെപോലെ മണ്ടൻ ലോകത്താരുമില്ല," എന്നു ഹസ്സൻ വിനോദസ്വരത്തിൽ പറഞ്ഞു.

വൃദ്ധൻെറ കണ്ണുകൾ മിന്നങ്ങി. "അപ്പോൾ, ഇനി ജോലിയുണ്ടു് അല്ലേ?" ഈ വാക്കുകളോടുകൂടി അയാൾ ആയുധം താഴെ വച്ചു. ആഹ്ലാദസമേതമായ പ്രതീക്ഷയോടുകൂടി കൈ തിരുമ്മി.

"എന്നാൽ അക്മദ് ഇനി ചെവി തരൂ. ശരിയായ പ്രതിഫലം ലഭിക്കുന്ന പക്ഷം നിങ്ങൾക്കു് പകർപ്പെടുക്കാൻ പാടില്ലാത്ത രത്നാഭരണം ധാരാ നഗരത്തിൽ ഉണ്ടോ" എന്നു റസ്തം ചോദിച്ചു.

"അങ്ങനെ ഒന്നു ഞാൻ ഇതേവരെ കണ്ടിട്ടില്ല."

"മാമൂദ്ഖാൻെറ മോതിരം പോലും സുൽത്താൻെറ മരതകപ്പച്ച പതിച്ച ആ മുദ്രാംഗുലീയവും?

വൃദ്ധൻ തലകുലുക്കി മെല്ലെ മൂളമിട്ടു, അയാൾ പറഞ്ഞു "എൻെറ പുത്രന്മാരെ ഞാൻ കർ[illegible]ലോടുകൂടിയ ബുദ്ധിയുടെ ആജ്ഞയാൽ നിർദ്ദിഷ്ടമായ സ്ഥലം വരെയും [illegible]പ്പോൾ അതിൽ നിന്നും ഒരടി കൂടി മുന്നോട്ടും പോകുന്നു. എന്നാൽ അതി[illegible] രെതിരുണ്ടു. അതിൻ[illegible] വിത്തു്, വിശ്വാസികളുടെ നേതാവിനോ അദ്ദേഹം അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോമാത്രം

ധരിക്കാവുന്ന ആ വസ്തുവിൽ നിങ്ങൾ തൃഷ്ണയോടുകൂടി കണ്ണുവച്ചാൽ അതു് ചന്ദ്രനെ പിടിക്കാനായി അപ്പുറത്തുള്ള പാറമേൽ കയറിനിന്നു അതിന്റെ താഴെ കിടക്കുന്ന ഭയങ്കരമായ അഗാധ ഗർത്തത്തെയും മറന്നു മേലോട്ടു ചാടാൻ തുനിയുന്നതിനൊപ്പം മൌഢ്യമാകുന്നു്."

"അക്മദു്, കേൾക്കു — എന്നിട്ടു്, ഞങ്ങൾ നിങ്ങളുടെ അടുത്തു വരുന്നതു ഉചിതമായോ എന്നും ഇല്ലെങ്കിൽ സമർത്ഥനായ മറെറാരാളെ അന്വേഷിച്ചു ഞങ്ങൾ പോകേണ്ടയാവശ്യമുണ്ടോ എന്നും ആലോചിച്ചു പറയൂ.

ആദ്യം രത്നം മോഷ്ടിച്ചതു് ഹസ്സനാണെന്നുള്ള വിവരമൊഴിച്ചു മറെറല്ലാം ഹസ്സൻ ചുരുങ്ങിയ വാക്യത്തിൽ പറഞ്ഞു നിർത്തി.

അക്മദുബാബാ ആശ്ചര്യപൂർവമായ താല്പര്യത്തോടുകൂടി കേട്ടു എന്നാലും ഇളകിയില്ല

'നിങ്ങൾക്കു വേണമെങ്കിൽ കൊത്തുപണിയിൽ സമർത്ഥനായ മറെറാരാളെക്കൂടി അന്വേഷിച്ചുകൊള്ളൂ. എന്നാൽ വൃഥാ മിനക്കെട്ടു നടക്കുക മാത്രമേ മിച്ചമാവൂ.'

"അബൂദാദ ഉണ്ടല്ലോ; അയാൾ അസലിനോടു തുല്യമായ ഒരു പകർപ്പുണ്ടാക്കാൻ അതിസമർത്ഥനാണു്" എന്നു വൃദ്ധന്റെ അസൂയയെ ഉണർത്താനായി ഹസ്സൻ പറഞ്ഞു.

"അബൂദാദ! അയാളുടെ വേല എനിക്കു നല്ലപോലെ അറിയാം. സുൽത്താന്റെ രത്നാംഗുലീയത്തിന്റെ ഒരു ശരിപകർപ്പു തരാമെന്നു അയാൾ നിങ്ങളോടു വാഗ്ദാനം ചെയ്യും. എന്നാൽ അതു പണിതീർത്തുകഴിയുമ്പോൾ അസലിനും പകർപ്പിനും തമ്മിൽ ആനയും ആടുംപോലുള്ള വ്യത്യാസം കാണാം! അക്മദ്ബാബയായ ഞാൻ എനിക്കു നിറവേററാൻകഴിയാത്തതിനെ വാഗ്ദാനം ചെയ്കു പതിവില്ല' എന്നാൽ ചെയ്യാമെന്നു ഞാൻ ഏൾക്കുന്ന കാര്യം നിശ്ചയമായി എന്നെക്കൊണ്ടു ചെയ്യുതീർക്കാൻ കഴിയുന്നതാണു്."

"അക്മദ് നിങ്ങളെക്കൊണ്ടു ഒരു സഹായവും ഞങ്ങൾക്കു വേണ്ടി ചെയ്‌വാൻ സാധിക്കയില്ലേ?"

എനിക്കു രത്നമൊത്ത ഒഴിച്ചു മോതിരത്തിന്റെ പകർപ്പുണ്ടാക്കാം. രത്നത്തിനു പകരപ്പെടുക്കാൻ എന്നെക്കൊണ്ടു കഴികയില്ല. പ്രഭയിൽ അതിനു് തുല്യം മറെറാന്നില്ല. മദ്ധ്യാഹ്നസൂര്യൻ സമുദ്രത്തിന്റെ ഉപരിഭാഗത്തിൽ പ്രകാശിച്ചു അതിൽ നിന്നും പ്രതിഫലിച്ചു പൊങ്ങുന്ന അനവധി മരതകച്ചുവികലന്ന അഗ്നിശിഖകൾ പോലെയാണു്, ആ രത്നത്തിന്റെ കാന്തി. എന്റെ പുത്രന്മാരെ ഞാൻ എന്റെ തൊഴിലിൽ അദ്വിതീയനാണെങ്കിലും നിങ്ങൾ ആവശ്യപ്പെടുന്ന കാര്യം ചെയ്‌വാൻ എന്നാൽ പ്രയാസമാണു്."

ദീർഘമായ ഒരു നിശ്ശബ്ദത അവിടെ പ്ര[illegible]ിച്ചു. ഒടുവിൽ ഹസ്സൻ മുന്നോട്ടു ചാഞ്ഞു ഇങ്ങനെ പറഞ്ഞു

"ശേകൾക്കു അക്മദ്, എന്നിട്ടു എന്നോടു സത്യം പറയൂ. സുൽത്താൻെറ മോതിരമെന്നു തന്നെ നാമൊഴിച്ചു മററെല്ലാവരും പറയുന്ന ഒരെണ്ണം ഉണ്ടാക്കി മരതകപ്പച്ചയുടെ സ്ഥാനത്തു അതിൻെറ ആകൃതിയിൽ തന്നെ മുറിച്ചു പട്ടംതേച്ചു മങ്ങിയ ചുവപ്പോടുകൂടിയ ഒരു കല്ലു വയ്ക്കാൻ നിങ്ങൾക്കു കഴിയുമോ?"

"അതുകൊണ്ടെന്താ പ്രയോജനം?"

"എന്തു്! ആ മോതിരത്തെ സംബന്ധിച്ച ഐതിഹ്യം കേട്ടിട്ടില്ലേ? അതിനെ ധരിക്കുന്നയാൾ നീതിമാനാണെങ്കിൽ മാത്രമേ രത്നത്തിൻെറ പ്രഭ നിലനില്ക്കയുള്ളു എന്നും അല്ലാത്തപക്ഷം മരതകപ്രഭ നശിച്ചു വെറും ഒരു മങ്ങിയ ചുവപ്പായിത്തീരുമെന്നും."

റസ്റ്റം ആനന്ദതരംഗിതമായ നേത്രങ്ങളോടുകൂടി ചാടിയെഴുന്നേററു. "അള്ളാവു സത്യമായി ഹസ്സൻ ഓരോ തവണയും നിങ്ങൾ എന്നെ ജയിച്ചു തന്നെ നിൽക്കുന്നു! മാഹ്മൂദ് ആ മോതിരത്തെ കാണുമ്പോൾ തൻെറ വഞ്ചന മൂലം അതിലെ പ്രഭ മങ്ങിയതാണെന്നു വിശ്വസിച്ചുകൊള്ളും!

ആ ഗുഹ അട്ടഹാസത്താൽ മാറെറാലിക്കൊണ്ടു. അനന്തരം നാലു നയനങ്ങൾ ചോദ്യഭാവത്തിൽ അക്മദ് ബാബായുടെ നേരെ തിരിഞ്ഞു. "അക്മദ്, അല്പനേരത്തേക്കു മാഹ്മൂദിനെ വഞ്ചിക്കത്തക്കവിധത്തിൽ നിങ്ങൾ അതു ചെയ്യാമോ?"

വീണ്ടും ഒരു ദീർഘമായ നിശ്ശബ്ദത, പിന്നെ അക്മദ് ആലോചനയോടുകൂടി പറഞ്ഞു, "എൻെറ പുത്രന്മാരെ, നിങ്ങൾ സാദ്ധ്യമായ ഒരു കാര്യത്തെപ്പററിയാണു ഇപ്പോൾ ചോദ്യം ചെയ്തിരിക്കുന്നതു്; ഇനി അക്മദിൻെറ വേല കാണുമ്പോൾ കല്ലിനെ സംബന്ധിച്ചോ അതു പതിച്ചിട്ടുള്ള രീതിയെപ്പററിയോ നിങ്ങൾക്കു യാതൊരു കുററവും പറയാൻ ഉണ്ടായിരിക്കയില്ല."

സന്ദർശകന്മാരുടെ മുഖത്തു ഒരാശ്വാസം പ്രത്യക്ഷമായി. ഹസ്സൻ ഒന്നു ചിരിച്ചു. "തൻെറ ദുശ്ശീലത്തിൻെറ ഫലം കാണുമ്പോൾ മാഹ്മൂദിനുണ്ടാകുന്ന പ്രകമ്പനം മുമ്പൊരു ദിവസം സിംഹത്തിനെ കണ്ടപ്പോൾ എനിക്കുണ്ടായതിനോടു തുല്യമായിരിക്കുമെന്നുള്ളതിനു സംശയമില്ല. അപ്പോൾ നമുക്കു രണ്ടും ഒപ്പമായി എന്നാശ്വസിക്കാം."

റസ്റ്റം പുഞ്ചിരിച്ചു, എന്നാൽ അയാളുടെ ചിന്തകൾ സുലൈഖയുടെ നേരെ തിരിഞ്ഞു. അവളുടെ നേത്രങ്ങളിൽ ആനന്ദനൃത്തം ഉല്ലാദിപ്പിക്കുക എന്നുള്ളതും ഹൃദയത്തിനു് ആശ്വാസത്തെ പ്രദാനം ചെയ്ക എന്നുള്ളതും മാഹ്മൂദിനു് ഒരു പ്രകമ്പനം ഉണ്ടാക്കുക എന്നതിനെക്കാൾ അയാൾക്കു പ്രധാനമായിരുന്നു. "നിങ്ങൾക്കു മൂന്നു ദിവസത്തിനുള്ളിൽ ഇതു ശരിപ്പെടുത്താമോ?" എന്നു അയാൾ ഉൽക്കണ്ഠയോടുകൂടി ചോദിച്ചു.

വൃദ്ധൻ തൻെറ താടിതടവിക്കൊണ്ടു പറഞ്ഞു, "നിങ്ങൾ സദാ സാഹസശീലന്മാരായതുകൊണ്ടു് അതിനോടനുബന്ധിച്ച ബദ്ധപ്പാടു് നിങ്ങളുടെ

സ്വഭാവത്തിന്റെ ഒരംശമായി തീർന്നുപോയി. തന്നിമിത്തം നിങ്ങൾക്ക് വാർദ്ധക്യത്തോട് യാതൊരാദരവും ഇല്ല. കൊള്ളാം കൊള്ളാം ഭാഗ്യത്താൽ ഈ വേലയിൽ ഒരു ഭാഗം തീർന്നു എന്നു തന്നെ ഗണിക്കാം, എന്തെന്നാൽ എനിക്കാവശ്യമുള്ള സാധനങ്ങളെല്ലാം ഇപ്പോൾ കൈവശമുണ്ട്. എന്നാൽ മൂന്നു ദിവസത്തിനുള്ളിൽ ഇങ്ങോട്ടു പോരുവിൻ എല്ലാം തയ്യാറായിരിക്കും — പക്ഷെ വെറും കൈയ്യോടെ വരരുതു്," എന്നു് അക്‌മദ പറഞ്ഞു.

"നിങ്ങൾ ചെയ്യുന്ന വേലക്കു് ഞങ്ങൾ എന്നാണു കൂലിതരാതിരുന്നിട്ടുള്ളതു്?" ഞങ്ങളുടെ അഭിപ്രായമനുസരിച്ചു ഒരു മോതിരം തീർക്കുക, എന്നാൽ പ്രതിഫലത്തെ സംബന്ധിച്ചു നിങ്ങൾക്കു അസംതൃപ്തിയുണ്ടാകയില്ല. ഇനിയിപ്പോൾ ഞങ്ങൾക്കു പോകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ആ തടിച്ച കാള, അബ്ദുള്ളാ, ഞങ്ങളുടെ അഭാവത്തെ കണ്ടുപിടിക്കരുതു്, എന്തെന്നാൽ ഞങ്ങളുടെ അവസരോചിതമായ ഉത്തരം കാര്യബോധമുള്ള ഒരുവനെ തൃപ്തിപ്പെടുത്തുമെങ്കിലും അസ്സൂയുള്ള ചിലപ്പോൾ ശരിയായ കാരണങ്ങൾ കൊണ്ടും വഴിപ്പെടുന്നവനല്ല."

കഴിയുന്നതും വേഗത്തിൽ മടങ്ങിവന്നു് തങ്ങൾ ചുമതലപ്പെട്ട കാര്യത്തിന്റെ വിജയത്തെപ്പററി അവർ സുലൈഖയെ അറിയിച്ചു. ആ പെൺകിടാവാകട്ടെ അവരുടെ കൌശലത്തെ അഭിനന്ദിച്ചു; അനന്തരം പാറാവുകാരുടെ കണ്ണിൽ പെടാതിരിക്കാൻ അനേകം തന്ത്രങ്ങൾ പ്രയോഗിച്ചു് അങ്കണത്തിന്റെ മതിൽക്കെട്ടിൽ ആൾസഞ്ചാരമില്ലാത്ത ഒരു ഭാഗത്തു കൂടി ചാടി അകത്തു കടന്നു് അവർ തങ്ങളുടെ ഉറക്കറകൾ സ്ഥിതി ചെയ്ത സ്ഥാനത്തേക്കു പോയി.

തനിക്കു ലഭിച്ച സന്തോഷവാർത്തയാൽ ആശ്വസ്തഹൃദയയായി അതുവരെയുള്ള പ്രയത്നത്തിൽ തനിക്കു വിജയത്തെ പ്രദാനം ചെയ്ത അള്ളാവിനെ സ്തുതിച്ചുകൊണ്ടു് സുലൈഖയും നിദ്രയെ പ്രാപിച്ചു. എന്നാൽ പ്രധാനമന്ത്രിയുടെ കണ്ണുകളിൽ നിദ്ര സ്പർശിക്കപോലും ചെയ്തില്ല. മണിക്കൂറുകൾ ഓരോന്നു കഴിയുന്തോറും, സ്വപുത്രിയുടെ പ്രയത്നം വിഫലത്തിന്റെ പരമപദത്തിൽ കലാശിക്കുമോ എന്നുള്ള ഉൽക്കണ്ഠയോടും ഈ സാഹസത്തിനു് അവളെ താൻ അനുവദിക്കേണ്ടതല്ലായിരുന്നു എന്ന വിചാരത്തോടുകൂടി അദ്ദേഹം തന്റെ മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരുന്നു.

അടുത്ത പ്രഭാതത്തിൽ അദ്ദേഹം അസ്വസ്ഥനായി എഴുന്നേററു. എന്നാൽ പ്രാതഃകൃത്യങ്ങൾ കഴിഞ്ഞ ക്ഷണത്തിൽ അശ്വാഢനായ ഒരു ദൂതൻ കൊട്ടാരവാതലിൽകൂടി ദ്രുതഗതിയിൽ അകത്തു പ്രവേശിച്ചു് ഇങ്ങനെ വിളിച്ചുപറഞ്ഞു. 'പ്രഭോ! സുൽത്താൻതിരുമേനിയുടെ തിരുനാമത്തിൽ അവിടത്തെയ്ക്കു കുശലം! വിശ്വാസികളുടെ നായകൻ അദ്ദേഹത്തിന്റെ തിരുവുള്ളം മാററിയിരിക്കുന്നു. തിരുമനസ്സിലെ വാഹനമായ കരീന്ദ്രത്തിന്റെ മസ്തകം വീണ്ടും ധാരാനഗരത്തിനഭിമുഖമായി തിരിച്ചു കഴിഞ്ഞു. നാളെ ഇരുട്ടുന്നതിനുമുമ്പു് തമ്പുരാൻ നഗരത്തിൽ പ്രവേശിക്കും."

## അദ്ധ്യായം ൧൫

# മാമൂദ് ഖാൻെറ പ്രത്യാഗമനം

സുൽത്താൻെറ അരമനയിലെ ഏററവും പൊക്കം കൂടിയ ഗോപുരത്തിൽ നിന്ന്, പ്രധാന മന്ത്രി, സേനാപ്രസ്ഥാനം നിമിത്തം ഇറകി വിദൂരമായ അന്തരാളത്തിൽ നിറഞ്ഞ പൊടിപടലത്തെ സൂക്ഷിച്ചു നോക്കി. സുൽത്താൻെറ അപ്രതീക്ഷിതമായ പ്രത്യാഗമനത്തെ പററി കഴിഞ്ഞദിവസം പ്രഭാതത്തിൽ ദൂതൻ കൊണ്ടുവന്ന ദുർന്നിമിത്തസൂചകമായ വൃത്താന്തം കേട്ട നിമിഷം മുതൽ സുലൈമാൻ മണിക്കൂർതോറും ശുഭവാർത്തയെ ആശയിച്ചുകൊണ്ടിരുന്നു. ഓരോ മണിക്കൂർ നേരവും കഴിയുംതോറും അദ്ദേഹം സ്വപുത്രിയിൽ നിന്നോ കാസിം രാജകുമാരൻെറ പക്കൽനിന്നോ ഒരു സന്ദേശത്തെ പ്രതീക്ഷിച്ചുതന്നെയായിരുന്നു; എന്നാൽ ഈ പ്രതീക്ഷ നിരാശയിൽ അവസാനിച്ചതേയുള്ളു. ഇപ്പോഴാകട്ടെ അടുത്തടുത്തു വന്ന പൊടിപടലം അദ്ദേഹത്തിൻെറ ഭാവിയായ ദുർവ്വിധിയെ പ്രഖ്യാപനം ചെയ്യുന്നതുപോലെ തോന്നിച്ചു. സുൽത്താൻെറ രോഷം ജ്വലിപ്പിക്കപ്പെട്ടാൽ എത്രകണ്ടു ഭയങ്കരമായി പരിണമിക്കുമെന്നും അദ്ദേഹത്തിൻെറ നിരസത്തിനു പാത്രമായ ഒരാളുടെ മേൽ അതു എത്ര ഘനമാംവണ്ണം സംപതിക്കുമെന്നും അമാത്യപ്രധാനനു നല്ലവണ്ണം അറിയാമായിരുന്നു.

ക്രമേണ രജതാദിലോഹങ്ങളുടെ പ്രഭ പ്രത്യക്ഷമായി സായാഹ്നരവിയുടെ ഇളം കതിരുകൾ പ്രാസങ്ങളിലും ശിരസ്ത്രങ്ങളിലും തട്ടിത്തിളങ്ങി. ഭംഗിയേറിയ പട്ടുമറകളാലും വിശേഷപ്പെട്ട ചിത്രവേലകളാലും അലംകൃതമായ അമ്പാരികളെ മന്ദം മന്ദം ചലിപ്പിച്ചുകൊണ്ട് ഭീമാകൃതികളായ ഗജവീരന്മാർ പിന്നാലെ കാണപ്പെട്ടു. അതിനു പിന്നാലായി കുഴൽനാദവും താളധ്വനിയും അശ്വങ്ങളുടെ ധാവനനിർഘോഷവും പദാതിയുടെ പ്രയാണധ്വാനവും കേൾക്കപ്പെട്ടു. ആ വിസ്തൃതമായ ഘോഷയാത്ര അടുത്തടുത്തു വന്നു. ഒടുവിൽ തലക്കെട്ടിനു പതിച്ചിട്ടുള്ള രത്നങ്ങളാൽ കാന്തി സമൂഹത്തെ വഹിക്കുന്ന രാജകീയ ഗജവീരൻ ദൃഷ്ടിഗോചരനായി! സ്വർണ്ണവസ്ത്രംകൊണ്ടുള്ള വിതാനത്തിൻ കീഴിൽ പിന്നിലേക്കു ചാരിയിരിക്കുന്ന സുൽത്താനെ സുലൈമാൻ കണ്ടു. ഉടൻതന്നെ അദ്ദേഹം ഗോപുരത്തിൽനിന്നു ബദ്ധപ്പെട്ടു താഴെയിറങ്ങി ഉത്തരക്ഷണത്തിൽ നഗരദ്വാരത്തിൻെറ കവാടങ്ങൾ തുറക്കപ്പെടുകയും രാജാക്കന്മാർ പ്രഭുക്കൾ എന്നിവരുടെ പുത്രിമാരായ അനേകം യുവസുന്ദരിമാർ ബഹിർഭാഗത്തേക്കു നിർഗ്ഗമിച്ച് രാജപാതയിൽ പുഷ്പങ്ങൾ വിതറി സമാഗതമായ സംഘത്തെ മംഗളഗാനംകൊണ്ടു സ്വാഗതം ചെയ്കയും ചെയ്തു.

ഗംഭീരമായ ഗ[illegible]യോടുകൂടി സുൽത്താൻ തിരുമേനിയുടെ കരീന്ദ്രൻ നഗരത്തിനുള്ളിൽ പ്ര[illegible]ശിച്ചപ്പോൾ വിശ്വാസികളുടെ നേതാവിൻെറ

തിരിച്ചെഴുന്നള്ളത്തു കാണ്മാൻ കൂടിയിരുന്ന ജനസഞ്ചയം ഭൂമിയിൽ വീണു ദണ്ഡനമസ്കാരം ചെയ്തു തങ്ങളുടെ സ്വാമി കടന്നുപോയശേഷം അവർ വീണ്ടും എഴുന്നേററു ഘോഷയാത്രയുടെ ശേഷം കാണ്മാനായി നിന്നു.

സുലൈമാൻ താഴെയുള്ള ചന്ദ്രശാലയിൽ നിന്നു. തന്റെ വികാരത്തെ അടക്കാൻ അദ്ദേഹം വളരെ പണിപ്പെട്ടുകയും അതിൽ മിക്കവാറും വിജയം പ്രാപിക്കയും ചെയ്തു. ഒരു കപ്പൽ തുറമുഖത്തേക്കു് അടുക്കും പോലെ രാജകീയ ഗജേന്ദ്രൻ ചന്ദ്രശാലയോടു ചേർന്നു നിന്നപ്പോൾ സുലൈമാന്റെ സ്വരത്തിൽ വിറയലിന്റെ ഒരു ചെറിയ ഛായ ഉണ്ടായിരുന്നെങ്കിലും അദ്ദേഹത്തിന്റെ ആകൃതി ഋജുവും പാദവിന്യാസം സ്ഥിരവും ആയിരുന്നു.

ഗർവസമേതമായ ഭാവത്തിൽ മാമൂദ്ഖാൻ അമ്പാരിയിൽ നിന്നും താഴത്തിറങ്ങി. അദ്ദേഹത്തിന്റെ അപ്പോഴത്തെ ശീലം അത്ര നല്ലതായിരുന്നില്ല. എന്തെന്നാൽ ഇപ്രകാരം ആഡംബരപൂർവമായ സേനാപ്രദർശനത്തോടു കൂടി ചെല്ലുന്ന പക്ഷം അദ്ദേഹത്തിന്റെ സാന്നിദ്ധ്യം അനുഭവായുക്തമായി സ്വീകരിക്കപ്പെടുകയില്ലെന്നുള്ള വിശദമായ ഒരു സൂചനമായിരുന്നു സുൽത്താന്റെ ഉദ്ദിഷ്ടമായ സന്ദർശനത്തെ പെട്ടെന്നു വേണ്ടെന്നു വയ്ക്കാൻ കാരണമായിത്തീർന്നതു്. ചുരുക്കത്തിൽ സൈന്യങ്ങളെ രാജധാനിയിൽ പാർപ്പിച്ചിട്ടു ചെല്ലുന്നുവെങ്കിൽ മാത്രമേ മാമൂദ്ഖാനു് സ്വാഗതം അരുളപ്പെടുകയുള്ളൂ എന്ന വസ്തുത വെളിപ്പെട്ടു. ഈ സംഗതിയിൽ നാലാമത്തെ ഉപായം പ്രയോഗിക്കുന്നതിനു താൻ അപ്പോൾ സന്നദ്ധനല്ലാത്തതുകൊണ്ടും മുഴുവൻ പരിവാരത്തോടുകൂടിയല്ലാതെ പ്രയാണം ചെയ്‌വാനുള്ള വൈമനസ്യത്താലും സുൽത്താനു് മാനമായി പിൻതിരിയുകയേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. അന്തരാ ക്രുദ്ധനായിത്തീർന്ന അദ്ദേഹം തിരിച്ചുള്ള യാത്രയിൽ മിക്കവാറും ചിന്താഭാരത്താനധീനനായിത്തന്നെ സമയം കഴിച്ചു. അതിനാൽ അരമനയിൽ എത്തിയപ്പോഴേയ്ക്കും അദ്ദേഹത്തിന്റെ കെട്ടിനിന്ന കോപത്തെ ഉജ്വലിപ്പിക്കാൻ ഒരു തീപ്പൊരിയുടെ ആവശ്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ.

സുലൈമാൻ തന്റെ സ്വാമിയുടെ പാദങ്ങളിൽ നമസ്കരിച്ചു. അതു കഴിഞ്ഞു അദ്ദേഹം എഴുന്നേററപ്പോൾ സുൽത്താന്റെ ദ്രുതതരമായ വീക്ഷണം മന്ത്രിയുടെ അംഗുലീയരഹിതമായ ഹസ്തത്തിൽ പതിച്ചു. അദ്ദേഹം ഇങ്ങനെ കല്പിച്ചു.

“എന്താ മന്ത്രി! അധികാരത്തിന്റെ അടയാളം കാണാത്തതെന്തുകൊണ്ടു്? രാജകീയമായ അംഗുലീയത്തോടുള്ള ബഹുമാനക്കുറവുകൊണ്ടാണോ നിങ്ങൾ അതിനെ ധരിക്കേണ്ടയാവശ്യമില്ലെന്നു വിചാരിക്കുന്നതു്— അതല്ല നമ്മുടെ പ്രത്യാഗമനം അത്ര നിസ്സാരമായതുകൊണ്ടു് നിങ്ങൾ യാതൊരു അലങ്കാരവും വേണ്ടെന്നു വച്ചതാണോ?”

“സുലൈമാൻ ബദ്ധാഞ്ജലിയായി വിന[illegible]തനായി അറിയിച്ചു, “പ്രഭോ അവിടുന്നു് അടിയനെ ശാസിക്കുന്നതു് ഉ[illegible]തം തന്നെ. കല്പിച്ചു

അടിയനെ ഏല്പിച്ചിട്ടുള്ള ആ തിരുവാഴി ഈ വിരലുകളിൽ ധരിച്ചാലല്ലാതെ അടിയന്റെ ജരാസങ്കലിതമായ കവിൾത്തടത്തിൽ പ്രസന്നതയുണ്ടാകുന്നതല്ല,”

“എന്താ ഇതു്?” സുൽത്താന്റെ വാക്കുകൾ ക്ഷണേനോൽഭൂതമായ ഒരു പ്രബലശങ്കയുടെ സ്ഫുരണത്താൽ കർക്കശമായി പുറപ്പെട്ടു. “മോതിരത്തെ ക്ഷണത്തിൽ കൊണ്ടുവരിക.”

“ഹാ! തമ്പുരാനെ! അടിയനെക്കൊണ്ടു സാധിക്കയില്ല”

“സാധിക്കയില്ലെന്നോ?”

“അതു പൊയ്പ്പോയി!” സുലൈമാന്റെ വാക്കുകൾ പരമമായ നിരാശയെ സൂചിപ്പിക്കത്തക്കവണ്ണം ഉച്ചത്തിൽ ഉയർന്നു

“പൊയ്പ്പോയി! ആരുതന്നെ അതിനെ ധരിക്കുന്നോ അവനു് നമ്മുടെ മഹനീയ നാമത്തിൽ ഒരു ചക്രവർത്തിയുടെ അധികാരത്തെ പ്രദാനം ചെയ്യുന്ന മുദ്രാംഗുലീയം പൊയ്പ്പോയി!? എന്തു ചതിയാണിതു്? ഹേ! രക്ഷിഭടന്മാരെ നമ്മുടെ സമീപത്തു വരുവിൻ!”

പെട്ടെന്നുണ്ടായ വിപത്തു് സുൽത്താന്റെ ജീവിതത്തെ ഭയപ്പെടുത്തിയതുകൊണ്ടെന്നപോലെ അദ്ദേഹം ഉടൻതന്നെ ശസ്ത്രങ്ങളാൽ സമാവൃതനായി. ആകൃതിക്കും ബലത്തിനും നൈപുണ്യത്തിനും കീർത്തിപെട്ട ഒരു നൂറു ഭടന്മാർ ഒരു പ്രബലനായ ശത്രുവോടു സമരത്തിനെന്നപോലെ ഭീഷണിവാക്കുകളോടുകൂടി അവരുടെ നാഥന്റെ ചുററിലും കൂടിയപ്പോൾ കൃപാണങ്ങളും മണ്ഡലാഗ്രങ്ങളും അങ്ങുമിങ്ങും മിന്നി. ഒരു നിമിഷനേരത്തേക്കു അവർ തങ്ങളുടെ വെല്ലുവിളിക്കു ശക്തികൂട്ടി. ഗജേന്ദ്രനാകട്ടെ അവന്റെ ദീർഘിച്ച ശുണ്ഡാദണ്ഡത്താൽ ഭൂപ്രദേശത്തെ പ്രഹരിച്ചുകൊണ്ടു് ഭടന്മാരുടെ നാദത്തോടു ലയിക്കുംവണ്ണം ശബ്ദിച്ചു. പിന്നെ ഒരേ ക്ഷണത്തിൽ തന്നെ ശബ്ദങ്ങളെല്ലാം നിലച്ചുപോകയും ഉടനെ സുൽത്താന്റെ നേരെ മുമ്പിൽ നിന്ന ഭടന്മാർ മുട്ടുകുത്തി അദ്ദേഹത്തിനു് തങ്ങളുടെ തലയ്ക്കുമീതെക്കൂടി സംഭാഷണം ചെയ്യത്തക്കവണ്ണം ഇരിക്കയും ചെയ്തു.

മഹത്തായ ആ പ്രദർശനം എഴുപതു വയസ്സു് പ്രായം ചെന്ന നിരായുധനായ ഒരാളുടെ നേരെ നിർദ്ദിഷ്ടമെങ്കിലും പ്രേക്ഷകന്മാരിൽ ആദരത്തെ ഉളവാക്കുന്നതിൽ ഒട്ടും പിന്നോക്കമായിരുന്നില്ല. സുൽത്താന്റെ നേത്രങ്ങൾ പ്രൗഢഭാവത്തിൽ അദ്ദേഹത്തിന്റെ അംഗരക്ഷസേനയിൽ പതിച്ചു. പിന്നെ അദ്ദേഹത്തിന്റെ വാക്കുകൾ താഴെ അങ്കണത്തിൽ നിന്നവർക്കുകേൾക്കുമാറു് വിശദമായി പുറപ്പെട്ടു.

“എന്തോ വഞ്ചന നടന്നിട്ടുണ്ടു്! പ്രധാന മന്ത്രിയെ ബന്ധിപ്പിൻ! അല്ല സുലൈമാനെ ബന്ധിപ്പിൻ, എന്തെന്നാൽ ആ ബഹുമാനപ്പെട്ട ഉദ്യോഗം ഇനിമേൽ അയാൾ വഹിക്കുന്നില്ല!”

സമരശസ്ത്രങ്ങളുടെ ഒരു നിര, പ്രധാനവ്യൂഹത്തിൽ നിന്നും വേർതിരി

ക്കപ്പെട്ടു. സുലൈമാന്റെ സ്കന്ധങ്ങളിൽ ഓരോ ശക്തിയേറിയ ഹസ്തം വെയ്ക്കപ്പെട്ടു. അപ്പോൾ തന്നെ അദ്ദേഹത്തിന്റെ കൈകൾ നിർദ്ദയമായി പിന്നിലേക്കു വലിച്ചു ബന്ധിക്കപ്പെട്ടു.

ഈ അപ്രതീക്ഷിതമായ സംഭവം കണ്ടു് ഭടന്മാരും അടിമകളും കിങ്കരന്മാരും താഴെയുള്ള അങ്കണത്തിൽ വിവൃതവദനന്മാരായി നിന്നുപോയി. ആ ക്ഷണത്തിലെ ഹൃദയക്ഷോഭം നിമിത്തം എല്ലാ ശബ്ദവും നിലച്ചു. ഓരോ നേത്രവും ചന്ദ്രശാലയിൽ നിന്ന ആ രണ്ടു രൂപങ്ങളിലും പതിഞ്ഞു.

"ആ വൃദ്ധനെ കൊണ്ടുപോവിൻ, ഇനി നാളെ പകൽ പന്ത്രണ്ടു മണിക്കു് ഈയാളെ നമ്മുടെ മുമ്പാകെ കൊണ്ടുവരണം." മാമൂദ്ഖാന്റെ വാക്കുകൾ കഠിനങ്ങളും നിർദ്ദയങ്ങളുമായിരുന്നു.

"പ്രഭോ! അടിയൻ നിരപരാധിയാകുന്നു!" സുലൈമാന്റെ സ്വരം നിരാശയാൽ ഉൽഭൂതമായ ശക്തിയോടുകൂടി ധ്വനിച്ചു; എന്നാൽ അദ്ദേഹത്തിനു മറെറാരു വാക്കുകൂടി ഉച്ചരിയ്ക്കുവാൻ കഴിയുന്നതിനു മുമ്പു ഒരു ഭടൻ അദ്ദേഹത്തിന്റെ വായ് പൊത്തിപ്പിടിച്ചു. പിന്നെ ശക്തിയേറിയ ഹസ്തങ്ങൾ അദ്ദേഹത്തെ തള്ളി അരമനയുടെ താഴെയുള്ള കല്ലറയിലേയ്ക്കു കൊണ്ടുപോയി.

## അദ്ധ്യായം ൧൩

# വീണ്ടും മോതിരം മോഷ്ടിച്ചു

ഏകാന്തമെന്നു താൻ വിചാരിച്ച തന്റെ ഉറക്കറയിൽ തൂങ്ങുന്ന അനേകം വെള്ളി വിളക്കുകളുടെ കൂട്ടത്തിൽ അലംകൃതമായ ഒരെണ്ണത്തിൽ നിന്നും പുറത്തേക്കു തള്ളിനിന്ന ഒരു ഭാഗത്തിൽ ഒളിപ്പിച്ചിരുന്ന ആണിതിരുക്കിയെടുത്തു് മാഹ്മൂദ്‌രാജകുമാരൻ അതിനെ തുറന്നപ്പോൾ സ്വർണ്ണത്തിന്റെ രത്നമോതിരം അതിനുള്ളിൽ ഇരുന്നു മിന്നുന്നതായി കാണപ്പെട്ടു. സമീപത്തു കിടന്ന ഒരു പര്യങ്കത്തിന്റെ തറയോളം എത്തുന്ന യവനികയ്ക്കുള്ളിൽ മറഞ്ഞിരുന്നു് ഒരാൾ അവിടത്തെ വിശേഷങ്ങളെല്ലാം സൂക്ഷിച്ചു വീക്ഷണം ചെയ്തുകൊണ്ടിരുന്നു എന്നുള്ള സംഗതി അദ്ദേഹം ഏതും അറിഞ്ഞില്ല. ആ മൂന്നാമത്തെ തവണ അദ്ദേഹം അനർഘമായ ആ രത്നമോതിരത്തെ തന്റെ വിരലിൽ അണിഞ്ഞു അതിന്റെ അത്ഭുതജനകമായ കാന്തിപൌഷ്കല്യത്തെ നോക്കി ആനന്ദിക്കവേ ഉണ്ടായ മാഹ്മൂദിന്റെ ഔദ്ധത്യസൂചകമായ ചിരി അവിടെയെങ്ങും മന്ദമായി മുഴങ്ങി.

അന്നു് അദ്ദേഹം അമിതമായി ഭക്ഷണം കഴിച്ചിരുന്നതിനുപുറമേ ക്രമത്തിലധികം വാരുണീസേവയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ മുഖം അസാധാരണമായ ശോണിമ കലർന്നു കാണപ്പെട്ടു. ഈ ലക്ഷണങ്ങളെ

പൎയ്യങ്കത്തിന്നടിയിൽ ഇരുന്ന ഹസ്സൻ സംതൃപ്തിയോടെ കാൺകയും രാജകുമാരൻ നേരം അധികം പുലരുന്നതുവരെ കിടന്നുറങ്ങിക്കൊള്ളുമെന്നു പ്രതീക്ഷിക്കയും ചെയ്തു. ത്രസ്തമായ ഹസ്തത്തോടുകൂടി അദ്ദേഹം മോതിരത്തെ തിരിയെ വച്ചു് ഗോളത്തിന്റെ ആണി വീണ്ടും മുറുക്കുന്നതു അയാൾ സൂക്ഷിച്ചുനോക്കി. താൻ ഉപേക്ഷിക്കാൻപോകുന്ന സ്വാമി ഉറക്കമായെന്നു് അദ്ദേഹത്തിന്റെ ക്രമത്തിൽനിന്നും മനസ്സിലാക്കുന്നതുവരെ അയാൾ കാത്തിരുന്നു. പിന്നീടു് തന്റെ അഭയസ്ഥാനത്തുനിന്നും വേഗത്തിൽ പുറത്തുവന്നു് ഗോളത്തിലെ ആണി ഊരി സുൽത്താന്റെ അംഗുലീയം കയ്യിലാക്കിയശേഷം അതിനുപകരം അക്മദ്ബാബ ഉണ്ടാക്കിയ നിഷ്പ്രഭമായ പകർപ്പു മോതിരവും വച്ചു.

അക്മദ് അയാളുടെ ജോലി വൃത്തിയായി ചെയ്തു എന്നുള്ളതു തക്കമററസംഗതിയാണു്. മഹ്ദിയെ വഞ്ചിക്കാനുള്ള ഉപകരണത്തിലെങ്ങും യാതൊരു കുററവുമില്ലെന്നു നിശ്ചയം വരുത്താനെന്നപോലെ പകരം വച്ച മോതിരത്തിൽ ഹസ്സൻ അവസാനമായി ഒന്നു നോക്കി. പിന്നീടു് സത്വരമായ ചലനത്തോടുകൂടി ഗോളത്തെ വെള്ളി വിളക്കോടു ഘടിപ്പിച്ചശേഷം തന്റെ സാരസനത്തിൽ തൂങ്ങുന്ന സഞ്ചിയിൽ സുൽത്താന്റെ രത്നാംഗുലീയവും നിക്ഷേപിച്ചുകൊണ്ടു് അയാൾ ജാലകത്തിനു നേരെ തിരിഞ്ഞു.

എളുപ്പമുള്ള ഒരു പണിയല്ല അയാൾക്കു നേരിടുവാനുണ്ടായിരുന്നതു്. പന്ത്രണ്ടടി താഴ്ചയിൽ സ്ഥിതിചെയ്യുന്ന ചന്ദ്രശാലയിലേക്കുള്ള നിശ്ശബ്ദമായ ഒരു അവരോഹണം, ജാലകത്തിന്റെ ഇരുവശവും മുപ്പതുഗജം നീളത്തിൽ കിടക്കുന്ന ചംക്രമണസങ്കേതത്തിന്റെ പരിധിക്കുള്ളിൽ സഞ്ചരിക്കുന്ന രക്ഷിഭടൻ പിൻതിരിയുന്ന തക്കംനോക്കി സാധിച്ചു. പിന്നെ അതിലെ കടന്നുപോയ പാറാവുകാരനെ കൈനീട്ടി തൊടത്തക്കവണ്ണം അടുത്തുള്ള നിബിഡച്ഛായയിലേക്കു് ദ്രുതതരമായ ഒരു പ്ലവം; അവിടെനിന്നും മന്ദമായും ആയാസകരമായും ഉള്ള വിധത്തിൽ ഛായതോറും പകന്നും ചെടികളുടെ മറവിലെല്ലാം ഒളിച്ചും ചിലപ്പോൾ നീണ്ടു കിടന്നും വല്ലവിധവും മുന്തിരിവള്ളികൾ പടർന്നു കയറികിടന്ന ഒരു സ്ഥാനത്തു ചെന്നുചേർന്നു. അതിനു താഴെയുള്ള മറെറാരു ചന്ദ്രശാലയിലേക്കു് തടിച്ച ചില മുന്തിരിവള്ളികളുടെ അവലംബത്തോടുകൂടി ഹസ്സൻ ഇറങ്ങി. ഈ വേല മുമ്പിലത്തേതിൽനിന്നും കൂടുതൽ ശ്രമംകൊണ്ടു മാത്രമേ സാധിച്ചുള്ളൂ. എന്തെന്നാൽ ഈ മാർഗ്ഗം താഴെനിന്നു നോക്കിയാൽ യാതൊരു തടവുംകൂടാതെ കാണപ്പെടാവുന്ന ഒന്നായിരുന്നു. പിന്നീടു ഹസ്സൻ പടിഞ്ഞാറുവശത്തുള്ള തടാകത്തിലെ രജതപ്രഭമായ ജലത്തിൽ മെല്ലെ മുങ്ങി. അടിയിൽക്കൂടി വേഗത്തിൽ നീന്തിച്ചെന്നു് മറുകരയിൽ വളർന്നുനിന്നിരുന്ന ചെമ്പരത്തിയുടെ [illegible]ലിൽ എത്തി. അതിനുശേഷം തോട്ടങ്ങളിലും പൂങ്കാവുകളിലുംകൂടിയുള്ള ദ്രു[illegible]രപ്രയാണം ആരംഭിക്കപ്പെട്ടു. ഒടുവിൽ മുകളിൽ ഇരുമ്പുസൂചികൾ തറച്ച [illegible]പൊക്കമേറിയ ഒരു മതിൽ ചാടികടക്കുക എന്ന ഏറ

നാശകരമായ കൃത്യവും സാധിച്ചുകൊണ്ടു് അവർ സങ്കേതസ്ഥലത്തുചെന്നു ചെന്നപ്പോൾ സുലൈഖാദേവി മണ്ഡപത്തിൽ റസ്റ്റമിനോടു സംഭാഷണം ചെയ്യുകയായിരുന്നു.

ഹസ്സൻ പതുങ്ങി അടുത്തുചെന്നപ്പോൾ സുലൈഖ ചോദ്യസൂചകമായ ഒരു നോട്ടത്തെ ഉൽകണ്ഠയോടുകൂടി അയാളുടെ നേരെ തിരിച്ചു. താൻ അല്പം പണിപ്പെട്ടു തയ്യാറാക്കിവെച്ചിരുന്ന ഒരു ചെറിയ പ്രസംഗത്തിൽ ഒരു വാക്കുപോലും ഉച്ചരിക്കുന്നതിനുമുമ്പുതന്നെ ഹസ്സൻ പുറപ്പെടുവിച്ച ആ മന്ദസ്മിതം അവളുടെ ചോദ്യത്തിനു മതിയായ ഉത്തരമായിരുന്നു. "ദേവി, ഭവതിയുടെ പിതാവിൻെറ പക്കൽനിന്നു മണലാരണ്യത്തിലെ ഹസ്സൻ മോഷ്ടിച്ച ആ മോതിരം നിങ്ങൾക്കു രണ്ടുപേക്കും ഉൽകണ്ഠയുണ്ടാക്കിയതിനു മാപ്പുതരണമെന്നുള്ള പ്രാത്ഥനയോടുകൂടി അവൻ ഇതാ തിരിച്ചുതരുന്നു!" ഈ വാക്കുകളോടുകൂടി വളരെ താണുവണങ്ങിക്കൊണ്ടു് ഹസ്സൻ രത്നാംഗുലീയത്തെ ആ പെൺകിടാവിൻെറ കയ്യിൽ സമപ്പിച്ചു.

ആശ്വാസസൂചകമായ ഒരു വ്യാക്ഷേപകസ്വരവും നന്ദിയെ സൂചിപ്പിക്കുന്ന ഒരു ദീർഘനിശ്വാസവും ആ മോതിരത്തെ കണ്ട നിമിഷത്തിൽ സുലൈഖയുടെ മുഖത്തുനിന്നു ഉൽഭൂതമായി. രത്നത്തിൻെറ തിളക്കത്തോടുകൂടി കിടപിടിക്കാമെന്നു തോന്നുമാറുള്ള ഒരു പ്രഭ അവളുടെ കണ്ണുകളിൽ നിറഞ്ഞു; ഹൃദയപൂർവ്വമായ കൃതജ്ഞതയോടുകൂടി അവൾ ഹസ്സൻെറ കയ്യു പിടിച്ചമർത്തി. "സ്നേഹിതന്മാരെ എനിക്കും എൻെറ പിതാവിനുംവേണ്ടി നിങ്ങൾ ധൈര്യസമേതം നേരിട്ട ആപത്തുകൾക്കായി നിങ്ങളോടുള്ള എൻെറ കൃതജ്ഞതയെ വെളിപ്പെടുത്തുന്നതിനു വാക്കുകൾക്കു ശക്തിയില്ല ഞാൻ—" ഇത്രയും പറഞ്ഞപ്പോൾ അവൾ പെട്ടെന്നു മുഖം തിരിച്ചു്, സങ്കടം അടക്കിവെയ്ക്കാൻ ശക്തിയില്ലാതെ കരഞ്ഞുതുടങ്ങി.

ഹസ്സൻ പരുങ്ങിനിന്നു; എന്നാൽ കൂടുതൽ വിദ്യാഭ്യാസവും സംസ്കാരവും സിദ്ധിച്ചിട്ടുള്ള റസ്റ്റം അവളുടെ കരത്തെ സ്പർശിച്ചുകൊണ്ടു് ശാന്തസ്വരത്തിൽ പറഞ്ഞു.

"ദേവി ഇതു കരയാനുള്ള സമയമല്ല. രത്നമോതിരത്തെ യാതൊരപകടവുംകൂടാതെ ധാരാനഗരത്തിൽ എത്തിച്ചാൽ പിന്നെ അവിടത്തെ ഇഷ്ടംപോലെ ചെയ്യാൻവേണ്ട സമയം ലഭിക്കും."

സുലൈഖ കണ്ണുതുടച്ചു "നിങ്ങൾ പറഞ്ഞതു ശരിയാണു് റസ്റ്റം, നാം ഇനി താമസിക്കരുതു് എന്നാൽ കാസിം രാജകുമാരനെ ഇവിടെ ഉപേക്ഷിക്കാതെ പോകാൻ എനിക്കു സംഗതിയാകയില്ലെങ്കിലോ? മൂന്നു ദിവസമായി ഞാൻ അദ്ദേഹത്തിൻെറ വളരെ സമീപത്തു വന്നിരുന്നിട്ടും ഒന്നു സംഭാഷണം ചെയ്‌വാനോ കാണാൻപോലുമോ ഇടയാകാഞ്ഞതു വിചാരിച്ചാൽ എത്രകഷ്ടം. അരനിമിഷം അദ്ദേഹം ആപൽബന്ധനാണെന്നുള്ള ചിന്ത എങ്ങനെ സഹിക്കും? എന്തെന്നാൽ മാച്ചൂട് ഏതുനേരത്തെങ്കിലും പൊട്ടുന്നനാവെ പ്രതിക്രി

യകൾ സന്നദ്ധനാവുകയില്ലെന്നാക്കറിയാം. എന്നിട്ടും എനിക്ക് അദ്ദേഹത്തെ ഇവിടെ ഇങ്ങനെ ഉപേക്ഷിച്ചിട്ട് പോകേണ്ടിയിരിക്കുന്നു!"

സുലൈഖയുടെ വാക്കുകൾ അവളുടെ സമീപത്തിരുന്ന രണ്ടുപേർക്കും അപമാനകരമെന്നു തോന്നി. അവരിൽ ഹസൻ പറഞ്ഞു.

"ദേവി, കാസിം രാജകുമാരനെ നാശകരമായ ഈ സാഹസകർമ്മത്തിലേക്ക തള്ളിവിടാൻ കാരണമായതു് എൻെറ കുററമാണു്. അതിനാൽ അദ്ദേഹത്തെ യാതൊരു കേടും കൂടാതെ അവിടത്തെ അടുക്കൽ കൊണ്ടുവരേണ്ടതു് എൻെറ കടമയാകുന്നു. ഞാൻ അദ്ദേഹത്തിൻെറ മോചനം സാധിക്കും, അതിനുള്ള യത്നത്തിൽ മാഹൂദിൻെറ ഹൃദയം ഭേദിക്കേണ്ടിവന്നാലും ഞാൻ പിൻമാറുകയില്ല."

"വേണ്ടാ, ഹസൻ അതുവേണ്ട, നിങ്ങൾ ഈ രാത്രിയിൽ അനേകം ആപത്തുകളെ നേരിട്ടിരിക്കുന്നു. ഈ ജോലി എൻേറതാണു്," എന്നു റസ്റ്റം പറഞ്ഞു.

"എന്നാൽ രണ്ടുപേരും ഒരുമിച്ചാകട്ടെ!"

"റസ്റ്റം തലകുലുക്കി സുലൈഖദേവിയെ തനിച്ചു് ധാരാനഗരത്തിലേക്കയക്കുന്നതു് ഉചിതമല്ല നമ്മിലൊരാൾ ദേവിയെ അനുഗമിക്കണം."

പെട്ടെന്നൊരു കൌശലം തോന്നുകയാൽ സുലൈഖ ശിരസ്സിനെ ഉന്നമിപ്പിച്ചുകൊണ്ടു് ചോദ്യംചെയ്തു. "എൻെറ സ്നേഹിതന്മാരെ സുൽത്താൻെറ രത്നമോതിരം ഇപ്പോൾ മാഹൂദ്‌രാജകുമാരൻെറ കയ്യിലാണെന്നു അരമനയിൽ എല്ലാവർക്കും അറിയാമോ?"

ഹസൻ ശിരസ്സുചലിപ്പിച്ചുകൊണ്ടു പറഞ്ഞു.

"അറിവില്ല, ദേവി, ആ രഹസ്യം അതിഗൂഢമായി തന്നെ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. മാഹൂദിൻെറ പ്രധാന സേവകനായ അബ്ദുള്ളാക്കുമാത്രമേ ഈ രഹസ്യം അറിയാവൂ. അയാളാകട്ടെ അള്ളാവിൻെറ കാരുണ്യത്താൽ ഏതോകാര്യത്തിനായി നിയോഗിക്കപ്പെട്ടിരിക്കയുമാണു്. ഇരുപത്തിനാലു മണിക്കൂർ കഴിഞ്ഞേ അയാൾ ഇനി തിരിച്ചുവരികയുള്ളൂ. അല്ലെങ്കിൽ ഈ രാത്രിയിലേ എൻെറ പ്രയത്നം കുറച്ചുകൂടി വിഷമമേറിയതായി പരിണമിക്കുമായിരുന്നു."

"എന്നാൽ കാസിംരാജകുമാരൻെറ കാരാമന്ദിരത്തിലെ താക്കോലിതാ നോക്കുവിൻ!" സുലൈഖ സ്വകഞ്ചുകത്തിനടിയിൽ സൂക്ഷിച്ചിരുന്ന സുൽത്താൻെറ മുദ്രാംഗുലീയം പുറത്തേയ്ക്കെടുത്തു കാണിച്ചു. "ഇതിനെ ധരിക്കുന്നയാളിൻെറ അധികാരത്തെ ആരുംതന്നെ വിസമ്മതിക്കാൻ ധൈര്യപ്പെടുകയില്ല. ഈ മോതിരത്തെ പാറാവുകാരനെ കാണിച്ചു് സുൽത്താൻെറ നാമത്തിൽ ഞാൻ കാസിം രാജകുമാരൻെറ മോചനത്തിന്നു് ആജ്ഞാപിക്കും. എൻെറ മാർഗ്ഗത്തെ തടയുന്നതു ആരാണെന്നു കാണട്ടെ."

"എന്റെ പിതാവിന്റെ ഖഡ്ഗം സാക്ഷിയായി ധാരയിലോ മറ്റെവിടെയെങ്കിലുമോ ഉള്ള യാതൊരു പ്രധാനമന്ത്രിക്കും ഇത്തരം ഒരു മകളുണ്ടായിട്ടില്ല." റസ്റ്റമിന്റെ ആദരം അനിയന്ത്രിതമായിരുന്നു.

ഹസ്സൻ സമ്മതഭാവത്തിൽ തലകുലുക്കി, "ഭാഗ്യം നമുക്കനുകൂലമാണ്. അബ്ദുള്ളാ ഇവിടെയുണ്ടായിരുന്നുവെങ്കിൽ അയാൾ ഉടനെതന്നെ വിവരം മാഹ്മൂദിന് അറിവുകൊടുക്കുമായിരുന്നു. എന്നാൽ കാര്യങ്ങളുടെ ഇപ്പോഴത്തെ സ്ഥിതിക്കു ദേവി അവിടത്തെ പിതാവിന്റെ അധികാരചിഹ്നത്തോടുകൂടി നേരെ ധാരാനഗരത്തിൽ നിന്നും വന്നിരിക്കുന്നതായിത്തന്നെ ആളുകൾ ധരിക്കും."

"എന്റെ വേഷം?" എന്നു സുലൈഖ ചോദിച്ചു. "അവർ എന്നെ കൈനോട്ടക്കാരിയെന്നല്ലാതെ സുലൈമാന്റെ പുത്രിയെന്നു പറകയില്ല."

"ദിർഘദർശിയുടെ തിരുവുടയാട സത്യമായി ഞാനക്കഥ മറന്നുപോയി. ഈ ഉപായം പരാജയത്തിൽ തന്നെ കലാശിക്കുന്നു, എന്തെന്നാൽ ശരിയായ വസ്ത്രം ധരിച്ചാലും മന്ത്രിപുത്രിയുടെ പരിവാരസമേതമല്ലാത്ത ആഗമനം ദുശ്ശങ്കയ്ക്കു കാരണമായിത്തീരും" എന്നു റസ്റ്റം പറഞ്ഞു.

"രണ്ടു വിഷമങ്ങളെയും ഒരുപായംകൊണ്ടു തന്നെ തരണംചെയ്യാം. ഇവിടെ നിന്നും അരമണിക്കൂർ നേരത്തെ യാത്രാദൂരത്തിൽ മന്ത്രിപുത്രിക്കുചിതമായ വസ്ത്രങ്ങളും മുഖത്തും കയ്യിലും തേച്ചിട്ടുള്ള ചായം കളവാൻ വേണ്ട സാധനങ്ങളും മാഹ്മൂദിന്റെ ഭൃത്യന്മാർ പോലും കണ്ടുപിടിക്കാത്ത വിധത്തിൽ നമുക്കു രണ്ടുപേർക്കും വേഷം മാററാനുള്ള സാമാനങ്ങളും തരുവാൻ ത്രാണിയുള്ള ഒരാൾ പാർക്കുന്നുണ്ട്."

"ഇതു മിക്കവാറും ഒരു ഇന്ദ്രജാലം പോലെ തോന്നുന്നല്ലോ" എന്ന് സുലൈഖ, വലിയ അത്ഭുതത്തോടെ പറഞ്ഞു.

• "ദേവി ഇതു് ഇന്ദ്രജാലമല്ലാ. മണലാരണ്യത്തിന്റെ സന്താനങ്ങൾ അവരെ അനുധാവനം ചെയ്യുന്നവരെ കളിപ്പിക്കാൻ വേണ്ടി ചെയ്തിട്ടുള്ള ഒരു ചെറിയ ഏർപ്പാടുമാത്രമാണു്. നേരംപോകുന്നു, എന്നാൽ ഞാൻ മുമ്പേപോയി ഗുണവതിയായ ആ സ്ത്രീക്കു് നമ്മുടെ വരവിനെപ്പററി മുന്നറിവു കൊടുത്താൽ അവർ തയ്യാറായിരിക്കും, അങ്ങനെ കാലവിളംബം കുറെ പരിഹരിക്കപ്പെടുകയും ചെയ്യും."

"എന്നാൽ അങ്ങനെ ചെയ്യു" എന്നു സുലൈഖ പറഞ്ഞതുകേട്ടു് ഹസ്സൻ താണുവണങ്ങിക്കൊണ്ടു ഒരു പ്രവീണനായ ജാംഘികന്റെ ഗതിവേഗത്തിൽ പറന്നു.

റസ്റ്റമിനോടൊന്നിച്ച അന്തമാർഗ്ഗത്തെതുടന്ന സുലൈഖ തിളങ്ങുന്ന നേത്രങ്ങളോടുകൂടി ഹസ്സനെ നോക്കിക്കൊണ്ടു തന്റെ അനുചരനോടിങ്ങനെ ചോദിച്ചു.

റസ്റ്റം നിങ്ങളെപ്പോലെ ധീരന്മാരും ഉദാരന്മാരും പരസ്പരംസഹോദ

നിർവ്വിശേഷമായ വാത്സല്യം കലർന്നവരും ആപത്തിൽ നിസ്സഹായന്മാരും ആയ രണ്ടാളുകൾ രക്ഷാഹീനകളായ സ്ത്രീകളെയും ശങ്കാരഹിതന്മാരായ പഥികന്മാരെയും ഭയപ്പെടുത്തി ധനാപഹരണം ചെയ്തുതന്നെ ദുർവൃത്തികളെ ചിന്തിക്കപോലും ചെയ്യുന്നതെങ്ങനെയെന്നു എന്നോടു പറയുമോ? നിങ്ങളുടെ ഈ മഹാഗുണങ്ങൾ മനുഷ്യസമുദായത്തിനു നന്മചെയ്യുന്ന മാർഗ്ഗങ്ങളിലേക്ക് വിനിയോഗിക്കപ്പെട്ടാൽ അതു എത്രമാത്രം ഉപകാരപ്രദമായിരിക്കുമായിരുന്നു?

"ദേവി, കാര്യം തുറന്നുപറകയാണെങ്കിൽ എന്റെ ഈമാതിരി ജീവിതത്തിനുള്ള കാരണം എന്തെന്നു എനിക്കുതന്നെ അറിയാൻ പാടില്ല. അത്യുഗ്രമായ നിർഘോഷത്തോടുകൂടി പാഞ്ഞൊഴുകുന്ന ഒരു മഹാനദി അതിന്റെ ഉത്ഭവകാലത്തു ഒരു ചെറിയ തോടായിരുന്നപ്പോൾ കൈക്കൊണ്ട ഗതിയിൽ നോക്കുന്നപക്ഷം ഭവതിയുടെ ചോദ്യത്തിനു ഉത്തരം കാണാം. നദി ആകൃതിയിൽ വൈപുല്യം പ്രാപിച്ചപ്പോൾ ചില അയോഗ്യതകളെയും സമ്പാദിച്ചിരിക്കാം. എന്നാൽ അതിന്റെ ഗതി യാതൊരു മാററവുംകൂടാതെ തന്നെ നില്ക്കുന്നു, എന്നല്ല അതിനെ മാററാൻ സാധിക്കുമെന്നും എനിക്കു തോന്നുന്നില്ല. ഒഴുക്ക് ഇപ്പോൾ ക്രമത്തിലധികം ശക്തിയുള്ളതത്രേ!"

എന്നാലും കുറുകെ ഒരണ കെട്ടിയാൽ അതിന്റെ ഗതിയെ തിരിക്കാൻ കഴിയുമല്ലോ."

"അതിലേക്കു ശക്തിയുള്ള അണയേതു്?"

"അള്ളാവിന്റെ അഭൌമമായ ശക്തി എല്ലാററിനും മേലേയുണ്ടല്ലോ!"

"അനേകം പേർ ആദ്ദേഹത്തിന്റെ തിരുനാമത്തെ ഉപയോഗിക്കുന്നു. എന്നാൽ അവിടത്തെ ശക്തിയെ ഉപയോഗിക്കുന്നവർ ചുരുക്കം.

"ഇനി ഭൌമമായ മറെറാരു ശക്തികൂടിയുണ്ടു്."

"അതെന്താണു ദേവി?"

"ഒരു സാധ്വിയുടെ പ്രണയവും—ഒരു ശിശുവിന്റെ സ്വരവും."

വ്യസനസങ്കലിതമായ ഒരു മന്ദഹാസം റസ്തുമിന്റെ മുഖത്തു പ്രകാശിപ്പിച്ചു. "ദേവീ, ലോകത്തു് മററാരോടും ഇല്ലാത്തവണ്ണം നിഷ്കാപട്യത്തോടുകൂടി ഞാൻ ഭവതിയോടു പറകയാണ്. ഇപ്പോൾ എന്റെ അരികിലായി നടക്കുന്ന മഹതിയെപ്പോലുള്ള ഒരു സാധ്വിയുടെ പ്രണയം എനിക്കു ലഭിക്കുകയും ഭവതിയെപ്പോലെ ഒരുത്തി എന്നെ വിശ്വസിക്കയും ചെയ്തിരുന്നുവെങ്കിൽ—കാര്യങ്ങളുടെ ഗതി എത്രകണ്ടു വ്യത്യസ്തമായിരിക്കുമായിരുന്നു എന്നാൽ അങ്ങനെ ഒരനുഗ്രഹം ഒരിക്കലും എന്നെ സന്ദർശിച്ചില്ല."

"നിങ്ങൾ അതിലേയ്ക്കായി കാത്തിരിക്കമാത്രം ചെയ്യാതിരുന്നുവെങ്കിൽ അതു നിങ്ങളുടെ അടുത്തു വരുമായിരുന്നു. നിങ്ങളുടെ കൈകളും കർമ്മങ്ങളുമാണു് അതിനെ തടുത്തതെന്നുള്ളതിനു സംശയമില്ല; എന്തെന്നാൽ വില

യുള്ള ഒരു മഹിളാരത്നത്തെ ആകർഷിക്കാൻ വേണ്ട മിക്ക യോഗ്യതകളും നിങ്ങൾക്കുണ്ടു്."

കാത്തിരിക്കയോ, ദേവി? ഇണങ്ങാത്ത കുതിരക്കുട്ടി കടി ഞാൺ ഇടാൻ നിന്നു തരുമോ? ഒരിക്കലുമില്ല!"

"എന്നാൽ ഈ തസ്കരജീവിതത്തെ ഉപേക്ഷിക്കണമെന്നു് നിങ്ങൾക്കു് തോന്നുന്നില്ലേ? ഉൽകൃഷ്ടമായ വസ്തുക്കളിൽ ഒന്നിലും നിങ്ങൾക്കു് ആഗ്രഹമില്ലേ?"

"ധാരയിലെ രാജമന്ദിരത്തിൽ വച്ചു ദേവിയുടെ വാക്കുകൾ കേൾക്കുന്നതുവരെ എനിക്കു് അങ്ങനെയാഗ്രഹമില്ലായിരുന്നു! എന്നാൽ ഇപ്പോഴാകട്ടെ —" അയാൾ അല്പനേരം മിണ്ടാതെ നിന്ന ശേഷം ഒരു ദൃഢനിശ്ചയം ചെയ്യുന്ന ആളെപ്പോലെ വലതുകൈ തലയ്ക്കുമീതെ പൊക്കിപ്പിടിച്ചുകൊണ്ടു തുടർന്നു പറഞ്ഞു.

"ദേവി എന്നിൽ ഉള്ള ആ ഗുണലേശത്തെ സ്പർശിച്ചു എന്നോടാഭാഷിക്കാൻ അവിടത്തേക്കു കാരുണ്യമുണ്ടായതിനാൽ, ഇനിമേൽ ഞാൻ നിന്ദ്യമായോ നിയമവിരുദ്ധമായോ ഉള്ള യാതൊരു കർമ്മങ്ങളും ചെയ്കയില്ലെന്നു് ഇതാ സത്യം ചെയ്യുന്നു."

റസ്റ്റമിന്റെ വാക്കുകൾ കേട്ടു് സുലൈഖയുടെ നേത്രങ്ങൾ നക്ഷത്രങ്ങളെപ്പോലെ പ്രകാശിച്ചു. അവൾ പറഞ്ഞു "റസ്റ്റം, അത്ര മാത്രമേ ഞാൻ ആവശ്യപ്പെടുന്നുള്ളു. ആ പ്രതിജ്ഞയെ മാത്രം എപ്പോഴും മനസ്സിൽ വച്ചുകൊള്ളുക. എന്നാൽ മഹാനദിയുടെ കുറുകെ സേതു ബന്ധിക്കപ്പെട്ടു."

ഇങ്ങനെ താല്പര്യത്തോടുകൂടി സംഭാഷണം ചെയ്തുകൊണ്ടു സുലൈഖയും കൂട്ടുകാരനും ഏകാന്തമായ ഒരു കുടിൽ നിന്നിരുന്ന നദിക്കരയിൽ എത്തി ഹസ്സൻ പടിക്കൽ കാത്തുനില്ക്കുകയായിരുന്നു; "എല്ലാം ശരിയായിരിക്കുന്നു — പിന്നെ ഗുണവതിയായ ഗൃഹനായിക വേണ്ട ഒരുക്കങ്ങളും ചെയ്തിട്ടുണ്ടു്."

പുരുഷന്മാർ കുടിലിന്റെ പിൻവശത്തുള്ള ഒരു കുതിരലായത്തിലേക്കു പോയി. സുലൈഖയാകട്ടെ ഗൃഹത്തിനുള്ളിൽ പ്രവേശിച്ചു് ശരീരത്തിൽ തേച്ചിരുന്ന ചായമെല്ലാം കഴുകിക്കളഞ്ഞു് കുളിച്ചു വേഷം മാറേണ്ടതായ അവസരം നേരിട്ടപ്പോഴെല്ലാം ഹസ്സനും ചങ്ങാതിയും ആ കുടിലിനെ പണ്ടു പല തവണയും അഭയം പ്രാപിച്ചിട്ടുണ്ടു".

"എന്റെ തമ്പുരാട്ടി ഇവിടെ കണ്ട വസ്തുക്കളിലൊന്നും എന്നെ അപകടത്തിലാക്കാനുള്ള ഒരായുധമായി ഉപയോഗിക്കരുതെന്നു പ്രാർത്ഥിക്കുന്നു."

ഈ വാക്കുകളോടുകൂടി ഗൃഹനായികയായ ആ വൃദ്ധ പട്ടാംബരങ്ങളും കഞ്ചുകങ്ങളും മറ്റും അനവധി കൊണ്ടുവന്നു നിരത്തി ഏതോ ധനികന്മാരായ യാത്രക്കാരിൽ നിന്നു അപഹരിക്കപ്പെട്ട ഈ വിലയേറിയ വസ്ത്രങ്ങൾ ഒരു രാജകുമാരിയുടെ അലങ്കാരത്തിനു തന്നെ യോഗ്യതയുള്ളവയായിരുന്നു. അവയിൽ മനസ്സിണങ്ങിയ വസ്ത്രങ്ങൾ എടുത്തുകൊള്ളുവാൻ വൃദ്ധ സുലൈഖയോടു് വിനീതയായി അപേക്ഷിച്ചു.

യാതൊന്നും ഭയപ്പെടാനില്ലെന്നു വൃദ്ധക്കു സുലൈഖ ഉറപ്പുകൊടുത്തു. പിന്നീടു തനിക്കു ചേരുന്ന വസ്ത്രങ്ങൾ ധരിച്ചുംകൊണ്ടു കൈനോട്ടക്കാരിയുടെ സഞ്ചിയിലെ നാണയം മുഴുവൻ വൃദ്ധക്കു ദാനം ചെയ്തിട്ടു നമ്മുടെ കഥാനായിക കുടിൽവിട്ടു വെളിയിൽ കടന്നു. ഇവിടെ അവൾക്കു ഒരു ചെറിയ സംഭ്രമത്തിനിടയായി. തന്റെ സ്നേഹിതന്മാരുടെ വസ്ത്രധാരണത്തിൽ ചില മാററങ്ങളും സാമാന്യമായ വേഷപ്പകർച്ചയും അവൾ പ്രതീക്ഷിച്ചിരുന്നതുതന്നെയെങ്കിലും രാജസേവകന്മാരുടെ രീതിയിൽ വസ്ത്രം ധരിച്ചു് പണ്ഡിതന്മാരെന്നു തോന്നിച്ച രണ്ടു ഗംഭീരന്മാരായ രാജസദസ്യരുടെ ദർശനം ഒരു നിമിഷനേരത്തേക്കു അവളിൽ ഒരു പ്രകമ്പനത്തെ ഉളവാക്കി; എന്നാൽ റസ്റ്റമിൻെറ ധൈര്യപ്രദമായ ചിരി അവർ ധരിച്ചിരുന്ന കൃത്രിമകേശാദികളുടെ ഇടയിലും അവരുടെ വാസ്തവത്തെ വെളിപ്പെടുത്തി!

"കുടിൽകൊണ്ടു ഉപയോഗങ്ങളുണ്ടു്. ഓളുകൊണ്ടു് ഏതായാലും നാം ഇനി നടന്നുപോകേണ്ട. എന്തെന്നാൽ ഞാൻ മൂന്നു കുതിരകളെ കൈയ്യിലാക്കിയിട്ടുണ്ടു്. ഇപ്പോഴത്തെ അവസരത്തിനു് അതു കൂടുതൽ യോജിക്കുന്നതുമാണു്." എന്നു ഹസ്സൻ പറഞ്ഞു.

റസ്റ്റം സുലൈഖാദേവിയെ അശ്വാരോഹണത്തിൽ സഹായിച്ചു, പിന്നെ അവർ മൂവരും ഒരുമിച്ചു മാഹ്ദിൻെറ അരമനയിലേക്കു ഓടിച്ചുപോയി. അവർ രാജമന്ദിരദ്വാരത്തിൽ എത്തിയപ്പോൾ "നില്ക്കൂ" എന്നൊരാജ്ഞ രക്ഷിഭടന്മാരിൽ നിന്നും പുറപ്പെട്ടു.

"സുൽത്താൻെറ തിരുനാമത്തിൽ തുറക്കുക!" എന്നു റസ്റ്റം സ്വരഗൌരവത്തോടുകൂടി പറഞ്ഞു.

ബൃഹത്തായ കവാടം ഉത്തരക്ഷണത്തിൽ തുറക്കപ്പെട്ടപ്പോൾ പ്രാസങ്ങളും ഖഡ്ഗങ്ങളും ധരിച്ച കുറെ ഭടന്മാർ മുന്നണിയായി നിൽക്കുന്നതു കാണപ്പെട്ടു. "വിശ്വാസികളുടെ നായകൻെറ നാമത്തിൽ ഇവിടെ പ്രവേശനം ആവശ്യപ്പെടുന്ന നിങ്ങളാരു്?" എന്നു് രക്ഷികളുടെ നേതാവു ചോദ്യം ചെയ്തു.

"നോക്കുക—ഇനി ചോദ്യം വേണ്ടാ!" ഇങ്ങനെ റസ്റ്റം പറഞ്ഞപ്പോൾ സുലൈഖ സുൽത്താൻെറ രത്നമോതിരം പുറത്തെടുത്തു് എല്ലാവരും കാണത്തക്കവിധത്തിൽ അതിനെ പൊക്കിപ്പിടിച്ചു.

അതൊരു നാടകീയമായ നിമിഷമായിരുന്നു! രക്ഷികൾ ഒരേ സമയത്തിൽ തല കുനിച്ചു ഭൂമിയിൽ അമർന്നു. ഓരോ മുസൽമാൻ ഹൃദയത്തിലും ഭയസമ്മിശ്രമായ ആദരത്തെ ഉളവാക്കിയ ആ രത്നാംഗുലീയത്തിൻെറ ദർശനത്തിൽ നിന്നും അവർ തങ്ങളുടെ നേത്രങ്ങളെ മറച്ചു. ആ അവസരത്തെ ഒന്നു കൂടി അധികം ഹൃദയസ്പൃശ്യമാക്കുവാൻവേണ്ടി അവരെ ഒരു നിമിഷനേരത്തേക്കു ആ അവസ്ഥയിൽ സ്ഥിതിചെയ്വാനനുവദിച്ചിട്ടു റസ്റ്റം അധികാരസ്വരത്തിൽ പറഞ്ഞു. "എഴുന്നേററു ഞങ്ങളെ അകത്തുവിട്ടശേഷം ഇനി ഞങ്ങൾ തിരിച്ചുവരുന്നതുവരെ കവാടം ബന്ധിച്ചുകൊണ്ടു ഇവിടെകാത്തുനില്പിൻ. നിങ്ങൾക്കു് ശാന്തിയുണ്ടാകട്ടെ!"

തോട്ടങ്ങളിൽ കൂടി കുതിരയെയോടിച്ചു അവർ അകത്തെമതില്ക്കെട്ടിന്റെ വാതലിൽ ചെന്നുചേൎന്നു. അവിടെയും ആദ്യത്തെ ചോദ്യവും ഉത്തരവും ഉണ്ടായി. അവർ അങ്കണത്തെ തരണം ചെയ്തപ്പോൾ, അനേകം കറുത്ത രൂപങ്ങൾ തങ്ങൾ ഉറങ്ങിക്കിടന്നിരുന്ന പായ്കളിൽ നിന്നും അധിവേഗത്തിൽ ചാടിയെഴുന്നേറ്റു്, പ്രേതങ്ങളെപ്പോലെ നിശ്ശബ്ദരെങ്കിലും തിളങ്ങുന്ന ഖഡ്ഗങ്ങളെ ധരിച്ചുംകൊണ്ടു മുന്നോട്ടു കുതിക്കവേ പരമാധികാരത്തിന്റെ മുദ്ര സ്വലേഖയുടെ കയ്യിൽ കാണുകയാൽ അത്ഭുതാവിശിഷ്ടന്മാരായി നിന്നു് പ്രത്യയപുരസ്സരം കുമ്പിട്ടു.

യാതൊരു ചോദ്യവും ചെയ്യാതെ നിങ്ങളുടെ ശയ്യകളെ അഭയംപ്രാപിച്ചുകൊൾവിൻ! നിങ്ങൾക്കു ശാന്തിയുണ്ടാകട്ടെ.” എന്നു് റസ്റ്റമിന്റെ സ്വരം ആജ്ഞാശക്തിയോടുകൂടി മുഴങ്ങിയപ്പോൾ എല്ലാവരും അനുസരിച്ചു.

ഹസ്സൻ ദ്രുതതരമായ വീക്ഷണങ്ങൾകൊണ്ടു് അബീബ്, ആലി എന്നിവരെ തിരഞ്ഞുപിടിച്ചു. അവർ അയാളുടെ അശ്വത്തിന്റെ സമീപത്തിൽ നമിച്ചപ്പോൾ ഹസൻ കുനിഞ്ഞു അവരോടു് എന്തോ മന്ത്രിച്ചു. മന്ദമായും എന്നാൽ യാതൊരു സങ്കോചവും കൂടാതെയും അബീബും ചങ്ങാതിയും അശ്വാരോഹന്മാരെ അനുഗമിച്ചു് അരമനയുടെ താഴത്തുള്ള കല്ലറകളിലേക്കു വഴി കാണിക്കുന്ന ഘനമേറിയ വാതലിന്റെ സമീപത്തു ചെന്നു് കുതിരകളുടെ കടിഞ്ഞാൺ പിടിച്ചുകൊണ്ടു നിന്നു. നമ്മുടെ കഥാനായികയും കൂട്ടരും താഴത്തിറങ്ങി. ഹസ്സൻ വീണ്ടും അബീബിനോടും ആലിയോടും എന്തോ മന്ത്രിച്ചു, തൽഫലമായി അവരുടെ മുഖത്തിൽ ഒരു സംതൃപ്തി കളിയാടി.

ഇതിനിടയിൽ, നനഞ്ഞ ഒരു വയ്ക്കോൽ കിടക്കയിന്മേൽ കാസിംരാജകുമാരൻ പാരവശ്യത്തോടെ നിദ്രാധീനനായി കിടന്നിരുന്നു. രക്ഷപ്പെടാനുള്ള അനേകം ഉപായങ്ങൾ അദ്ദേഹത്തിന്റെ ബുദ്ധിയിൽ ഉദിച്ചു. എന്നാൽ അവയിൽ ഓരോന്നും വിജയത്തെക്കാൾ കൂടുതൽ വിപത്തിനെ വഹിക്കുന്നതായിരുന്നു. മൃത്യുവിനോടു് ബുദ്ധിഹീനമായ ഒരു ചൂതാട്ടത്തിൽ ഏർപ്പെടാൻ തല്ക്കാലം യാതൊരാവശ്യവുമില്ലെന്നു് ദാവൂദിന്റെ ഭാവത്തിൽ നിന്നും മനസ്സിലാക്കിയതിനാൽ കുമാരൻ ബദ്ധപ്പെട്ടു യാതൊന്നും ചെയ്തില്ലെന്നല്ലാതെ രക്ഷയ്ക്കു് അനുകൂലമായ വല്ല പഴുതുമുണ്ടോ എന്നു് ജാഗ്രതയോടെ സൂക്ഷിച്ചുകൊണ്ടിരിക്കയായിരുന്നു. തന്റെ കല്ലറയ്ക്കു വെളിയിൽ ഒരനക്കവും അതിനെ തുടർന്നു് രക്ഷിഭടന്മാരും കാരാഗൃഹപാലന്മാരും നമസ്കരിച്ചപ്പോൾ, പുറപ്പെട്ട ആയുധക്വണിതങ്ങളും കാസിം രാജകുമാരൻ കേട്ടു. ഈ അകാലത്തിൽ ഉള്ള ആഗമനത്തിന്റെ അർത്ഥം മരണം തന്നെയെന്നു തീർച്ചപ്പെടുത്തിക്കൊണ്ടും യുദ്ധംചെയ്തു മരിക്കത്തക്കവണ്ണം തനിക്കു ഒരായുധമില്ലല്ലോ എന്നു ഖേദിച്ചുംകൊണ്ടും അദ്ദേഹം തന്റെ അന്ത്യത്തെ ധീരതയോടെ നേരിടുവാൻ നിശ്ചയിച്ചു.

പൂട്ടിനുള്ളിൽ ഒരു താക്കോൽ തിരിഞ്ഞു, ഉടൻതന്നെ ഭാരമേറിയ ആ

കവാടം തുറന്നു. റസ്തം കയ്യിലാക്കിയിരുന്ന ഒരു ദീപയഷ്ടിയുടെ ചെറിയ വെളിച്ചത്തിന്റെ സഹായത്തോടുകൂടി അടുത്ത നിമിഷത്തിൽ സുലൈഖ തന്നെ കല്ലറക്കുള്ളിൽ കടന്നു. തന്റെ ഹൃദയദേവതയായ ആ സുന്ദരിയെ ഇപ്രകാരമുള്ള ഒരു സ്ഥലത്തുവെച്ചു കാണുകയാൽ സ്തംഭത്തെപ്പോലെ നിശ്ചലനായിതീർന്ന കാസിം ഒരു പ്രേതത്തെ കണ്ടവനെന്നപോലെ തുറിച്ചുനോക്കി. അനന്തരം അദ്ദേഹവും അംഗുലീയത്തെ ആദരിച്ചു നമിച്ചുകൊണ്ടു അവളുടെ വസ്ത്രാഞ്ചലത്തെ പിടിച്ചുചുംബിച്ചു ഒരുനിമിഷം കഴിഞ്ഞു് അദ്ദേഹം ചാടിയെഴുന്നേററു, എന്നാൽ അദ്ദേഹത്തിന്റെ രസനാഗ്രത്തിൽ സന്നദ്ധമായിനിന്ന അനേകം ചോദ്യങ്ങളെ സുലൈഖയുടെ ബുദ്ധിപൂർവമായ അംഗുലീചലനം അസ്തപ്രായമാക്കി ചോദ്യത്തിനും സംഭാഷണത്തിനും ധാരയിലേക്കുള്ള യാത്രയ്ക്കിടയിൽ ധാരാളം സമയമുണ്ടു്, എന്നാൽ ഇപ്പോഴാകട്ടെ വേഗവും മൌനവുമായിരുന്നു അത്യന്താപേക്ഷിതങ്ങൾ.

ആ ചെറിയ സംഘം കാസിം രാജകുമാരനേയുംകൊണ്ടു് വെളിയിൽ ഇറങ്ങുന്നതു് രക്ഷികളും കാരാഗൃഹപാലന്മാരും അൽഭുതപരവശരായി നോക്കിനിന്നു എന്നാൽ ഒരു ചോദ്യം ചെയ്‌വാനോ മാർഗ്ഗത്തെ രോധിക്കാനോ ആരും ധൈര്യപ്പെട്ടില്ല.

വീണ്ടും അങ്കണത്തിൽ പ്രവേശിച്ചപ്പോൾ സുലൈഖ ആശ്ചര്യഭരിതയായിത്തീർന്നു് എന്തെന്നാൽ മുമ്പു തങ്ങളുടെ കുതിരകളുടെ കടിഞ്ഞാൺ പിടിച്ചിരുന്നവർ ഇപ്പോൾ കുതിരപ്പുറത്തിരിക്കുന്നതും കാസിം രാജകുമാരന്റെ ഉപയോഗത്തിനു് മറെറാരു കുതിരയെ തയ്യാറാക്കിനിർത്തിയിരിക്കുന്നതും അവൾ കണ്ടു അവളുടെ മന്ദമായ ചോദ്യത്തിനു ഹസ്സൻ ചുരുക്കത്തിൽ ഉത്തരം പറഞ്ഞു.

എന്റെ ചങ്ങാതികൾ, അവരും ഈ രാത്രിയിൽ തന്നെ എന്നോടൊപ്പം മാഹ്ഗലിന്റെ സേവനത്തെ ഉപേക്ഷിച്ചുപോകുന്നു?”

യാതൊന്നും മിണ്ടാതെ ആലി കൊടുത്ത ഒരു ഖഡ്ഗത്തെ ഉറയിൽ ഇട്ടശേഷം കാസിം തന്റെ പ്രണയിനിയെ മെല്ലെ ഉയർത്തി കുതിരപ്പുറത്തിരുത്തി, പിന്നെ താനും അശ്വാരൂഢനായി. റസ്തം, ഹസ്സൻ എന്നിവരും കുതിരപ്പുറത്തു കയറി. അവർ നാലുപേരും മുന്നിലും മററു രണ്ടുപേരും പിന്നിലുമായി അങ്കണത്തിലെ കവാടത്തിലേക്കു് അശ്വങ്ങളെ നടത്തി.

സുൽത്താന്റെ മുദ്രാംഗുലീയം കണ്ടു് വീണ്ടും വന്ദിച്ച സേനാനി ആദ്യത്തെ നാലുപേരെയും കടന്നുപോകാൻ അനുവദിച്ചു എങ്കിലും പിന്നിൽ വന്ന രണ്ടുപേരെ ഒരു ഉഗ്രമായ ചോദ്യത്തോടുകൂടി തടുത്തുനിറുത്തുകയാണു ചെയ്തതു. മിന്നൽവേഗത്തിൽ റസ്തം തിരിഞ്ഞു് തന്റെ ഖഡ്ഗത്തെ സേനാനിയുടെ തോളിൽ അർപ്പിച്ചുകൊണ്ടു സുലൈഖ ചൊല്ലിപ്പഠിപ്പിച്ചിരുന്ന മോതിരത്തെ ചൂണ്ടിക്കാണിച്ചു കഠിനസ്വരത്തിൽ പറഞ്ഞു.

"യാതൊന്നും ചോദിക്കരുതു്! നോക്കി അനുസരിക്കുവിൻ!" ആ സേനാധിപനാകട്ടെ ലജ്ജാക്രാന്തനായി അബീബിനേയും കൂട്ടുകാരനേയും അനുസരിച്ചിട്ടു് തലതാഴ്ത്തി.

ഒരു ചെറുവേഗത്തിൽ കുതിരകളെ ഓടിച്ചു് അവർ വെളിയിലത്തെ വാതലിൽ എത്തി, യാതൊരു പ്രതിബന്ധവും കൂടാതെ അതിനെയും കടന്നുപോയി. പ്രഭാതത്തിൻെറ അരുണച്ഛായ പൂർവദിഗ്രാകാമിനിയുടെ മുഖത്തെ സ്പർശിച്ചപ്പോൾ ധീരതയേറിയ ആ ചെറിയ സംഘം ധാരാനഗരത്തിലേയ്ക്കു് അതിവേഗത്തിൽ കുതിരകളെ പായിച്ചു പോകയായിരുന്നു.

## അദ്ധ്യായം ൰൭

# ഹസ്സൻെറ ത്യാഗം

"എൻെറ പ്രഭു തിരുമേനി ഏതു വേഷത്തിലാണു് ഈ പ്രഭാതകാലത്തു് സവാരി ചെയ്യുന്നതു്! അദ്ദേഹം ആജ്മീർ പ്രഭുവിൻെറ അമ്മൂമ്മയുടെ കാര്യസ്ഥനോ അതല്ല ചീനത്തെ ചക്രവർത്തിയാകാൻതന്നെ അദ്ദേഹം നിശ്ചയിട്ടുണ്ടോ?" മാഹ്മൂദിൻെറ അരമനയിൽ നിന്നു ഏകദേശം ഏഴുനാഴികദൂരത്തുള്ള രാജപാതയിൽ കാസിം രാജകുമാരൻെറയും സുലൈഖായുടെയും പിന്നിൽ മൂന്നു കുന്തപ്പാടു് അകലെയായി ആ പഴയ ചങ്ങാതിമാർ നാലുപേരും തോളോടുതോൾ ചേൻ സവാരി ചെയ്യുമ്പോൾ റസ്റ്റമിനെ കളിയാക്കാനായി അലിപറഞ്ഞതായിരുന്നു മേലുദ്ധരിച്ച വാക്യങ്ങൾ.

സംഭവങ്ങളെപ്പററി ഉടൻ മാഹ്മൂദിനു അറിവു കൊടുപ്പാൻ രക്ഷിഭടന്മാരുടെ അധിപൻ നിശ്ചയിക്കുന്നപക്ഷം ഉണ്ടാകാവുന്ന അനുധാവനത്തെ ദൂരത്താക്കുവാൻ വേണ്ടി അഞ്ചാറു നാഴിക അതികഠിനമായി സവാരി ചെയ്തതിൻെറ ശേഷം ആ ചെറുസംഘം പ്രഭാത സൂര്യൻെറ ഇളം കതിരുകളിൽ കളിച്ചും കൊണ്ടു് സാധാരണ വേഗത്തിൽ വാഹനങ്ങളെ നയിച്ചു കാസിമിനും സുലൈഖയ്ക്കും തമ്മിൽ വളരെ സംസാരിക്കാനുണ്ടായിരുന്നു എന്നുള്ളതു് ഊഹ്യമത്രേ; ഇതിനിടയിൽ മററു കൂട്ടുകാർ തമ്മിൽ ഓരോ നേരംപോക്കുകളും അവരുടെ ഭാവിയെ സംബന്ധിച്ചു് ഗൌരവമേറിയ ചില സംഗതികളും ഇടകലർന്ന ഒരു സംഭാഷണം നടന്നുകൊണ്ടിരുന്നു.

"നമുക്കു് നമ്മുടെ രംഗം മാററണം; സിന്ധുരാജ്യമാണു നമുക്കു പററിയ സ്ഥലം. അവിടെ കച്ചവടക്കാർ ധാരാളമുള്ളതുകൊണ്ടു് നമുക്കു നല്ല ആദായമുണ്ടാകും. ആജ്മീർ പ്രഭു തിരുമനസ്സിലെ സഹോദരൻ എന്തു പറയുന്നു? നിങ്ങൾ ഞങ്ങളോടു പങ്കുചേരുമോ, അതോ വൃതാവിലയ പകിട എറിവാൻ നിശ്ചയിച്ചിരിക്കയോണോ?" എന്നു് ഹസ്സൻ ചോദിച്ചു.

റസ്തം ഒരു മന്ദഹാസത്തോടുകൂടി തല കുലുക്കിക്കൊണ്ടു പറഞ്ഞു: "ഭാവിയെപ്പററി എനിക്കൊന്നും പറവാൻ നിവൃത്തിയില്ല. കാസിം രാജകുമാരൻ അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ എനിക്ക് ഒരു ഉദ്യോഗം തരാമെന്നു സമ്മതിച്ചിട്ടുണ്ട്, എന്നാൽ ഞാനതു സ്വീകരിക്കുന്ന കാര്യം സംശയമാണു്."

എന്റെ പിതാവു സത്യമായി നിങ്ങൾ ധാരയിൽ നിന്നും കഴിയുന്നതും വളരെ ദൂരത്തിരിക്കയാണു നല്ലതു്; അല്ലാത്ത പക്ഷം എപ്പോഴും വേഷം മാറി നടക്കുകതന്നെ വേണം. എന്നാൽ നിങ്ങൾ ഞങ്ങളോടു ചേരുന്നില്ലെങ്കിൽ പടിഞ്ഞാറൻ പ്രദേശങ്ങൾ വാക്കിനും കൈയ്യൂക്കും സാമർത്ഥ്യമുള്ള ഒരാൾക്കു പററിയ സ്ഥലങ്ങളാണു് അവിടത്തെ തുറമുഖങ്ങളിൽ കൊഴുത്ത പണമുള്ള വ്യാപാരികൾ ധാരാളമുണ്ടു്." എന്നു ഹസ്സൻ പറഞ്ഞു.

"റസ്തം വീണ്ടും പുഞ്ചിരിച്ചു എന്നാൽ പിന്നീടു് ആ വിഷയത്തെ തുടന്നില്ല. തന്റെ നമിക്കെതിരെ ബലമായ ശത്രുവിനെയും അതു തന്റെ ബുദ്ധിശക്തിയെ നേർവഴിക്കു തിരിക്കുമെന്നുള്ള ആഗ്രഹത്തെയും പററി ചങ്ങാതിമാരെ അറിയിക്കയെന്നുള്ളതു് അയാളുടെ പ്രകൃതത്തിനു ചേർന്നതല്ലായിരുന്നു. ഇപ്രകാരം ഒരു നിശ്ചയത്തിലേക്കു അവരുടെ മനസ്സിനെ ആകർഷിക്കാൻ ശ്രമിക്കണമെന്നുള്ള ഒരു ചിന്തയും അയാളുടെ ബുദ്ധിയിൽ കടന്നില്ല. ആ യാത്രയിൽ മിക്കവാറും സമയവും അയാളുടെ കണ്ണുകൾ തന്റെ പുരോഭാഗത്തിൽ സഞ്ചരിക്കുന്ന യുവമിഥുനത്തിൽ തന്നെ ഉറപ്പിക്കപ്പെട്ടിരുന്നു. ഇത്രമാത്രം ലാവണ്യവതിയായ ഒരു യുവതിയുടെ പ്രേമത്തെ കരസ്ഥമാക്കിയ ആ രാജകുമാരന്റെ നേരെ ഉൽഭൂതമായ അസൂയാശകലത്തോടു സമ്മേളിച്ചതുമായിരുന്നു ഈ നോട്ടം.

റസ്തമിന്റെ ഹൃദയത്തിൽ ദുർവിചാരത്തിന്റെ ബീജം കടന്നുകൂടി. സുൽത്താന്റെ രത്നാംഗുലീയം വീണ്ടെടുക്കാനുള്ള യത്നത്തിൽ കാസിം മരിച്ചുപോയി എന്നു വിചാരിക്കുക, എന്നാൽ ഫലമെന്തായിരിക്കും? അവളുടെ പ്രഥമദുഃഖം ശാന്തമായശേഷം റസ്തമിനുതന്നെ സുലൈഖയുടെ പ്രേമം സമാർജ്ജിക്കാൻ ഒരവസരം ലഭിക്കയില്ലായിരുന്നോ? അയാൾ കാസിംരാജകുമാരനെപ്പോലെതന്നെ സുന്ദരനും ഭുജപരാക്രമിയും ആയിരുന്നു ആഭിജാത്യവും വിദ്യാഭ്യാസവും നോക്കുകയാണെങ്കിൽ അയാൾ സ്വകുടുംബത്തിനുവേണ്ടി തന്റെ അച്ഛനമ്മമാർ ആരെന്നുള്ളതു് ഒരു രഹസ്യമായിത്തന്നെവച്ചുകൊണ്ടിരിക്കയാണു്. രത്നാംഗുലീയം വീണ്ടെടുക്കുന്ന കാര്യത്തിൽ അയാൾ പ്രധാനമന്ത്രിക്കു് വിലതീരാത്ത ഉപകാരവും ചെയ്തിരുന്നു; എന്തെന്നാൽ, വാസ്തവത്തിൽ അതിനെ വീണ്ടും അപഹരിച്ചതു ഹസ്സനാണെങ്കിലും അയാളെ അതിലേക്കു പ്രേരിപ്പിച്ചതു റസ്തമാണെന്നും, റസ്തമിന്റെ സഹായമില്ലായിരുന്നുവെങ്കിൽ മാഹ്ഫൂസിന്റെ അരമനയിലേക്കുള്ള സുലൈഖയുടെ യാത്ര നിഷ്ഫലമായിത്തീരുമായിരുന്നു എന്നും ഉള്ള വസ്തുത അനപലപനീയമായിരുന്നു. നിശ്ചയമായിട്ടും ഇതു് അയാളുടെ പൂർവ്വാപരാധങ്ങൾക്കു് ഒരു പ്രതിശാന്തിയായി ഗണി

ക്കപ്പെടാവുന്നതാണ്"; വിശേഷിച്ചും തന്റെ പഴയ ജീവിതത്തെ ഉപേക്ഷിയ്ക്കുന്നുള്ള അയാളുടെ നിശ്ചയത്തെ ആലോചിക്കുമ്പോൾ അവ നിസ്സംശയം ക്ഷന്തവ്യങ്ങളും ആയിരുന്നു: അയാൾ ഈ രീതിയിൽ തന്റെ മനസ്സിഷ്ടത്തെ പ്രവർത്തിച്ചപ്പോൾ കാസിമിനെ സ്വതന്ത്രനാക്കിയിരുന്നില്ലെങ്കിൽ എന്തായിരിക്കുമായിരുന്നു എന്നുള്ള ചിന്ത നിശീഥിനിയോടൊപ്പം ഇരുണ്ട ഒരാശയായി പരിണമിച്ചു. ഇതിനുശേഷം റസ്റ്റം തന്റെ ചങ്ങാതിമാരുടെ വിനോദസംഭാഷണത്തിൽ പങ്കുകൊണ്ടില്ല; എന്തെന്നാൽ തുറിച്ച മിഴികളോടും ഭാരംപേറിയ ഹൃദയത്തോടുംകൂടി അയാൾ, തന്റെ പുരോഭാഗത്തിൽ സഞ്ചരിക്കുന്ന മിഥ്യനത്തിൽ തന്നെ ദൃഷ്ടിയുറപ്പിച്ചുകൊണ്ട് പിശാചിനാൽ പ്രേരിതനായി കുതിരയെ ഓടിച്ചു.

അവർ മിക്കവാറും പകുതിവഴി ദൂരം ചെന്നപ്പോൾ ഹസ്സന്റെ സ്വരം റസ്റ്റമിന്റെ ചിന്താഗതിയെ ഭേദിച്ചു. "എന്റെ സഹോദരന്മാരെ പിന്നോട്ടു നോക്കുവിൻ. എന്റെ ഊഹം തെററല്ലെങ്കിൽ, നമ്മെ ശത്രുക്കൾ അനുധാവനം ചെയ്യുന്നുണ്ട്."

കുതിരപ്പുറത്തിരുന്നുകൊണ്ടുതന്നെ തിരിഞ്ഞുനോക്കിയപ്പോൾ ഒരു നാഴിക പിന്നിലുള്ള ചില പാറകളുടെ മറവിൽനിന്നും പുറപ്പെട്ട ഒരു സംഘം അശ്വഭടന്മാർ തങ്ങളുടെ പിന്നാലെ അതിവേഗത്തിൽ പാഞ്ഞുവരുന്നതു് അവർ കണ്ടു. ഹസ്സന്റെ കുതിര ചാടിക്കളിച്ചും കാസിമിന്റെ അശ്വത്തോടു ചേർന്നുനിന്നു. ഉടനെ ആ രാജകുമാരൻ പ്രണയകഥാപ്രസംഗത്തിൽനിന്നും യാത്രയുടെ കർക്കശമായ യാഥാർത്ഥ്യങ്ങളിലേക്ക് വലിക്കപ്പെട്ടു. അവർ അതിവേഗത്തിൽ വാഹനങ്ങളെ പലായനം ചെയ്യിച്ചു. ഈ സംരംഭം ശത്രുക്കൾ കണ്ടതായി പിന്നിൽനിന്നും ഉണ്ടായ അവരുടെ ഉൽഘോഷങ്ങൾ തെളിയിച്ചു.

റസ്റ്റം ജീനിയിൽ കുമഞ്ഞുകിടന്നു് ശിരസ്സിനെ കുതിരയുടെ ഗളത്തിൽ അപ്പിച്ചുകൊണ്ട് പകുതിതിരിഞ്ഞു കുറേനേരം പിന്നിലേക്കുതന്നെ നോക്കിക്കൊണ്ടിരുന്നു. "കുറഞ്ഞതു് ഇരുപതുപേരെങ്കിലും വരും. അവർക്കു പിടി കൊടുക്കാതെ കഴിക്കമാത്രമേ നമുക്കു ഗതിയുള്ളു" എന്നയാൾ പറഞ്ഞു.

സുലൈഖയ്ക്കു ധൈര്യപ്രദമാകുംവണ്ണം കാസിം മന്ദഹസിച്ചു "പ്രിയതമേ ഭയപ്പെടരുതു്. ഒരു ദ്വന്ദയുദ്ധത്തിനു തന്നെ ഇടവന്നാലും ഞങ്ങളുടെ മണ്ഡലാഗ്രങ്ങൾ നിശിതങ്ങളും ഭുജങ്ങൾ ശക്തിമത്തുക്കളും ആകുന്നു. ഭവതിയുടെ ശിരസ്സിലെ ഒരു രോമത്തിനുപോലും കേടു വരുന്നതല്ല."

സുലൈഖ പുഞ്ചിരിച്ചു. തന്റെ കാമുകൻ അത്യുഗ്രമായ ഒരാപത്തിനെ നിസ്സാരമാക്കിപ്പറഞ്ഞു തന്നെ ധൈര്യപ്പെടുത്താൻ ശ്രമിച്ചതാണെന്നു് സുലൈഖ നല്ലവണ്ണം അറിഞ്ഞിരുന്നു. അതുകൊണ്ടു് താൻ ഭീരുവാണെന്നു് കാണിച്ചു് അദ്ദേഹത്തിന്റെ അസ്വാസ്ഥ്യഭാരത്തെ വർദ്ധിപ്പിക്കാൻ അവൾ തുനിഞ്ഞില്ല. "അവർ മാലിക്കിന്റെ കൊട്ടാരത്തിൽ ഉള്ളവരാണോ?" എന്നവൾ ചോദിച്ചു.

"അല്ലാ കവർച്ചയ്ക്കായി നടക്കുന്ന ഒരു കൂട്ടം കാട്ടുകള്ളന്മാർ മാത്രമാണു്."

"ഹസ്സൻ, അവരെ നിങ്ങൾക്കു പരിചയമില്ലേ? ഈ വ്യാജവേഷം കളഞ്ഞു് നിങ്ങൾ ആരാണെന്നു് അവരെ മനസ്സിലാക്കിയാൽ മണലാരണ്യത്തിലെ സഖ്യം അവരുടെ ആക്രമണത്തിനു ബാധകമായിത്തീരുകയില്ലേ?" എന്നു സുലൈഖ ചോദിച്ചു.

ഹസ്സൻ തലകുലുക്കിക്കൊണ്ടു പറഞ്ഞു, "അവർ ഒരു ശത്രുസംഘമാണു് ദേവി, എന്നെ ആളറിഞ്ഞാൽ അതു് അവൎക്കു് കുറേക്കൂടി ആനന്ദത്തിനു കാരണമായിത്തീരും. ഇപ്പോൾതന്നെ അവർ ആലിയേയും അബ്ബിബിനേയും മനസ്സിലാക്കിയിരിക്കും, എന്നിട്ടും അവർ അനുധാവനത്തെ നിറുത്തുന്നില്ലെന്നു് ഭവതി കാണുന്നില്ലേ?"

"നമ്മുടെ പണസഞ്ചികളും—ആഭരണങ്ങളും കൊടുത്താൻ ഒരു സമരത്തെ ഒഴിക്കാമെങ്കിൽ അങ്ങനെ ചെയ്യുന്നതു് എനിക്കു പൂൎണ്ണസമ്മതംതന്നെ, എന്തെന്നാൽ നിങ്ങളാരും ഇനിയും ആപത്തിൽ ചെന്നു ചാടുന്നതു് എനിക്കു തീരെ ഇഷ്ടമില്ലാത്ത ഒരു കാൎയ്യമാണു്. എന്നാൽ നിശ്ചയമായിട്ടും സുൽത്താൻെറ രത്നാംഗുലീയത്തെ ഒരു നോക്കു കണ്ടാൽ, അവർ തസ്കരന്മാരെങ്കിലും നമ്മെ നിർബാധം പോകാനനുവദിക്കും. അവർ അതിലോ അതു ധരിക്കുന്നവരിലോ ആദരഹീനമായ ഹസ്തത്തെ അൎപ്പിക്കാൻ ധൈൎയ്യപ്പെടുകയില്ല."

"അതു നിശ്ചയമായി പറയാൻ നിവൃത്തിയില്ല ദേവി, എന്തെന്നാൽ ഈ വൎഗ്ഗത്തിനേ ഒരുത്തനും വിശ്വസിക്കാൻ പാടില്ല. അതുകൊണ്ടു് പലായനം തന്നെയാണു് നമുക്കു ശരിയായ രക്ഷാമാർഗ്ഗം," എന്നു് ഹസ്സൻ ഉത്തരം പറഞ്ഞു. (പിന്നീടു് സുലൈഖ കേൾക്കാതെ മന്ദസ്വരത്തിൽ) "നാം വഹിച്ചിരിക്കുന്ന നിധി ഏതുമാതിരിയിലുള്ളതെന്നറിയാൻ അവർ താമസിക്കുന്നതിനു മുമ്പായി അവരുടെ കുന്തങ്ങൾ നമ്മുടെ മുതുകിൽ തറയ്ക്കും. ഇത്രയും രക്താസക്തിയുള്ള ഒരുകൂട്ടം കഴുത്തറുപ്പന്മാർ മാവളത്തിലെ മരുഭൂമികളെ മുമ്പൊരിക്കലും ബാധിച്ചിട്ടില്ല. ഇങ്ങനെയൊരു കുററം എൻെറ സംഘത്തിൽ ഒരിക്കലും ആരോപിക്കപ്പെടാവുന്നതല്ല. എൻെറ പിതാവിൻെറ കാടി സത്യമായി ആ കള്ളന്മാർ നമ്മോടടുത്തുവരുന്നല്ലോ. അവരുടെ അശ്വങ്ങൾ നമ്മുടെ കുതിരകളെപ്പോലെ ക്ഷീണിച്ചിരിക്കയില്ല."

അവർ പൂരപത്തനത്തിൻെറ ഭയങ്കരധ്വനിയെ ഉല്ലാദിപ്പിച്ചുകൊണ്ടു് തങ്ങളുടെ വാഹനങ്ങളെ പായിച്ചു. ശത്രുക്കളാകട്ടെ അടുത്തു വരുന്തോറും അവരുടെ ഘോഷവും ഭയാനകമായി കേൾക്കപ്പെട്ടു,

ഹസ്സൻ തൻെറ തോളുമ്മേൽക്കൂടി വീണ്ടും തിരിഞ്ഞുനോക്കി. അയാൾ പറഞ്ഞു. "റസ്റ്റം, ഒന്നരനാഴിക ദൂരത്തായി കാണുന്ന ആ മലയിടുക്കിൽ ചെന്നു ചേൎന്നാൽ രണ്ടാളുകൾക്കു അവിടെ നിന്നുകൊണ്ടു് ഏകദേശം

ഇരുപതുപേരെ തടുക്കാമെന്നു നിങ്ങൾ വിചാരിക്കുന്നില്ലേ? ഇതിനിടയിൽ സുലൈഖാദേവിക്കു് സുൽത്താൻ തിരുമേനിയുടെ രത്നമോതിരവുംകൊണ്ടു് ധാരാനഗരത്തിൽ എത്താമല്ലോ?"

റസ്റ്റം അനുധാവനത്താൽ ക്ഷുഭിതനായിട്ടു് തല കുലുക്കിക്കൊണ്ടു പറഞ്ഞു.

"എന്റെ പിതാവിന്റെ ഖഡ്ഗത്താണ സത്യം ആ മലയിടുക്കിൽ ചെന്നു പററിയാൽ മതി നമുക്കവരെ എതിർക്കാം. പക്ഷേ എനിക്കുതെററിപ്പോയില്ലെങ്കിൽ, നാം അത്രയും ദൂരം എത്തുന്നതിനു മുമ്പുതന്നെ അവർ നമ്മുടെ മേൽ ചാടിവീഴുമെന്നാണു് എനിക്കു തോന്നുന്നതു്."

അങ്ങനെയാണെങ്കിൽ ഹസ്സൻ സത്വരത്തോടുകൂടി പറഞ്ഞു, "നിങ്ങളുടെ കുതിരയെ സുലൈഖാദേവിയുടെ കുതിരയോടടുപ്പിച്ചു നിർത്തുകയല്ലേ നല്ലതു്? ദേവിയുടെ ഇരു പുറവും ഓരോ ആൾ നിൽക്കുന്നതു് നിശ്ചയമായിട്ടും വലിയ രക്ഷയാണു്?"

റസ്റ്റം വേഗത്തിൽ ഓടിച്ചു് കുതിരയെ സുലൈഖയുടെ ഇടതുവശത്തു കൊണ്ടുവന്നു. ദേവി ഒന്നര നാഴികയ്ക്കപ്പുറം കാണുന്ന പാറക്കൂട്ടത്തിന്റെ മദ്ധ്യേയുള്ള മലയിടുക്കിലേയ്ക്കാണു് നാം ഇപ്പോൾ ബദ്ധപ്പെട്ടുപോകുന്നതു്. പാറകളുടെ ഇടയിലേക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു് റസ്റ്റം പറഞ്ഞു. "അവിടെ രക്ഷയ്ക്കവകാശമുണ്ടു്, എന്തെന്നാൽ അവിടെ നമ്മുടെ നില സുരക്ഷിതമാക്കിക്കൊണ്ടു് ഏതാക്രമണത്തെയും നമുക്കു് തോല്പിയ്ക്കാം"

സുലൈഖ ആശ്വാസസൂചകമായി ഒന്നു നിശ്വസിച്ചു, എങ്കിലും അനുധാവനം ചെയ്യുന്നവർ അടുത്തു എന്നു കണ്ടപ്പോൾ ഭയംകൊണ്ടു നെടുവീർപ്പിട്ടു. പിന്നിൽ നിന്നും ഒരു പ്രശാന്തമായ സ്വരം അവളുടെ ചെവിയിൽ പതിച്ചു "ദേവി, ബഹുമാനപ്പെട്ട രാജകുമാരാ, ഞാൻ ഇതാ മംഗളമാശംസിക്കുന്നു. അള്ളാവു് നിങ്ങൾ രണ്ടുപേരെയും യാതൊരു ഹാനിയും കൂടാതെ ധാരാനഗരത്തിൽ എത്തിക്കട്ടെ ദമ്പതികളായി ചിരകാലം സൌഖ്യപൂർണ്ണമായ ജീവിതം നയിക്കാൻ നിങ്ങൾക്കു സംഗതിയാകട്ടെ. പഴയ ചങ്ങാതികളെ നിങ്ങൾക്കും മംഗളം ഭവിക്കട്ടെ! മണലാരണ്യത്തിലെ ഹസ്സൻ ഇതാ താൻ ചെയ്ത അപരാധത്തിനു പ്രതിശാന്തി ചെയ്‌വാൻ പോകുന്നു.

മുമ്പേ പോയ മൂന്നുപേരും അത്ഭുതാക്രാന്തരായി ഞെട്ടി പിന്നിലേക്കു നോക്കിയപ്പോൾ ഹസ്സൻ തന്റെ കുതിരയെ തിരിച്ചു് വാളിളക്കി ചിരിച്ചുകൊണ്ടു് പാഞ്ഞുചെന്നു ശത്രുവിനോടേൽക്കുന്നതു അവർ കണ്ടു. തനിച്ചായിരുന്നു അയാൾ പുറപ്പെട്ടതു്. എന്നാൽ തനിച്ചല്ല വൈരികളുടെ സമീപത്തു് ചെന്നുചേർന്നതു്. മണലാരണ്യത്തിലെ സാഹോദര്യം അതിന്റെ കൈതവഹീനതയെ പ്രദർശിപ്പിച്ചു, എന്തെന്നാൽ ഒരാളെന്നപോലെ അബിബും അലിയും കുതിരകളെ തിരിച്ചു് പിൻതുടർന്നെത്തി തങ്ങളുടെ നായകനായിരുന്ന ആ വീരന്റെ സമീപത്തിൽ ജീനിയോടു ജീനി ചേർന്നു വാഹനങ്ങളെ പായിച്ചു.

ചെവിയെ തുളയ്ക്കുന്ന ഒരു രോദനത്തോടുകൂടി സുലൈഖ തൻെറ കുതിരയുടെ കടിഞാൺ പിന്നോട്ടു വലിച്ചു, എന്നാൽ ഒരേ സമയത്തിൽതന്നെ കാസിം, ഒരു വശത്തും റസ്തം മറു വശത്തുമായി മുന്നോട്ടു ചാഞ്ഞു രശ്മിഗ്രഹണം ചെയ്തു അവളുടെ അശ്വത്തെ പുരോഭാഗത്തേയ്ക്കു വീണ്ടും പ്രചോദനം ചെയ്തു.

"ഭവതി തനിയെ കൊണ്ടുപോയാലും ശരി, മോതിരം ധാരാനഗരത്തിൽ എത്തണം, കാസിം ഇടറിയ സ്വരത്തിൽ വിളിച്ചു പറഞ്ഞു, "സുലൈഖാ പിന്നിലേയ്ക്കു നോക്കരുത്. മുമ്പിൽ കാണുന്ന ആ മലയിടുക്കിൽ എത്താം!"

ബാഷ്പം നിറഞ്ഞ കണ്ണുകളോടുകൂടി സുലൈഖ തൻെറ ശിരസ്സിനെ അശ്വത്തിൻെറ കേസരങ്ങളിൽ ചരിച്ചുവച്ചു. അനന്തരം ഇടിനാദം പോലെ, ആ രണ്ടു സംഘത്തിൻെറയും പരസ്പരസംഘട്ടനംനിമിത്തമുള്ള ധ്വനി അവരും കേട്ടു. ഘോഷങ്ങളും ആയുധക്വാണിതവും അശ്വങ്ങളുടെ ഭയങ്കരഹേഷാരവവും ചെവി പൊട്ടുന്ന പോർവിളികളുംകൊണ്ട് അവിടമെങ്ങും മറെറാലിക്കൊണ്ടു.

കാസിം, റസ്ററം എന്നിവർ ഗതിവേഗം കുറയ്ക്കാതെ തന്നെ പിന്നോട്ടു തിരിഞ്ഞുനോക്കി. "ദീർഘദർശിയുടെ ശവകുടീരം സത്യമായി അവർ ആവിഷ്ടന്മാരെന്ന പോലെ പോർ ചെയ്യുന്നു. എപ്പോഴെങ്കിലും മൂന്നു പേർ ഇരുപതാളുകളോടെതിരിട്ടുണ്ടോ_ഹസ്സൻെറ ഖഡ്ഗം പ്രഭകൊണ്ടുള്ള ഒരു വൃത്തംപോലെ അയാളുടെ തലയ്ക്കുചുററും കാണപ്പെടുന്നു; പിന്നെ അബ്ബിബിൻെറ വാളും ഒരിക്കൽ ഒരു വശത്തും പിന്നെ മറെറാരു വശത്തുമായി കളിക്കുന്നു. നല്ലവെട്ട്! ഹാ! ആലി ദ്വന്ദയുദ്ധത്തിൽ വിജയിയായി ഇതാ ആ കള്ളന്മാരുടെ ഒരു പക്ഷത്തെ ആക്രമിക്കുന്നു.—നല്ലവേല! ധൈര്യം തികഞ്ഞ ചങ്ങാതിമാരേ പൊരുതുവിൻ ഹാ! അയാളും താഴെ വീണു, അബ്ബിബും അയാളോടുകൂടി തന്നെ ഇതാ വീഴുന്നു.

ഒരു വിഷാദമറിയ മാർഗ്ഗത്തിൽ കൂടി തൻെറ കുതിരയെ നയിക്കാനായി റസ്തം സ്വനേത്രങ്ങളെ വീണ്ടും മുന്നിലേക്കു തിരിച്ചു ഒരുകൂടി പിന്നോട്ടു തിരിഞ്ഞുനോക്കിയപ്പോഴും ഹസ്സൻ കുതിരപ്പുറത്തുനിന്നും മറിഞ്ഞു താഴെ വീഴുന്നതും തങ്ങളുടെ ചങ്ങാതിമാരിൽ വളരെപ്പേർ നഷ്ടപ്പെട്ടതുകൊണ്ടു ദ്വിഗുണീഭവിച്ചു ക്രോധത്തോടുകൂടിയ ഒരു കൂട്ടം ഘാതകന്മാർ ഉത്തരക്ഷണത്തിൽ അയാളെ വളയുന്നതും റസ്തമിൻെറ ദൃഷ്ടിയിൽപ്പെട്ടു. ദീർഘവും ഭയങ്കരവുമായ ഒരു വന്യഗർജ്ജനം മുഴങ്ങി, ഉടൻ എല്ലാം നിശ്ശബ്ദമായി. ഗൃദ്ധ്രങ്ങൾ ചാടുവാനുള്ള ഒരുക്കത്തോടെ ആകാശത്തിൽ തങ്ങി നിന്നു.

ഒരേ പ്രേരണത്താലെന്ന പോലെ കാസിംരാജകുമാരൻ റസ്തം എന്നിവർ തങ്ങളുടെ കൃപാണങ്ങളെ ഉയർത്തി അഭിവാദ്യംചെയ്തു. "അതു് ഒരു മഹനീയമായ കർമ്മമത്രേ" രാജകുമാരൻ പറഞ്ഞു. മർത്ത്യനു ഒററകർമ്മം കൊ

ണ്ടു് തന്റെ ജീവിതകാലത്തിലെ സകല ദുഷ്കൃത്യങ്ങൾക്കും പ്രതിശാന്തി ചെയ്‌വാൻ സാധിക്കുമെങ്കിൽ, അതു് ഇന്നു നമ്മുടെ കൺമുമ്പിൽ വച്ചാണു ചെയ്യപ്പെട്ടിട്ടുള്ളതു്. അല്ലാവു അവർക്കു് ശാന്തിയെകൊടുക്കട്ടെ.

അനുധാവനത്തെ വിളംബരപ്പെടുത്തുവാനായി അവർ ഉദ്ദേശിച്ച കാര്യം അവർ സാധിച്ചു കഴിഞ്ഞു" റസ്റ്റം പറഞ്ഞു "നോക്കണം, ആ മലയിടുക്കു് ഇവിടെ നിന്നും അരനാഴികയിൽ കുറഞ്ഞ ദൂരത്താണു്; പിന്നെ ഈ കൊള്ളക്കാർ ഇനി നമ്മെ പിൻതുടരുമോ എന്നുള്ള കാര്യം സംശയമായിട്ടും തോന്നുന്നു. അവരുടെ കൂട്ടത്തിൽ കുറഞ്ഞതു് ആറു പേരെങ്കിലും താഴത്തു കിടക്കുന്നതു ഞാൻ കണ്ടു. ശേഷിച്ചതിൽ വളരെപ്പേർക്കു് മുറിവേററിട്ടുണ്ടെന്നുള്ളതിനു സംശയമില്ല."

ഇത്രയും പറഞ്ഞു നിർത്തുന്നതിനു മുമ്പായി അയാളുടെ കുതിര അതിന്റെ പാദത്തെ ഒരു ദ്വാരത്തിൽ അകപ്പെടുത്തുകയാൽ തന്റെ യജമാനനെയും കൊണ്ടു് ഘനത്തിൽ നിലംപതിച്ചു. തറയിൽ അഞ്ചാറു തവണ ഉരുണ്ടു് ഒരു വിധത്തിൽ എഴുനേററു നിന്നുകൊണ്ടു് റസ്റ്റം പറഞ്ഞു.

"യാത്രതുടർന്നുകൊള്ളുക! അതിന്റെ കാൽ ഒടിഞ്ഞുപോയി. അതിനു ഇനി എന്നെ ചുമന്നുകൊണ്ടു് ഓടി നടക്കാൻ വയ്യാ — മുന്നോട്ടു് — ഞാൻ നടന്നു വന്നുകൊള്ളാം."

കാസിം സുലൈഖ എന്നിവർ ഇതിനകം കടിഞ്ഞാൺ വലിച്ചു കുതിരകളെ നിർത്തിക്കഴിഞ്ഞിരുന്നു. "എന്റെ അങ്കപടിയിൽ പിടിച്ചുകൊൾക" കാസിം പറഞ്ഞു "അങ്ങനെ നിങ്ങൾക്കു് കുറെക്കൂടി വേഗം യാത്രചെയ്യാം. ഹാ! ആ നായ്ക്കൾ നമ്മുടെ അപകടം കണ്ടു, അതുകൊണ്ടു് അതാ അനേകം പേർ അനുധാവനത്തെ തുടരുന്നു. അല്ലാവു ശരണം! ഈ ശനികൾ നമ്മെ വിട്ടുപോയി എന്നാണു ഞാൻ വിചാരിച്ചതു്."

അതെല്ലാം യഥാർത്ഥമായിരുന്നു തസ്കരസംഘത്തിനു് നേരിട്ടനഷ്ടം സീമാതീതമായിരുന്നതിനാൽ വീണ്ടും അനുധാവനം തുടരണമെന്നുള്ള ചിന്തയെല്ലാം ഉപേക്ഷിക്കപ്പെട്ടിരുന്നു. എങ്കിലും ശേഷിച്ച മൂന്നുപേരിൽ ഒരാൾക്കു് നടക്കാനല്ലാതെ നിവൃത്തിയില്ലെന്നു കണ്ടപ്പോൾ വിജയം എളുപ്പത്തിൽ കരസ്ഥമാകുമെന്നു തീർച്ചപ്പെടുത്തിക്കൊണ്ടു കൊള്ളക്കാരിൽ ഏഴുപേർ വീണ്ടും ജീനിയിൽ ചാടിക്കയറി. മററുള്ളവർ മൃതന്മാരെ സംസ്കരിക്കാനും മുറിവേററവരെ ശുശ്രൂഷിപ്പാനും ഏർപ്പെട്ടു.

"അല്ലാവു ജയിക്കട്ടെ!" മലയിടുക്കിൽ എത്തിയപ്പോൾ കാസിം രാജകുമാരൻ പറഞ്ഞു. "സുലൈഖ, ഞങ്ങളെപ്പററി വിചാരിക്കരുതു്. ഇരുവശത്തും പാറകളാൽ അഭയം അരുളപ്പെട്ട ഞങ്ങൾ സുരക്ഷിതന്മാരാണു്: ഭവതി ധാരാനഗരത്തിൽ ചെന്നു ചേരുന്നതുവരെ ഇതിലേ ആരും കടന്നു[illegible]യുമില്ല. വേഗം കുതിരയെ ഓടിച്ചുപൊയ്ക്കൊൾക, അല്ലെങ്കിൽ ഹസ്സ[illegible] കൂട്ടരും ചെയ്ത ത്യാഗം നിഷ്ഫലമായി പരിണമിക്കും."

അനന്തരം അദ്ദേഹം താഴത്തിറങ്ങി അവളെ മൃദുവായി ആലിംഗനം ചെയ്തു.

"വീണ്ടും അവിടത്തെ ജീവാപായം നേരിടത്തക്ക സ്ഥിതിയിൽ ആക്കിയിട്ടു ഞാൻ പോകുന്നതു കുറെ കഠിനമാണ്," സുലൈഖ വികാരതരളിതമായി പറഞ്ഞു. "ഞാൻ കേവലം ഒരു പെൺകുട്ടിമാത്രമാണ്; എങ്കിലും ആക്രമണം ഭീഷണി കാട്ടുമ്പോൾ എണ്ണത്തിൽ ഒന്നുകൂടെയായി. മറ്റൊന്നും ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും ശത്രുക്കളുടെ നേരെ കുറെ കല്ലെറിയാൻ എന്നെക്കൊണ്ടു സാധിക്കും ഞാൻ അവിടത്തെ കൂടെ നില്ക്കട്ടെ."

കാസിം സ്ഥിരനിശ്ചയത്തോടെ തലകുലുക്കി. "ഭവതിയുടെ പിതാവ് ആപത്തിലാണ്; ഇനിയും അബദ്ധത്തിൽ സുൽ[illegible]ന്റെ മോതിരം നഷ്ടമാകുന്നപക്ഷം നമ്മുടെ ഈ വലിയ പ്രയത്നമെല്ലാ[illegible]ിഷ്ഫലമായിത്തീരും. ഭവതിയുടെ യാത്രയെ സുരക്ഷിതമാക്കാൻവേണ്ടി [illegible] പാതയെ കാത്തുനില്ക്കണമെന്നു ഞങ്ങളോടാജ്ഞാപിക്കുന്ന ആ കർത്തവ്യം തന്നെയാണ് കാലതാമസംകിനാ മോതിരത്തെ ധാരാനഗരത്തിൽ എത്തിക്കണമെന്ന് ഭവതിയോടു ആജ്ഞാപിക്കുന്നതു്. പ്രിയതമേ! ഇനി പോവുക, എന്തെന്നാൽ ഓരോ നിമിഷനേരത്തെ വിളംബവും വിഷമത്തെ വർദ്ധിപ്പിക്കുകയാണു ചെയ്യുന്നതു്; പിന്നെ റസ്തമിനും എനിക്കും ശത്രുക്കളുടെ ആക്രമണത്തെ നേരിടുവാൻ ഒരുങ്ങേണ്ടിയും ഇരിക്കുന്നു.

അവർ വീണ്ടും ആലിംഗനം ചെയ്തു.

"റസ്തം, എനിക്കും എന്റെ പിതാവിനുംവേണ്ടി നിങ്ങൾ ചെയ്ത എല്ലാ ഉപകാരങ്ങൾക്കും അള്ളാവു നിങ്ങൾക്കു പ്രതിഫലം തരട്ടെ" എന്നു സുലൈഖ പണിപ്പെട്ടു പറഞ്ഞു; എന്നാൽ റസ്തം പാറകളാകുന്ന പീരങ്കിയുണ്ടകളെ ശേഖരിക്കുന്നതിൽ ജാഗരൂകനായി പുറം തിരിഞ്ഞു നിന്നതിനാൽ അവൾ പറഞ്ഞതു കേട്ടില്ല.

അവസാനമായ ഒരു കടാക്ഷം പ്രധാനമന്ത്രിയുടെ പുത്രി അവളുടെ കാമുകന്റെ നേർക്കയച്ചു; അനന്തരം അവൾ തന്റെ കുതിരയുടെ ശിരസ്സിനെ ധാരാ നഗരത്തിലേക്കു തിരിച്ചു.

പാറകളുടെ ഇടയിലുള്ള ഒരു വളവിൽ അവൾ മറയുന്നതുവരെ കാസിം നോക്കിക്കൊണ്ടുനിന്നു. പിന്നെ അവളുടെ ക്ഷീണിച്ച അശ്വത്തിന്റെ ഖുരധ്വനി മാർഗ്ഗദൂരത്തിൽ അസ്തമിച്ചു. അദ്ദേഹത്തിന്റെ നേത്രങ്ങളിൽ വാത്സല്യജനിതമായ ഒരു കാന്തി മിന്നിക്കൊണ്ടിരുന്നു—താൻ പരാജിതനായ ഒരു വിഷമകർമ്മം കയ്യേറ്റ ആ പെൺകിടാവിനെക്കുറിച്ചുള്ള ബഹുമാനവും പ്രേമവും അദ്ദേഹത്തിന്റെ മിഴികളിൽ നിറഞ്ഞു തുളുമ്പി.

പാറകൾ ശേഖരിച്ചുകൊണ്ടുനിന്ന റസ്തം ഇതുകണ്ടു. വീണ്ടും അസൂയപിശാച് അയാളുടെ ഹൃദയത്തിൽ ചാടിക്കയറി.

## അദ്ധ്യായം ൩൨

# മണൽക്കാട്ടിൽ വച്ചുണ്ടായ സമരം

മാംസഭക്ഷകളായ ക്രൂരവിഹംഗമങ്ങളെ പോലെ കഠിനമായി ഗർജ്ജിച്ചുകൊണ്ടു ആ കവർച്ചക്കാർ ക്രമപ്രവൃദ്ധമായ വേഗത്തിൽ മുന്നോട്ടടുത്തു ഒടുവിൽ ഒരു ചുഴലിക്കാററിൻെറ ഊക്കോടുകൂടി മലയിടുക്കിൽ പതിച്ചു. ഒരു ജീവിപോലും അവരുടെ കണ്ണുകളിൽപെട്ടില്ല. എന്നാൽ മുകളിൽ എവിടെനിന്നോ ഒരു വലിയ കല്ല് ഉച്ചമായ രവത്തോടുകൂടി ആദ്യത്തേ സാദിയുടെ വളരെ അടുത്തുവന്നു വീണു. ഭയപ്പെട്ട കുതിരകൾ പിൻകാലിന്മേൽ നിന്നുകൊണ്ടു് ഒരു വശത്തേയ്ക്കു മാറുവാൻ ശ്രമിച്ചു. എന്നാൽ അവിടെ സ്ഥലമില്ലാതിരുന്നതുകൊണ്ടും റസ്റ്റമിനാൽ പ്രയോഗിക്കപ്പെട്ട മറെറാരു ശിലാശസ്ത്രം തസ്കരന്മാരിൽ ഒരുവൻെറ തോളിൽ ഏററു് അവനെ മിക്കവാറും അവശനാക്കിയതിനാലും അവർ അന്ധമായ സംഭ്രമത്തോടുകൂടി ക്ഷണനേരത്തിൽ പിൻതിരിഞ്ഞു.

തറയിൽ നിന്നും മുപ്പതടി പൊക്കമുള്ള ഒരു സ്ഥാനത്തു നിന്നിരുന്ന റസ്റ്റമിൻെറ നിന്ദാസൂചകമായ അട്ടഹാസത്താൽ അനുധാവനം ചെയ്യപ്പെട്ടവരായിട്ടു അവർ ഇരുന്നൂറടി നീളവും എന്നാൽ പന്ത്രണ്ടടി മാത്രം വീതിയും ഉള്ള ആ പർവ്വതമാർഗ്ഗത്തിൽ നിന്നും പിൻവാങ്ങി. "മറെറയാളും—ആ പെൺകിടാവും എവിടെ?" ആ സംഘത്തിലെ നായകൻ ചോദിച്ചു. അവർ അധികദൂരം പോയിരിക്കാൻ ഇടയില്ല, എന്തെന്നാൽ അവരുടെ കുതിരകൾ മിക്കവാറും പരവശപ്പെട്ടിരുന്നു. പിന്നെ ആ പാറകളുടെ മുകളിൽ കയറി കടന്നുപോകാൻ പെൺകുട്ടിക്കു ശക്തിയും ഉണ്ടെന്നു തോന്നുന്നില്ല."

"യജമാനനേ അവർ ഇപ്പോൾ നമ്മുടെ കയ്യിൽ നിന്നും രക്ഷപ്പെട്ടു് അതിവേഗത്തിൽ പാഞ്ഞുപോകയായിരിക്കും, അതിനു സംശയമില്ല. കുതിരനഷ്ടപ്പെട്ട ആതിനിടയിൽ നല്ല സൌകര്യമുള്ള ഒരു സ്ഥാനത്തു പററി നമ്മുടെ ഗതി മുടക്കാൻ യത്നിക്കയാണു്," എന്നു ഒരു കള്ളൻ മറുപടി പറഞ്ഞു.

"എന്നാൽ നിങ്ങളിൽ രണ്ടുപേർ കുതിരപ്പുറത്തു നിന്നിറങ്ങി കയ്യിൽ കുന്തവുമായി കുന്നുകയറി അയാളുടെ നേരെ ചെല്ലുക. കഴിയുമെങ്കിൽ അവനെ തള്ളിത്താഴത്തിടണം, അല്ലാത്തപക്ഷം ഞങ്ങൾ ഈ മലയിടുക്കിൻെറ അവസാനത്തു ചെന്നു ചേരുന്നതുവരെ അവനു എങ്ങോട്ടും പോകാതെ നിങ്ങൾ തടുത്തുകൊള്ളുകയെങ്കിലും വേണം."

ഈ ആജ്ഞയനുസരിച്ചു രണ്ടുപേർ കുന്നുകയറാൻ തുടങ്ങി. അവർ വരുന്നതു റസ്റ്റം കണ്ടു. അപ്പോൾതുടങ്ങി ലാക്കുതെററാതെ പ്രയോഗിക്കപ്പെട്ട അനേകം ശിലാശസ്ത്രങ്ങൾകൊണ്ടു ഒരുവനെ ശക്തിഹീനനാക്കുകയും മററവനെ താഴത്തേയ്ക്കു തള്ളിയിടുകയും ചെയ്തു. അയാൾ ഈ പണിയിൽ ഏർപ്പെ

ട്ടുകൊണ്ടു നില്ക്കവേ തസ്കരപ്രമാണി അനുചരന്മാരാൽ അനുഗതനായി മുകളിൽ നിന്നും കല്ലേറുകൊള്ളാതെ സൂക്ഷിച്ചുകൊണ്ടു മലംപാതയിൽ ഒന്നുകൂടി പ്രവേശിച്ചു. പാതയുടെ പകുതിദൂരം ചെന്നപ്പോൾ ഒരു പാറയുടെ പിന്നിൽ നിന്നും കാസിമിന്റെ മൂർച്ചയേറിയ ഖഡ്ഗം അപ്രതീക്ഷിതമായി പുറത്തേയ്ക്കു മിന്നി, കള്ളന്മാരിൽ തലവനെ നിരായുധനാക്കുകയും മറ്റൊരുവനെ മുറിവേല്പിക്കുകയും ചെയ്തു.

രണ്ടാമതും സംഭ്രാന്തരായി ആ ചെറുസംഘം പിൻതിരിഞ്ഞു മണ്ടി. മററു യാതൊരു നഷ്ടവുംകൂടാതെ അവർ പാതയുടെ പ്രാരംഭസ്ഥലത്തു ചെന്നുചേർന്നു കുതിരപ്പുറത്തു നിന്നിറങ്ങി ദ്രുതതരമായ ആലോചന തുടങ്ങി.

“അതു കാസിംരാജകുമാരനാണ്! ഇനി താമസിയാതെ നമുക്കു സുൽത്താന്റെ അംഗരക്ഷകന്മാരെ തന്നെ കാണാം.” എന്നു ഒരുവൻ പറഞ്ഞു.

“ഏതായാലും നാം അവരെ അകപ്പെടുത്തിക്കഴിഞ്ഞു. ശേഷംകാര്യം സൗകര്യംപോലെ ചെയ്യാവുന്നതു മാത്രമല്ലേയുള്ളൂ. നമ്മുടെ സംഘത്തിൽനിന്ന് നാലുപേരെക്കൂടി ഇങ്ങോട്ടു വിളിക്കൂ. ശവസംസ്കാരം കുറെ കഴിഞ്ഞുചെയ്താൽ മതി. എന്റെ പിതാവു സത്യമായി ഈ സ്ഥാനത്തു തന്നെ അവർക്ക് രണ്ടുമൂന്നു ശവക്കുഴികൾ കൂടി നിർമ്മിക്കാൻ അവസരമുണ്ടാക്കിക്കൊടുക്കാം!”

കാസിം രാജകുമാരൻ തന്റെ തലയ്ക്കു മുകളിൽ മുപ്പതടി പൊക്കത്തിൽ നിൽക്കുന്ന റസ്റ്റമിനെനോക്കി മന്ദഹാസിച്ചു. “കുറെക്കൂടി ഉണ്ടകൾ സംഭരിച്ചു വച്ചുകൊള്ളൂ. ഇപ്പോൾ വിജയം നമ്മുടെ ഭാഗത്താണ്, എങ്കിലും അവർ വേഗം തിരിച്ചുവരും,” എന്നു അദ്ദേഹം പറഞ്ഞു.

റസ്റ്റം ആജ്ഞാപിക്കപ്പെട്ടതുപോലെ ചെയ്തു; എന്നിട്ടു കാത്തുനിന്നു: അതോടുകൂടി ദുർന്നിവാരമായ ഒരു പ്രലോഭനവും ഉള്ളിൽ കടന്നു. അയാളുടെ താഴെയായി കാസിമിന്റെ വെളുത്ത തലക്കെട്ടു തെററിപ്പോകാത്ത ഒരു ലാക്കായി കാണപ്പെട്ടു. കാസിംരാജകുമാരൻ യുദ്ധത്തിൽ മരിക്കുന്നതായാൽ, സുലൈഖ, സ്വകാമുകന്റെ സമീപത്തുനിന്നു പോർചെയ്തവനും മററു പല വിധത്തിൽ താൻ കടമപ്പെട്ടിട്ടുള്ളവനും ആയ ആളുടെ മേൽ തന്റെ പ്രണയത്തെ സമർപ്പിക്കാൻ ഇടയുണ്ടെന്നുള്ള താമസവും കൈതവദൂഷിതവും ആയ ചിന്ത അയാളുടെ ഹൃദയത്തിൽ വ്യാപിച്ചു. തന്റെ പൂർവജീവിതത്തെ റസ്റ്റം ഇപ്പോൾ വലിയ വെറുപ്പോടുകൂടി അവലോകനംചെയ്തു; എന്നാൽ അധികം ദുർഗ്ഗന്ധമുള്ള കളകൾ മുളച്ചുവരികയും ആയിരുന്നു. കാസിമിന്റെ നിർഭയഭാവത്തെ റസ്റ്റം ഒരു പുച്ഛരസത്തോടെ വീക്ഷണംചെയ്തുകൊണ്ടു തന്നത്താൻ പറഞ്ഞു: “സ്നേഹിതാ നിങ്ങൾ നല്ല ഉറപ്പോടുകൂടിത്തന്നെയാണു നിൽക്കുന്നതു്”, എന്നാൽ—എന്നാലെന്ത്? തന്റെ ആശകൾക്കു പ്രതിബന്ധമെന്നു കാണപ്പെട്ട ആ മനുഷ്യനെ ഒരു വലിയ കല്ലുവലിച്ചിട്ടു കൊല്ലുന്നതിൽ കൂടുതൽ സുകരമായി എന്താണുള്ളതു്? പിന്നെ ആദ്യത്തെ കല്ലു ലാക്കുപിഴച്ചായാൽ, രണ്ടാമതു ഒന്നുകൂടിതന്നെ.

"അതെ, അങ്ങനെ ചെയ്യാം—അതും എളുപ്പത്തിൽ." എന്നു തന്റെ കാലുകളുടെ അടുത്തിരുന്ന കല്ലിനെ നോക്കിക്കൊണ്ട് റസ്തം മെല്ലെ പറഞ്ഞു. അയാളുടെ ഹൃദയത്തിനുമുമ്പിൽ സുലൈഖാദേവിയുടെ രൂപം പ്രത്യക്ഷമായി—. എന്നാൽ ദുഷ്കർമ്മമാകുന്ന നദിക്കു കുറുകെ ഒരു സേതുവായിട്ടല്ല അവൾ ഇപ്പോൾ കാണപ്പെടുന്നതു്; പിന്നെയോ, എങ്ങനെയും സ്വായത്തമാക്കപ്പെടേണ്ട ഒരു വധുവായിട്ടാണ്."

"എങ്ങനെയും!" അല്പനേരത്തേക്ക് അയാൾ അനങ്ങാതെ നിന്നു; പിന്നീട് മിക്കവാറും സംഭ്രമജനകമായ ഒരു നിശ്വാസത്തോടുകൂടി അയാൾ ഒരു വലിയ കല്ലിനെ പൊക്കി താൻ നിന്നിരുന്ന ഉന്നതതടത്തിന്റെ വക്കിൽ കൊണ്ടുചെന്ന് താഴെ കാണപ്പെട്ട വെള്ളത്തലക്കെട്ടിന്റെ നേരെ മുകളിലായി അതിനെ വച്ചു. അയാളുടെ പാദം മുന്നോട്ടു ചലിച്ചു; മെല്ലെ അയാൾ കല്ലിനെ തൊട്ടു... ...... ..............

പെട്ടെന്നു കാസിം മുകളിലേക്കു നോക്കിക്കൊണ്ട് ഒരു കൌശലത്തെ സൂചിപ്പിക്കുന്ന അടയാളം കാണിച്ചു തന്റെ തലക്കെട്ടിനെ മാററി, അതിനെ താൻ പതുങ്ങിയിരുന്ന പാറയുടെ മുകളിൽ വച്ചിട്ട് അദ്ദേഹം പാതയുടെ മറുവശത്തേക്ക് അതിവേഗത്തിൽ തന്റെ സ്ഥാനം മാററി. ഈ സ്ഥാനം പാതയുടെ പ്രവേശനദ്വാരത്തോടു സമീപിച്ചതും ഉന്തിനിന്ന ഒരു പാറയാൽ മറയ്ക്കപ്പെട്ടതും ആയിരുന്നു. ഈ സ്ഥിതിയെ വിശദീകരിക്കേണ്ടയാവശ്യമൊന്നും ഇല്ല. വെളുത്ത തലക്കെട്ടിനെ ലക്ഷ്യമാക്കിക്കൊണ്ടു ആക്രമണസംഘം അവരുടെ മറഞ്ഞിരിക്കുന്ന ശത്രുവിനെ കടന്നുപോകുമ്പോൾ അദ്ദേഹത്തിനു പിന്നിൽനിന്നുകൊണ്ടു പെട്ടെന്നവരെ പിടികൂടാൻ സാധിക്കും.

റസ്തമിന്റെ പാദം കല്ലിൽനിന്നു പിൻവലിക്കപ്പെട്ടതോടുകൂടി അയാൾ കോപസൂചകമായ ഒരു വ്യാക്ഷേപകശബ്ദം പുറപ്പെടുവിച്ചു. ധൃതിയിൽ പ്രവർത്തിക്കാഞ്ഞതിന് അയാൾ ഉള്ളുകൊണ്ടു തന്നത്താൻ കുററപ്പെടുത്തി. അസ്ഥിരത അയാളുടെ കൌശലത്തെ ഭംഗപ്പെടുത്തി—അയാൾ മടിക്കേണ്ടയാവശ്യം എന്തായിരുന്നു?

മുന്നറിവുകൂടാതെ, ഒരു വിദഗ്ദ്ധഹസ്തത്താൽ പ്രയുക്തമായ ഒരു കുന്തം അയാളുടെ ഇടതുകൈയിന്മേൽ ഏററു. സംതൃപ്തനായ റസ്തം നോക്കിയപ്പോൾ, കാസിംരാജകുമാരനെ പററിയുള്ള ചിന്തയിൽമാത്രം മുഴുകിയിരുന്ന താൻ അത്ര ശ്രദ്ധിക്കാത്ത ഒരു കോണിൽനിന്നും തസ്കരന്മാരിൽ ഒരുവൻ തന്റെ നേരെ കയറിവരുന്നതു് അയാൾ കണ്ടു. കുന്തത്തെ കയ്യിലാക്കി അതിനെ റസ്തം വളരെ ഊക്കോടുകൂടി തിരിയെ ചാട്ടി, എന്നാൽ അയാൾക്കു ലാക്കുതെററിപ്പോയി. ഒരു ക്ഷണം കഴിഞ്ഞു് കൂർത്തദന്തനിരയോടുകൂടിയ ഒരു പാറക്കഷണം അയാളുടെ തലയ്ക്കുതൊട്ടുകൂടി ശബ്ദിച്ചുകൊണ്ടു കടന്നുപോയി.

തന്റെ നില സുരക്ഷിതമല്ലെന്നു കണ്ടു റസ്തം കരുതലോടുകൂടി പിൻവാങ്ങുവാൻ തുടങ്ങി. എന്നാൽ അതു കാസിമിന്റെ ഉപായത്തിനു്

ഹാനികരമായിരുന്നു; എന്തെന്നാൽ അയാളെ എതിർക്കാൻ തുടങ്ങിയ മനുഷ്യൻ അകലെ മാറി നിന്നുകൊണ്ടാണെങ്കിലും അയാളെ പിൻതുടൎന്നു പോകും വഴിയിൽ താഴെ പാറപ്പുറത്തിരിക്കുന്ന കാസിമിന്റെ വെറും തലപ്പാവു കണ്ടു. സൌകൎയ്യപ്രദമായ തന്റെ സ്ഥാനത്തു നിന്നുകൊണ്ടു് ആ തസ്കരൻ താഴെയുള്ള പാതയിലെങ്ങും വേഗത്തിൽ കണ്ണോടിച്ചപ്പോൾ കാസിം രാജകുമാരൻ പതുങ്ങിയിരുന്നതു കണ്ടു. ഒരു ഘനമേറിയ ശിലയാൽ അനുഗതമായ അവന്റെ അട്ടഹാസം കുമാരന്റെ തന്ത്രം കണ്ടുപിടിക്കപ്പെട്ടു എന്നു് അദ്ദേഹത്തെ അറിയിച്ചു.

റസ്റ്റം ശ്വാസം അടക്കി, പിന്നീടു് ശിലാഖണ്ഡം ലാക്കു തെറ്റി വീണതു കണ്ടപ്പോൾ അയാൾ മുഷിവോടെ അധരത്തെ കടിച്ചമൎത്തി. കാസിമിനു് എന്തെങ്കിലും സംഭവിക്കുന്ന പക്ഷം, താൻ പാറകളുടെ ഇടയിൽ അഭയം പ്രാപിച്ചു് ഏതു വിധവും തിരിയെ ധാരാനഗരത്തിൽ എത്തികൊള്ളാമെന്നു് റസ്റ്റമിനു് ഉറപ്പു തോന്നി കാസിമിനു് എന്തെങ്കിലും അപകടം പററുമെന്നും അയാൾ മനഃപൂൎവ്വം ആശിച്ചു.

മലംപാതയുടെ മറേറ അററത്തെയും പൊയ്ക്കൊള്ളുവാൻ റസ്റ്റമിനോടു അടയാളം കാണിച്ചശേഷം രാജകുമാരൻ തന്റെ സ്ഥാനത്തു നിന്നും ചാടിയെഴുന്നേററു് ബദ്ധപ്പാടോടു കൂടി പ്രക്ഷിപ്തങ്ങളായ ശിലകളുടെ ഒരു വൎഷത്താൽ അനുഗതനായിട്ടു അങ്ങോട്ടു നടന്നു. റസ്റ്റം കുറച്ചുകൂടി പതുക്കെ അനുഗമിച്ചു് ക്രമേണ താഴത്തിറങ്ങി, കുമാരന്റെ സമീപത്തു ചെന്നു. നിന്നു തന്റെ ഉപായങ്ങളെന്തെല്ലാമെന്നു വിശദമാക്കിക്കൊണ്ടു് കാസിം ബദ്ധപ്പെട്ടു് റസ്റ്റമിന്റെ മുറിവു മൂടിക്കെട്ടി. “അതു അവസാനത്തിൽ കുറെ ഇടുങ്ങിയതാണു്! അതുകൊണ്ടു ശത്രുവിനെ തടുക്കാൻ കുറേക്കൂടി സൌകൎയ്യം ലഭിക്കും. അവിടത്തെ ഭൂപ്രകൃതിയും നിരപ്പില്ലാതെ കല്ലുനിറഞ്ഞതായതിനാൽ കുതിരകൾക്കു സൌകൎയ്യമായി സഞ്ചരിക്കാനും നിവൃത്തിയില്ല. അതിൽ രണ്ടാളുകളിൽ കൂടുതൽ ഒരേ സമയത്തു നമ്മെ സമീപിക്കാൻ സാധിക്കയില്ല. തന്നിമിത്തം അവരുടെ ആക്രമണത്തെ നമുക്കു വിജയകരമായി രോധിക്കാം അതുകൊണ്ടു് സ്നേഹിതാ, വീണ്ടും നിങ്ങളെ ആവശ്യപ്പെടുന്നതുവരെ താഴെയിരുന്നു വിശ്രമിക്കൂ.”

“വീണ്ടും നിങ്ങളെ ആവശ്യപ്പെടുന്നതുവരെ,” ഈ വാക്കുകൾ വക്താവു ഉദ്ദേശിച്ചതിൽ നിന്നും വിപരീതമായ അൎത്ഥത്തിൽ റസ്റ്റമിന്റെ വക്രഹൃദയത്തിൽ കടന്നു. “ആവശ്യപ്പെടുന്നവരെ — അതായതു ശത്രുക്കളെ തുരത്താൻ ആവശ്യപ്പെടുന്നതുവരെ — കാസിമിനെ യാതൊരു ഹാനിയും കൂടാതെ ധാരാനഗരത്തിൽ എത്തിക്കാൻ ആവശ്യപ്പെടുന്നതുവരെ — അതു കഴിഞ്ഞാൽ “എന്തിനാവശ്യപ്പെടുന്നു? ഒന്നിനും ആവശ്യപ്പെടുന്നില്ലെന്നു എനിക്കു നിശ്ചയം തന്നെ!” ഇങ്ങനെ തന്റെ അസൂയയെ വളൎത്തി ജ്വാലകളെ പ്രസരിപ്പിച്ചുകൊണ്ടു് റസ്റ്റം മുറുമുറുത്തു.

ഒടുവിൽ തസ്കരസംഘത്തിന് തുണയ്ക്കു് ആളുകൾ വന്നു ചേർന്നു. എന്നാൽ കാസിമിന്നു് അത്ഭുതം ജനിപ്പിക്കത്തക്കവണ്ണം, അവർ കുതിരപ്പുറത്തുനിന്നും താഴെയിറങ്ങി കാൽനടയായി മലയിടുക്കിൽ പ്രവേശിക്കയാണു ചെയ്തതു്. റസ്റ്റം അസ്ഥിരചരണനായി എഴുന്നേററു കാസിമിൻെറ വാമഭാഗത്തിൽ സ്ഥാനമുറപ്പിച്ചു. ശത്രുക്കളുടെ ആഗമനത്തെ അയാൾ സൂക്ഷ്മമായി പരിശോധിച്ചു.

ഹാ! ഒരു തന്ത്രം,—ഒരു പഴയ തന്ത്രം, അവരുടെ ഒരുക്കംകൊണ്ടു തന്നെ അവരുടെ ഉദ്ദേശമെന്തെന്നു റസ്റ്റം മനസ്സിലാക്കി; എന്തെന്നാൽ അയാൾ പണ്ടു പല തവണയും അതിനെ പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നു കണ്ടിട്ടുണ്ടു്. വലിയ ഘോഷങ്ങളോടുകൂടി ആക്രമണം നടക്കുക, എന്നാൽ എതിരാളിയുടെ കൃപാണത്തിൽ നിന്നും ഒഴിഞ്ഞു് ആക്രമണത്തെ ക്ഷണിക്കുക; ശത്രുക്കളെ അനുധാവനത്തിനു് ആകർഷിക്കുക' എന്നിട്ടു് ആ സംഘം മുഴുവനും ഒരു വ്യക്തിയെന്നപോലെ പെട്ടെന്നുവേ തിരിഞ്ഞു് അവിചാരിതമാകുംവണ്ണം പ്രതിപക്ഷന്മാരുടെ മേൽ പതിക്കുക! ഈ വിവരം കാസിമിനെ ധരിപ്പിക്കാൻ ഭാവിച്ചു എങ്കിലും റസ്റ്റം പെട്ടെന്നു വാക്കുകളെ പ്രതിസംഹരിച്ചു. വിധി അയാൾക്കുവേണ്ടി വേല ചെയ്കയായിരുന്നു, എന്തു സംഭവിക്കുമെന്നു് അയാൾക്കറിഞ്ഞേ കഴിയൂ ശത്രുക്കൾ ആർത്തുവിളിച്ചു് ആയുധങ്ങളും വീശിക്കൊണ്ടു് മുന്നോട്ടടുത്തു എന്നാൽ ആക്രമണത്തിനു തങ്ങൾക്കു ഭയമുണ്ടെന്നു് കാസിമിനെ വിശ്വസിപ്പിക്കാൻ വേണ്ടി ശങ്കയോടുകൂടിയാണു് അവർ കാൽ വച്ചതു്. അവർ ക്ഷണനേരം പൊരുതുകയാൽ ശസ്ത്രങ്ങളുടെ ഘട്ടനധ്വനിയും കേൾക്കപ്പെട്ടു; പിന്നീടു "തിരിയേ തിരിയേ! അവർ നമ്മുടെ പിന്നാലെ വരുന്നു." എന്നൊരു വിളിയും അവിടെയെങ്ങും മുഴങ്ങി ഭയം അഭിനയിച്ചുകൊണ്ടുള്ള ഒരു ബഹളത്തിനിടയിൽ അവർ രക്ഷയ്ക്കെന്നവണ്ണം പലായനം ചെയ്തു. അവരുടെ വാക്കുകൾ അവരുടെ മനോഭാവം പോലെ തന്നെ കാസിം രാജകുമാരനിൽ പ്രവർത്തിക്കയാൽ അദ്ദേഹം ഇങ്ങനെ വിളിച്ചുപറഞ്ഞു. "അവർ ഓടുന്നു! റസ്റ്റം അവരുടെ പിന്നാലെ!"

തൻെറ കർമ്മത്തെ വാക്കിനോടു യോജിപ്പിക്കുമാറു കാസിം മുന്നോട്ടു കുതിച്ചു റസ്റ്റം രണ്ടുമൂന്നടി വച്ചു് പിന്നെ നിന്നു് ശ്വാസം പിടിച്ചു. അയാൾ വിചാരിച്ചതുപോലെ തന്നെ എല്ലാം സംഭവിച്ചു. ഏററവും പിന്നിലുള്ളയാൾ വേഗത്തിൽ തിരിഞ്ഞു് കാസിമിൻെറ കാലുകളിൽ പതിച്ചു് അവൻെറ മീതെ രാജകുമാരനും നെടുകെ വീണു. നിമിഷത്തിനുള്ളിൽ മററുള്ളവർ അദ്ദേഹത്തിൻെറ ശരീരത്തിൽ മറിഞ്ഞു.

റസ്റ്റം മന്ത്രബദ്ധനെന്നപോലെ സ്തംഭിച്ചു നിന്നുപോയി. കാസിം വീണപ്പോൾ തസ്കരന്മാരിൽ ഒരാളെക്കൂടി പിടികൂടി തറയിൽ പതിപ്പിച്ചു. അനന്തരം ചിത്തഭ്രമത്താലെന്നപോലെ സംപ്രവൃത്തമായ ലഹളയുടെയും ഇളകിയ പൊടിപടലത്തിൻെറയും മദ്ധ്യേ കൈകാലുകൾ അങ്ങുമിങ്ങും പ്രക്ഷേ

പിക്കുന്നതിന്നിടയിൽ തന്റെ സ്വന്തം ആളിനെ കുത്തിയെങ്കിലോ എന്നു് ഭയന്നു് ആർക്കും ആയുധം പ്രയോഗിക്കാൻ കഴിഞ്ഞില്ല. എന്നാൽ അതു് ഒരു നിമിഷനേരത്തെ കാര്യമല്ലെയുള്ളു —പിന്നെയോ... ...

പാറകളുടെ ഇടയിൽ രക്ഷ പ്രാപിക്കാനായി തിരിഞ്ഞപ്പോൾ റസ്റ്റമിന്റെ ഹൃദയത്തിൽ മറെറാരു മുഖം തെളിഞ്ഞു: എന്നാൽ അതു് സുലൈഖാദേവിയുടേതല്ലായിരുന്നു—മണൽക്കാട്ടിലെ ഹസ്സന്റെ ആനന്ദമയമായ ചിരിയോടുകൂടി ചാഞ്ചാടുന്ന മുഖമായിരുന്നു അതു്. ചോര ജീവിതത്തെ ഉപേക്ഷിക്കാൻ തനിക്കു് സമ്മതമാണെന്നു് ഹസ്സൻ ഒരിക്കലും ഭാവിച്ചിട്ടില്ല; എന്നാൽ സ്വസമീപത്തിൽ യുദ്ധം ചെയ്തുകൊണ്ടുനിൽക്കുന്ന ഒരു സഹോദരയോദ്ധാവിനു് തന്റെ സഹായം ആവശ്യമെന്നു കണ്ടാൽ ലോകത്തിൽ യാതൊന്നിനും അയാളെ ആപ്രകാരമുള്ള സാഹായ്യകർമ്മത്തിൽ നിന്നും വിരമിപ്പിക്കാൻ സാധിക്കയില്ലെന്നും റസ്റ്റം പൂർണ്ണമായി അറിഞ്ഞിരുന്നു. കുടിച്ചു ചാകാൻ പോകുന്ന ഒരു മനുഷ്യന്റെ ഹൃദയത്തിനു മുമ്പിൽക്കൂടി കടന്നു പോകുന്ന സ്മരണയുടെ ചിത്രങ്ങൾക്കൊപ്പം ചഞ്ചലദൃശമായ വേഗത്തിൽ റസ്റ്റം താൻ മാഹുദിന്റെ അരമനയിൽവച്ചു് ഹസ്സനെ സിംഹവക്ത്രത്തിൽനിന്നും രക്ഷിക്കാനായി പാഞ്ഞുചെന്ന ആ ദിവസത്തെ വീണ്ടും ദർശിച്ചു. അന്നു് അയാൾ ഒരു പുരുഷനായിരുന്നു! ഇപ്പോൾ അയാൾ ആര്? ദുർവൃത്തികളെ ഉപേക്ഷിച്ചു് സന്മാർഗ്ഗത്തിൽ ചരിക്കുന്നു. എന്നു ഭാവിച്ചുകൊണ്ടു് ഹസ്സൻ പോലും വെറുപ്പോടുകൂടി ചവിട്ടിത്തള്ളുന്ന ആ മഹാകൂപത്തിൽ മുങ്ങാനാണോ അയാൾ തുടങ്ങുന്നതു്! ഹസ്സന്റെ മഹാനുഭാവത്വം അയാൾ പ്രാപിച്ചിരിക്കുന്ന ആപ്രേതലോകത്തുനിന്നും ഒരു കാഹളത്തിന്റെ ആഹ്വാനം പോലെ റസ്റ്റമിന്റെ ചെവികളിൽ മുഴങ്ങുന്നതായി തോന്നി. ഗൽഗദം കലർന്ന ഒരു നിലവിളിയോടുകൂടി റസ്റ്റം മുന്നോട്ടു കുതിച്ചുചാടി തസ്കരന്മാർ എഴുന്നേററു വാളോങ്ങുന്നതിന്റെ ഇടയ്ക്കു ചെന്നേററു.

അയാളുടെ കൃപാണം ഒരാളെ ഭൂമിയിൽ പതിപ്പിച്ചു. രണ്ടാമത്തൊരുവനെ അയാൾ പിടിച്ചു് ഒരു പാറപ്പുറത്തേയ്ക്കു എറിഞ്ഞു. മററുള്ളവരുടെ ഖഡ്ഗങ്ങളെ നിവാരണം ചെയ്‌വാൻ സമയം കിട്ടിയില്ല—തന്റെ ശരീരത്തെ രാജകുമാരന്റെ മേൽ പതിപ്പിക്കാൻ വേണ്ടയവസരം മാത്രമേ റസ്റ്റമിനു ലഭിച്ചുള്ളു........

ഇങ്ങനെ ഉജ്ജയനിയിലെ റസ്റ്റമിന്റെ കഥ കഴിഞ്ഞു; എന്നാൽ തമോഗുണം അയാളുടെ ആത്മാവിൽനിന്നും നീങ്ങി, അയാൾ കാസിമിന്റെ തുണയ്ക്കായി അണഞ്ഞ ആ ക്ഷണത്തിൽതന്നെ വെളിച്ചം വീണ്ടും റസ്റ്റമിന്റെ മിഴികളിൽ പ്രവേശിച്ചു.

* * * * * *

അവർണ്ണനീയമായ ഹൃദയത്തോടുകൂടി, താൻ മോതിരം കൊണ്ടുചെന്നു കൊടുക്കുമ്പോൾ പിതാവിനുണ്ടാകുന്ന ആനന്ദത്തെ ചിത്രീകരിച്ചുകൊണ്ടും,

എന്നാലും സ്വകാമുകന്റെ വിപത്തിനെപ്പററിയുള്ള ചിന്തയിൽ നിന്നുൽഭൂതമായ വികാരത്താൽ നികൃത്തയായും സുലൈഖ ധാരാനഗരത്തേയ്ക്കുള്ള അവളുടെ യാത്രയെ തുടൎന്നു. കാസിമിന്റെ സഹായത്തിനയക്കാൻ ആളുകളെ കിട്ടുമെന്നുള്ള ആശയോടുകൂടി അവൾ യാത്രക്കിടയിൽ അന്തരീക്ഷത്തെ അതിസൂക്ഷ്മമായി പരിശോധിച്ചു. ഒരു കുന്നിന്റെ മുകളിൽ കയറിയപ്പോൾ, ചെറുതെങ്കിലും ഉല്ക്കൃഷ്ടകാൎയ്യത്തിനുതകുന്ന ഒരു സൈനികസ്കന്ധാവാരത്തെ നമ്മുടെ കഥാനായിക കണ്ടു. അകമ്പടി കൂടാതെ കുതിരയെ പായിച്ചു തങ്ങളുടെ നേരെ അണയുന്ന യുവതി മന്ത്രിപുത്രിയാണെന്നറിഞ്ഞപ്പോൾ ഭടന്മാർ ആശ്ചൎയ്യപ്പെട്ടു. എന്നാൽ ആ പാളയത്തിൽ ഒരുഗ്രതരമായ ചലനങ്ങളുണ്ടാകുവാൻ ചുരുക്കം ചില വാക്കുകൾ മാത്രമേ വേണ്ടിവന്നുള്ളു. ഒരു കാഹളം മുഴക്കി, ഭടന്മാർ വേഗത്തിൽ ജീനികളിൽ ചാടിക്കയറി; അങ്ങനെ സുലൈഖ അവിടെ എത്തി മൂന്നു നിമിഷം കഴിയുന്നതിനുമുമ്പ് ഇരുപതോളം യോദ്ധാക്കൾ അവൾ വന്ന വഴിയെതന്നെ അശ്വങ്ങളെ ചോദനംചെയ്തു പാഞ്ഞുപോകുന്നതായി കാണപ്പെട്ടു.

നന്ദി കലൎന്ന ഹൃദയത്തോടുകൂടി അവൾ, അവരുടെ പ്രാസാഗ്രങ്ങൾ അന്തരാളത്തിൽ മറയുന്നതു സൂക്ഷിച്ചുനോക്കിക്കൊണ്ടു നിന്നു. അനന്തരം ഭടനായകന്റെ സഹായത്തോടുകൂടി അവൾ കുതിരപ്പുറത്തു നിന്നിറങ്ങി ഒരു കൂടാരത്തിനുള്ളിൽ പ്രവേശിച്ചു. സുഖമായി ആഹാരം കഴിച്ചിട്ട് അവൾ തന്റെ കൃതജ്ഞതയെ പ്രകടിപ്പിച്ചു.

“അല്പം ഒന്നു വിശ്രമിച്ചുശേഷം എനിക്ക് ഒട്ടും താമസിക്കാതെ യാത്ര തുടരണം. ശേഷമുള്ള വഴിദൂരം മുഴുവനും എനിക്കു ഒരകമ്പടിയും ഉണ്ടായിരിക്കണം,” എന്നു അവൾ സേനാനിയോടു അറിയിച്ചു.

“ദേവി അകമ്പടിക്കാരെക്കൂടെ അയയ്ക്കാം,” എന്നു് താണുതൊഴുതുകൊണ്ടു് ആ പട്ടാളഉദ്യോഗസ്ഥൻ പറഞ്ഞു.

ഭക്ഷണം കഴിഞ്ഞു സുഖമായിരിക്കുന്ന സമയത്തു് പാളയത്തിലെ വിശേഷങ്ങൾ കാണാനായി സുലൈഖ കൂടാരത്തിന്റെ യവനികയിൽ കൂടി പുറത്തേക്കു നോക്കി ഒരു യുവാവായ സേനാനി അശ്വാരൂഢനായി വന്നു് പാളയസ്ഥലത്തിറങ്ങുന്നതു കണ്ടു് അവൾ ഒന്നു ഞെട്ടി. “നിങ്ങളോ? നിങ്ങൾ സുൽത്താൻ തിരുമേനിയുടെ കൂടെയാണെന്നല്ലേ ഞാൻ വിചാരിച്ചതു്” എന്നു അവൾ വിളിച്ചുപറഞ്ഞു.

ആ യുവാവു് ആചാരം ചെയ്തു. സത്യമാണു് ദേവി അരുളിച്ചെയ്തതു് ഞാൻ എഴുന്നള്ളത്തോടുകൂടി പോയിരുന്നു, എന്നാൽ സുൽത്താൻതിരുമേനി യാത്ര വേണ്ടെന്നുവച്ചു് ഇന്നലെ തിരിയെ ധാരാനഗരത്തിൽ എത്തിക്കഴിഞ്ഞു”

സുലൈഖ വിവൎണ്ണവദനയായി. മരണകാലത്തെന്നപോലുള്ള ഭയം അവളുടെ ഹൃദയത്തെ ഗ്രസിച്ചു മാമൂദ്ഖാൻ തിരിച്ചുവന്നെങ്കിൽ— [illegible]ളുടെ അച്ഛന്റെ കഥ എന്തായിരിക്കും? “ഒരു കുതിര!” ചാടി എഴുന്നേററു

കൊണ്ടു് അവൾ പറഞ്ഞു. "ഈ പാളയത്തിലുള്ള ഏററവും വേഗം കൂടിയ കുതിര വേണം! എനിക്കു് വായുവേഗത്തിൽ ധാരാനഗരത്തിൽ ചെന്നു ചേരണം!"

സേനാനി ബദ്ധപ്പെട്ടു പറഞ്ഞു. "ഞങ്ങൾക്കു് ഒരു ചെറിയ മട്ടം ഉണ്ടു്. ദേവി അതു വേഗത്തിനു കീർത്തിപ്പെട്ടതാണു്. അതിനെ ഉപയോഗിക്കുന്നെങ്കിൽ അകമ്പടിക്കാരാരും കൂടെയെത്തുകയില്ല"

"അകമ്പടി വേണമെന്നില്ല. വേഗം നഗരത്തിൽ ചെന്നു ചേരാമെങ്കിൽ ഞാൻ തനിയെ പൊയ്ക്കൊള്ളാം."

അശ്വലക്ഷണങ്ങൾ തികഞ്ഞ ഒരു അറബിമട്ടം യാത്രയ്ക്കു സന്നദ്ധമാക്കി ആനയിക്കപ്പെട്ടു. ഒരു ക്ഷണനേരത്തേക്കു സുലൈഖ അതിനെ തലോടി.

"നമുക്കു് വേഗം പോകണം," എന്നു അവൾ അതിനോടു മെല്ലെ പറഞ്ഞു.

സേനാനിയുടെ സഹായത്തോടുകൂടി സുലൈഖ അശ്വാരോഹണം ചെയ്തു. ഉടനെ ആ മട്ടം നമ്മുടെ കഥാനായികയേയും അവളുടെ പക്കൽ ഉണ്ടായിരുന്ന അനർഘരത്നത്തെയും വഹിച്ചുകൊണ്ടു ചാപമുക്തമായ ഒരു ബാണംപോലെ ധാരാനഗരം നോക്കി പാഞ്ഞു.

## അദ്ധ്യായം ൧൯

# മന്ത്രിയുടെ മോചനം

"മോഷണംപോയി എന്നാണോ നിങ്ങൾ പറഞ്ഞതു്? മോഷണം പോയെന്നോ? ഇല്ല സുലൈമാൻ, രാജകീയാംഗുലീയത്തിന്റെ നേരെ തന്റെ ചെറുവിരൽ പോലും ചൊകാൻ ജീവനുള്ള ഏതു മനുഷ്യൻ ധൈര്യപ്പെടും?" എന്നു കല്പിച്ചുകൊണ്ടു ഉത്തരംപറയാൻ നിവൃത്തിയില്ലാത്ത ഒരു ചോദ്യത്തെ പ്രസ്താവിച്ച ഒരുവന്റെ സംതൃപ്തിയോടുകൂടി വിശ്വാസികളുടെ നേതാവു് തലകുലുക്കി.

"മഹാപ്രഭോ, അന്യയ ഒരു പ്രചോദനമായിത്തീരും. എന്നോടു് വലിയ അസൂയയുള്ള ഒരാൾ അവിടത്തെ രാജ്യത്തിൽ ഉണ്ടു. അയാളുടെ പേരു് പറയാൻ അടിയനു കല്പനതരുമോ?"

"പതിനായിരംപേൎക്കു നിങ്ങളോടസൂയ തോന്നി എന്നുവരാം. സുലൈമാൻ, എന്നാൽ അതിനെമാത്രം ഒരു കാരണമാക്കിക്കൊണ്ടു ഒരാളുടെ മേൽ [illegible]റം ആരോപിക്കാൻ പാടില്ല. തെളിവു് എത്രതന്നെ അസ്പഷ്ടവും സംശയകാരണം എത്രദുർബ്ബലവും ആയിരുന്നാലും കുററക്കാരന്റെപേർ പറഞ്ഞാൽ വേണ്ട അന്വേഷണം നടത്താം. എന്നാൽ നിങ്ങളുടെ ഹൃദയത്തിലെ

വിചാരം മാത്രമല്ലാതെ സംശയത്തിനു മറെറാരു കാരണവും കാണിക്കാനില്ലെങ്കിൽ വെറുതെ ഒരുവന്റെ പേരിൽ അപരാധം ചുമത്തരുതു്.

ഈ കല്പനയുടെ സാധുതയെ സൂചിപ്പിക്കുന്ന ഒരു മർമ്മരശബ്ദം സുൽത്താന്റെ ആ സ്ഥാനികൾ ചുററും മുഴങ്ങി. തന്റെ നീതിനിഷ്ഠയ്ക്കു് ലഭിച്ച ഈ പ്രശംസ കേട്ടു് സുൽത്താൻ സംതൃപ്തനായി.

"ഈ വ്യവസ്ഥയിന്മേൽ നിങ്ങൾക്കു ആരുടെയെങ്കിലും പേർ പറയാനുണ്ടോ?"

"ഹാ! പ്രഭോ—ഇല്ല!"

"എന്നാൽ ഇനി നിങ്ങളുടെ കഥ കേൾക്കട്ടെ—യാതൊരു തെളിവും കൂടാതെ നിങ്ങളുടെ സംശയങ്ങൾ എനിക്കു കേൾക്കേണ്ടാ."

"ഹാ! പ്രതാപവാനായ മഹാരാജാവേ! അടിയനു യാതൊന്നും ഉണർത്തിക്കാനില്ല."

യാതൊരാഭരണവും കൂടാതെ കറുത്ത അങ്കിമാത്രം ധരിച്ചു് സുൽത്താന്റെ തിരുമുമ്പിൽ നിന്നിരുന്ന സുലൈമാന്റെ സ്വരം ആശാഗർഭമായിരുന്നു. ശൃംഖലാബദ്ധമല്ലാത്ത അദ്ദേഹത്തിന്റെ കൈകൾ, അദ്ദേഹം സംസാരിച്ച അവസരത്തിൽ ഒരു സംത്രാസത്തോടുകൂടി തമ്മിൽ ചേർത്തു പിണയ്ക്കപ്പെട്ടിരുന്നു. മാല്ലൂടിന്റെ പേരിൽ കുററം ആരോപിക്കാനുള്ള അവസരം അനുവദിക്കപ്പെട്ടിട്ടില്ലെന്നു കണ്ടപ്പോൾ തന്റെ അവസ്ഥ നിരാധാരമായിത്തീർന്നു എന്നു് അദ്ദേഹത്തിനു തോന്നി. നിരാശാസങ്കലിതമായ സ്വരത്തിൽ അദ്ദേഹം ആരംഭിച്ചു. "അടിയന്റെ പ്രാർത്ഥനകൾ കഴിഞ്ഞു് പതിവുപോലെ അടിയൻ ഉറങ്ങാൻ കിടന്നു. അടിയൻ ശയ്യാതലത്തെ അഭയം പ്രാപിച്ചപ്പോൾ തിരുവാഴി അടിയന്റെ വിരലിന്മേൽ കിടന്നിരുന്നു എന്നു് പിതാവിനെക്കൊണ്ടു് അടിയൻ സത്യംചെയ്യുന്നു. അടിയൻ ഇടയ്ക്കു് ഉണരാതെതന്നെ വെള്ളപ്പോളം ഉറങ്ങി. എന്തെന്നാൽ അവനവന്റെ കർത്തവ്യത്തെ നിഷ്കന്മഷമായി ചെയ്യുന്ന ഒരുവനു അല്ലാവു സുഖനിദ്രയെ കൊടുക്കുന്നു."

"ആത്മപ്രശംസ നിറുത്തി കാര്യംപറഞ്ഞാൽ മതി!" എന്നായിരുന്നു സുൽത്താന്റെ നിർദ്ദയമായ കല്പന.

"തമ്പുരാനേ മാപ്പുതരണം. സുഖനിദ്രയ്ക്കു ശേഷം അടിയൻ പ്രഭാതപ്രാർത്ഥനയ്ക്കുള്ള ആഹ്വാനംകേട്ടപ്പോൾ ഉണർന്നു, എന്നാൽ കിടക്കയിൽ നിന്നെഴുന്നേററു വിരലിൽ നോക്കിയപ്പോൾ മോതിരം കാണ്മാനില്ല."

"ഹാ! നിങ്ങൾ ഉറങ്ങുമ്പോൾ അതു അബദ്ധത്തിൽ കയ്യിൽ നിന്നും പോയതല്ലേ?"

"അല്ലയോ മഹാരാജാവേ! ഉടൻതന്നെ വളരെ സൂക്ഷ്മമായ അന്വേഷണങ്ങൾ നടത്തി, എന്നാൽ യാതൊരു ഫലവും ഉണ്ടായില്ല. അതുകൊണ്ടു ഈ നഷ്ടം അതിധീരനും സമർത്ഥനുമായ ഒരു തസ്കരൻ മൂലം വന്നതാണെന്നു വിചാരിക്കാൻ മാത്രമേ വഴി കാണുന്നുള്ളു."

“ഇത്ര കടന്നു വിചാരിക്കാൻ എനിക്കു തോന്നുന്നില്ല, നിങ്ങളുടെ പാറാവുകാരനെപ്പററി എന്തു പറയുന്നു?”

“അടിയൻെറ ഉറക്കറയുടെ മുമ്പിൽ കിടന്ന അടിമകൾ ആരെയും കണ്ടില്ല.”

“അരമനയിലെ പാറാവുകാരും മററു കാവല്ക്കാരും സംശയാസ്പദമായ യാതൊരു ലക്ഷ്യങ്ങളും കണ്ടില്ല?”

“തിരുമനസ്സിലെ പള്ളിയറയിലേക്കു വഴികാണിക്കുന്ന നടപ്പുരയിൽ കാവൽനിന്ന രണ്ടു പാറാവുകാർ ഒരൽഭുതസംഭവത്തെപ്പററി പറഞ്ഞു. അതായതു് അവരുടെ പിന്നിൽ ഉള്ള ഒരു യവനിക ഒരു സർപ്പം കയറിയാലെന്നപോലെ ചുരുണ്ടു പുളഞ്ഞു എന്നു തങ്ങളുടെ ഖഡ്ഗങ്ങളും കൊണ്ടു് ഊക്കോടെ കുത്തിയിട്ടും മനുഷ്യസാന്നിദ്ധ്യത്തിൻെറ ലക്ഷണമൊന്നും അവർ കണ്ടെത്തിയില്ല. മറയുടെ അൽഭുതകരമായ ഈ പെരുമാററത്തിനു് വല്ല പിശാചിൻെറയോ മററോ ആവേശത്തെ ഒഴിച്ചു മറെറാരുകാരണം പറയാനും കാണുന്നില്ല.”

ഇതുകേട്ട അന്ധവിശ്വാസികളായ ശ്രോതാക്കളുടെ മുഖം ചുളിഞ്ഞു. സുൽത്താൻ ചിന്താകുലനായി താടിതടവി “മറെറാന്നും സംഭവിച്ചില്ലെങ്കിൽ, ഇതു് വെറും ഉദ്ദേശമില്ലാത്ത ഒരു ചലനംതന്നെ. അരമനയുടെ ഒരററത്തുള്ള ഒരു ചുരുണ്ട മറയേയും മറേറ അററത്തു നടന്ന അംഗുലീയാപഹരണത്തെയും തമ്മിൽ ഘടിപ്പിക്കാൻ യാതൊരു കാരണവും നാം കാണുന്നില്ല. പറയൂ, സുലൈമാൻ പാറാവുകാരിൽ മററാരും അസാധാരണമായി മറെറാന്നും കാണുകയോ കേൾക്കുകയോ ചെയ്തില്ല?”

“ഇല്ല, മഹാപ്രഭോ അടിയനു നേരിട്ട നഷ്ടത്തെ വെളിയിൽ അറിയിക്കാതെ അടിയിൽ സൂക്ഷ്മമായ അന്വേഷണം നടത്തി. എന്നാൽ ആർക്കും ഒന്നും പറയാനുണ്ടായിരുന്നില്ല.”

“എന്നാൽ പറയൂ സുലൈമാൻ, പന്ത്രണ്ടടി അകലത്തായി സ്ഥിതിചെയ്യുന്ന മുന്നണിഭടനിരയെ കടന്നു്, ഇരട്ടപ്പൂട്ടുകൊണ്ടു് ബന്ധിച്ചിട്ടുള്ളതും പിന്നിൽ ആയുധപാണികളായ രക്ഷികളാൽ രാത്രിമുഴവൻ സുരക്ഷിതവും ആയ പത്തു ദ്വാരങ്ങളിൽ ഒന്നിൽക്കൂടി പ്രവേശിച്ചു്, ഈ വിധമുള്ള അഹിതന്മാരെ സ്വീകരിക്കാനായി സ്ഥാപിച്ചിട്ടുള്ള അനവധി കുടുക്കുകളിൽ ഒന്നിലും പെടാതെ നിങ്ങളുടെ ഉറക്കറ വാതലിൽ കിടന്നുറങ്ങിയ അടിമകളെയും മറികടന്നുവന്നു് നിങ്ങളെ ഉണർത്താതെ മോതിരവും തട്ടിക്കൊണ്ടു കടന്നുകളയാൻ ഏതൊരുത്തനെങ്കിലും സാദ്ധ്യമാകുമെന്നു ഞാൻ വിശ്വസിക്കുന്നതെങ്ങനെയെന്നു് അള്ളാവിൻെറ തിരുനാമത്തെ ഓർത്തു ഒന്നു പറയൂ,” എന്നു സുൽത്താൻ കഠിനസ്വരത്തിൽ കല്പിച്ചു.

“എങ്ങനെ ആയാലും തിരുമേനി കൃത്യം നടന്നു കഴിഞ്ഞു” എന്നു് ധൈര്യത്തോടെ സുലൈമാൻ മറുപടി പറഞ്ഞു.

അനേകം ആളുകളുടെ ആനുകൂല്യം കൂടാതെ ഒരുത്തനും കടന്നിരിക്കയില്ല. പിന്നെ എന്താ? നമ്മുടെ കൊട്ടാരം രാജദ്രോഹികളെകൊണ്ടു നിറഞ്ഞതെന്നു നാം വിശ്വസിക്കണമെന്നോ?

"അല്ല തിരുമേനി!"

"നാം വിശ്വസിക്കയുമില്ല. മോഷണം എന്ന സമാധാനം സാധുവല്ല."

ശ്വാസഹീനമായ ഒരു നിശ്ശബ്ദത ശ്രോതാക്കളുടെ ഇടയിൽ വ്യാപിച്ചു. എല്ലാ ചലനവും നിലച്ചു. സുൽത്താൻ സിംഹാസനത്തിൽ നിന്നെഴുന്നേററു. "സുലൈമാൻ" അദ്ദേഹം ഗർജ്ജിച്ചു "അഭിനീതമായ ആർജവവസ്ത്രത്താൽ മൂടപ്പെട്ടതെങ്കിലും ദോഷത്തെ കാണാൻ നമ്മുടെ കണ്ണുകൾക്കു ശക്തിയുണ്ടു്. പരിപാവനമായ വിശ്വാസത്തിന്മേൽ നിങ്ങളുടെപക്കൽ ഏല്പിക്കപ്പെട്ട നമ്മുടെ രത്നാംഗുലീയം നമ്മുടെ സിംഹാസനത്തിനു പ്രതികൂലമാകുംവണ്ണം പ്രയുക്തമായ സ്വാമിദ്രോഹചിന്തയുടെ ശക്തിപ്രാബല്യത്തെ സ്പർശിച്ചിട്ടുണ്ടെന്നുള്ളതു നിശ്ചയംതന്നെ. തന്നിമിത്തം അതിന്റെ പ്രഭ അസ്തമിക്കകയാൽ കള്ളനായ നീ അതിനെ നശിപ്പിക്കയോ വല്ലയിടത്തും കുഴിച്ചിടുകയോ ചെയ്തിട്ടു് നിന്റെ ദുഷ്കർമ്മത്തെ മറക്കാൻവേണ്ടി മോഷണമെന്ന വാദം കൊണ്ടുവന്നിരിക്കയാണു്."

ഒരു ശ്വാസബന്ധം അവിടെയെങ്ങും പ്രസരിച്ചു. സുലൈമാന്റെ മുഖം വിളറി, എന്നാലും അദ്ദേഹം നിഷേധസ്വരത്തിൽ ഉറക്കെ പറഞ്ഞു "അല്ലയോ പ്രതാപശാലിയായ മഹാരാജാവേ, സദാ അവിടത്തെ രാജകീയമായ സേവനത്തിലും കല്പനയിലും പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന ഈ ദേഹത്തിൽനിന്നും സ്വാമിദ്രോഹമാകുന്ന ശ്വാസം ഒരിക്കലും നിർഗ്ഗമിച്ചിട്ടില്ല, ഞാൻ സത്യം ചെയ്യാം."

"എന്നാൽ മറെറാരുതരത്തിലുള്ള നിഷ്പ്രഭമായിരിക്കും. കയ്യാണമോ വേറെ അന്യായകർമ്മമോ ഇപ്രകാരമുള്ള ഫലത്തെ വരുത്തിയതായിരിക്കാം."

"അങ്ങനെ ഒരു കുററം എന്റെമേൽ ആരോപിക്കാൻ ധൈര്യമുള്ള പുരുഷനോ സ്ത്രീയോ ശിശുവോ എവിടെ?"

"അനീതി വീട്ടിന്റെ മുകളിൽ കയറിനിന്നു് തന്നത്താൻ വിളിച്ചുപറയുമോ? അപരാധം ഗുരുതരമാകുംതോറും ഒളിക്കാനുള്ള ശ്രദ്ധയും ഗുരുതരമായിരിക്കും!" മാമുദ്ഖാൻ പ്രത്യുത്തരം അരുളി. "നിങ്ങൾക്കു കൈക്കൂലി തരുന്നയാൾ നിങ്ങളെ കുററപ്പെടുത്തുമെന്നും നിങ്ങളുടെ വഞ്ചനയെപ്പററി അന്യന്മാരെ അറിയിക്കുമെന്നും ഞാൻ ഊഹിക്കുമെന്നു നിങ്ങൾ വിചാരിക്കുന്നോ?" മാമുദ്ഖാൻ വീണ്ടും സിംഹാസനസ്ഥനായിട്ടു് ചുററുംനോക്കി. പ്രതിക്കനുകൂലമായോ പ്രതികൂലമായോ വാദിക്കാൻ ആഗ്രഹിക്കുന്ന ആരെങ്കിലും ഇക്കൂട്ടത്തിലുണ്ടോ?"

സാമാന്യം ദീർഘമായ ഒരു വിരാമവും ഒരു ചെറിയ മന്ത്രസ്വരവും അവിടെ ഉണ്ടായി, ഉടൻതന്നെ ഒരു പ്രഭു മുന്നോട്ടുവന്ന് താണുവണങ്ങി "ശക്തനും നീതിനിഷ്ഠനും ആയ തമ്പുരാനെ അടിയന്റെ വാക്കുകളെ ക്ഷമയോടെ കേൾക്കണമെന്നു പ്രാർത്ഥിക്കുന്നു. പ്രതി രത്നമോതിരത്തെ മനഃപൂർവ്വമായി കളകയോ, ഒളിച്ചുവയ്ക്കുകയോ, നശിപ്പിക്കുകയോ ചെയ്തിട്ട് മോഷണമെന്ന സമാധാനം പറവാൻ ഉദ്ദേശിച്ചിരുന്നു എങ്കിൽ അദ്ദേഹം അക്കഥയെ നിശ്ചയമായും സാമാന്യബുദ്ധിക്കു യുക്തിപൂർവ്വമെന്നും ന്യായമെന്നും തോന്നിക്കത്തക്ക വിധത്തിൽ കെട്ടിച്ചമയ്ക്കുമായിരുന്നു. അല്ലയോ ബുദ്ധിശാലിയായ തിരുമേനി മോഷണം അസാദ്ധ്യമെന്നു തോന്നിക്കുന്ന ഒരു കഥയെ അദ്ദേഹം കൊണ്ടുവരണമോ?"

ഈ വാദം ബലവത്തായിരുന്നു, എന്നാൽ മാമൂദ്ഖാൻ ശാഠ്യം ഉപേക്ഷിച്ചില്ല.

"മോഷണമെന്നുള്ള വാദത്തെ തള്ളിയിരിക്കുന്നു. നമ്മുടെ രാജകീയമായ വിധി അപ്രകാരമായിരുന്നു. എന്നാൽ നാം കേട്ട ആ വാദത്തെ നാം അംഗീകരിക്കയില്ലെന്ന് ആരും വിചാരിച്ചിരിക്കാതിരിക്കാൻവേണ്ടി, അപ്രകാരമുള്ള വാദത്തെപ്പററി നാം ഗാഢമായി ചിന്തിച്ചു എന്നും അതു് തടവുകാരന്റെ മഹത്തായ കുടിലതന്ത്രത്തിന്റെ ഫലമായ ഒരുപായമാണെന്നും ഉള്ള കാരണത്തിന്മേൽ മാററിവയ്ക്കപ്പെട്ടതാണെന്നും, അല്ലയോ പ്രജകളെ നിങ്ങളെല്ലാവരും ധരിച്ചുകൊള്ളുവിൻ."

സ്വസ്വാമിയുടെ വാക്കുകളാൽ സുലൈമാന്റെ ആശകൾ താണു. പ്രഭു തലകുനിച്ചു പിൻവാങ്ങി എന്നാൽ മറെറാരാൾ അദ്ദേഹത്തിന്റെ സ്ഥാനം സ്വീകരിച്ചു അദ്ദേഹം ധൈര്യസമേതം പറഞ്ഞു, "തമ്പുരാനെ, എല്ലാവരുടെയും സ്നേഹത്തിനു പാത്രമായ ഒരു വൃദ്ധസചിവൻ കയ്ക്കൂലി വാങ്ങിയെന്നോ, അല്ലെങ്കിൽ മറേറതെങ്കിലും വിധത്തിൽ തന്റെ സ്ഥാനത്തെ മലിനപ്പെടുത്തിയെന്നോ അഥവാ സത്യത്തെ മറിച്ചു എന്നോ യാതൊരു തെളിവും കൂടാതെ സ്ഥാപിച്ച് അദ്ദേഹത്തെ ശിക്ഷാർഹനാക്കുന്നതു് നീതിവിരുദ്ധമാകുന്നു; പോരെങ്കിൽ തെളിവുകൂടാതെ കുററാരോപണം ചെയ്വാൻ അവിടുന്നു തന്നെ സുലൈമാനെ അനുവദിച്ചതുമില്ല!"

ഈ ഭയരഹിതമായ വാക്കുകൾ കേട്ടപ്പോൾ മാമൂദ്ഖാന്റെ മുഖം കറുത്തു—പിന്നീടു തെളിഞ്ഞു. അദ്ദേഹം കൈവീശി, ആ മനുഷ്യൻ സ്വസ്ഥാനത്തെ പ്രാപിച്ചു. ഒരു നീണ്ടുവിരാമം, എന്നാൽ മററാരും അനങ്ങിയില്ല. വിശ്വാസികളുടെ നായകൻ വീണ്ടും എഴുന്നേററു, "സുലൈമാൻ നിങ്ങളുടെ വിചാരണ ന്യായമായും പരസ്യമായും നടത്തപ്പെട്ടു; എന്നാൽ മാമൂദ്ഖാൻ തന്റെ ഭൃത്യന്മാരുടെ പേരിൽ തെളിവുകൂടാതെ കുററമാരോപിക്കുന്നയാളാണെന്നു ആരും പറയാതിരിക്കാൻവേണ്ടി ഇവിടെ പ്രസ്താവിച്ച കാര്യങ്ങളിൽ നിങ്ങൾ കുററക്കാരനെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നെങ്കിലും—

അവയെ അടിസ്ഥാനമാക്കി നിങ്ങളെ ഞാൻ കുററപ്പെടുത്തുന്നില്ല. എന്നാൽ ധരിക്കുന്നതിന്ന് അതിൻെറ വിപുലമായ അധികാരത്തെ പ്രദാനംചെയ്യുന്ന നമ്മുടെ രത്നാംഗുലീയം നമ്മുടെ പ്രത്യാഗമനംവരെവച്ചു സൂക്ഷിച്ചുകൊള്ളുവാൻ നാം നിങ്ങളെ വിശ്വസിച്ചു ഏല്പിച്ചുപോകയും നാം തിരിച്ചുവന്ന് അതിനെ ആവശ്യപ്പെട്ടപ്പോൾ അതു കളഞ്ഞുപോയതായി അറികയും ചെയ്തതിൽ നിങ്ങളുടെ ജീവനോടൊപ്പം അതിനെ സൂക്ഷിക്കാതിരുന്നതായി കണ്ടു് ആ കുററത്തിനു നിങ്ങളുടെ ജീവൻതന്നെ പ്രായശ്ചിത്തം ചെയ്യണം എന്നു നാം ന്യായമായി വിധിക്കുന്നു. അതിലേക്കു നാളെ ഉദയാൽപരം മൂന്നുമണിക്കൂറു കഴിഞ്ഞു് നിങ്ങളുടെ ശരീരം നമ്മുടെ കൊട്ടാരവളപ്പിലുള്ള തടാകത്തിൽ നീന്തുന്ന മുതലയ്ക്കു എറിഞ്ഞുകൊടുക്കപ്പെടും. മാമൂദ്ഖാനായ നാം കല്പിച്ചു കഴിഞ്ഞു!" സുൽത്താൻ ഒരടയാളം കാണിച്ചു, ഉടനെ സുലൈമാൻെറ പിന്നിൽ നിന്ന ഭടന്മാർ ചുററിലുംകൂടി അദ്ദേഹത്തെ അവിടെനിന്നു കൊണ്ടുപോയി.

തിരിച്ചു തൻെറ കല്ലറയിൽ എത്തിയപ്പോൾ ഒരു മഹാശാന്തത ആ ഹൃദയത്തിൽ അവതരിച്ചു. ഇനിയും ചില മണിക്കൂറുകൾ ഉള്ളതുകൊണ്ടു സുലൈഖ അതിനകം അവളുടെ പ്രയത്നത്തിൽ വിജയംപ്രാപിക്കാൻ ഇടയായേക്കാം. എന്നാൽ സുലൈമാൻ ആ സംഭാവ്യതയിൽ അത്ര ആശവച്ചില്ല. തൻെറ മരണത്തിനുശേഷം സ്വനാമം കാലക്രമത്താൽ കളങ്കത്തിൽനിന്നു രക്ഷിക്കപ്പെടുമെന്നു അദ്ദേഹം ആശിച്ചു. മാമൂദിനെ കോടതികയററാൻ സുലൈഖ നിരന്തരപരിശ്രമം ചെയ്യുമെന്നു അദ്ദേഹത്തിനുറപ്പുണ്ടായിരുന്നു. മകളെ ഒന്നു കാണാൻ അദ്ദേഹം വളരെ കൊതിച്ചു, എന്നല്ല വെറും കയ്യോടെയെങ്കിലുംതന്നെ ഒന്നുകൂടി കാണ്മാൻ അവൾ എത്തുമെന്നു അദ്ദേഹം ആശിച്ചു. അദ്ദേഹത്തിനു മാമൂദിനെ കുററപ്പെടുത്തി വീണ്ടും ഒരു വിചാരണയ്ക്കു കൂടി കാരണമാകത്തക്കവണ്ണം അവൾ തെളിവിൻെറ ഒരു ശകലമെങ്കിലും കൊണ്ടുവന്നേയ്ക്കാനും ഇടയുണ്ടായിരുന്നു.

രാത്രി പ്രശാന്തമായി കഴിഞ്ഞു. അതുപോലെതന്നെ ശാന്തമായി നേരവും പുലർന്നു. പൊതുജനങ്ങൾക്കു പ്രവേശിക്കാനായി തുറക്കപ്പെട്ടിരുന്ന കൊട്ടാരവളപ്പിലേക്കുപോകുന്ന ജനങ്ങളെക്കൊണ്ടു ധാരയിലെ വീഥികൾ നിബിഡങ്ങളായി ജനങ്ങൾ ആബാലവൃദ്ധം തിക്കിത്തിരക്കി കൂട്ടത്തോടെ അന്നത്തെ വിശേഷകാഴ്ചകാണ്മാൻ കൊട്ടാരത്തിൽ കടന്നു. ഇത്രയും ഉന്നതപദസ്ഥനായ ഒരുദ്യോഗസ്ഥൻെറ പ്രക്ഷോഭജനകമായ ബന്ധനവും അതിനെ തുടർന്നുള്ള രാജകീയവിധിയും പ്രജകളുടെ ഇടയിൽ വലിയ ഇളക്കം ഉണ്ടാക്കി. പൊതുജനങ്ങൾക്കു സുലൈമാൻെറ പേരിൽ സഹതാപം ഉണ്ടായി എങ്കിലും അവരിൽ ആരുംതന്നെ അതു പുറത്തുപറവാൻ ധൈര്യപ്പെട്ടില്ല. സാദികളും പദാതികളും അടങ്ങിയ രക്ഷികൾ തടാകത്തിൻെറ വളരെ സമീപത്തു് ആൾകൾ വന്നുകൂടാതെ തടുത്തുനിർത്തി. ആ സരസ്സിലാകട്ടെ ഒരു വലിയ ചെതുമ്പൽ പിടിച്ച മോന്ത കൂടക്കൂടെ ചുഴികലന്ന വെള്ളത്തിൻെറ മുകളിൽ കാണുകയും വീണ്ടും മറകയും ചെയ്തുകൊണ്ടിരുന്നു.

ഭേരീനിനാദം സുൽത്താന്റെ വരവിനെ ഘോഷിച്ചു, അപ്പോൾ ജനസംഘം നമസ്കരിച്ചു. നാലടിമകളുടെ സ്കന്ധങ്ങളിൽ വഹിക്കപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ പല്ലക്ക് ഒരു കേന്ദ്രപ്രദേശത്തിൽ സ്ഥിതിചെയ്ത പൊക്കമുള്ള വേദികയിൽ കയററിവയ്ക്കപ്പെട്ടു.

സുൽത്താൻ തന്റെ സ്ഥാനം സ്വീകരിച്ച ക്ഷണത്തിൽ, ജനങ്ങൾ കഴുത്തുനീട്ടി മുന്നോട്ടുനോക്കി. അതു് സുലൈമാന്റെ ആഗമനത്തെ സൂചിപ്പിച്ചു. അദ്ദേഹത്തിന്റെ പദവിന്യാസം സ്ഥിരമായിരുന്നു; പിന്നെ മുഖമാകട്ടെ, അതു് രത്നാംഗുലിയം കാണാതായതു മുതൽ വഹിച്ചിരുന്ന ഉൽകണ്ഠാഭാവത്തോടു രഹിതമായിരുന്നു. അദ്ദേഹം അവിടെ കൂടിയിരുന്ന ജനങ്ങളുടെ നേരെ സ്വച്ഛമായ നേത്രങ്ങളോടു കൂടി നോക്കി. സുൽത്താൻ ഇരുന്ന വേദികയുടെ മുമ്പിൽ നമസ്കരിച്ചുകൊണ്ടു് സുലൈമാൻ പറഞ്ഞു. "പ്രതാപശാലിനിയായ തമ്പുരാനേ, അവിടത്തെ ദാസൻ പിരിഞ്ഞുപോകുന്ന ഈയവസരത്തിൽ, അള്ളാവിന്റെ കാരുണ്യം തിരുമുടിയിൽ അവതരിക്കണമെന്നു പ്രാർത്ഥിക്കുന്നു. അവിടത്തെ മുദ്രാംഗുലീയത്തിന്റെ രക്ഷയെ സംബന്ധിച്ചു് അധികം ജാഗ്രതയോടുകൂടിയിരിക്കാഞ്ഞ കുററത്തെ അടിയൻ സമ്മതിക്കുന്നു; എന്നാൽ മററപരാധങ്ങളെ സംബന്ധിച്ചിടത്തോളം അടിയൻ നിർദ്ദോഷിയാണു്."

"മറെറാരു കുററവും നിങ്ങളുടെമേൽ ചുമത്തിയിട്ടുമില്ല." സുൽത്താൻ ശാന്തനായി മറുപടി പറഞ്ഞു. "എന്നാൽ ജനങ്ങൾ വേറെ വിധം വിചാരിക്കാതിരിക്കാനായി നമ്മുടെ ഘോഷകൻ കുററപത്രം വായിക്കട്ടെ."

കാഹളനാദം മുഴങ്ങവേ ഘോഷകൻ വേദികയിൽ കയറി, രാജ്യത്തിലേററവും അനർഘമായ വസ്തു നഷ്ടമാകാൻ ഇടവരുത്തിയ ഉപേക്ഷക്കുററത്തെക്കുറിച്ചു വായിച്ചു.

അവിടെ കൂടിയ ജനങ്ങൾക്കു് അനന്തമെന്നു് തോന്നിയ ഒരു ദീർഘവിരാമം സഞ്ജാതമായി. അനന്തരം മാമൂദ്ഖാൻ തന്റെ വലതുകൈ പൊക്കി, ഉടനെതന്നെ രണ്ടടിമകൾ മുന്നോട്ടുവന്നു് സുലൈമാനെ പിടികൂടി, അതേസമയത്തിൽ തന്നെ ചെതുമ്പൽ പിടിച്ച ആ വലിയ മൊന്ത അതിന്റെ ഇരയെ പ്രതീക്ഷിച്ചു് തടാകത്തിന്റെ ഉപരിഭാഗത്തിൽ പ്രത്യക്ഷപ്പെട്ടു.

തങ്ങളുടെ തടവുകാരനെ അരക്കെട്ടിലും കണങ്കാലിലുമായി പിടിച്ചെടുത്തുകൊണ്ടു് അടിമകൾ അവസാനത്തിലെ പ്രക്ഷേപണത്തിനായി അദ്ദേഹത്തെ പിന്നിലേക്കു ഒന്നു വീശി. കാത്തുനിന്ന ജനസംഘം ശ്വാസംപിടിച്ചു.... ....

ഉച്ചത്തിൽ ഒരു ആർപ്പുവിളി!

പൊടുന്നനവേ പിന്നിൽനിന്നു, ഒരാരവം, അതിന്റെ കാരണമറിഞ്ഞപ്പോൾ മുൻവശത്തു നിന്നവരും ആ സംരാമത്തെ തുടർന്നു പുറപ്പെടുവിച്ചു. അടിമകൾ വിരമിച്ചു്; സുലൈമാന്റെ സ്നേഹിതന്മാർ വല്ല തകരാറുകളും

ഉണ്ടാക്കി അദ്ദേഹത്തെ രക്ഷിപ്പാൻ മുതിരുന്ന പക്ഷം അതിനെ തടുക്കാൻ വേണ്ടി രക്ഷികൾ കൃപാണങ്ങളെ കയ്യിലാക്കി. വീണ്ടും ഒരു ഗർജ്ജനത്തോടുകൂടി ജനസംഘം രണ്ടുഭാഗമായി മാറി ഒരേ വ്യക്തിയെന്നപോലെ തറയിൽ അമർന്നു. അവരുടെ ഇടയിൽക്കൂടി സുലൈഖ കുതിരയെ ഓടിച്ചു വരുന്നതു കാണപ്പെട്ടു. മഹാമരതകരത്നം പതിച്ച ഒരു മോതിരം എല്ലാവരും കാണത്തക്ക വിതത്തിൽ അവൾ തന്റെ കയ്യിൽ പൊക്കിപ്പിടിച്ചിരുന്നു. ഇതുകൊണ്ടു് ഒരു ആയുധകാണിതത്തോടുകൂടി രക്ഷിഭടന്മാർ ആചാരം ചെയ്തു.

പല്ലക്കിലുള്ള തന്റെ ഇരിപ്പടത്തിൽ നിന്നും ആശ്ചര്യഭാരത്താൽ സുൽത്താൻ പകുതി പൊങ്ങി. പിന്നെ അദ്ദേഹം അടിമകളോടു് വേഗത്തിൽ ഒരാംഗ്യം കാണിച്ചു. അവരാകട്ടെ സുലൈമാനെ താഴെ നിത്തി തങ്ങളുടെ പിടി വിടാതെ നിന്നു.

സുലൈഖ വേദികയുടെ സമീപത്തേക്കു് ഓടിച്ചുചെന്നു് കുതിരപ്പുറത്തുനിന്നും താഴെയിറങ്ങി കമ്പിളി വിരിച്ചു. പടികൾ കയറി ഗാഢമായ ബഹുമാനത്തോടുകൂടി വണങ്ങിക്കൊണ്ടു് രത്നമോതിരത്തെ കാഴ്ചവച്ചുപറഞ്ഞു, "പൊന്നുതമ്പുരാനെ അടിയന്റെ പിതാവിന്റെ കയ്യിൽനിന്നു മോഷ്ടിക്കപ്പെട്ട രത്നത്തെ അതിന്റെ മോഷ്ടാവിനെ കബളിപ്പിച്ചു കയ്ക്കലാക്കി ഇതാ അവിടത്തെ ദാസി തൃപ്പാദത്തിൽ സമപ്പിക്കുന്നു."

മാമുദ് ഖാൻ കൈനീട്ടിയില്ല. അദ്ദേഹം ഒരാംഗ്യം കാണിച്ചു. അതിനെ സുലൈഖ കൃതജ്ഞതയോടു മനസ്സിലാക്കി. എഴുന്നേറ്റു വീണ്ടും തൊഴുതുകൊണ്ടു് അവൾ പടിയിറങ്ങിച്ചെന്നു മോതിരത്തെ പിതാവിന്റെ കയ്യിൽ കൊടുത്തു. തൽക്ഷണം അടിമകൾ അവരുടെ പിടിവിട്ടു ഭയഭക്തിയോടുകൂടി വണങ്ങി. സുലൈമാനാകട്ടെ സ്വപുത്രിയോടൊന്നിച്ചു് വേദികയിൽ കയറി സ്വഹസ്തത്താൽ രത്നാംഗുലീയത്തെ സ്വാമിയുടെ തൃക്കയ്യിൽ അപ്പിച്ചപ്പോൾ തനിക്കു മാപ്പു കിട്ടിയെന്നു് മനസ്സിലാക്കി.

"പറയൂ പെൺകിടാവേ, നമ്മുടെ മോതിരം കൈവശം വച്ചുകൊണ്ടിരുന്നയാളിന്റെ പേർ പറയൂ! നിന്റെ കഥയും കേൾക്കട്ടെ."

സുലൈഖ സുൽത്താനെ നമിപിച്ചു് ആർക്കും കേൾക്കാൻ പാടില്ലാത്ത വിധം മന്ദമായ സ്വരത്തിൽ ഇങ്ങനെ പറഞ്ഞു.

"മഹാപ്രഭോ! മാഹൂദരാജകുമാരന്റെ കയ്ക്കലാണു് അവിടത്തെ തിരുവാഴി കാണപ്പെട്ടതു്. അടിയൻ —"

പിന്നെ ഒരക്ഷരം അവളുടെ അധരത്തിൽനിന്നും പുറപ്പെട്ടില്ല. എന്തെന്നാൽ മുന്നറിവു കൊടുക്കാതെ പ്രധാനമന്ത്രിയുടെ പുത്രി ബോധരഹിതയായി അവളുടെ പിതാവിന്റെ കരങ്ങളിൽ പതിച്ചു.

സുലൈഖയ്ക്കു വീണ്ടും ബോധം വീണപ്പോൾ നാലു മണിക്കൂർ കഴിഞ്ഞിരുന്നു. അവൾ കണ്ണു തുറന്നു നോക്കിയപ്പോൾ തന്റെ കിടക്കയുടെ സമീപത്തു് കാസിംരാജകുമാരൻ കുനിഞ്ഞുകിടക്കുന്നതു കണ്ടു. തലക്കെട്ടിനാൽ പ

കുതിമറയ്ക്കപ്പെട്ട ഒരു കെട്ട് അദ്ദേഹത്തിന്റെ ശിരസ്സിനെ മുററിക്കൊണ്ടുപ്പെട്ട് എന്നാൽ ആപൽക്കരമായ പരുക്കുകൾ ഒന്നും അദ്ദേഹത്തിനു പററിയിരുന്നില്ല.

"വാസ്തവത്തിൽ സുലൈഖാ, എന്റെ പ്രിയതമേ, ഭവതി എന്റെ സഹായത്തിനായി അയച്ച ഭടന്മാർ സമയത്തിനു അവിടെ വന്നുചേർന്നു. കള്ളന്മാരിൽ അനേകംപേർ എന്റെ പുറത്തു വന്നുവീണു. പിന്നെ അവരിൽ രണ്ടുപേരെ റസ്റ്റം തട്ടിത്താഴെയിട്ടുവെങ്കിലും മററുള്ളവരുടെ കൃപാണങ്ങൾ അടുത്ത നിമിഷത്തിൽ എന്റെ കഥ കഴിക്കുമായിരുന്നു. എന്റെ കാൎയ്യം തീൎന്നു എന്നുതന്നെ ഞാൻ നിശ്ചയിച്ചു. അപ്പോഴാണു മുമ്പിൽ വന്ന ഭടൻ മലയിടുക്കിൽ പ്രവേശിച്ചതു്. അശ്വത്തിന്റെ ഖുരശബ്ദം ഇത്ര മധുരമായി മുമ്പൊരിക്കലും എന്റെ കൎണ്ണങ്ങളിൽ പതിഞ്ഞിട്ടില്ല."

സുലൈഖ ഒന്നു വിറച്ചു. "ധീരനായ റസ്റ്റമിന്റെ കഥയെന്തു്?" എന്നവൾ ചോദിച്ചു.

"അയാൾ വീണ സ്ഥലത്തിനടുത്തുതന്നെ ഞാൻ അയാളെ സംസ്കരിച്ചു. അയാൾക്കു കിട്ടിയ വെട്ടുകൾ എന്റെ നേരെ ഓങ്ങപ്പെട്ടവയായിരുന്നു. എന്നാൽ റസ്റ്റം ഒരു പരിചയെന്നപോലെ എന്റെമേൽ നെടുകെവീണു അയാളുടെ പൂൎവ്വജീവിതം എങ്ങനെയായാലും കൊള്ളാം. ഒരു പുരുഷന്റെ അഭിമാനത്തോടുകൂടിത്തന്നെയാണു് അയാൾ മരിച്ചതു്!"

സുലൈഖ പൊട്ടിക്കരഞ്ഞു; പിന്നെ അവളെസാന്ത്വനംചെയ്‌വാൻ കാസിമിനു കുറേനേരം വേണ്ടിവന്നു. "ഹസ്സനെന്നപോലെതന്നെ അയാളും സ്വജീവനെ ബലികഴിച്ചുതന്നെ പ്രതിശാന്തിചെയ്തു?" ഒടുവിൽ അവൾ മന്ത്രിച്ചു. "പിന്നെ, മനുഷ്യര് ഇതിൽ കൂടുതൽ എന്തു ചെയ്‌വാൻ സാധിക്കും?" കുറേനേരംകൂടി അവർ സംഭാഷണംചെയ്തുകൊണ്ടിരുന്നു: താൻ സമയത്തിനു ധാരാനഗരത്തിൽ വന്നുചേൎന്നതും മററു സംഭവങ്ങളും അവൾ തന്റെ കാമുകനെ പറഞ്ഞുകേൾപ്പിച്ചു. എന്നാൽ മാഹ്മൂദിന്റെ അവസ്ഥയെങ്ങനെ?" എന്നവൾ പെട്ടെന്നു ചോദിച്ചു.

സംതൃപ്തിസൂചകമായ ഒരു രൂക്ഷമന്ദഹാസം കാസിമിന്റെ മുഖത്തിൽകൂടി കടന്നുപോയി "രക്ഷിഭടന്മാരുടെ നായകനായ അഹമ്മദ് ഇരുനൂറു യോദ്ധാക്കളോടുകൂടി ഇപ്പോൾ അങ്ങോട്ടു യാത്രചെയ്യുകയാണു്", എന്നു അദ്ദേഹം പറഞ്ഞു.

## അദ്ധ്യായം ൨൦

# വിധി

മാഹ്മൂദ്‌രാജകുമാരൻ നേരം അധികം പുലരുന്നതുവരെ കിടന്നുറങ്ങി; എന്നാൽ ഒടുവിൽ ഒന്നനങ്ങി അങ്ങോട്ടുമിങ്ങോട്ടും തിരിഞ്ഞശേഷം അദ്ദേഹം മെത്തയിൽ നിന്നെഴുന്നേററു് കവാടം ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നു നിശ്ചയം വരുത്തിക്കൊണ്ടു വെള്ളിവിളക്കുകളിൽ ഒന്നിന്റെ അരികത്തണഞ്ഞു് അ

തിൽ ഉന്തിനിന്ന ഗോളത്തിലെ ആണിതിരിച്ചെടുത്തു. രാത്രിയിൽ ഒടുവിലത്തെ കൃത്യമായി സുൽത്താന്റെ രത്നാംഗുലീയംകൊണ്ടു തന്റെ കണ്ണുകൾക്ക് വിരുന്നൂട്ടുക എന്നുള്ളതു് അദ്ദേഹത്തിനു് ഒരു പതിവായിത്തീൎന്നിരുന്നു; അതുപോലെതന്നെ പ്രഭാതത്തിൽ ഉണൎന്നെഴുനേൽക്കുമ്പോൾ ഇടവിടാതെ അതിനെ തന്റെ ആദ്യത്തെ കൃത്യമാക്കിയും അദ്ദേഹം വച്ചിരുന്നു. മോതിരം അദ്ദേഹത്തെ അളവില്ലാതെ മയക്കിയിരുന്നു. അതിന്റെ അത്ഭുതജനകവും അഗാധവും ആയ കാന്തിപരമ്പരയെ അവലോകനം ചെയ്യുന്നതിൽ അദ്ദേഹത്തിനു് ഒരിക്കലും വിരക്തിയുണ്ടായില്ല. പുനശ്ച, ആ രത്നാപ്രദാനം ചെയ്ത അധികാരം തന്റേതാണെന്നു കൂടി അദ്ദേഹം ഭാവിച്ചു.

സുൽത്താന്റേതാണെന്നുള്ള വിശ്വാസത്തോടുകൂടി മോതിരത്തെ വെള്ളിവിളക്കിൽ നിന്നും പുറത്തെടുത്തു നോക്കിയപ്പോൾ അദ്ദേഹം ഭീമമായി ഒന്നു ഞെട്ടി. പ്രഭയേറിയ മിന്നൽ അദ്ദേഹത്തിന്റെ ദൃഷ്ടിക്കു ഗോചരമായില്ല. നിസ്സീമമായ കാന്തിപടലവും അതിൽ നിന്നും പുറപ്പെട്ടില്ല. മിന്നലും ശോഭയും എല്ലാം പോയി, മരതകച്ഛവി പൂണ്ട ജ്വാലയും അസ്തമിച്ചു. അതിന്റെ സ്ഥാനത്തു് മങ്ങിയ ഒരു ആരുണ്യം ദൃശ്യമായി.

ഒരു നിമിഷനേരത്തേക്കു സ്തബ്ധനായ രാജകുമാരനു് തുറിച്ചു നോക്കുകയല്ലാതെ മറ്റൊന്നും ചെയ്വാൻ സാധിച്ചില്ല. മോതിരത്തിന്റെ നിറം മാറുമെന്നുള്ള ഐതിഹ്യം യഥാൎത്ഥമായി പരിണമിച്ചു എന്നു കണ്ടു അദ്ദേഹം ഭയചകിതനായി ധരിക്കുന്നവന്റെ ഹൃദയത്തിൽ ആൎജ്ജവത്തെ ഉളവാക്കുവാൻ വേണ്ടി കെട്ടിച്ചമച്ച ഒരു കള്ളക്കഥയല്ല അതൊന്നും, എന്നാൽ ശരിയായ യാഥാൎത്ഥ്യം തന്നെയെന്നും മാഹ്മൂദ് ചിന്തിച്ചു. തന്റെ സ്വാമിദ്രോഹമാണു് ഈ പരിണാമത്തിനു ഹേതുവായിത്തീൎന്നതെന്നും മാഹ്മൂദ് പൂൎണ്ണമായി വിശ്വസിച്ചു.

അദ്ദേഹം മോതിരത്തെ വളരെ സൂക്ഷ്മമായി പരിശോധിച്ചുകൊണ്ടു പണി പഴയ സ്ഥിതിയിലും സ്വൎണ്ണം മുമ്പത്തെപോലെ കാന്തമായും ഇരുന്നു. മോതിരത്തിന്റെ അലൌകികമായ ശക്തിനിമിത്തം, തന്റെ അപരാധം അതിലെങ്ങാനും കുറിക്കപ്പെട്ടിട്ടുണ്ടോ എന്നു് അന്ധവിശ്വാസജനിതമായ ഭയത്തോടുകൂടി അദ്ദേഹം സൂക്ഷിച്ചുനോക്കി, എന്നാൽ ഒന്നും കണ്ടുപിടിക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല രത്നത്തിന്റെ നിറവും പ്രഭയും അസ്തമിച്ചതുമാത്രം ദൃശ്യമായി.

മാഹ്മൂദ് രാജകുമാരൻ വളരെനേരം ഇരുന്നു ഗാഢമായി ആലോചിച്ചു. അനന്തരം മുഖം പ്രസന്നമായി അദ്ദേഹം പൊട്ടിച്ചിരിച്ചു ഇതിനേക്കാൾ ഭാഗ്യമേറിയ എന്തുസംഭവം ഉണ്ടാകാനിരിക്കുന്നു? സുൽത്താന്റെ അരമനയിൽ ചെന്നു് മോതിരത്തെ സുലൈമാൻ എളുപ്പത്തിൽ കണ്ടുപിടിക്കുമെന്നുള്ള ഒരു സ്ഥലത്തിടാമെന്നു് അദ്ദേഹം ആലോചിച്ചു. അതിന്റെ നിറം ഇങ്ങനെ മാറി കാണുമ്പോൾ പ്രധാനമന്ത്രി എന്തുചെയ്യും? സുൽത്താൻ തിരിച്ചുവരുന്നവ

സരത്തിൽ മോതിരം അദ്ദേഹത്തെ ഏൽപ്പിക്കുമ്പോൾ നിറംമാററത്തിനു മന്ത്രി എന്തു കാരണം തിരുമനസ്സറിയിക്കും

ഈ ഉപായത്തിൽ ഒരബദ്ധം ഉണ്ടെന്നു് ഉടൻ അദ്ദേഹത്തിനു സ്പഷ്ടമായി. മാഹ്മൂദിൻെറ വഞ്ചനാപരമായ കൃത്യത്താൽ രത്നത്തിൻെറ നിറം മാററിയെങ്കിൽ ആ മന്ത്രിയുടെ ധർമ്മനിഷ്ഠയായ ഹസ്തത്തിൽ പതിക്കുമ്പോൾ മെല്ലെ അതിൻെറ പഴയ പ്രഭയെ പ്രാപിക്കാൻ ഇടയില്ലെ? മാഹ്മൂദ് ചിന്തയോടുകൂടി തൻെറ താടി തടവി തൻെറ ആർജവം കൊണ്ടു രത്നത്തിൻെറ കാന്തിയെ പുനർജ്ജീവിപ്പിക്കാൻ ശക്തനായ ഒരുവൻ ധാരാനഗരത്തിൽ ഉണ്ടെങ്കിൽ അതു സുലൈമാനാണെന്നാണു് മഹ്മൂദിനുറപ്പുണ്ടായിരുന്നു. എന്നാൽ അങ്ങനെ ഒരു സംഭവം അദ്ദേഹത്തിൻെറ ഉപായം മുഴുവനും തകരാറിലാക്കാം; വാസ്തവത്തിൽ പിന്നെ മാഹ്മൂദിൻെറ പ്രയത്നമെല്ലാം വിഫലമായി ഭവിക്കയും ചെയ്യും ഇങ്ങനെയുള്ള ആലോചനകളോടുകൂടി അദ്ദേഹം ഒടുവിൽ സംഗതികളുടെ ഭാവിയായ പുരോഗതി എന്തെന്നറിയുന്നതു വരെ മോതിരത്തെ സൂക്ഷിക്കുന്നതാണു ബുദ്ധിപൂർവമെന്നും തീർച്ചപ്പെടുത്തി. ഏതായാലും പ്രധാന മന്ത്രിയെ താൻ വട്ടത്തിലാക്കിയെന്നു് അദ്ദേഹം ആനന്ദിച്ചു.

ഉച്ചതിരിഞ്ഞപ്പോൾ മാഹ്മൂദിൻെറ അരമനയിലെ ഉദ്യോഗസ്ഥന്മാരിൽ ഒരുവൻ അദ്ദേഹത്തിൻെറ മുമ്പിൽ പ്രവേശിച്ചു് സുൽത്താൻ തിരുമേനിയുടെ സന്ദേശവാഹന്മാർ എന്തോ അത്യാവശ്യകാര്യം പ്രമാണിച്ചു് അവിടെ എത്തിയിരിക്കുന്ന വിവരം അറിയിച്ചു.

“സുൽത്താൻ തിരുമനസ്സിലെ അരികിൽ നിന്നെന്നോ?” നീ പറഞ്ഞതു്? അതല്ല മന്ത്രിയുടെ സമീപത്തു നിന്നോ? മാഹ്മൂദ് ശങ്കാസ്പൃഷ്ടനായി ചോദിച്ചു, എന്തെന്നാൽ മാമൂദ്ഖാൻെറ പെട്ടെന്നുള്ള പ്രത്യാഗമനത്തെപ്പററി അദ്ദേഹം കേട്ടിട്ടില്ലായിരുന്നു.

“വിശ്വാസികളുടെ നായകൻെറ സമീപത്തു നിന്നു തന്നെ തിരുമേനി!”

“അവരെ ഉടൻ കൂട്ടിക്കൊണ്ടു വരു!”

ഉദ്യോഗസ്ഥൻ പിൻവാങ്ങി അഹമ്മദിനെയും രണ്ടനുചരന്മാരെയും കൂട്ടിക്കൊണ്ടു് വീണ്ടും അകത്തു പ്രവേശിച്ചു.

“ബഹുമാനപ്പെട്ട രാജകുമാരാ എൻെറ സ്വാമിയുടെ കുശലപ്രശ്നത്തെ സ്വീകരിച്ചാലും; അള്ളാവിൻെറ തിരുവുള്ളം അനുസരിച്ചു് സുൽത്താൻ തിരുമേനി യാത്രവേണ്ടെന്നു വച്ചു് തിരിയെ എഴുന്നള്ളിഇപ്പോൾ ധാരാനഗരത്തിലുണ്ടു്.” ഈ വാക്കുകളോടുകൂടി ആചാരം ചെയ്തശേഷം അഹമ്മദ് മുദ്ര വച്ച ഒരു ചെറിയ കടലാസുപൊതി മാഹ്മൂദിൻെറ പക്കൽ കൊടുത്തു.

അല്പ സംഭ്രമത്തോടുകൂടി മാഹ്മൂദ് അതു തുറന്നു് വായിച്ചു അതിലെ ഭാഷാ അലങ്കാരപ്രചുരവും ഗൂഢാർത്ഥദ്യോതകവുമായിരുന്നു. എന്നാൽ രജത ചോദകം മാമൂദ്ഖാൻ സ്വീകരിച്ച വിവരം അതിൽ കാണിച്ചിരുന്നതിനു പ്ര

മേ മാഹ്മൂദ് ഉടൻ തന്റെ തിരുമുമ്പിൽ ചെല്ലണമെന്നു കല്പിച്ചിരുന്നു.

വേറെ വല്ല വൃത്താന്തവും ഉണ്ടോ? മാഹ്മൂദ് കരുതലോടുകൂടി ചോദിച്ചു.

“വൃത്താന്തമേ, ഉണ്ട്, ബഹുമാനപ്പെട്ട രാജകുമാരാ,” അഹമ്മദ് മറുപടി പറഞ്ഞു, എന്തെന്നാൽ അദ്ദേഹത്തിനു നൽകപ്പെട്ടിരുന്ന നിർദ്ദേശം അപ്രകാരമായിരുന്നു. നാട്ടൊട്ടുക്ക പരസ്യമായിത്തീർന്നിട്ടുള്ള ആ വർത്തമാനം താങ്കൾ കേൾക്കാഞ്ഞതിൽ ഞാൻ അത്ഭുതപ്പെടുന്നു. എന്റെ സ്വാമിയായ സുൽത്താൻ മിനഞ്ഞാന്നു സന്ധ്യയോടുകൂടി തിരിച്ചെഴുന്നള്ളി ഉടൻ തന്നെ മുദ്രാംഗുലീയം കൊണ്ടുവരാൻ കല്പിച്ചതിൽ സുലൈമാൻ അതു ഹാജരാക്കുകയോ അതിന്റെ നഷ്ടത്തിനു കാരണം ബോധിപ്പിക്കുകയോ ചെയ്യാഞ്ഞതിനാൽ തിരുമനസ്സു കൊണ്ട് അയാളെ ബന്ധിക്കുവാൻ കല്പനകൊടുത്തു. കോപാന്ധനായി, തമ്പുരാൻ മന്ത്രിയെ ആ സ്ഥാനത്തു നിന്നും ബഹിഷ്കരിക്കയും, പിന്നെ—”

അദ്ദേഹം സാർത്ഥമാകും വണ്ണം വിരമിച്ചു, എന്നിട്ട് മാഹ്മൂദിനെ നോക്കി മന്ദഹസിച്ചു.

“പിന്നെ അദ്ദേഹത്തിന്റെ സ്ഥാനത്തു മറ്റൊരാളെ തീർച്ചയായും നിയമിക്കണമെന്നോ?” എന്നു തന്റെ കവർത്ത മുഖത്തിൽ പ്രത്യക്ഷമായ ഒരു പ്രസന്നഭാവത്തിൽ മാഹ്മൂദ് പറഞ്ഞു.

അഹമ്മദ് വണങ്ങി. “എന്റെ പ്രഭു ബുദ്ധിശാലിയും ദീർഘദർശനപടുവും ആണ്.

തന്റെ ചോദ്യത്തിനു അനുകൂലമായ മറുപടിയായി മാഹ്മൂദ് വ്യാഖ്യാനിച്ച ഒരു പുഞ്ചിരിയോടുകൂടി അദ്ദേഹം പറഞ്ഞു, “പിന്നെയെന്തിനു” അഹമ്മദ് തുടർന്നു, “തിരുമനസ്സുകൊണ്ടു, അവിടത്തെ കൂട്ടിക്കൊണ്ടുവരുവാൻ ഒരകമ്പടിയോടുകൂടി രാജകീയലായത്തിൽനിന്നു ഒരു കുതിരയും തന്നു് എന്നെ കല്പിച്ചയച്ചതു്?”

മാഹ്മൂദ് ഒരു മണിയടിച്ചപ്പോൾ അവിടെ പ്രത്യക്ഷനായ വിചാരിപ്പുകാരനോടു അഹമ്മദിനും അനുചരന്മാർക്കും ലഘുഭക്ഷണം കൊടുപ്പാൻ കല്പിച്ചശേഷം അദ്ദേഹം കുളികഴിച്ചു് വിലയേറിയ വസ്ത്രങ്ങൾ ധരിച്ചു പകർപ്പു മോതിരവും കയ്യിലെടുത്തു് അകമ്പടിയോടുകൂടി ധാരാനഗരത്തിലേക്കു പുറപ്പെട്ടു.

പ്രഭാതത്തിൽ കാസിം രാജകുമാരന്റെ മോചനത്തെപ്പറ്റി ഒരു വാക്കു പോലും അദ്ദേഹത്തിന്റെ ചെവിയിൽ എത്തിയിരുന്നില്ല; എന്തെന്നാൽ ആ രാജകുമാരനെ സംബന്ധിച്ച ഏതു വൃത്താന്തവും പ്രധാനകാര്യസ്ഥനായ അബ്ദുള്ള മുഖാന്തിരമല്ലാതെ അദ്ദേഹത്തെ അറിയിക്കാൻ നിവൃത്തിയില്ലായിരുന്നു. അബ്ദുള്ളയുടെ പ്രത്യാഗമനത്തോടുകൂടി ഈ വൃത്താന്തമറിയിക്കാൻ ദ്വാരപാലകൻ അക്ഷമനായി കാത്തുനില്ക്കുകയായിരുന്നുതാനും.

സുലൈമാന്റെ അധഃപതനവൃത്താന്തം മാഹ്മൂദിന്റെ ഹൃദയത്തിൽ പരമമായ സംതൃപ്തിയെ ഉളവാക്കി. ഇങ്ങനെ അദ്ദേഹം പതാകാവാഹകന്റെ പിന്നിലായി സവാരിചെയ്തപ്പോൾ വിശ്വാസയോഗ്യമായി സ്വീകരിക്കപ്പെടുമെന്നു തനിക്കുതോന്നിയ ഒരു കഥയെ മാഹ്മൂദ് കെട്ടിയുണ്ടാക്കി.

സുൽത്താന്റെ പൂങ്കാവുകളുടെയും തോട്ടങ്ങളുടെയും മദ്ധ്യേക്കൂടി മണിനാദം കലർന്ന ആ സാദിസംഘം പുരോഗമനംചെയ്തു് ഒടുവിൽ അരമനവാതുക്കൽ ചെന്നുനിന്നു; അവിടെ മാഹ്മൂദ് ആചാരപുരസ്സരം സ്വീകരിക്കപ്പെട്ടു് രാജസന്നിധിയിൽ നീതനായി. സ്വീകരണത്തിന്റെ രീതിയും അദ്ദേഹം മുമ്പു് കൊടുത്തയച്ച ഉപഹാരദ്രവ്യത്തിലേയ്ക്കായി മാമൂദ്ഖാൻ പ്രകടിപ്പിച്ച അഭിനന്ദനവും സുൽത്താൻതന്നെ സുലൈമാനു് പകരം പ്രധാനമന്ത്രിയായി നിയമിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടെന്നുള്ള ഒരു ബോധത്തെ മാഹ്മൂദിന്റെ അന്തരംഗത്തിൽ അങ്കുരിപ്പിച്ചു. മന്ത്രിയുടെ കുററവിചാരണ സുൽത്താൻതന്നെ ചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നുംകൂടി കേട്ടപ്പോൾ താൻ ഒരു പുതിയ കഥ സൃഷ്ടിച്ചതിലും മോതിരംകൂടി കൊണ്ടുവന്നതിലും പ്രദർശിപ്പിച്ച മുൻകരുതലിനെപ്പററി ആ രാജകുമാരൻ മനസാ ആത്മപ്രകാശംചെയ്തു. അതിനാൽ രാജാക്കന്മാരും പ്രഭുക്കന്മാരും അരമനയിലെ ഉദ്യോഗസ്ഥന്മാരും നഗരത്തിലെ ധനികന്മാരായ വ്യാപാരികളിൽ അധികംപേരും നിറഞ്ഞിരുന്ന ആസ്ഥാനമണ്ഡപത്തിൽ മാഹ്മൂദ് പ്രവേശിച്ചതു് എത്രയും വിശ്വാസത്തോടുകൂടി ആയിരുന്നു.

സുലൈമാൻ രണ്ടു രക്ഷിഭടന്മാരുടെ ഇടയിലായി അവിടേക്കു നയിക്കപ്പെട്ടതു് അദ്ദേഹം കണ്ടപ്പോഴും, അതു കഴിഞ്ഞ ദിവസം നടന്ന വിചാരണയുടെ വീണ്ടുമുള്ള ഒരു പ്രകടനമാണെന്നും മുൻപു ചോദ്യംചെയ്തപ്പോൾ കൊടുത്ത മറുപടിതന്നെ ഇപ്പോഴും പറയണമെന്നു് സുലൈമാൻ സുൽത്താനാൽ ഉപദിഷ്ടനായിട്ടുണ്ടെന്നും ഉള്ള വസ്തുത അദ്ദേഹം സ്വപ്നത്തിൽപോലും ചിന്തിച്ചില്ല.

തന്നോടസൂയതോന്നീട്ടുള്ളവരെപ്പററി സുലൈമാൻ ബോധിപ്പിച്ചപ്പോൾ മാഹ്മൂദ് ശ്വാസംപിടിച്ചു, എന്നാൽ കുററത്തിനു മതിയായ തെളിവുകൂടാതെ ആരുടേയും പേർ പറഞ്ഞുപോകരുതെന്നു മാമൂദ്ഖാൻ രൂക്ഷസ്വരത്തിൽ ആജ്ഞാപിച്ചപ്പോൾ അദ്ദേഹം മെല്ലെ ഒന്നു ചിരിച്ചു. സുൽത്താൻ ഓരോ വാക്കു ഉച്ചരിക്കുമ്പോഴും മാഹ്മൂദിന്റെ വിശ്വാസം പ്രവൃദ്ധമായിവന്നു. അദ്ദേഹം ഇച്ഛിച്ചതുപോലെതന്നെ ഓരോന്നും അക്ഷരംപ്രതി സംഭവിച്ചു. മോഷമെന്നുള്ള സമാധാനത്തെ മാമൂദ്ഖാൻ പുച്ഛിക്കയും സുലൈമാൻ തന്റെ സ്വാമിദ്രോഹബുദ്ധികൊണ്ടു രത്നത്തിന്റെ നിറം മാററാൻ ഇടയാക്കി പിന്നെ അതിനെ കയ്യിൽ വച്ചുകൊണ്ടിരിക്കാൻ ഭയപ്പെട്ടു എവിടെയോ എറിഞ്ഞുകളഞ്ഞതാണെന്നു് അദ്ദേഹത്തെ കുററപ്പെടുത്തുകയും ചെയ്തു. ഒടുവിൽ, സുൽത്താൻ പണ്ടത്തെപ്പോലെ സദസ്യന്മാരെയെല്ലാം ഒന്നു നോക്കിയശേഷം, അവിടെ സന്നിഹിതരായിരിക്കുന്നവരിൽ ആർക്കെങ്കിലും എന്തെങ്കിലും പറവാനുണ്ടോ എന്നു് കല്പിച്ചു ചോദിച്ചു.

അവസരം സംഗതമായി എന്നു മാഹ്മൂദിനു തോന്നി അദ്ദേഹം മുന്നോട്ടുവന്നു താണുതൊഴുതുകൊണ്ടു പറഞ്ഞു "പ്രതാപശാലിയായ മഹാരാജാവേ, അല്ലാവിനാൽ കരുണാപുരസ്സരം ദാനംചെയ്യപ്പെട്ടിട്ടുള്ള അന്തർദൃഷ്ടികൊണ്ടുള്ള അവിടത്തെ അവലോകനം എത്രയും സൂക്ഷ്മമായിരിക്കുന്നു. വാസ്തവത്തിൽ സംഭവിച്ചതെന്തെന്നു തൃക്കൺപാർക്കുന്നപക്ഷം ഇപ്പോൾ കല്പിച്ചതിലധികം യഥാർത്ഥമായ ഒരു അഭിപ്രായം ഉണ്ടാവാൻ പ്രയാസമാണു്. മൂന്നു ദിവസത്തിനുമുമ്പു്, മഹാപ്രഭോ, ഞാൻ ധാരാനഗരത്തിനു വടക്കുള്ള കുന്നുകളുടെ ഇടയിൽ സഞ്ചരിക്കവേ ഈ പ്രതി താഴ്‌വരയിൽ നിൽക്കുന്നതു കണ്ടു. ആ സമയത്തു് ഇദ്ദേഹം അവിടെ എന്തിനുവന്നു എന്നാശ്ചര്യപ്പെട്ടുകൊണ്ടു് ഞാൻ തനിയെ ഒളിച്ചിരുന്നു സൂക്ഷിച്ചുനോക്കി. സമീപത്തെങ്ങും മററാരുമില്ലെന്നു നിശ്ചയം വരുത്താനെന്നപോലെ നാലുപുറവും കരുതലോടുകൂടി നോക്കിക്കൊണ്ടു് സുലൈമാൻ തന്റെ വസ്ത്രത്തിനിടയിൽനിന്നു്, എനിക്കു് അപ്പോൾ എന്തെന്നു തിരിച്ചറിവാൻ നിവൃത്തിയില്ലാത്ത ഒരു വസ്തു പുറത്തെടുത്തു കൈപൊക്കി അതിനെ നിരുയുക്തമായ ഒരു കിണററിലേയ്ക്കെറിഞ്ഞിട്ടു്, അതു വീണ്ടും പൊന്തിവരുമെന്നുള്ള ഭയംകൊണ്ടെന്നപോലെ അദ്ദേഹം വളരെ കല്ലുകൾ പെറുക്കി അതിനകത്തിട്ടു. പിന്നീടദ്ദേഹം ബദ്ധപ്പെട്ടു ചെന്നു തന്റെ കുതിരപ്പുറത്തുകയറി പിശാചുക്കളാൽ അനുധാവനം ചെയ്യപ്പെട്ടവനെപ്പോലെ അവിടെനിന്നു പാഞ്ഞുപോയി.'

പിന്നെയെന്തുണ്ടായി? കേൾക്കട്ടെ" സുൽത്താൻ കല്പിച്ചു.

"അദ്ദേഹത്തിന്റെ കുതിരയുടെ കുളമ്പടിയൊച്ച വിദൂരത്തിൽ അസ്തമിക്കുന്നതുവരെ കാത്തുനിന്നിട്ടു്,' സുലൈമാൻ കളയാൻ ആഗ്രഹിച്ച ആ വസ്തു എന്തെന്നറിവാനുള്ള ഉൽക്കണ്ഠയോടെ ഞാൻ ബദ്ധപ്പെട്ടു കിണററിനടുത്തു ചെന്നു. കയറുകളും ഒരു വിളക്കും കയ്യിലാക്കിക്കൊണ്ടു് കിണററിലിറങ്ങി കുറച്ചുനേരം തേടിയപ്പോൾ ഞാൻ ഉദ്ദേശിച്ച സാധനം കിട്ടി. അതിന്റെ ഫലം ഈ തമ്പുരാനെ തൃക്കൺപാർത്താലും!" നാടകസംബന്ധിയായ ഒരാംഗ്യത്തോടുകൂടി മാഹ്മൂദ് വ്യാജാംഗുലീയത്തെ പുറത്തേയ്ക്കെടുത്തു് എല്ലാവരും കാണത്തക്കവണ്ണം അതിനെപൊക്കിപ്പിടിച്ചു് സ്വസ്വാമിയുടെ തൃക്കൈകളിൽ അർപ്പിച്ചു.

മാമൂദ്ഖാൻ മോതിരത്തെ ഉള്ളം കയ്യിൽ വാങ്ങി അതിതാല്പര്യത്തോടുകൂടി സൂക്ഷ്മമായി അതിനെ പരിശോധിച്ചു.

"മൂന്നുദിവസത്തിൻമുമ്പു നിങ്ങൾ ഇതിനെ കിണററിൽ നിന്നെടുത്തിട്ടു ഇതുവരെ കൈവശം വച്ചുകൊണ്ടിരുന്നോ? എന്നു് അദ്ദേഹം ചോദ്യം ചെയ്തു.

"കൈവശം വച്ചുകൊണ്ടിരുന്നു തിരുമേനി, അവിടത്തെ എഴുന്നെള്ളത്തിനെ പ്രതീക്ഷിച്ചു!" മാഹ്മൂദ് സാവധാനം മറുപടി കൊടുത്തു.

"ഭാരമേറിയ കല്ലുകൾ അതിന്റെപുറത്തു വീണതായ ലക്ഷ്യമെന്തു

അതിൽ കാണുന്നില്ലല്ലോ." വീണ്ടും അതിനെ നോക്കിക്കൊണ്ട് മാമുദ്ഖാൻ അഭിപ്രായപ്പെട്ടു

അവ അതിൽ കൊള്ളാതെയാണ് വീണത്" മാഹൂദ് സന്നദ്ധതയോടു ഉത്തരം പറഞ്ഞു നിറംമാറിയെങ്കിലും രാജാംഗുലീയത്തെ ഏവംവിധമായ മഹാപാപം സ്പർശിക്കുമോ?"

"സുലൈമാൻ നിങ്ങൾക്ക് അതിൽ എന്തു പറയാനുണ്ട്?"

സുലൈമാൻ വിരോധമോ കോപമോ ഭാവിക്കാതെ മാഹൂദിനെ നോക്കി. "മാഹൂദരാജകുമാരൻെറ ഹൃദയത്തിൽ ജനിച്ച വ്യാജങ്ങൾ ഏതൊരു കൃപണതയെക്കാളും അഗാധമായ ഒരു പാപഗർത്തത്തിൽ നിന്നാണ് വരുന്നത് തമ്പുരാനെ! അദ്ദേഹം ശാന്തനായി പറഞ്ഞു. "അദ്ദേഹത്തിൻെറ കഥ ആദിമുതൽ അവസാനംവരെ കള്ളമാണ്."

"എൻെറ ഈ കണ്ണുകൾകൊണ്ടാണ് നിങ്ങളെ ഞാൻ കണ്ടത്, ഒരു തേളിനെ എന്നപോലെ നിങ്ങൾ അതിനെ ദൂരെത്തെറിഞ്ഞു, എന്നു മാഹൂദ് ഉച്ചത്തിൽ ചൂപറഞ്ഞു.

"ഇതു കണ്ടു ഒരു സുസ്ഫുടമായ ഒരു പകർപ്പുമോതിരത്തിനു ഒരു കിണറല്ലല്ലോ സ്ഥാനം" എന്നു മാമുദ്ഖാൻ പെട്ടെന്നു ചോദിച്ചു.

"പകർപ്പുമോതിരമോ?" ശക്തനായ മഹാരാജാവേ!" മാഹൂദ് അത്ഭുതത്തോടെ ചോദിച്ചു. "എന്നാൽ സ്വാമി അസ്സൽ മോതിരം എവിടെ"

"എവിടെയെന്നോ?" മാമുദ്ഖാൻ കോപംകൊണ്ടു ജ്വലിച്ചു "എവിടെ? എവിടെ, എടാ കള്ളപിശാചിൻെറ മകനേ! ഇവിടത്തന്നെ—അതിന് ഇരിക്കാൻ അർഹതയുള്ളിടത്തു." ഇങ്ങനെ കല്പിച്ചുകൊണ്ട് അദ്ദേഹം തൻെറ കഞ്ചുകത്തിനടിയിൽ നിന്നും മോതിരത്തെ വലിച്ചെടുത്തു. "എന്നാൽ പ്രധാന മന്ത്രിയുടെ വിരലിൽ നിന്നും നീ തിരസ്കരിപ്പിച്ചിട്ടുള്ള രാത്രിമുതൽ അതു് എവിടെ ആയിരുന്നു മാഹൂദ്, അതു എന്നോടു പറ! നിൻെറ സ്വന്തം കൊട്ടാരത്തിലല്ലാതെ പിന്നെയെവിടെ?" മാമുദ്ഖാൻ ഇപ്പോൾ അംഗുലത്തിലിട്ട മോതിരത്തെ കലുഷനേത്രനായി കണ്ടു് അർത്ഥനിരുദ്ധമായ ഒരാർത്തനാദത്തോടുകൂടി മാഹൂദ് ഒരടി പിന്നാക്കം വച്ചു; താൻ ഒരു വലയിലേക്കാണ് നടന്നുചെന്നതെന്നു് അദ്ദേഹം വളരെ താമസിച്ചത്രെ അറിഞ്ഞതു്, എന്നാലും അതിൽ നിന്നും വെളിക്കു ചാടാൻ അദ്ദേഹം അത്യന്തപരിശ്രമം ചെയ്തു.

"തമ്പുരാനേ" അദ്ദേഹം വിളിച്ചു പറഞ്ഞു, എൻെറ കഥ യഥാർത്ഥമാണ്: ഞാൻ കണ്ടെടുത്ത മോതിരം ഒരു പകർപ്പാണെന്നു എങ്ങനെ എനിക്കറിയാം? കല്ലിൻെറ മാററം ഒഴിച്ചു് നോക്കിയാൽ അതു തിരുമേനിയുടെതിരുവാഴിയെന്നുതന്നെ തോന്നും."

"മതി!" സുൽത്താൻ അലറി എൻെറ സ്വന്തം മോതിരം ഇന്നലെ രാത്രിവരെ നിൻെറ കൈവശത്തായിരുന്നു. ആ രാത്രിയിൽ തന്നെ അതു

നിൻെറ ഉറക്കറയിൽ നിന്നു് അപഹരിക്കപ്പെടുകയും അതിൻെറ അധികാരത്തെ ഉപയോഗിച്ചു് കാസിം രാജകുമാരൻ നിൻെറ കല്ലറയിൽ നിന്നു വിമുക്തനാക്കപ്പെടുകയും ചെയ്തു.”

ഈ വാക്കുകൾ കേട്ടു് കാസിം, താൻ ഇതുവരെ ഒളിച്ചുനിന്ന യവനികയുടെ പിന്നിൽ നിന്നും പുറത്തുവന്നു തൻെറ കണ്ണുകളെപ്പോലും വിശ്വസിക്കാൻ അശക്തനെന്നപോലെ മാഹ്മൂദ് വീണ്ടും പിന്നോട്ടു വാങ്ങി എന്നാൽ പിന്നെയും മനഃസാന്നിദ്ധ്യത്തെ കൈക്കൊണ്ടു.

“എല്ലാവരും കേൾക്കാനായി നിങ്ങളുടെയും, ഹസ്സൻ റസ്സം എന്നിവരുടെയും കഥ പറയൂ,” എന്നു സുൽത്താൻ കാസിമിനോടാജ്ഞാപിച്ചു.

കാസിം കല്പനപോലെ ചെയ്തു. പിന്നെ അവിടേയ്ക്കു ആഹ്വാനം ചെയ്യപ്പെട്ട സുലൈഖയും സ്വ കാമുകൻെറ മൊഴിയെ പിൻതാങ്ങി. മാഹ്മൂദ് ഇതിനിടയിൽ ഒരു പോംവഴികണ്ടു് അതിലേക്കു ചാടി. “പ്രഭോ” അദ്ദേഹം വിളിച്ചുപറഞ്ഞു, “ബഹുമാനപ്പെട്ട കാസിംരാജകുമാരനും, സുലൈഖാദേവിയും അവർ പറയുന്നതു സത്യമാണെന്നു വിശ്വസിക്കുന്നതു ന്യായം തന്നെ. എന്നാൽ അവരുടെ ഈ ഭീമമായ അപരാധാരോപണം ആരുടെ വാക്കിനെ അവലംബിച്ചുതാണു? നമ്മുടെ നാട്ടിനെ ബാധിച്ചിട്ടുള്ള ഏററവും കുപ്രസിദ്ധന്മാരായ തസ്കരന്മാരിൽ രണ്ടുപേരുടെ ബലഹീനമായ സാക്ഷ്യത്തെ, ഇവർ രണ്ടുപേരും കാസിം രാജകുമാരൻ ഇപ്പോൾ പറയുംപോലെ മരിച്ചുപോയിരിക്കുന്നതിനാൽ അവരുടെ വ്യാജവാക്കുകളെ അവരുടെ മുമ്പിൽവച്ചു നിഷേധിക്കാൻ എനിക്കു നിവൃത്തിയില്ല. പിന്നെയെന്താ? മഹാപ്രഭോ. രാജഗോത്രത്തിൽ ജനിച്ച ഒരുവനെ ഇപ്രകാരമുള്ള മൊഴികളെ അടിസ്ഥാനമാക്കി കുററപ്പെടുത്താവുന്നതാണു്.

“നിങ്ങളുടെ ഉറക്കറയിൽ തൂങ്ങുന്ന ഒരു വെള്ളിവിളക്കിലെ ഗോളത്തിനുള്ളിൽ ഒളിച്ചുവച്ചിരുന്ന മോതിരത്തെ ഹസ്സൻ അതിൽ നിന്നും കയ്ക്കലാക്കി നേരം വെളുക്കുന്നതിനു മുമ്പു് നിങ്ങളുടെ കൊട്ടാരത്തിൻെറ സമീപത്തുവച്ചുതന്നെ എന്നെ ഏല്പിച്ചു” എന്നു വിശദമായ മധുരസ്വരത്തിൽ സുലൈഖ പറഞ്ഞു.

“അവനു അതവിടെനിന്നു കിട്ടിയതെന്നോ നിങ്ങൾ പറയുന്നതു്? എന്നിട്ടു അറിവില്ലാത്ത വെറും കൊച്ചുപെൺകുട്ടികളെപ്പോലെ നിങ്ങൾ അതു് വിശ്വസിക്കയും ചെയ്തു. അതു എടുത്തുകൊണ്ടുവന്നതു് അയാൾക്കുമാത്രം അറിയാവുന്ന ഏതോ ഒരു ഗൂഢസ്ഥലത്തുനിന്നാണു്. അതിനു യാതൊരു സംശയവുമില്ല. എങ്ങുംതന്നെനില്ക്കാൻ നിവൃത്തിയില്ലാത്ത ഒരു വസ്തുവിനെ ഇപ്രകാരം ഒരു കള്ളം പറഞ്ഞു കയ്യിൽ നിന്നും ഒഴിക്കാമെന്നായിരുന്നു അയാളുടെ ഉദ്ദേശം” എന്നു മാഹ്മൂദ് വെറുപ്പോടുകൂടി പറഞ്ഞു.

സുൽത്താൻ:—“ഹസ്സൻ പറഞ്ഞതിൽ എത്രത്തോളം സത്യമുണ്ടെന്നു് നമുക്കു പരീക്ഷിച്ചുനോക്കാം. തുറക്കുമ്പോൾ ഒരു മോതിരത്തെ വയ്ക്കാവുന്ന ഗോപനസ്ഥലത്തെ വെളിപ്പെടുത്തുന്ന ഗോളത്തോടുകൂടിയ ഒരു വെള്ളി

വിളക്ക് നിങ്ങളുടെ ഉറക്കറയിൽ ഉണ്ടോ എന്നു ഒരന്വേഷണം നടത്താം. അങ്ങനെ ഒന്നു കാണപ്പെട്ടാൽ ഹസ്സൻ പറഞ്ഞതിൽ ശേഷവും സത്യമാണെന്നു വിശ്വസിക്കാം.”

“പ്രഭോ!” നിഷേധസ്വരത്തിൽ മാഹ്മൂദ് പറഞ്ഞു. അങ്ങനെയുള്ള ഒരന്വേഷണത്തിന്നു യാതൊന്നും തെളിയിക്കാൻ കഴികയില്ല. ഹസ്സൻ എന്നു പറയുന്ന ആൾ കുറെ ആഴ്ചവട്ടങ്ങളായി എന്റെ കൊട്ടാരത്തിൽ ഒരു ഉദ്യോഗം സ്വീകരിച്ചു താമസിക്കയായിരുന്നു. അക്കാലത്തു് അയാളുടെ ഞാൻചോരജീവിതത്തെ മാററി അയാളെ ഒരു നല്ല പൌരനാക്കുവാൻ ശ്രമിക്കയും ആ ശ്രമത്തിൽ മിക്കവാറും എനിക്കു വിജയം സിദ്ധിക്കയും ചെയ്തു. എന്റെ മററുള്ള വേലക്കാരെപ്പോലെ തന്നെ അയാൾക്കും വെള്ളിവിളക്കിലുള്ള ഗൂഢസ്ഥാനങ്ങളെ അറിയാം. അതിനെ അയാളുടെ കള്ളക്കഥയ്ക്കു സത്യത്തിന്റെ നിറം കൊടുക്കാൻ വേണ്ടി മാത്രം ഉപയോഗിച്ചു എന്നേയുള്ളു.”

“എന്നാൽ ഈ കഥയുടെ യാഥാർത്ഥ്യത്തെ ഒട്ടധികം തെളിയിക്കുവാൻ പോരുന്നതും ഇപ്പോൾതന്നെ വാസ്തവം പരീക്ഷിക്കപ്പെടാവുന്നതും ഞങ്ങളുടെ ഇങ്ങോട്ടുള്ള യാത്രയിൽ ഹസ്സൻ പറഞ്ഞതുമായ മറെറാരു കഥകൂടിയുണ്ടു്” കാസിം രാജകുമാരൻ പെട്ടെന്നു് ഇടയ്ക്കു പറഞ്ഞു.

മാഹ്മൂദ് നിന്ദാസൂചകമായി പുഞ്ചിരിച്ചു. “പിന്നെയും ഒരു തസ്കരന്റെ വാക്കുകൾ തന്നെ.” അദ്ദേഹം പറഞ്ഞു;

“കാസിം, അതെന്താണെ കേൾക്കട്ടെ.” എന്നു മാമൂദ്ഖാൻ കല്പിച്ചു.

“ഹസ്സനെന്നു പറയുന്നയാൾക്കു ആദ്യമായി ഈ കൊട്ടാരത്തിൽ പ്രവേശനം ലഭിക്കാൻ കാരണമായിത്തീർന്നതും മാഹ്മൂദ് കാഴ്ചവച്ചതുമായ രജതപേടകത്തിന്റെ രഹസ്യം,” എന്നു കാസിം മാരകമായ ശാന്തതയോടുകൂടി ഉച്ചരിച്ചു.

ഇനിയും കാപട്യത്തെ തുടർന്നുകൊണ്ടു പോകുന്നതു് നിഷ്പ്രയോജനമെന്നറികയാൽ ഭയങ്കരമായ ഒരു കരച്ചിലോടുകൂടി മാഹ്മൂദ് തന്റെ കൈകൾ രണ്ടും ഉയർത്തി ഭൂഭാഗത്തു കമിഴ്ന്നുവീണു.

“കൃപചെയ്യണേ മഹാപ്രഭോ! ഞാൻ എന്റെ കുററത്തെ സമ്മതിക്കുന്നു പ്രധാനമന്ത്രിയെക്കുറിച്ചുള്ള അസൂയ എന്റെ നല്ലബുദ്ധിയെ തിരിച്ചുകളഞ്ഞു? അതുകൊണ്ടാണ് ഞാൻ ഈയപരാധം ചെയ്‌വാനിടവന്നതു്. എന്നാൽ സിംഹാസനത്തിനെതിരായുള്ള യാതൊരു ദ്രോഹചിന്തയും എന്റെ ഹൃദയത്തിൽ കടന്നുകൂടിയിട്ടില്ല,” എന്നു അദ്ദേഹം ആർത്തനായി വിലപിച്ചു.

“അസൂയയുടെ ഫലം എല്ലാജനങ്ങളും കാണ്മിൻ,” സുൽത്താൻ ഗൌരവഭാവത്തിൽ പറഞ്ഞു, കാണ്മിൻ എന്നിട്ടു ഗാഢമായി ചിന്തിക്കുവിൻ!”;

ഈ കല്പനയോടുകൂടി അദ്ദേഹം ഒരാംഗ്യം കാണിച്ചു. ഉടനെ രണ്ടു ഭടന്മാർ മുന്നോട്ടു നീക്കി അവരുടെ പാദങ്ങളെ മാഹ്മൂദിന്റെ കണ്ഠത്തിൽ അർപ്പിച്ചു. മാമൂദ്ഖാൻ വിധി കല്പിച്ചു.

“മറെറാരുവൻെറ നേരെ ഈ വിധമുള്ള ദ്രോഹത്തെ ഉല്പാദിപ്പിക്കാൻ കഴിയുന്ന ആ വഞ്ചനം നിറഞ്ഞ ഹൃദയവും നമ്മുടെ രാജകീയസമക്ഷം അവസാനം വരെ കള്ളംപറയാൻ പടുത്വമുള്ള ആ ദുഷിച്ച വക്ത്രവും ഇനിമേൽ നമ്മുടെ ഈ മനോഹരമായ ഭൂമിക്കു ഭാരമായിരിക്കരുതു്. സുലൈമാൻ മോതിരത്തെ എറിഞ്ഞതായി കള്ളം പറയുന്ന നാവുകൊണ്ടു നീ സ്ഥാപിച്ച അതേ കിണററിൽ തന്നെ നീ എറിയപ്പെടും; പിന്നെ അതിനുള്ളിൽ പ്രക്ഷിപ്തങ്ങളായി എന്നു നീ തീർത്തുപറഞ്ഞ കല്ലുകൾ കിണറു മൂടുന്നതുവരെ നിൻെറ മേൽ വർഷിക്കപ്പെടും. അങ്ങനെ കിണററിൻെറ വായടച്ചു മുദ്രവച്ചശേഷം; ജനങ്ങൾ വായിച്ചു ശ്രദ്ധിക്കത്തക്കവണ്ണം നിൻെറ പേരും നീ ചെയ്ത ഹീനകർമ്മത്തിൻെറ വിവരവും അതിന്മേൽ രേഖപ്പെടുത്തുന്നതാണു്?”

ഭടന്മാർ നിശ്ശബ്ദരായി തടവുകാരനെ എഴുന്നേല്പിച്ചു് അയാളെ നയിച്ചു. മാമൂദ് ആസ്ഥാനമണ്ഡപത്തിൽനിന്നും കടന്നുപോയപ്പോൾ ഭൂമുഖത്തിൽനിന്നും ഒരു കാർമേഘം നീക്കിയതുപോലെ തോന്നി, എന്തെന്നാൽ ഒരു മണിക്കൂർ നേരത്തേക്കു് നിഷ്പ്രഭനായി നിന്ന സൂര്യൻ കാന്തിസമൂഹത്താൽ ഉജ്ജ്വലിച്ചു. അതുകണ്ടു് ജനങ്ങൾ വലിയ ആശ്വാസ ഭാവത്തിൽ തലപൊക്കി.

അടക്കാൻ പാടില്ലാത്ത വിറയലോടുകൂടി സുലൈഖ സുൽത്താൻെറ കല്പനപ്രകാരം സിംഹാസനത്തെ സമീപിച്ചു. “എൻെറ കുഞ്ഞേ അള്ളാവു നിന്നിൽ കൃപാകുലനായി തീരട്ടെ. ഈ കാര്യത്തിൽ നീ ബുദ്ധിവൈഭവം മാത്രമല്ല ധൈര്യവും സഹനശക്തിയുംകൂടി പ്രകടിപ്പിച്ചിരിക്കുന്നു. നീ നിൻെറ പിതാവിനു ഒരു സൽപുത്രിയെന്നും സംസ്ഥാനത്തിനു ഒരു വിശ്വസ്തഭൃത്യയെന്നും തെളിയിച്ചിരിക്കുന്നു. ഈ അംഗുലീയം എൻെറ വിരലിനെ അലങ്കരിക്കുന്നതുപോലെ നിൻെറ ഭാവി വരൻെറ ഹൃദയത്തെ നീയും അലങ്കരിക്കും. നിനക്കു ശാന്തിയുണ്ടാകട്ടെ.”

കാസിംരാജകുമാരൻ മുമ്പോട്ടുവന്നു് ഇങ്ങനെ അപേക്ഷിച്ചു. “അല്ലയോ കരുണാനിധിയായ തമ്പുരാനെ ഞങ്ങളുടെ കല്യാണത്തിനു അവിടത്തെ അനുഗ്രഹം യാചിക്കുന്നു.”

മാമൂദ്ഖാൻ രാജകീയസമ്മതത്തിൻെറ അടയാളമായി തൃക്കൈനീട്ടി, അപ്പോൾതന്നെ ജനങ്ങളുടെ ആർപ്പുവിളികൊണ്ടു് ആസ്ഥാനമണ്ഡപം മുഴങ്ങി. അനന്തരം സുൽത്താൻ എഴുന്നേററു സഭയെ പിരിച്ചയച്ചപ്പോൾ വീണ്ടും രസനകൾ ചലിച്ചുതുടങ്ങുകയും അത്രകണ്ടു സ്മർത്തവ്യമായ ആ ദിവസത്തെ സംഭവങ്ങളെ വിമർശിക്കുന്നതിൽ ജനങ്ങൾ ഉൽസുകരാകുകയുംചെയ്തു.

“ഒരുമാസം കഴിഞ്ഞു കാസിംരാജകുമാരനും സുലൈഖാദേവിയും തമ്മിലുള്ള വിവാഹം അത്യാഡംബരപൂർവ്വം കൊണ്ടാടപ്പെട്ടു ധാരാനഗരത്തിലെ ജനങ്ങൾക്കു കല്യാണദിവസം ഒരുത്സവദിനംതന്നെയായിരുന്നു. രാജാധികാരത്തിൽനിന്നും കണ്ടുകിട്ടിയ മാമൂദിൻെറ അത്ഭുതാസ്പദമായ കൊട്ടാരത്തെ

സുൽത്താൻ നവദമ്പതികൾക്കായി ദാനം ചെയ്തു, സുലൈഖക്കു അതിനോടു വലിയ താല്പര്യം തോന്നിയില്ല. അതിനെ സംബന്ധിച്ചു അനവധി ഭീകര സ്മരണകൾ എന്റെ ഹൃദയത്തിൽ കടന്നുകൂടുന്നു, എനിക്കതിനെ ഒരിക്കലും ഇഷ്ടപ്പെടാൻ നിവൃത്തിയില്ല," എന്നു് അവൾ സ്വകമിതാവിനോടു് രഹസ്യമായി പറഞ്ഞു.

കാസിം ചിരിച്ചു. "ഭവതിയുടെ മനസ്സ് വേഗംമാറും എന്തെന്നാൽ എന്റെ പിതാവിന്റെ ഖഡ്ഗം സത്യമായി ഞാൻ പറകയാണു്; ഇത്ര മനോഹരമായ ഒരു കൊട്ടാരം ഉണ്ടായിട്ടില്ല. അഴകിൽ അതു് എന്റെ അരമനയെ ജയിക്കുന്നു; പിന്നെ ഇപ്പോൾ, അവിടെ ഒളിച്ചിരുന്ന ദുഷ്ട നശിച്ചുകൊണ്ടു അതു് ഇനി പതിനായിരം മടങ്ങ് സൌന്ദര്യമുള്ളതായി തോന്നും. കൂടാതെയും അതിനകത്തു് ഒരു വിശേഷപ്പെട്ട മുറിയുണ്ടു്. അതിന്റെ പേരു് "അൽഭുതമണ്ഡപം" എന്നാണു് അവിടെ പറഞ്ഞുകേട്ടതായി ഞാൻ ഓക്കുന്നതു്. ആ മുറി വാസ്തവം പറകയാണെങ്കിൽ, എനിക്കു വളരെ സൂക്ഷ്മമായി ഒന്നു പരിശോധിച്ചാൽ കൊള്ളാമെന്നാഗ്രഹമുണ്ടു്.

ശുഭം

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |

CT Library
*00008346*
T63.1 R14